
ഫാദർ ആബേലിന്റെ



ഭക്തിഗാനങ്ങൾ



RKS
O
DRE
4
COLLEGE

DHARMARAM COLLEGE LIBRARY
Acc. No. 81235
Call No. [illegible]



DHARMARAM COLLEGE LIBRARY
Ac. No 8.1555
Call No K100/A834



ഫാദർ ആബേലിന്റെ

ഭക്തിഗാനങ്ങൾ

All rights reserved by the author

(Malayalam)
Fr. Abelinte Bhakthiganangal

Author
Rev. Dr. Abel C.M.I. Kalabhavan

First Impression March, 1997

Printed at: Deepika Offset Printers
Sastri Road, Kottayam -1

Type Setting at: Darsan Computers
Sastri Road, Kottayam -1

Publishers: Deepika Book House, Kottayam-1

Price Rs: 48/-

താളുകൾ മറിക്കുമ്പോൾ

1. അവതാരിക - ഡോ. എം. ലീലാവതി
2. വാനമ്പാടിക്കു പുഷ്പാഞ്ജലി
   - പ്രൊഫ. മാത്യു ഉലകംതറ
3. ഗാനങ്ങൾ കവിഹൃദയത്തിന്റെ അമൃതസ്പന്ദനങ്ങൾ
   - ഡോ. ചെറിയാൻ കുനിയന്തോടത്ത്
4. പ്രസ്താവന - ഫാ. ആബേൽ C.M.I.
5. ഉള്ളടക്കം കാസറ്റുക്രമത്തിൽ ഗാനങ്ങൾ 1-399
6. ഉള്ളടക്കം ലിപിക്രമത്തിൽ
7. ഉള്ളടക്കം വിഷയക്രമത്തിൽ
8. ഭക്തിഗാനങ്ങൾ

സമർപ്പണം

എറണാകുളം ആർച്ചു ബിഷപ്പായിരുന്ന കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെയും സംഗീത സംവിധായകൻ ശ്രീ കെ. കെ. ആൻറണിയുടെയും പാവനസ്മരണയ്ക്ക്.

അവതാരിക

ഡോ. എം. ലീലാവതി

ഈശ്വരനോട് മനുഷ്യനെ ഏറ്റവും അടുപ്പിക്കുന്ന കല ഏതാണ്? സംശയമില്ല -സംഗീതംതന്നെ. ഈശ്വരൻ മനുഷ്യനെ സ്വന്തം രൂപത്തിൽ സൃഷ്ടിച്ചു എന്ന് വിശ്വാസി; മനുഷ്യൻ ഈശ്വരനെ സ്വന്തം രൂപത്തിൽ സൃഷ്ടിച്ചു എന്ന് യുക്തിവാദി. സംഭവം ഇതിൽ ഏതുമായിക്കൊള്ളട്ടെ. ആ സർജനപ്രക്രിയയിൽ സംഗീതം എന്ന അമൂർത്തസത്തയുടെ അമൃതകണങ്ങൾ ഉപയുക്തമാക്കിയിട്ടുണ്ടെന്നു തീർച്ച. എന്തെന്നാൽ എവിടെ സംഗീതമുയിർക്കുന്നുവോ അവിടെ ഈശ്വരനും മനുഷ്യനും മേളിക്കുന്നു. സംഗീതത്തിലെ രാഗനാദതാള ലയാദികൾ മനുഷ്യനെന്ന ജീവിയുടെ വികാരങ്ങളെ സ്പർശിച്ചുണർത്തുകയും അവന്റെ ഭൗതികങ്ങളായ അല്ലലുകളെ തലോടിയുറക്കുകയും ചെയ്യാൻ ശക്തങ്ങളാണ്. അതുകൊണ്ട് ഉറപ്പിച്ചുപറയാം, ധ്വനികളുടെയും നാദങ്ങളുടെയും ആരോഹാവരോഹ ക്രമങ്ങളുടെ നിയന്ത്രാവായ താളം, സത്തയുടെ ആന്തരതാളവുമായി ബദ്ധമാണ് എന്ന്. മനുഷ്യന്റെ ശ്വാസോച്ഛ്വാസത്തിലും നാഡീസ്പന്ദനത്തിലും പദവിന്യാസത്തിലും എന്നപോലെ അവൻ ബോധപൂർവമായി ചെയ്യുന്ന കർമ്മങ്ങളിലും നിർലീനമായി വർത്തിക്കുന്ന ആന്തരതാളം ആയിരിക്കണം, നാദതാളമേളനത്തിന്റെ കലയായ സംഗീതം ചേതനയെ അനിവാര്യമായി ആകർഷിക്കുന്നതിന്റെ ഹേതു. പ്രപഞ്ചഘടനയിലും സൂക്ഷ്മമായ താളവിന്യാസമുണ്ട്. ഊർജ്ജതന്ത്രത്തിൽ സുപ്രസിദ്ധമായ ഇ. പി. ആർ (Einstein - Podolsky - Rosen) പരീക്ഷണവും അതിനെ ആസ്പദമാക്കി പിന്നീട് ജോൺ ബെൽ ആവിഷ്കരിച്ച ബെൽ-സിദ്ധാന്തവും തെളിയിക്കുന്നത് പദാർത്ഥത്തിന്റെ സൂക്ഷ്മതമകണത്തിൽ ഒരു ചലനതാളമുണ്ടെന്നാണ്. "ഇലക്ട്രോൺ -സ്പിൻ" എന്നാണത് വിളിക്കപ്പെടുന്നത്. രണ്ട് ഇലക്ട്രോണുകളുടെ തിരിച്ചൽ താളം വിലയാവസ്ഥയിൽ (zero) എത്തിക്കത്തക്കവണ്ണം സംവിധാനം ചെയ്യുകയാണെങ്കിൽ അവയുടെ 'തിരിച്ചൽ' എതിർദിശകളിലേക്കായിരിക്കും. ഒന്നിന്റെ തിരിച്ചൽ മുകളിലോട്ടെങ്കിൽ മറ്റേതിന്റെ താഴോട്ട്-ഒന്നിന്റെ തിരിച്ചൽ ഇടത്തോട്ടെങ്കിൽ മറ്റേതിന്റെ വലത്തോട്ട്. ലംബമായ ഒരു അക്ഷത്തെ ആസ്പദമാക്കുന്നെങ്കിൽ മേൽ-കീഴ് ക്രമം; തിരശ്ചീനമായ ഒരു അക്ഷത്തെ ആസ്പദമാക്കുന്നെങ്കിൽ ഇടം-വലം-ക്രമം. ഇപ്രകാരം ബദ്ധമായ കണങ്ങളിലൊന്നിനെ അകറ്റിയകറ്റി വിദൂരതയിലെത്തിക്കുന്നുവെന്നിരിക്കട്ടെ; പിന്നീട് മറ്റേ കണത്തിന്റെ

തിരിച്ചൽ അളക്കുന്നതിൽ ആലംബമായ അക്ഷം നിരീക്ഷകൻ മാറ്റി യെന്നുമിരിക്കട്ടെ.- മുമ്പ് വലതായിരുന്ന തിരിച്ചൽ ഇപ്പോൾ ഇടതായി പ്രത്യക്ഷപ്പെടും. ഇതേ സമയം വിദൂരതയിൽ വർത്തിക്കുന്ന കണത്തിന്റെ ഇടത്തോട്ടുള്ള തിരിച്ചൽ വലത്തോട്ടു മാറിയതായി കാണും. അപ്പോഴേ അവയുടെ കൂട്ടായ തിരിച്ചൽ താളം വിലയാവ സ്ഥയിൽ വർത്തിക്കൂ. ഇവിടെ വരുത്തുന്ന മാറ്റം 'അവിടെ'യുള്ള കണം എങ്ങനെ അറിയുന്നു? ഇത് ഊർജ്ജതന്ത്രത്തിലെ ഒരു മിസ്റ്ററിയായി അവശേഷിക്കുന്നു. മിസ്റ്ററിയാണെങ്കിലും ഇതു വസ്തുതയാവാതെ തരമില്ല എന്നു ശാസ്ത്രം. അതുപോലെ, നാദത്തിന്റെ ആരോഹാ വരോഹക്രമം മനുഷ്യചേതനയിൽ ഉളള ആന്തരതാളത്തെ ഉണർത്തു ന്നതെങ്ങനെ എന്നതൊരു മിസ്റ്ററിയായിരിക്കാം, പക്ഷേ, വസ്തുതയാണ്. നാദതാളലയവിധാനത്തിന്റെ "രീതി"ക്കൊത്ത് പ്രതിസ്പന്ദത്തിന്റെ ഒപ്പം ഉത്തേജിതമാകുന്ന വൈകാരികാവസ്ഥയുടെ "രീതി"യും മാറും. രൗദ്രം ഉണർത്തുന്ന പ്രചണ്ഡനാദതാളം;ശാന്തിയുംഭക്തിയുമുണർത്തുന്ന മൃദുല നാദതാളം; ആർദ്രതയുണർത്തുന്ന രുദിതനാദതാളം; ശോകമുണർ ത്തുന്ന വ്യഥിതനാദതാളം - ഇങ്ങനെ എത്രയെത്ര വൈവിധ്യങ്ങൾ! സംഗീതത്തിന്റെ സഹായത്തോടെ, രൗദ്രപ്രചണ്ഡതാളവിധാനത്തോടെ, ജിഘാംസയോ ഉത്സാഹമോ വീരമോ ഉണർത്താവുന്നതാണ്. യുദ്ധ ങ്ങളിൽ അവ എക്കാലത്തും ഉപയുക്തമാക്കിപ്പോന്നു. കനിവും അലിവും ശാന്തിയും വിനയവും ഭക്തിയും പ്രേമവും ഉണർത്തത്തക്കവണ്ണം മൃദുല കോമളകാന്തശമനതാളങ്ങളും പ്രയോഗിക്കാം. ഈശ്വരനോട് എറ്റവും അടുപ്പിക്കാൻ സംഗീതത്തിനു കഴിയുമെങ്കിൽ പിശാചിനോട് അടുപ്പിക്കാനും സംഗീതത്തെ ഉപയുക്തമാക്കാം എന്ന വസ്തുത നിഷേധിക്കാനാവില്ല. നരഭോജികളായ കാട്ടുമനുഷ്യർ ബന്ദിയാക്കിയ നിസ്സഹായനരനെ കൊന്നു ചുട്ടുതിന്നുവാനാരംഭിക്കുമ്പോൾ രൗദ്ര താളത്തോടുകൂടിയ നൃത്തവും വാദ്യവും ഗാനാത്മകമായ ആർപ്പു വിളിയും ഉത്തേജകങ്ങളായി ഉപയോഗിക്കാറുണ്ടല്ലോ. എന്നാൽ മനുഷ്യൻ സാംസ്കാരികമായി ഉന്നമിക്കുന്നതിന്റെ തോതനുസരിച്ച് അവൻ സംഗീതത്തെ ഈശ്വരനോടടുപ്പിക്കുന്ന കലയായി അനുഭവപ്പെ ടുത്തുന്നതിൽ കൂടുതൽ ഉത്സുകനാകുന്നു. എല്ലാ മതാനുഷ്ഠാന ങ്ങളിലും മന്ത്രങ്ങളോ, ഗാനങ്ങളോ, വിശുദ്ധവചസ്സുകളോ താളലയാ ത്മകമായി ഉച്ചരിക്കുന്ന രീതി ലോകത്തെമ്പാടും നിലവിലുണ്ട്. ഇന്ത്യയിൽ ഭക്തിപ്രസ്ഥാനത്തിന്റെ വികാസത്തിന് ഏറ്റവുമധികം ഉപയുക്തമായ കലയാണ് സംഗീതം. ചിത്രകല, ശില്പകല, കാവ്യകല, വാദ്യകല എന്നിവയും ഭക്തിപ്രസ്ഥാനവികാസചരിത്രത്തിൽ വമ്പിച്ച പങ്കുകൾ വഹിച്ചിട്ടുണ്ടെങ്കിലും ഗാനകലയ്ക്കുതന്നെയാണ് പ്രഥമ

സ്ഥാനം. കാവ്യകല ഗാനത്തിന്റെ സന്തതസഹചാരിത്വത്തോടെയാണ് പ്രവർത്തിച്ചുപോന്നത്. കർണാടകസംഗീതത്തിന്റെ രാഗതാള ലയമേളനവൈചിത്ര്യവൈവിധ്യങ്ങൾ വിപുലമാണെങ്കിലും മുഖ്യഭാവ ധാര ഭക്തിയാണ്. സ്തോത്രഗാനങ്ങൾ മാറ്റിനിർത്തിയാൽ വളരെ ക്കുറച്ചേ ശേഷിപ്പുണ്ടാവുള്ളു. കർണാടകസംഗീതവിദഗ്ദ്ധരിൽ നിരീശ രരോ യുക്തിവാദികളോ ഉണ്ടാവുമെന്നു തോന്നുന്നില്ല. പ്രായേണ കാണാറില്ല. ശാരീരസൗഭാഗ്യവും സംഗീതവാസനയും ഈശ്വരാനുഗ്രഹ ങ്ങളായി സംഗീതജ്ഞരും സംഗീതാരാധകരും കരുതിവരുന്നു.

സംഗീതം മനുഷ്യനെ ഈശ്വരനോടടുപ്പിക്കുന്നു എന്നു തുടക്കത്തിൽ പറഞ്ഞു. ഇതു രസിക്കാത്ത നിരീശ്വരർക്കും ഒരു കാര്യത്തിൽ സംശയമുണ്ടാവില്ല-മനുഷ്യനെ മനുഷ്യനോടടുപ്പിക്കുന്ന കലകളിലും ഒന്നാമത്തേതു സംഗീതംതന്നെ. സാർത്ഥപദാവലി ഗാനങ്ങളിലുണ്ട്. എങ്കിലും അർത്ഥയുക്തപദങ്ങളുടെ അഭാവത്തിലും സംഗീതം മനുഷ്യരോടു സംവദിക്കുന്നു. നാദധാര മാത്രമുണ്ടായാലും മതി. ചേതസ്സ് അതിൽ ലയിച്ചു പോകുന്നു. തന്മൂലം, മനുഷ്യസമൂ ഹത്തെ ശിഥിലീകരിക്കുന്ന സങ്കുചിതങ്ങളായ 'മത'കളുടെ മതിലുകൾ ഒന്നുംതന്നെ സംഗീതത്തിന്റെ മാസ്മരശക്തിയെ തടഞ്ഞുനിർത്തു ന്നില്ല. ദേശ-വർഗ-മത-ഗോത്ര ഭേദങ്ങളൊന്നും സംഗീതത്തിന്റെ ആകർഷണത്തെ നശിപ്പിക്കാൻ ശക്തങ്ങളാകുന്നില്ല. 'വസുധൈവ കുടുംബക'മെന്ന സൂക്തത്തിന്റെ പൊരുൾ കേവലസംഗീതസൗന്ദര്യ ത്തിൽ മുഴുകുന്ന അനുഗൃഹീത നിമിഷങ്ങളിലെങ്കിലും നാം അറിയുന്നു. സംഗീതത്തിന്റെ മുന്നിൽ ഈശ്വരസാന്നിധ്യത്തിലെന്നപോലെ എല്ലാ വരും തുല്യരാണ്; ഏകോദരസാഹോദര്യത്തിന്റെ വിശുദ്ധദിവ്യലോക ത്തിലെ പൗരരാണ്. നാദബ്രഹ്മം എന്നാണ് ഭാരതീയർ ഈ ദിവ്യതയെ വിശേഷിപ്പിക്കുന്നത്. നാദബ്രഹ്മം ഈശ്വരൻതന്നെ എന്ന സത്യ ത്തിന്റെ പ്രതീകാത്മകമായ കല്പനകൾ ഭാരതീയരുടെ ഐശ്വരരൂപ വിഭാവനങ്ങളിലുണ്ട്. ശ്രീകൃഷ്ണൻ എന്ന സത്തയെ, വേണുഗാനത്തി ലൂടെയും അർധനാരീശ്വരനെ ഡമരുവിന്റെ താളത്തിന്നൊത്തുള്ള നർത്തനത്തിലൂടെയും ആണ് ഭാരതീയമനസ്സ് സാക്ഷാത്കരിക്കുന്നത്: സരസ്വതിയെ വീണാവാദനസക്തയായി സങ്കല്പിച്ചിരിക്കുന്നു. വാദ്യോപകരണങ്ങളിൽവച്ച് ഏറ്റവും ലളിതമായ ഒന്നാണല്ലോ ഓട ക്കുഴൽ. ഒരു കഷണം പുൽത്തണ്ട് - അതിൽ ചില സുഷിരങ്ങൾ മാത്രം. അവയിലൂടെ ശ്വാസവായുവിനെ നിർഗളിപ്പിച്ച് വാസനാശാലികൾ നാദബ്രഹ്മത്തെ ഇന്ദ്രിയവേദ്യമാക്കുന്നു - പൊള്ളയായ ഒരു ഓടത്തണ്ട് ആർക്കും സമ്പാദിക്കാം. എന്നാൽ അതിനുള്ളിൽനിന്ന് ഈശ്വരനെ

നാദരൂപത്തിൽ സാക്ഷാത്കരിക്കാൻ സംഗീതവാസനാസിദ്ധിയുള്ളവർക്കേ കഴിയുന്നുള്ളൂ. ആ സിദ്ധി പ്രയത്നംകൊണ്ടു മാത്രം ഉണ്ടാക്കാവതല്ല. പടുപാട്ടു പാടാൻ ഏതു കഴുതയ്ക്കും കഴിഞ്ഞേക്കാം. എന്നാൽ ഏതു കഴുതയും സംഗീതപടു ആകുന്നില്ല. ഇങ്ങനെ ഓർത്തുനോക്കിയാൽ ആരാണ് ഈ മാസ്മരശക്തിക്കു മുന്നിൽ അദ്ഭുതസ്തബ്ധരാകാതെ നിന്നുപോകുക!

സംഗീതത്തിൽ ലയിക്കാനുള്ള സിദ്ധികൊണ്ട് ഭൂരിപക്ഷം മനുഷ്യരും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു; സംഗീതപ്രയോഗസിദ്ധി ഒരു ചെറിയ ന്യൂനപക്ഷത്തിന്നേ നല്കപ്പെട്ടിട്ടുള്ളൂ എങ്കിലും, സംഗീതാസ്വാദനത്തിനുള്ള കഴിവ് ചിത്തശുദ്ധിയുടെയും നന്മയുടെയും ലക്ഷണമാണെന്ന് ബുദ്ധിമാന്മാർ തിരിച്ചറിഞ്ഞിട്ടുണ്ട്- ഉള്ളിൽ സംഗീതമില്ലാത്ത മൂരടന്മാർ രാജ്യദ്രോഹികളും കുതന്ത്രക്കാരും വിനാശവൃത്തികളും ആയേക്കാമെന്നു ഷേക്സ്പിയർ പറഞ്ഞിട്ടുണ്ട്

> The man that hath no music in himself
> Nor is not moved with Concord of Sweet Sounds
> Is fit for treasons, stratagems and Spoils
> (Merchant of Venice V. I)

ഗ്രീക്കു പുരാവൃത്തത്തിലെ ഓർഫ്യൂസ് തന്റെ ഗാനംകൊണ്ട് ബാഹ്യപ്രകൃതിയെ എപ്രകാരം സ്പർശിച്ചുവെന്നും അദ്ദേഹം വിവരിച്ചിട്ടുണ്ട്.

> Orpheus with his lute made trees
> And the mountain tops that freeze
> Bow themselves when he did sing
> To his music, plants and flowers
> Ever sprung as sun and showers
> There had made a lasting spring
> (Henry VIII, III,I)

സംഗീതത്തിന്റെ മാസ്മരമാന്ത്രികശക്തിക്കു വിധേയരായി ബോധമനസ്സ് നിദ്രാധീനമാകയും നാദത്തിന്റെ വഴി തേടി ഇറങ്ങിത്തിരിക്കയും ചെയ്തവർ കവിതകളിൽ കഥാപാത്രങ്ങളായിട്ടുണ്ട്. ഹാമിലിനിലെ കുഴലൂത്തുകാരൻ ഒരു രാഗം വായിച്ചപ്പോൾ പട്ടണത്തിലെ സകല എലികളും അയാളുടെ പിന്നാലെ നീങ്ങി - നഗര പാലകർ വാഗ്ദാനം പാലിക്കാതിരുന്നതുകൊണ്ട് അയാൾ മറ്റൊരു രാഗം വായിച്ചപ്പോൾ എല്ലാ അടച്ചിട്ട ഗൃഹങ്ങളിൽനിന്നും കുഞ്ഞുങ്ങൾ

തുരുതുരാ ഇറങ്ങി പുറപ്പെടുകയും അയാളുടെ പിന്നാലെ പർവത ഗഹ്വരത്തിലൂടെ സഞ്ചരിച്ച് മലയുടെ മറുപുറത്തെത്തുകയുംചെയ്തു. എൻ.വി. കൃഷ്ണവാരിയരുടെ "തീവണ്ടിയിലെ പാട്ട്" എന്ന കവിതയിൽ ഗായകൻ ഓടക്കുഴലിലൂടെ ഉതിർത്ത നാദധാര കൂടാരത്തിലുറങ്ങിക്കിടന്ന യുവസുന്ദരിയെ ഹിപ്നോട്ടൈസ് ചെയ്തതായും അവൾ മാസ്മര നിദ്രയിൽ എഴുന്നേറ്റു നടന്ന് അയാളെ തേടിയെത്തിയതായും വർണിച്ചിരിക്കുന്നു.

അക്കുഴലിൻ ചെറുസുഷിരം വഴിയായൊഴുകി
വിശ്വവിമോഹനഗാനം
ചെറ്റിട; ചെറ്റിട ഭീതി വളർത്തും ഘർഘരഘോര
സ്തനിത വിരാവം
മനമതുകേൾക്കെ വികാരതരംഗമടങ്ങി മയങ്ങിയുറങ്ങി തെല്ലിട
പുനരതിൽ ഉൽക്കടവിക്ഷോഭങ്ങൾ കളിച്ചുപുളച്ചു
തിമിർക്കുകയായി.

പ്രപഞ്ചത്തിലെ ഏതു പ്രതിഭാസത്തിലും താളലയഗാനമാധുരി നിർലീനമായിരിക്കുന്നതു ശ്രവിക്കാൻ സഹൃദയമാക്കിയ ശ്രവണപുടങ്ങൾ ചില അനുഗൃഹീതാത്മാക്കൾക്കു സിദ്ധിക്കുന്നു.

There is music in the sighing of a reed
There is music in the gushing of a rill
There is music in all things, if men had ears
Their earth is but an echo of the spheres.

എന്ന് ബയറൺ. (Don Juan XV)."തേജോ ഗോളങ്ങളുടെ സംഗീതം" (Music of the spheres) എന്നൊരു പാശ്ചാത്യസങ്കല്പമുണ്ട്. താരങ്ങൾ തങ്ങളുടെ ഭ്രമണപഥങ്ങളിലൂടെ സഞ്ചരിക്കുമ്പോഴുതിരുന്ന സംഗീതം. "തങ്ങടെ തങ്ങടെ വലയത്തിങ്കൽ താരകളോടും പൊഴുതുളവാകും മഞ്ജുള ഗീതി" എന്ന് "തീവണ്ടിയിലെ പാട്ടിൽ" അതിനെപ്പറ്റി പരാമർശിച്ചിരിക്കുന്നു. ഇതൊരു കവിവിഭാവനമായിട്ടാണ് പ്രായേണ കരുതിവരുന്നതെങ്കിലും വാസ്തവത്തിൽ മുമ്പു വിവരിച്ചതുപോലുള്ള പിണ്ഡാണ്ഡത്തിലെ ചലനതാളത്തിനു സമാന്തരമായ ചലനതാളം ബ്രഹ്മാണ്ഡത്തിലുമുണ്ട്. പ്രപഞ്ചത്തെ നിലനിർത്തിക്കൊണ്ടുപോകുന്ന "ഋതം" (സത്യം)എന്ന് വൈദികകവികൾ വിളിക്കുന്നത് ഈ നിഗൂഢതയെയാവാം. അത് റിഥം (Rhythm) കൂടിയാണ്. ചുരുക്കത്തിൽ' മനുഷ്യന്റെയും മനുഷ്യനുൾപ്പെട്ട ഭൗമപ്രകൃതിയുടെയും ഭൂമണ്ഡലാതീതമായ പ്രപഞ്ചവ്യാപ്തിയുടെയും

ഉണ്മയായ ആദിതാളം മാനുഷസത്തയെ ജാഗ്രത്തിലും സ്വപ്നത്തിലും സുഷുപ്തിയിലും തുരീയത്തിലും ചൈതന്യവത്താക്കി കാത്തുപോരുന്നു. ഇതിന്റെ വിരാമംതന്നെയല്ലേ സ്പന്ദം നിലയ്ക്കുകയെന്ന മൃതി?

"ചിലതിലത്താളവട്ടമത്യന്ത സൂക്ഷ്മമായേക്കാം
ചിലതിലാമന്ദ്രമായിപ്പരിസ്ഫുരിക്കാം
ചെവിയൊന്നു വിടർന്നെങ്കിൽ സ്സർവത്തിലുമാദിതാളം
ശ്രവിച്ചെന്നിലെഴുന്ന ഞാനൊന്നലിഞ്ഞെങ്കിൽ
എങ്കിലെൻ ജീവിതഗീതമാലയത്തിൻ വിശ്വവശ്യ
ശങ്കരാഭരണരാഗമാർന്നുയർന്നേനേ!
മരണമെൻ മുന്നിൽ വന്നാപ്പാട്ടു കേൾക്കാനിരുന്നേനേ
ചരണങ്ങൾ മീട്ടിയേനേ യുഗതന്ത്രികൾ.!"
(ശിവതാണ്ഡവം - ജി)

എന്നിങ്ങനെ ശിവതാണ്ഡവതാളത്തെ കവി വർണിക്കുന്നു. 'ആദിതാള'ത്തിൽ മാനവചിത്തം ലയിക്കുമ്പോൾ, 'എന്നി'ലെ 'ഞാൻ' വിലയം പ്രാപിക്കുന്നു. 'അഹം ബ്രഹ്മാസ്മി'യെന്ന അറിവിന്റെ നിറവിലേയ്ക്ക് സംഗീതം പ്രയോക്താവിനെയും ആസ്വാദകനെയും എത്തിക്കുന്നു' എന്നു പറയുമ്പോൾ അതൊരു കടത്തിപ്പറയലാണെന്നു ചിലർ വിചാരിച്ചേക്കാമെങ്കിലും, ഉളുളലിയിക്കുന്ന സംഗീതത്തിന്റെ ആവിഷ്കാരത്തിലും ആസ്വാദനത്തിലും 'അഹ'ത്തിന്റെ സങ്കുചിത സീമകളിൽ നിന്നു രക്ഷപ്പെടൽ തന്നെയാണ് സംഭവിക്കുന്നതെന്ന് നിസ്സംശയമായി പറയാം. മനസ്സിന്റെ ക്ലേശങ്ങളിൽ നിന്നുമാത്രമല്ല ശാരീരികവേദനകളിൽനിന്നു പോലും മോചനം നേടിക്കൊടുക്കാൻ മഹത്തായ സംഗീതം ശക്തമാകാറുണ്ട്. 'കത്തിയും മുരളിയും' എന്നൊരു കവിതയിൽ വൈലോപ്പിള്ളി ഒരു സംവേകഥ പറയുന്നു - ഹിമാലയാരോഹണത്തിൽ വിജയിച്ച ഡോക്ടർ സോമർവെല്ലിനെ സംബന്ധിച്ച ഒരു കഥ. അദ്ദേഹം എറണാകുളത്ത് ഡോക്ടറായി പ്രവർത്തിക്കുന്ന കാലത്ത് കവിയുടെ ജ്യേഷ്ഠന് ഒരു ഉദരശസ്ത്രക്രിയ നടത്തുകയുണ്ടായി. രാത്രിയിൽ വേദനകൊണ്ട് നിലവിളിക്കുന്ന രോഗിക്ക് ആശ്വാസം നല്കാൻ അനുജന്റെ നിർബന്ധംകൊണ്ട് ഡോക്ടർ വന്നു. നെറ്റിമേൽ കൈവച്ചു മൂകമായി പ്രാർത്ഥിച്ചു. എന്നിട്ടും രോഗി ശാന്തനായില്ല. ഡോക്ടർ വീണ്ടും കിടപ്പുമുറിയിൽ പോയി തിരിച്ചുവന്നു. കയ്യിലൊരോടക്കുഴൽ. അദ്ദേഹം രോഗിക്കരികെ ഇരുന്നു ഓടക്കുഴൽവായന തുടങ്ങി. കവിവചസ്സുകൾ കേൾക്കുക:

ആ മുരളിയിലൂടെപ്പാടിനാനദ്ദേഹ, മു
ദ്ദാമമായ് വാചാലമായ് പ്രാർത്ഥനചെയ്യുംപോലെ

ഭൂമിയിലുദാരമായ് പരിശുദ്ധമായ് സൗമ്യ
കോമളമായുളളവ മുകർന്നാക്കളനാദം
ജഗദീശ്വരപാദം പൂണ്ടു ചൊൽവതായ്തോന്നി
"ഭഗവൻ ദയ! തുളിച്ചാലുമെങ്ങടെ പുണ്ണിൽ!"

രോഗി ക്രമേണ സുഖനിദ്രയിലാണ്ടു. സംഗീതത്തിന്റെ മാലാഖച്ചിറകുകൾ വീശിപ്പറന്ന് ഒരു അന്ധയായ പെൺകുട്ടി നിലാവിനെയും നിലാവിലൂടെ പരേതയായ അമ്മയെയും "കണ്ട" സങ്കല്പ കഥ 'നിലാവിന്റെ ഗീതം' എന്ന കവിതയിൽ ഒ.എൻ.വി. വർണിക്കുന്നു. അർധരാത്രിക്ക് ഉണർന്നിരുന്ന് അന്ധയായ ബാലിക ബീഥോവന്റെ സിംഫണി തന്റെ പിയാനോവിൽ ഉയിർക്കൊളളിക്കയാണ്. ആ വഴിക്കു നടന്നുവന്ന ബിഥോവൻ അതുകേട്ട്. വീട്ടിന്നകത്തു കടന്നു. ബാലിക പിയാനോ വായിച്ചുനിർത്തുംവരെ നിശ്ചലനായി കേട്ടു നിന്നു. പിന്നീട് താൻ പിയാനോവിൽ വിരലോടിച്ചു. "കാട്ടുപൊന്തയിൽ നിന്നും കിളികൾ പറന്നപോൽ ഹൃദ്യമാമേതോ സ്വരകലാപം!" അയാൾ അവളെ അഭിനന്ദിക്കയായിരുന്നു. "ആര്?" എന്ന് ഞെട്ടിത്തെറിച്ചു ചോദിച്ച അവളോട് ഒരു വഴിപോക്കനാണെന്നും പാട്ടു കേട്ട് ചാരിയവാതിൽ തുറന്ന് അകത്തു കയറിയെന്നും പറഞ്ഞു. പേരുചോദിച്ചപ്പോൾ ഒഴിഞ്ഞുമാറി അദ്ദേഹം പറഞ്ഞു:

"നിലാവുളള രാത്രികൾ കണ്ടു മതിവരാസ്സൗന്ദര്യമാണവ
യ്ക്കിന്നും നിലാവുണ്ടിതുവഴിവന്നു ഞാൻ!"

ആ സൗന്ദര്യം കാണാൻ തനിക്കാവില്ലല്ലോ എന്നു ഖേദം പൂണ്ട അവളോട് അദ്ദേഹം പറഞ്ഞു.

കാണാം നിനക്കും നിലാവിനെയോമനേ!
കാതോർത്തിരുന്നോളുക .....

അദ്ദേഹം പിയാനോവിനു മുന്നിലിരുന്നു. ചന്ദ്രകിരണങ്ങൾ സമുദ്രത്തിരകളിൽ സഞ്ചരിക്കുംപോലെ അദ്ദേഹത്തിന്റെ നീൾവിരൽത്തുമ്പുകൾ പിയാനോവിൽ താണുയർന്ന് ചലിച്ചുതുടങ്ങി. ബാലിക സംഗീതത്തിന്റെ കുളിർമയിൽ ലയിച്ചു. വായന സമാപിച്ചപ്പോൾ അവൾ പറഞ്ഞു.

"എന്തു കുളുർമ നിലാവിന്! സ്വർഗത്തു
നിന്നെന്റെയമ്മ വന്നെന്നെത്തൊടുംപോലെ!"

വിശക്കുന്ന കുട്ടിയുടെ മുന്നിൽ ദൈവവും കലയും സംഗീതവും മറ്റും അന്നത്തിന്റെ വടിവിൽ വർത്തിക്കുന്നു എന്ന വിശ്വാസം വെടിയാത്ത കവി തന്നെയാണ് 'നിലാവിന്റെ ഗീതം' രചിച്ചത്. 'വിരുന്ന്' എന്ന കവിതയിൽ സമ്പന്നന്റെ ഓമനമകൾ പിറന്നാൾ വിരുന്നിൽ പാടിയ

പാട്ട് "I am nobody's child " എന്നാരംഭിക്കുന്നതായിരുന്നു. പാട്ടിന്റെ മാധുരിയിൽ ലയിച്ചു നിർവൃതി നുകരുമ്പോഴും അനാഥക്കുഞ്ഞിന്റെ വിശപ്പെന്ന യാഥാർത്ഥ്യം മറക്കാൻ കവിക്കു കഴിഞ്ഞില്ല.

കൺതുറിച്ചെന്നെത്തന്നെ നോക്കുമാക്കിടാവിനെ
കണ്ടിട്ടുണ്ടു ഞാൻ എന്റെ നാട്ടിടവഴികളിൽ
നഗരങ്ങളിൽ നടപ്പാതയിൽ, എച്ചിൽ വീപ്പ-
യ്ക്കരികിൽ ആദിവാസിപ്പാടിയിൽ, വരണ്ടുപോം
നദിതൻ തടങ്ങളിൽ ഭീകരമഹായുദ്ധ-
ച്ചുടലക്കളങ്ങളിൽ കണ്ടിട്ടുണ്ടിക്കുഞ്ഞിനെ.
എന്നുയിർത്തീയിൽ സ്വയം പൊരിഞ്ഞു ഞാനിക്കുഞ്ഞിൻ
മുന്നിലിന്നൊരു റൊട്ടിത്തുണ്ടമായ് പതിച്ചെങ്കിൽ!

എന്ന് ആഗ്രഹിക്കുമ്പോൾ പാട്ടും കവിതയുമെല്ലാം വിശപ്പുമാറിയവരുടെ 'സുഖ'ങ്ങളാണല്ലോ എന്ന ചിന്ത അന്തർധാരയായി വർത്തിക്കുന്നുണ്ട്. എങ്കിലും 'നിലാവിന്റെ ഗീത' ത്തിലുളളതുപോലെത്തെ അനുഭൂതികളും ജീവിതസത്യംതന്നെ. സംഗീതം ചേതസ്സുകൊണ്ടുമാത്രം അറിയാവുന്ന ഒരു വിശപ്പിനെ അടക്കുന്നു. സത്തയുടെ മൗലികകണങ്ങൾക്ക് സന്തുലിതാവസ്ഥ നിലനിർത്താൻ അതു വേണം.

ചേതസ്സിന്റെ മൗലികമായ വിശപ്പുകളിലൊന്നാണ് ആരാധനാഭാവം. ദ ഐഡിയ ഓഫ് ദ ഹോളി (The idea of the Holy) എന്ന ഗ്രന്ഥത്തിൽ റുഡോൾഫ് ഓട്ടോ "Mysterium Tremendum" എന്നു വിളിക്കുന്ന പഞ്ചേന്ദ്രിയാനുഭൂതികൾക്കപ്പുറത്തുള്ള വിശ്വശക്തിയോട് തോന്നുന്ന ആരാധനാഭാവവും മൗലികമായ വിശപ്പുകളിലൊന്നാണ്. ജന്തുസഹജമായ വ്യാപാരചതുഷ്ടയത്തിൽനിന്നു വ്യത്യസ്തമായി മനുഷ്യനു ചില മൗലികതൃഷ്ണകളുള്ളതിൽ സുപ്രധാനമായ ഒന്നാണത്. ഈശ്വരോന്മുഖമായ രതി, അഥവാ ഭക്തി, മൗലികമാനവമാനസഭാവങ്ങളിലൊന്നാണ്. ഭക്തിവിശ്വാസാദികളാണ് ആചാരങ്ങളോ അനുഷ്ഠാനങ്ങളോ അല്ല മതത്തിന്റെ അടിസ്ഥാനസ്രോതസ്സ്. എവിടെ, ഏതു സമൂഹത്തിന്റെ മധ്യത്തിലേക്കു പിറന്നുവീഴണം എന്ന തിരഞ്ഞെടുപ്പ് മനുഷ്യസാധ്യമല്ല. പിറവിയുടെ നിയന്താവ് പിറക്കുന്ന കുഞ്ഞല്ല. ഏതു ജാതിയിൽ, ഏതു മതത്തിൽ, ഏതു രാജ്യത്ത്, പിറന്നു വീഴുന്നുവോ അതനുസരിച്ചാണ് ജാതിമതാദ്യനുരോധമായ ആചാരാനുഷ്ഠാനങ്ങൾ രൂപപ്പെടുന്നത്. എന്നാൽ ഇവയ്ക്കെല്ലാം അതീതമായ ഐശ്വരശക്ത്യവബോധത്തെയാണ് മതാനുഭൂതി എന്നുവിളിക്കുന്നത്. അതാകട്ടെ, എന്നും എങ്ങും അതുള്ള എല്ലാ മനുഷ്യർക്കും ഒരുപോലെയാണ്. ആചാരാനുഷ്ഠാനാദികൾ വ്യത്യസ്തങ്ങളായിരിക്കുന്നതുകൊണ്ട് അവയുടെ ഉത്കർഷാപകർഷാദികളെച്ചൊല്ലി വിവാദങ്ങളും സംഘർഷ

ങ്ങളുമുണ്ടാകാം. കേവലമായ മതാനുഭൂതിയാകട്ടെ മനുഷ്യസഞ്ചയത്തെ ഏകീകരിക്കാനല്ലാതെ വിഭജിക്കാനും പോരടിപ്പിക്കാനും പ്രേരകമാവുകയില്ല. വിശുദ്ധമായ ഭക്തിവികാരം ആരാധ്യശക്തിയുടെ നാമരൂപാദികളെ ആസ്പദമാക്കിയുള്ള സംഘട്ടനങ്ങൾക്കു ഹേതുവാകാറില്ല. കബീർ, 'നാമദേവൻ' ചൈതന്യൻ, കമ്പർ, എഴുത്തച്ഛൻ മുതലായ കവികൾ ഐശ്വര ചൈതന്യത്തെപ്പറ്റി "ഏകം സത് വിപ്രാ ബഹുധാ വദന്തി" എന്ന വൈദികവചനത്തിനനുസൃതമായ കാഴ്ചപ്പാട് പുലർത്തിയവരാണ്. ആൾവാർമാർ, നായനാർമാർ മുതലായവർ വൈഷ്ണവശൈവ മതഭേദത്തിന്റെ പ്രാതിനിധ്യം വഹിച്ചിട്ടുണ്ടെങ്കിലും ശൈവവൈഷ്ണവ സംഘട്ടനത്തിന്റെ വക്താക്കൾ കവികളല്ല ആചാരാനുഷ്ഠാനാദികളുടെ സങ്കുചിതവലയത്തിനകത്തു വർത്തിച്ചിരുന്ന മതശാഠ്യക്കാരാണ്. മതം മനുഷ്യനെ ഈശ്വരനോടടുപ്പിക്കുന്നു. മതശാഠ്യം (മതമൗലികതാവാദം എന്ന പദത്തിന് ഇക്കാലത്ത് മതശാഠ്യം എന്ന അർത്ഥമാണ് കല്പിക്കപ്പെട്ടുപോരുന്നത്. മൂലതഃ എല്ലാ മതവും ഒന്നാണെന്ന അർത്ഥവും കല്പിക്കാമായിരുന്നെങ്കിലും ഇന്ന് fundamentalism എന്ന പാശ്ചാത്യപദവും മതമൗലികതാവാദം എന്ന സംസ്കൃതപദവും മതാചാരാനുഷ്ഠാനാദികളെ ആസ്പദമാക്കിയുള്ള ശഠതയെക്കുറിക്കാനുപയോഗിക്കുന്നു) മനുഷ്യനെ പിശാചിനോടടുപ്പിക്കുന്നു. കേവലഭക്തിഗാനങ്ങൾ ഒരിക്കലും മതശാഠ്യത്തെ പേറുകയില്ല. ഭക്തിരസമാകുമ്പോൾ (രസമാകണമെങ്കിൽ) സാധാരണീകൃതമാവണം. സാധാരണീകൃതം എന്നതിന് കേവലമാനവീകൃതം എന്നാണല്ലോ അർത്ഥം. അതുകൊണ്ട് നല്ല ഭക്തിഗാനങ്ങളേതും ഭക്തിപ്രവണമായ ഏതു ചേതസ്സിനേയും ദ്രവീകരിക്കാൻ ശക്തമാകും. സംസ്തുതനാകുന്ന ആരാധ്യപുരുഷന്റെ നാമരൂപാദികൾ അപ്രസക്തമാകും.

മാനം പൊഴിച്ചിടും തോയം
കടലിൽച്ചേർന്നിടുന്ന പോൽ
സർവദേവനമസ്കാരം
ഏകദൈവത്തിനുള്ളതാം.

ആകാശാത്പതിതംതോയം യഥാഗച്ഛതി
സാഗരം
സർവദേവ നമസ്കാരോ കേശവം
പ്രതിഗച്ഛതി

എന്നതിലെ കേശവശബ്ദം കേവലമായ ഈശ്വരപര്യായമാണ്.

ഗാനകലയേയും ഭക്തിഭാവത്തേയും ആസ്പദമാക്കിയുള്ള മൗലികമാനസതത്ത്വങ്ങൾ പ്രപഞ്ചനം ചെയ്തുകൊണ്ട് ഒരു ഭക്തിഗാനസമുച്ചയത്തിനുള്ള അവതാരിക തുടങ്ങുന്നത്, അവയുടെ അന്തഃസത്തയിലേക്കു പ്രവേശിക്കണമെങ്കിൽ അത് അനിവാര്യമായതുകൊണ്ടാണ്.

റവ. ഫാദർ ആബേലിന്റെ ഗാനങ്ങൾക്കുള്ള പ്രാധാന്യവും ആകർഷണശക്തിയും വ്യക്തമാവണമെങ്കിൽ മുൻപറഞ്ഞ മൗലികതത്ത്വങ്ങളെപ്പറ്റി അവബോധമുണ്ടായേ മതിയാവൂ. മുൻപുദ്ധരിച്ച ശ്ലോകത്തിലെ കേശവശബ്ദം ഈശ്വരപര്യായമായി വർത്തിക്കുംപോലെയാണ് ഈ ഗാനങ്ങളിൽ ചിലതിലെ ആരാധ്യപുരുഷനെ കുറിക്കുന്ന സംജ്ഞാനാമങ്ങൾ. ഹൃദ്യമായി, ഹൃദയശ്രുതികരമായി, പാടാൻ പറ്റിയ തരത്തിൽ താളലയ സമന്വിതമായി വാങ്മയം മെനഞ്ഞെടുക്കുന്നതിൽ അദ്ദേഹത്തിനു സവിശേഷമായ സിദ്ധിയുണ്ട്. വാങ്മയത്തിന് നാദകലാസൗഭാഗ്യം തൊടുത്തിണക്കുമ്പോൾ അർത്ഥധ്വനികളും ഭാവധ്വനികളും സർവജനഹൃദയചമത്കരണത്തിന് ശക്തമാവണം എന്നതിൽ നിഷ്കർഷയുള്ളതുകൊണ്ടാണ് ഈ ഗാനങ്ങൾ സഹൃദയഹൃദയരഞ്ജകമാണെന്ന് ഉറപ്പിച്ചു പറയാൻ കഴിയുന്നത്. ഏതാണ്ട് എല്ലാ ഗാനങ്ങളും ഈ വസ്തുതയ്ക്കു നിദർശനങ്ങളായിരിക്കെ, ചിലതുമാത്രം ഉദ്ധരിക്കാൻ പുറപ്പെടുന്നവർ ആ വിശേഷപക്ഷപാതത്തിന് കാരണം കാണിക്കാൻകൂടി ചുമതലയുള്ളവരാണ്. അതു ഞാൻ മറക്കുന്നില്ല. എങ്കിലും ചിലതിലേക്ക് മാത്രം വിരൽചൂണ്ടുന്നത് എല്ലാം ഉദ്ധരിക്കൽ പുസ്തകത്തെ ഇരട്ടിപ്പിക്കലാവുമെന്നതിനാലാണ്.

"ഒറ്റക്കൈ തന്നിൽ നീ വെണ്ണ വച്ചീടുമ്പോൾ
മറ്റേക്കൈ കണ്ടിട്ടു കേഴുമല്ലോ"

എന്നു കൃഷ്ണഗാഥാകാരൻ ഉണ്ണിക്കൃഷ്ണനെക്കൊണ്ടു പറയിച്ചതോർത്തുപോകുന്നു. ഉദ്ധരിക്കപ്പെടാത്ത ഗാനങ്ങൾക്ക് പരിഭവം തോന്നാം. അത് അവയുടെ പരാഭവത്തെക്കുറിക്കുന്നില്ല എന്നു മാത്രം പറയട്ടെ.

81-ാം ഗാനം: കരയുന്ന ദൈവത്തെക്കണ്ടോ പാരി-
ലലയുന്ന ദൈവത്തെക്കണ്ടോ

ഇതിലെ ദൈവം മാനവരിൽ ആർക്കെങ്കിലും അന്യനാകുമോ? ദൈവത്തിന്റെ ചിന്മയരൂപം കാരുണ്യമുള്ള മർത്ത്യനിൽത്തന്നെയാണ് കവി കണ്ടെത്തുന്നത്. കരുണാപൂരിതഹൃദന്തമുള്ള മർത്ത്യനെ ദൈവമാക്കുന്ന കവിവചസ്സുകൾ ഈ ഭൂമുഖത്ത് ഏതു മതത്തിൽ വിശ്വസിക്കുന്നവർക്കാണ് 'അന്യം' എന്ന തോന്നലുളവാക്കുക?

ഒരുവറ്റു ചോറിനു കൈനീട്ടി നില്ക്കുന്ന
വിവശനാം ദൈവത്തെ കണ്ടോ!

എന്ന വചനത്തിലെ ഈശ്വരൻ ആരാണ്? വിശപ്പടക്കാനില്ലാത്ത നിസ്വനിൽ ഈശ്വരനെ കണ്ട് അവനെ പൂജിക്കാൻ, ഈശ്വരനുള്ള

നൈവേദ്യം അവനർപ്പിക്കാൻ, പ്രേരിപ്പിക്കുന്ന കവി ഹൃദയമുള്ള മാനവരോടെല്ലാമാണ് സംവദിക്കുന്നത്. ഒരു സീമിതസമൂഹത്തോടല്ല. ഇത് ദരിദ്രർക്ക് സ്വർഗരാജ്യമുണ്ടെന്ന വാഗ്ദാനംകൊണ്ട് അവനെ എന്നും ദരിദ്രനാക്കി നിർത്തി പൂജിക്കാനുള്ള വ്യഗ്രതയുമല്ല. ദാരിദ്ര്യനിർമാർജ്ജനം ഈശ്വരസേവയാണ് എന്ന ഉദ്ബോധനവും ആഹ്വാനവും കൂടിയാണ്. ഇത്തരം ഹൃദ്യങ്ങളായ അർത്ഥധ്വനികളോടുകൂടിയ വചോഗണം ഒപ്പിച്ചാലും അവ ഹൃദയശ്രുതികരങ്ങളായ ഗാനങ്ങളായിത്തീരണമെന്നില്ല. ഗാനകലാലാവണ്യമുളവാക്കുന്നത് ഈ സമുച്ചയത്തിലെ ഗാനങ്ങളിലെല്ലാം കാണുംപോലുള്ള വർണവിധാനത്തിലെ താളലയ ഘടനയാണ്.

95-ാം ഗീതം: സ്നേഹത്തിൻ കതിരുകൾ വീശി
സുകൃതത്തിൻ തിരകളുണർത്തി
പരിശുദ്ധാത്മാവേ നിത്യം നിറയണമെന്നിൽ

മുന്നെ ഉദ്ധരിച്ച ഗീതത്തിൽനിന്നു വ്യത്യസ്തമായ മറ്റൊരുതരം താളലയഘടന. ആ ഗാനത്തിലെ മറ്റു ഖണ്ഡങ്ങൾ:

വിശ്വാസക്കൊടികളുയർത്തി
വിജ്ഞാനക്കതിരുപരത്തി
പരിശുദ്ധാത്മാവേ നിത്യം നിറയണമെന്നിൽ

വചനത്തിൻ മാധുരി നുകരാൻ
സഹനത്തിൻ മറുപൊരുളറിയാൻ
പരിശുദ്ധാ....

ലഘുഗുരുക്കളും, ഏകവർണ, സംയുക്തവർണാദികളും സംവിധാനം ചെയ്യുന്നതിൽ പൊരുത്തത്തിനുള്ള പ്രാധാന്യം പൊടിക്കും വിടാതെ കാക്കുന്നതിനാലാണ് താളലയഘടന ശ്രോതാവിന്റെ ഹൃദയതന്ത്രികളിൽ പ്രതിസ്പന്ദമുളവാക്കാൻ ശക്തമാകുന്നത്. ഓരോ ഗാനവും ശ്രദ്ധിച്ചാലറിയാം അതിന്നൊപ്പം വാദനം ചെയ്യുന്ന തന്ത്രീവാദ്യങ്ങളും സുഷിരവാദ്യങ്ങളും അവനദ്ധവാദ്യങ്ങളും പ്രയോഗിക്കുന്നതിനെക്കുറിച്ചുള്ള സങ്കല്പങ്ങൾകൂടി പ്രവർത്തിച്ചിട്ടുണ്ട് എന്ന്. ഗാനസാഹിത്യരഹസ്യങ്ങളോടൊപ്പം ഗാനാലാപന കലാരഹസ്യങ്ങളും അറിയുന്ന സർഗചൈതന്യത്തിന്റെ സാന്നിധ്യം ഈ ഗാനങ്ങളിലുണ്ട്. ലോകത്തിൽ ഇന്നേവരെ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥങ്ങളിൽവച്ച് ഏറ്റവുമധികം വിറ്റഴിഞ്ഞിട്ടുള്ളത് ബൈബിൾ ആണ്. ബൈബിൾ ക്രിസ്തുമത വിശ്വാസികളുടെ ഇടയിൽ മാത്രമല്ല പ്രചരിക്കുന്നത്. ബൈബിളിലെ അർത്ഥവാദകഥകൾ മതനിഷേധികൾക്കും നിരീശ്വരർക്കും യുക്തിവാദികൾക്കും ആസ്വാദ്യമാവുന്നത് അവയുടെ സാഹിത്യ ഭംഗികൊണ്ടാണ്. ധ്വനിസ

മ്പന്നതകൊണ്ടാണ്, അവയിൽ പലതിനും അനന്തമായ പുന: പാരായണസാധ്യതകളുണ്ട്. സ്വന്തമായ രീതിയിൽ പാരായണം ചെയ്ത് പുതിയ അർത്ഥതലങ്ങൾ അനാവരണം ചെയ്യാൻ കഴിയത്തക്കവണ്ണം അവ നാനാർത്ഥധ്വനിസമ്പന്നമാണ്. അത്തരം ചില കഥകളും ക്രിസ്തുദേവനോടു ബന്ധപ്പെട്ട ചില ജീവിത സന്ദർഭങ്ങളും ഈ സമുച്ചയത്തിലെ ചില ഗാനങ്ങൾക്കു വിഷയമായിട്ടുണ്ട്. എല്ലാത്തിലും അന്തർധാരയായ ഭാവം ഭക്തിതന്നെ.

നാദബ്രഹ്മോപാസനയിൽ ഗായകർക്കെന്നപോലെ നിഷ്ഠയുള്ള ഗാനരചയിതാവുണ്ടെങ്കിൽ മാത്രമേ ഗായകരുടെ ഉദ്യമവും വൈദഗ്ദ്ധ്യവും സഫലമാവൂ. കലാഭവൻ എന്ന സ്ഥാപനത്തിലെ ഗായകസംഘത്തെ വളർത്തിയെടുക്കുകയും അവർക്കു നേതൃത്വം നല്കുകയും ചെയ്ത റവ.. ഫാദർ ആബേൽ സംഗീതോപാസനയിലൂടെ ഭൂമിയുടെ ഒരു തുണ്ടിൽ, നമ്മുടെ ഈ കൊച്ചുകേരളത്തിൽ, ദൈവരാജ്യം സാക്ഷാത്കരിക്കാനാണ് ഉദ്യമിച്ചുപോരുന്നത്. ഈശ്വരസ്തുതിഗീതങ്ങളെല്ലാം, നദികൾ സമുദ്രത്തിലേക്കെന്നപോലെ' ഒരേ മഹത്ത്വ പാരാവാരത്തിലേക്കൊഴുകിയെത്തുന്നു എന്ന അവബോധം ഉളളവരാണ് ഗായകസംഘത്തിലുള്ളതെന്ന് ഈ ഗാനങ്ങളുടെ കാസറ്റുകളിൽ കൊടുത്തിട്ടുള്ള ഗാതാക്കളുടെ പേരുകളിൽനിന്നു ഗ്രഹിക്കാം. സംഗീത കലയിലൂടെ സാക്ഷാത്കരിക്കുന്ന വൈകാരികോദ്ഗ്രഥനം മനുഷ്യസമൂഹത്തിലെ വിഭാജകഭിത്തികളെ ശിഥിലീകരിക്കാൻ ഉതകുമെന്നതിനാൽ, ഈ ഗാനങ്ങൾ ഗാതാക്കളെയും ശ്രോതാക്കളെയും ആത്മീയ സംസ്കൃതിയുടെ വിശുദ്ധിയിലേക്കു നയിക്കുന്നതോടൊപ്പം സാമൂഹിക സംസ്കൃതിയുടെ വിശുദ്ധിയിലേക്കും എത്തിക്കുന്നുവെന്ന് എടുത്തുപറഞ്ഞേതീരൂ. രവീന്ദ്രനാഥടാഗോർ "സ്വാതന്ത്ര്യ സ്വർഗത്തിലേക്ക് എന്റെ നാടുണരേണമേ" എന്നു പ്രാർത്ഥിക്കുന്ന ഗീതാഞ്ജലീ ഗീതത്തിൽ (Where the mind is without fear..... Into that heaven of freedom my father let my Country awake!) മതിൽ കെട്ടിപ്പൊക്കി മനുഷ്യസമൂഹത്തെ ശിഥിലീകരിക്കുന്ന സങ്കുചിതവീക്ഷണങ്ങൾ ഇല്ലാത്ത അവസ്ഥയെ വിഭാവനം ചെയ്യുന്നുണ്ട്. (Where the world has not been broken up into fragments by narrow domestic walls). വിഭാജകങ്ങളായ കന്മതിൽക്കെട്ടുകളില്ലാത്ത ഒരു സ്വാതന്ത്ര്യസ്വർഗത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാനാണ് റവ. ഫാദർ ആബേൽ ഗാനരചനയുടെയും കലാഭവൻ പ്രവർത്തനത്തിന്റെയും തപസ്യ ഏറ്റെടുത്തിരിക്കുന്നത്. സംഗീതം ഉളളിൽ തിരതല്ലുമ്പോൾ മനുഷ്യനെ മനുഷ്യനിൽനിന്നകറ്റുന്ന ഇടുങ്ങിയ മതശാഠ്യങ്ങളുടെ മതിൽ ഉറച്ചു നില്ക്കുകയില്ല. സംഗീതം തുളുമ്പുന്ന ആർദ്രചേതസ്സുള്ള യുവാക്കൾ ഭാഗ്യവാന്മാർ; സ്വർഗരാജ്യം

അവർക്കുള്ളതാകുന്നു. അത്തരം യുവാക്കളുടെ സംഖ്യ വർധിപ്പിക്കുന്നതിലൂടെ ഗാനരചയിതാവായ കവി ചെയ്തുകൊണ്ടിരിക്കുന്നത് ഈശ്വരസേവതന്നെ. അന്യഥാ വരണ്ടുപോയ ഈ ഗതികെട്ട കാലത്ത്, സംഗീതത്തിന്റെ തെളിനീരുറവയൊഴുക്കിക്കൊണ്ട് മരുഭൂമിയെ വസന്താരാമമാക്കിത്തീർക്കാനാണ് കവിയുടെ വിശുദ്ധയത്നം. അതു സാക്ഷാത്കരിക്കാൻ സ്വന്തം ശരീരത്തിന്റെയും ശാരീരത്തിന്റെയും സിദ്ധികൾ മുഴുവൻ ഉപയുക്തമാക്കുന്ന വൃന്ദഗാനസംഘാംഗങ്ങൾ, സഹകരണത്തിലൂടെ ലോകജീവിതം മധുരവും ഭാസുരവുമാക്കാമെന്നുകൂടി പരോക്ഷമായി തെളിയിക്കുന്നു. ഏതു വൃന്ദഗാനത്തിന്റെയും വിജയത്തിൽ സഹകരണതത്ത്വം അന്തർഭവിച്ചിട്ടുണ്ടാകുമല്ലോ. ജീവിവർഗ്ഗത്തിൽ മനുഷ്യനോളം അനന്തവൈചിത്ര്യവൈവിധ്യങ്ങളോടുകൂടിയ ഒച്ചകളും ധ്വനികളും വർണ്ണങ്ങളും ശബ്ദങ്ങളും നാദങ്ങളും ഇവയുടെയെല്ലാം സഹകരണഫലമായ രാഗങ്ങളും പുറപ്പെടുവിക്കാൻ കഴിവുള്ള മറ്റൊരു ജനുസ്സുമില്ല. നിയതിദത്തമായ ഈ സിദ്ധികൾ മാനവന് ഉത്കർഷവും ആനന്ദവും നിർവൃതിയും വേദനയുടെ നിമിഷങ്ങളിൽ ആശ്വാസവും നല്കാൻ ഉപയുക്തമാക്കിയാലേ നാം നിയതിയോടു കൃതജ്ഞതയുള്ളവരാണെന്നു തെളിയൂ. ശബ്ദങ്ങളെ ശബ്ദമലിനീകരണത്തിനായും ഉപയുക്തമാക്കാം. അത് ഒഴിവാക്കി, ശബ്ദങ്ങളെ പ്രയോക്താവിന്നും സഹജാതസമൂഹത്തിനും ആനന്ദലബ്ധിക്കുള്ള ഉപായമായി ഉപയോഗിക്കുമ്പോൾ നിയതി പ്രസന്നയാവും. ശബ്ദങ്ങളെ അപ്രകാരം ഉപയോഗിക്കുമ്പോൾ ഉള്ള ആനന്ദനിർവൃതിയെക്കുറിച്ച് ടാഗോർ പറയുന്നു.;

> " At the immortal touch of Thy hands
> my little heart loses its limits in joy
> And gives birth to utterance ineffable"
>
> (ഗീതാഞ്ജലി)

എന്ന്. (അങ്ങയുടെ കരങ്ങളാലുള്ള അമരമായ അമൃതസ്പർശമേൽക്കുമ്പോൾ എന്റെ കൊച്ചുഹൃദയം അതിന്റെ പരിമിതികൾ മാഞ്ഞ് ആനന്ദത്തിലാറാടുകയും അവാച്യ മഹത്വപൂർണവചനങ്ങൾക്ക് പിറവിയേകുകയും ചെയ്യുന്നു.)

ഈ ഗാനങ്ങളുടെ നിർമാതാവിന്നും സമാനമായ വിനീതിയും ആനന്ദവും അനുഭവപ്പെട്ടിട്ടുണ്ടെന്ന് അവ നമ്മുടെ ഹൃദയതന്ത്രികളെ സ്പർശിച്ചുണർത്തുമ്പോൾ പറയാതെ പറയുന്നു. ഇവയുടെ അനുവാചകർക്കും ശ്രോതാക്കൾക്കും ലഭിക്കുന്ന അനർഘനിമിഷങ്ങളുടെ സമ്പന്നതയും അതേ വിനീതിയും ആനന്ദവും തന്നെ കവി ഈശ്വരന്റെ മുന്നിൽ ദിവ്യകരങ്ങളുടെ അമരസ്പർശത്തിൽനിന്നുണ്ടായ

തന്റെ ആനന്ദവും നിർവൃതിയും പൂജാ പുഷ്പമായി അർപ്പിച്ചു വിനീതനാവുന്നതുപോലെ, കവിസൃഷ്ടങ്ങളായ സൽകൃതികളുടെ ദിവ്യകര സ്പർശത്തിൽനിന്നുളവാകുന്ന ആനന്ദവും നിർവൃതിയും ആസ്വാദകൻ കവിക്കുള്ള പൂജാപുഷ്പമായർപ്പിച്ചു വിനീതനാകുന്നു. വിശുദ്ധ കല്പന കളും അമൃതധ്വനികളും ഉള്ള കവിതയും ഗാനങ്ങളും ആസ്വാദകന്ന് തന്റെ വേദനകളിൽനിന്ന് മോചനവും അവാച്യമായ ആശ്വാസവും നൽകുന്നു. ശ്രീമഹാഭാഗവതത്തിൽ കാവ്യരസാനുഭൂതിയെ ദുസ്തരമായ സംസാരസിന്ധുതരണത്തിനുള്ള ഉപായമായി വിവരിച്ചിട്ടുണ്ട്.

(സംസാരസിന്ധുമതിദുസ്തരമുത്തിതീർഷോർ-
നാന്യപ്ലവോ ഭഗവതഃ പുരുഷോത്തമസ്യ
ലീലാകഥാരസനിഷേവണമന്തരേണ
പുംസോ ഭവേത് വിവിധദുഃഖദവാർദിതസ്യ)

"പുരുഷോത്തമലീലാകഥരസനിഷേവണം" എന്നതിന്റെ ശരിയായ അർത്ഥം അറിയുന്നവർ, "ആകാശാത് പതിതം തോയം...." എന്ന ശ്ലോകത്തിലെ കേശവശബ്ദത്തെപോലെ പുരുഷോത്തമ ശബ്ദത്തെ ഈശ്വരപര്യായമായി മനസിലാക്കും. ഈ ഗാനസമാഹാരത്തിൽ യേശുഭഗവാനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഗാനങ്ങൾ എല്ലാം "പുരുഷോത്തമലീലാകഥാരസനിഷേവണ"മെന്നതിന്റെ അർത്ഥവ്യാപ്തി ബോധ്യപ്പെടുത്തി തരുന്നു. വിവിധദുഃഖദവാർദിതമായ മനസ്സുകൾക്ക് ദുഃഖക്കടൽ കടക്കാൻ പ്ലവങ്ങളായി ഈ ഗാനങ്ങൾ ഭവിക്കുന്നുണ്ടെന്നു ഹൃദയസമ്പന്നർക്കു സാക്ഷ്യപ്പെടുത്താൻ കഴിയും.

കവി നിർമ്മിപ്പു കാവ്യങ്ങൾ (കവിഃ കേരോതി കാവ്യാനി
ലാളിക്കുന്നു മഹാജനം ലാളയത്യുത്തമോ ജനഃ
മരം പെറുന്നു പുഷ്പങ്ങൾ തരുഃ പ്രസൂതേ പുഷ്പാണി
മണം പേറുന്നു മാരുതൻ മരുദ്വഹതി സൗരഭം)

എന്നുണ്ടല്ലോ. ക്ലേശകരമായ ചില അനുഭവങ്ങളിൽകൂടി കടന്നു പോകേണ്ടി വന്നിരിക്കുന്ന ഒരു ജീവിതസന്ദർഭത്തിൽ എത്തിപ്പെട്ടിരിക്കുന്ന എനിക്ക് ഈ ഗാനങ്ങൾ നല്കിയ ആശ്വാസത്തെ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഈ ഗാനസമുച്ചയത്തിനു മുന്നിൽ കൃതകേതരമായ ആ കൃതജ്ഞതയുടെ പുജാപുഷ്പങ്ങളർപ്പിച്ചുകൊള്ളുന്നു.

പ്രസ്താവന

മലയാളികളുടെയിടയിൽ ഹിറ്റായിക്കഴിഞ്ഞ മുപ്പതിൽപ്പരം ഭക്തിഗാനക്കാസറ്റുകൾ കലാഭവൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ ഗാനങ്ങളുടെ സാഹിത്യം തേടുന്ന സംഗീതപ്രേമികൾക്കുവേണ്ടിയാണ് ഈ പുസ്തകം.

ഇതിലെ ഗാനങ്ങളെല്ലാംതന്നെ ബൈബിളിനെ ഉപജീവിച്ചുള്ള വയാണ്. സ്കൂൾവിദ്യാർത്ഥിയായിരിക്കുമ്പോൾ ഞാനെഴുതിയ ആദ്യ കവിതതന്നെ ബൈബിൾബന്ധിയായിരുന്നു. ആലുവാ മംഗലപ്പുഴ സെമിനാരി പ്രസാധനം ചെയ്തുകൊണ്ടിരുന്ന 'കത്തോലിക്കാകുടുംബം' മാസിക അതു പ്രസിദ്ധീകരിച്ച് എന്നെ പ്രോത്സാഹിപ്പിച്ചു. രണ്ടാമത്തെ കവിത 1938-ൽ മാന്നാനത്തുനിന്നുള്ള 'കർമ്മെല കുസുമ'ത്തിൽ പ്രത്യക്ഷപ്പെട്ടു. അതിന്റെ വിഷയവും ബൈബിളിലെ ഒരു സംഭവം തന്നെ. അതിനുശേഷം 1950 വരെയുള്ള കാലഘട്ടത്തിലാണു നമ്മുടെ ബലി, പൂക്കാലം, എന്നീ ഗാനകൃതികളും, സഹനത്തിന്റെ മധുരഗായകൻ എന്നൊരു ജീവചരിത്രഗ്രന്ഥവും വെളിച്ചം കണ്ടത്.

റോമിലെ അധ്യയനവും ദീപികയിലെ പത്രപ്രവർത്തനവും, ചുരുങ്ങിയ കാലത്തെ കോളേജ് അധ്യാപനവുമെല്ലാം കഴിഞ്ഞ് 1965-ൽ വീണ്ടും ഞാൻ തൂലികയെടുത്തത് കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ ആഗ്രഹപ്രകാരമായിരുന്നു. അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിലും മേൽനോട്ടത്തിലും 1972 വരെ മൊത്തം രണ്ടായിരത്തോളം പേജുകൾ വരുന്ന ഇരുപതിലേറെ ലിറ്റർജിപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ എനിക്കു സാധിച്ചു. പള്ളികളിലെ ഉപയോഗത്തിനുവേണ്ടി ഫാ. ലൂദവിക്ക് കുനിയന്തോടത്തിന്റെ സഹായത്തോടെ സുറിയാനിയിൽ നിന്നു സ്വതന്ത്രമായി വിവർത്തനം ചെയ്ത പ്രാർത്ഥനകളും (കുർബ്ബാനയിലേതൊഴികെ) ഗാനങ്ങളുമാണ് അവയിൽ ഭൂരിഭാഗവും.

ചരിത്രകുതുകികൾക്കുവേണ്ടി മേല്പറഞ്ഞ പുസ്തകങ്ങളുടെ ഒരു ലിസ്റ്റു താഴെ ചേർക്കുന്നു.

1. തിരുനാൾ പാട്ടു കുർബ്ബാന
2. ആഘോഷക്കുർബ്ബാന
3. തിരുനാൾ റാസ

4. മരിച്ചവരുടെ പാട്ടുകുർബ്ബാന

5. മരിച്ചവരുടെ റാസ

6. തിരുനാൾക്കർമ്മങ്ങൾ

7. വിശുദ്ധവാരകർമ്മങ്ങൾ

8. കൂദാശകൾ

9. വെഞ്ചരിപ്പുകൾ

10. പിറവി, വർഷാരംഭം

11. മൃതസംസ്കാരം (മെത്രാന്മാരുടെ, വൈദികരുടെ)

12. മൃതസംസ്കാരം (സന്യാസീസന്യാസിനിമാരുടെ)

13. മൃതസംസ്കാരം (അൽമായരുടെ)

14. മരണസമയപ്രാർത്ഥനകൾ

15. മരിച്ചവരുടെ ഓർമ്മ

16. കാനോനനമസ്കാരം (മൂന്നു വാല്യങ്ങൾ)

17. സംഗീതസുവിശേഷം

18. മതപഠനം ഗാനങ്ങളിലൂടെ

19. സങ്കീർത്തനങ്ങൾ

20. കുരിശിന്റെ വഴി

21. തിരുമണിക്കൂർ ആരാധന

22. ദേവാലയ പ്രതിഷ്ഠ

23. സഭാവസ്ത്ര സ്വീകരണം

മേല്പറഞ്ഞ പുസ്തകങ്ങളിലെ സുറിയാനി രീതിയിലുള്ള ഗാനങ്ങളൊഴികെ ഭൂരിഭാഗവും ട്യൂൺ ചെയ്തതു പ്രസിദ്ധനായ കെ. കെ. ആൻറണി മാസ്റ്ററാണെന്നുള്ള വസ്തുത കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു.

ആൻറണി മാസ്റ്ററുടെ മരണശേഷം സംഗീത സംവിധാനത്തിനു സഹായിച്ചിട്ടുള്ളവരാരെല്ലാമെന്ന് 'ഉള്ളടക്ക'ത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

കാനോന നമസ്കാരം, മൃതസംസ്കാരം, കുരിശിന്റെ വഴി എന്നിവയിലെ ഗാനങ്ങൾ സ്പഷ്ടമായ കാരണങ്ങളാൽ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല,

പാട്ടുകൾ കണ്ടുപിടിക്കാനുള്ള സൗകര്യത്തിനുവേണ്ടി വിഷയ ക്രമത്തിലും അക്ഷരമാലക്രമത്തിലും മറ്റും പ്രത്യേക ഉള്ളടക്കങ്ങൾ കൊടുത്തിരിക്കുന്നു.

മുകളിൽ ചേർത്തിരിക്കുന്ന പുസ്തകങ്ങളും ഗാനങ്ങളും നിയമവിരുദ്ധമായി ചിലരെല്ലാം പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോൾ, അതു തടയാൻ വേണ്ടി, ഡൽഹിയിലെ കോപ്പിറൈറ്റ് ഓഫീസിൽനിന്നുതന്നെ അവയുടെ എല്ലാം പകർപ്പവകാശം രജിസ്റ്റർ ചെയ്യേണ്ടിവന്ന കാര്യം സാന്ദർഭികമായി പ്രസ്താവിച്ചുകൊള്ളട്ടെ.

പ്രൗഢമായ ഒരു അവതാരികയാൽ ഈ ഗ്രന്ഥത്തെ അലങ്കരിച്ച ഡോ. എം. ലീലാവതിക്കും, ആത്മാർത്ഥമായ ആസ്വാദനമെഴുതി അതിനെ മോടിപിടിപ്പിച്ച പ്രൊഫ. മാത്യു ഉലകംതറ, ഡോ. ചെറിയാൻ കുനിയന്തോടത്ത് എന്നിവർക്കും എന്റെ അകമഴിഞ്ഞ കൃതജ്ഞത.

ഗാനങ്ങൾ ട്യൂൺ ചെയ്തും, ആലപിച്ചും മറ്റും സഹായിച്ച നിരവധി കലാകാരന്മാരുണ്ട്. കാസറ്റു റെക്കാർഡിംഗിലും പുസ്തക പ്രസിദ്ധീകരണത്തിലും കലാഭവൻ മാനേജർ മിസ് ഷേർളി വലിയ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ ഇത് ഭംഗിയായി അച്ചടിച്ചു തന്ന ദീപിക ഓഫ്സെറ്റ് പ്രിന്റേഴ്സ്, കവർച്ചിത്രം തയ്യാറാക്കിയ മി. കിത്തോ എന്നിവരും ഞങ്ങളുടെ മറക്കാനാവാത്ത ഉപകാരികളാണ്. എല്ലാവർക്കും നന്ദി, നന്ദി.

ഫാ. ആബേൽ C.M.I.

വാനമ്പാടിക്കു പുഷ്പാഞ്ജലി

പ്രൊഫ. മാത്യു ഉലകംതറ

അത്യുന്നതന്റെ ബലിപീഠമായ അൾത്താരയ്ക്കുചുറ്റും പാടിപ്പറക്കുന്ന ഒരു വാനമ്പാടിയായി ഫാ. ആബേലിനെ ഒരിക്കൽ ഞാൻ വിശേഷിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അനുപമമായ ഗാനകലാസേവനം അധിക്ഷേപങ്ങളുടെയും എതിർപ്പുകളുടെയും മദ്ധ്യത്തിൽ മുങ്ങിപ്പിടഞ്ഞിരുന്ന ഒരു ഘട്ടത്തിലാണ് ദശവത്സരങ്ങൾക്കുമുമ്പ് കുടുംബദീപത്തിൽ "അൾത്താരയിലെ വാനമ്പാടി" എന്ന ലേഖനം ഞാനെഴുതിയത്. കാലക്രമേണ അന്തരീക്ഷം തെളിഞ്ഞു. വാനമ്പാടി ഗാനവർഷം ചൊരിഞ്ഞുകൊണ്ടു മേലോട്ടുമേലോട്ടു പറന്നുയർന്നു. മത സമുദായഭിത്തികൾക്കും രാജ്യസീമകൾക്കും അപ്പുറത്തേക്ക് അതിന്റെ കുളിരും താളവും പടർന്നു. ഫാ. ആബേലിനെ മുൻനിരയിൽ നിർത്തിക്കൊണ്ടല്ലാതെ ഈ നൂറ്റാണ്ടിലെ മലയാളക്കരയുടെ ഗാനകലാചരിത്രം എഴുതുക അസാധ്യമാണെന്നുവന്നു. ഒടുവിൽ അൾത്താരയുടെ മുഖ്യ കാവൽക്കാർതന്നെ അദ്ദേഹത്തിനൊരു പുഷ്പാഞ്ജലിയുമായി വന്നെത്തിയിരിക്കുന്നു. സി.ബി.സി.ഐ. എന്നറിയപ്പെടുന്ന ഭാരതകത്തോലിക്ക മെത്രാൻസംഘത്തിന്റെ പ്രഥമ മാധ്യമപുരസ്കാരം 1997- ജനുവരിയിൽ ഇതാ ഫാ. ആബേലിനെ തേടിയെത്തിയിരിക്കുന്നു. ഏതൊരു കേരളീയകലാപ്രേമിയാണ് ഈ അപൂർവ്വവാർത്ത കേട്ടു ഹർഷപുളകമണിയാത്തത്.

എന്താണ് ഈ വാർത്തയിലൊരു അപൂർവ്വത എന്നു സംശയിക്കുന്നവരുണ്ടാകാം. സ്വന്തം രൂപതാദ്ധ്യക്ഷന്റെ ശുപാർശയിൽ ഷെവലിയർ പദവും ബെനേ മരേന്തിയുമൊക്കെ സമ്പാദിച്ച ചില കവികളും കലാകാരന്മാരും മുമ്പു നമുക്കുണ്ടായിട്ടുണ്ട്. അങ്ങനെയെന്തെങ്കിലും ഫാ. ആബേലിനു നൽകപ്പെടാത്തതെന്തുകൊണ്ട് എന്നു ചോദിച്ചിരുന്ന ചിലരെങ്കിലും അദ്ദേഹത്തിന്റെ ആരാധകരുടെ ഗണത്തിലുണ്ട്. അവർക്കുപോലും അത്ഭുതമുളവാക്കുന്നതായിരുന്നു സമസ്തഭാരത മെത്രാൻ സംഘത്തിന്റെ ഈ പ്രഥമമാധ്യമപുരസ്കാരമെന്നു ഞാൻ വിചാരിക്കുന്നു. പാട്ടും കലയുമായി നടക്കുന്നവർക്കും ഭാരതസഭയിൽ ചില ഭദ്രാസനങ്ങൾ സഇജ്ഞീകൃതമായിട്ടുണ്ട് എന്ന വാർത്തതന്നെ അഭൂതപൂർവ്വമല്ലേ? ഫാ. ആബേലിന്റെ പഞ്ചസപ്തതിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പൂർവ്വകാലഗാനസഞ്ചയം ഒറ്റ സമ്പുടമായി പ്രസിദ്ധീകരണത്തിനൊരുക്കിവച്ച വിശുദ്ധമുഹൂർത്തത്തിൽ സ്വർഗ്ഗത്തിൽനിന്നെത്തിയ ഒരു വിശിഷ്ടവരദാനംപോലെ ഈ അംഗീകാരം വന്നെത്തിയിരിക്കുന്നു എന്നതും ഒരു അസാധാരണ സംഭവസംഗമമല്ലേ?

സ്വർഗ്ഗത്തിൽനിന്നെത്തിയ വരദാനമെന്നുതന്നെ ഞാനതിനെ വിശേഷിപ്പിക്കുന്നു. ഉന്നതമായ കലാപ്രതിഭ സൃഷ്ടികർത്താവിന്റെ ഒരു പ്രത്യേക ദാനമാണ്. അതിനെ മണ്ണിൽ കുഴിച്ചിടാതെ അനവരത പ്രയത്നംകൊണ്ട് അനേകമടങ്ങായി വർദ്ധിപ്പിച്ച് ഉടയവനു മടക്കി നൽക്കുകയും തന്റെ നിയോഗത്തോടു നീതി നിർവ്വഹിക്കുകയും ചെയ്യുന്ന വിശ്വസ്തനായ ദാസനെ ഹൃദയപൂർവ്വം അംഗീകരിച്ചഭിനന്ദിക്കാൻ സർവ്വേശ്വരൻ സന്നദ്ധനാകാതിരിക്കുകയില്ല. സർവ്വജന മനോഹരമായ ഒരു പുണ്യകീർത്തനംകൊണ്ട് ഫാ. ആബേൽ ആരെ ഭൂമിയിലേക്കാവാഹിച്ചുവോ ആ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭാദ്ധ്യക്ഷസമൂഹത്തിന് സമുചിതസന്ദർഭത്തിൽത്തന്നെ ഇങ്ങനെയൊരു പുരസ്കാരദാനചിന്തയുദിച്ചതിനു പിന്നിൽ സ്വർഗ്ഗീയമല്ലാത്ത ഏതൊരു പ്രേരണയാണുളളത്? ജനസേവനം ഈശ്വരസേവനം തന്നെയാണല്ലോ. കാവ്യകലാദരിദ്രമായ ഒരു ജനസമൂഹത്തെ സംഗീതഗംഗയിൽ കഴുകി ശുദ്ധീകരിച്ച് സദ്വികാരങ്ങൾകൊണ്ടു നിറച്ച മഹനീയസേവനം ദൈവത്തിന്റെയും മനുഷ്യരുടെയും അംഗീകാരത്തിന് അർഹമായിട്ടുളളതാണ്. ഫാ. ആബേലിനുവേണ്ടി നമുക്കു ദൈവത്തിനു നന്ദിപറയാം. ഈ കാലഘട്ടത്തിൽ കേരളകലാ ലോകത്തിനെന്നപോലെ ക്രൈസ്തവസഭയ്ക്കും ദൈവം നൽകിയ ഒരു സമ്മാനമാണദ്ദേഹം.

കാവ്യസുരഭിലങ്ങളായ ഗാനപരമ്പരകളിലൂടെ പ്രായേണ കലാവിമുഖമായ ക്രൈസ്തവസമൂഹത്തെ അദ്ദേഹം കലയുടെ ശ്രീകോവിലിലേക്കു കൈപിടിച്ചു നടത്തി. കാലഘട്ടത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ച കത്തോലിക്കാവൈദിക കലാപ്രവർത്തകരുടെ ഗണത്തിൽ പ്രഥമഗണനീയനാണദ്ദേഹം. വിണ്ടുണങ്ങിവരണ്ട മാനസങ്ങളിലേക്കു കരകവിഞ്ഞൊഴുകിയിറങ്ങിയ വിണ്ണിൻതടാകമത്രേ തട്ടും തടയുമില്ലാത്ത പദദോഷരഹിതമായ, വികാരനിർഭരമായ, ആ ഗാനനിർത്ധരി. ഗാഗുൽത്താമലയിൽനിന്നുയർന്ന വിലാപത്തിന്റെ മാറ്റൊലിപോലെ വിമലമാനസരുടെയുളളിൽ അതു വിങ്ങലും തേങ്ങലുമുയർത്തുന്നു. വേർപാടിന്റെ നിമിഷങ്ങളിൽ ചെന്തീ വർഷിച്ചുകൊണ്ടു പറന്നെത്തുന്ന മാലാഖയെക്കണ്ടു വിഹ്വലമനസ്കരാകുന്ന പാവപ്പെട്ട മനുഷ്യർക്കു ദർശനസുഭഗമായ പറുദീസ തുറന്നുകാട്ടി ആശയുമാശ്വാസവും നൽകുന്നു. ഫാ. ആബേലിന്റെ ഗാനങ്ങൾ തങ്ങളുടെ ദേവാലയകർമ്മങ്ങൾക്ക് ഉപയോഗിക്കാൻ കഴിഞ്ഞെങ്കിലെന്ന് ഇതര സഭാംഗങ്ങൾ നെടുവീർപ്പിട്ടുപോകുന്നു. പാരമ്പര്യങ്ങളുടെയും അനുഷ്ഠാനക്രമങ്ങളുടെയും അതിർവരമ്പുകൾ അവരെ വേർതിരിച്ചു നിർത്തുമ്പോഴും തങ്ങളുടെ അനൗപചാരികസമാഗമങ്ങളിൽ ക്രൈസ്തവരെല്ലാം

ഫാ. ആബേലിനെ തങ്ങളുടെ അഭിമാനഭാജനമായി ഉയർത്തിക്കാട്ടുന്നു. ക്രൈസ്തവരുടെ സാംസ്കാരികചരിത്രത്തിൽ കലാഭവനവിധായകൻ ഒരു ദീപഗോപുരമായി ഉയർന്നു നില്ക്കുന്നു. അദ്ദേഹത്തിന്റെ ചിറകിൻ കീഴിലിരുന്നു ചൂടുപറ്റി വളർന്ന കലയുടെ മഹാകാശങ്ങളിലേക്കു പറന്നുപോയ അസംഖ്യം ശിഷ്യഗണങ്ങളിലൂടെ വരാൻപോകുന്ന തലമുറകളെയും അദ്ദേഹം ഋണബദ്ധരാക്കിത്തീർത്തിരിക്കുന്നു. ക്രൈസ്തവദേവാലയാന്തരീക്ഷത്തെയെന്നപോലെ കുടുംബാന്തരീക്ഷങ്ങളെയും ഫാ. ആബേലിന്റെ സാർത്ഥകരചനകൾ ഗാനസാന്ദ്രങ്ങളാക്കിയിരിക്കുന്നു. അർപ്പിതാത്മാവായ ഒരു പുരോഹിതകലാപ്രവർത്തകന് ഇതിൽപരമെന്താണൊരു സാഫല്യം കൈവരാനുള്ളത്.

ഫാ. ആബേലിന്റെ ഈ സമ്പൂർണ്ണഗാനസമാഹാരം ദൈവത്തിനും സമൂഹത്തിനുംവേണ്ടിയുള്ള ഒരു സമ്പൂർണ്ണ ജീവിതസമർപ്പണത്തിന്റെ ശാശ്വതസ്മാരകമായി ഞാൻ കാണുന്നു. സർവ്വകലാനാഥനായ സർവ്വേശ്വരൻ സർവ്വകാലവും സർവ്വപ്രകാരേണയും അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. അദ്ദേഹത്തെ തേടിയെത്തുന്ന മഹാപുരസ്കാരങ്ങൾക്കു താഴെ ഈ എളിയ കലോപാസകന്റെ ഹൃദയപുഷ്പാഞ്ജലിയും ചേർത്തുവച്ചുകൊള്ളട്ടെ.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല
ഏറ്റുമാനൂർ കേന്ദ്രം
20-1-1997.

ഗാനങ്ങൾ കവിഹൃദയത്തിന്റെ അമൃതസ്പന്ദനങ്ങൾ

ഡോ. ചെറിയാൻ കുനിയന്തോടത്ത്

ഹൃദയം ഈശ്വരനോടു സംസാരിക്കുന്ന ഭാഷയാണു സംഗീതം. അപാരതയോടു മനുഷ്യാത്മാവിനുള്ള ആഭിമുഖ്യം ഭക്തിഗാനങ്ങളിലൂടെ ഹൃദയങ്ങളിൽനിന്നു ഹൃദയങ്ങളിലേക്ക് എത്തിച്ചേരുന്നു എന്നതും വസ്തുതയാണ്. പ്രാർത്ഥിക്കുന്ന മനുഷ്യൻ ഭക്തിഗാനങ്ങൾ ആലപിക്കുമ്പോൾ പ്രാർത്ഥനയുടെ ഗുണം ഇരട്ടിക്കുന്നു എന്നു പറയാറുണ്ടല്ലോ. ആദ്ധ്യാത്മികാനുഭൂതികളുടെ കവിഞ്ഞൊഴുകലായിത്തീരുന്നു നല്ല ഭക്തിഗാനങ്ങൾ എന്നു പറയാം. ക്രിസ്തീയഗാനരചനാരംഗത്ത് നല്ല ഭക്തിഗാനങ്ങൾ എന്നു പറയുമ്പോൾ പെട്ടെന്ന് ഓർമ്മയിൽ ഓടിയെത്തുന്നതു ബ. ആബേലച്ചന്റെ നാമമാണ്. കാരണം, അദ്ദേഹം മലയാള ക്രിസ്തീയഗാനരംഗത്തെ കുലപതിയാണ്. ആയിരക്കണക്കിനു കലാകാരന്മാരെയും കലാകാരികളെയും വാർത്തെടുത്ത, വാർത്തെടുത്തുകൊണ്ടിരിക്കുന്ന കലാഭവന്റെ ജനയിതാവാണ്. കലാഭവൻ ഉദയംചെയ്യുന്നതിനു മുമ്പുതന്നെ ഡോ. ആബേൽ ഗാനരചനാരംഗത്തു സ്വന്തം വ്യക്തിമുദ്ര പതിച്ചുതുടങ്ങിയിരുന്നു. പരേതനായ ശ്രീ കെ. കെ. ആന്റണിമാസ്റ്റർ കലാഭവനിലെത്തിയതോടെ ഗാനരചനയും സംഗീത സംവിധാനവും തമ്മിൽ ഐക്യമുണ്ടായി. നൂറുകണക്കിനു ഗാനങ്ങൾ ആസ്വാദകമനസ്സുകളിൽ നിറഞ്ഞുനിന്നു. ആദ്യകാലത്ത് യേശുദാസ്, വാണിജയറാം, ജോളി ഏബ്രഹാം തുടങ്ങിയവർ ഫാ. ആബേൽ രചിച്ച ഗാനങ്ങൾക്കു ശബ്ദം പകർന്നു. എത്രയെത്ര ഗാനങ്ങൾ കാവ്യമാധുരിയോടൊപ്പം ശബ്ദമാധുരിയും വിളമ്പിത്തന്നു!

ആരാധനക്രമനവീകരണത്തിന്റെ ഭാഗമായി അത്യുന്നത കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ ഒരു പ്രധാനപ്പെട്ട ദൗത്യം ആബേലച്ചനെ ഏല്പിക്കുകയായിരുന്നു. ആ ദൗത്യമാകട്ടെ അനശ്വരഗാനങ്ങളുടെ പ്രവാഹത്തിനു കാരണമായി. "പരിശുദ്ധാത്മാവേ", "ദൈവമേ, നിൻഗേഹം", "നട്ടുച്ചനേരത്ത്", "മഹേശ്വരാ, നിൻ സുദിനം," 'മനുഷ്യാ നീ മണ്ണാകുന്നു' തുടങ്ങിയ ഗാനങ്ങളാണ് ആദ്യകാലത്തു ശ്രദ്ധപിടിച്ചുപറ്റിയതെങ്കിൽ, പിന്നീട് ഗാനപൂജാ ഗീതങ്ങളിലൂടെ അദ്ദേഹം എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്ക് അർഹനായി. ഭക്തിയോടൊപ്പം ചിന്താധാരയ്ക്കു പ്രേരകങ്ങളായ ഘടകങ്ങൾകൂടി ഗാനങ്ങളിൽ ഫാ. ആബേൽ വിന്യസിക്കുകയുണ്ടായി. ഉദാഹരണത്തിന്,

"ഈശ്വരനെത്തേടി ഞാൻ നടന്നു
കടലുകൾ കടന്നു ഞാൻ തിരഞ്ഞു
അവിടെയുമില്ലിവിടെയുമില്ലീശ്വരൻ
വിജനമായ ഭൂവിലുമില്ലീശ്വരൻ"

എന്നു തുടങ്ങുന്ന ഗാനത്തിനുള്ള വശ്യശക്തി ഒന്നു വേറെതന്നെയാണ്. ഇവിടെ ഇപ്പോൾ ഒരുക്കിയിരിക്കുന്ന ഗാനോപഹാരത്തിൽ ചിന്താബന്ധുരങ്ങളായ എത്രയോ ഗാനങ്ങളാണുള്ളത്! ഓരോന്നിനും അതിന്റേതായ ധ്വനിയും വിശ്രുതയുമുണ്ട്. ഈ ഗാനങ്ങൾ പകർന്നു തരുന്ന അനുഭൂതിവിശേഷങ്ങൾ പലപ്പോഴും അവാച്യമായിത്തന്നെ നിലകൊള്ളുന്നു. ഗാനരചനയിലൂടെ വൈകാരികമായ ഉദ്ഗ്രഥനം സാധ്യമാക്കാൻ ഫാ. ആബേൽ ശ്രദ്ധിക്കുന്നുണ്ട് എന്നത് എടുത്തു പറയേണ്ടതുതന്നെ.

ഗാനരചന ഫാ. ആബേലിനെ സംബന്ധിച്ചിടത്തോളം എന്നുമൊരു തപസ്യയായിരുന്നു. ഇന്ന് ഗാനങ്ങൾ ആർക്കും എഴുതാമെന്നായിട്ടുണ്ട്. യാതൊരു രചനാവൈഭവവും തൊട്ടുതീണ്ടിയിട്ടില്ലാത്ത കാക്കത്തൊള്ളായിരം ഗാനരചയിതാക്കളുണ്ടിന്ന്. അർത്ഥമോ ശൈലിയോ ഇല്ല, ധ്വനിയോ ഭംഗിയോ ഇല്ല, കാവ്യാനുഭൂതി അശേഷമില്ല - പോരേ? നിരർത്ഥകജല്പനങ്ങളുടെയും വിപരീതാർത്ഥകപദങ്ങളുടെയും സമാഹാരമെന്നല്ലാതെ എന്താണു പറയേണ്ടത്? കരിസ്മാറ്റിക് പ്രസ്ഥാനം ശക്തിപ്പെട്ടതുകൊണ്ട്, ധ്യാനത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ആദ്യം ലഭിക്കുന്നത് ഗാനരചനയുടെ വരമാണെന്നാണ് അവകാശവാദം. പക്ഷേ, നല്ല സംഗീതജ്ഞന്മാർ തെറ്റായ വരികൾക്കും ഹൃദ്യമായ സംഗീതം നല്കി ജനമധ്യത്തിൽ എത്തിക്കകൊണ്ട് രചയിതാക്കൾക്കു ഭാഷയുടെ കാര്യത്തിൽ തീരെ ശ്രദ്ധയില്ലാതെപോകുകയാണെന്നു പറയാതിരിക്കാൻ നിർവാഹമില്ല. ഫാ. ആബേലാകട്ടെ, എഴുതുന്ന ഓരോ ഗാനവും ശ്രദ്ധയോടെ പരിശോധിച്ച് ഭാഷയും ശൈലിയും കാവ്യഭംഗിയും ധ്വനിസൗന്ദര്യവും ആവാഹിച്ചെടുക്കുന്നതുപോലെ രചന നിർവഹിക്കുന്നു. അതുകൊണ്ടുതന്നെ ഓരോ ഗാനവും കുറ്റമറ്റതായിത്തീരുന്നു. അതൊരു വിശുദ്ധയജ്ഞമായി പകരുകയും ചെയ്യുന്നു. ഗാനങ്ങൾ ഒരു ദിവസത്തേക്കോ ഒരു നിശ്ചിത സമയത്തേക്കോ വേണ്ടിയാണെങ്കിൽപ്പോലും അവ കാലത്തെ അതിജീവിക്കുന്ന ശാശ്വതികത കൈവരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ പ്രത്യേക സന്ദർഭങ്ങൾക്കുവേണ്ടി വിരചിതമാകുന്ന ഗാനങ്ങളും എത്ര വർഷം കഴിഞ്ഞാലും നിലനില്ക്കുമെന്നതിൽ സംശയമില്ല. ഇവിടെ സമാഹരിക്കപ്പെടുന്ന ഓരോ ഗാനത്തെപ്പറ്റിയും ദീർഘദീർഘം

പ്രതിപാദിക്കാവുന്നതാണ്. പക്ഷേ, അതിനുള്ള അവസരമല്ല എനിക്കു തന്നിരിക്കുന്നതെന്ന ബോധ്യം അതിൽനിന്നെന്നെ പിന്തിരിപ്പിക്കുന്നു. വിശുദ്ധമായ ബിംബകല്പനയും അർത്ഥപൂർണ്ണമായ ധ്വനിപ്രകരണവും അമോഘമായ താളസ്പർശവുംകൊണ്ട് അതീവസുന്ദരമാണ് ഫാ. ആബേലിന്റെ ഗാനങ്ങളെല്ലാംതന്നെയെന്ന് ഉറക്കെപ്പറയാൻ ആർക്കും വിഷമിക്കേണ്ടതില്ല. ആന്തരികഭാവങ്ങളുടെ ഉന്മീലനംകൊണ്ട് അമൃതധ്വനി ഉണർത്തുവാൻ കഴിയുന്ന ഗാനോപാസക കവിയാണു ഫാ. ആബേൽ എന്ന് ഈ സമാഹാരം വെളിപ്പെടുത്തുന്നു. ദീർഘകാലമായി ആധ്യാത്മികരംഗത്തുനിന്നും നിരന്തരമായ വായനയിൽനിന്നും കോരിയെടുത്തു പുനരാവിഷ്കരിച്ചിരിക്കുന്ന ഈ ഗാനങ്ങൾ വ്യക്തിത്വത്തിന്റെ ആവിഷ്കാരം എന്നതിനെക്കാൾ അതിൽനിന്നുള്ള രക്ഷപ്പെടലാണ്. ആഴവും സാന്ദ്രതയും പരിശുദ്ധിയും ഒരുപോലെ ഒത്തിണങ്ങിയ ഗാനങ്ങൾ മലയാളത്തിനു കാഴ്ചവച്ച ഫാ. ആബേലിന് ഒരു സഹൃദയന്റെ ആശംസ ആയിരമായിരം പുഷ്പങ്ങളായി ആ കരങ്ങളിലേക്കു വാരി വിതറിക്കൊള്ളട്ടെ.

ദേവഗിരി
10-01-'97

ഉള്ളടക്കം

(ലിപിക്രമത്തിൽ)

അ

	ഗാനം
അങ്ങേയ്ക്കായ് മാത്രം ഞാൻ	141
അത്ഭുതങ്ങൾ ചെയ്തിടും	113
അഗാധത്തിൽ നിന്നു	67
അഖിലലോകനായകാ	279, 298
അഖിലേശാ മൃതരിൽ	349
അനുതാപികളെ	285
അന്നു നമ്മൾ	198
അൻപെഴും	112
അന്തിമദിവസമടുക്കുമ്പോൾ	215
അന്തിയുറങ്ങുവാൻ	168
അന്ധകാരമുറഞ്ഞ രാവു	50
അന്ധകാരമുറഞ്ഞു മർത്യൻ	64
അമ്പിളിയമ്മാവാ	89
അംബരവേദിയിൽ	130
അമലോത്ഭവയാം കന്യകയേ	106
അമലോത്ഭവയാം മാതാവേ	270
അമ്മേ ആരെന്നെ	91
അവനീപതിയാം	221

ആ

ആകാശത്തിൻ വദനം	47
ആകാശദീപങ്ങൾ	185
ആതുരാലയം	125
ആദം ചെയ്തൊരു	211
ആദിയിലഖിലേശൻ	154

ആദിയിൽ വചനം 162
ആരവിടെ 395
ആ രാത്രിയിൽ 180
ആരിതാരണ്യഭൂവിൽ 42
ആരെന്നെത്തൊട്ടു 398
ആവിലായിലെ 107
ആശ്രയം തേടുന്നോർക്ക് 110
ആഴത്തിൽ നിന്നു ഞാനാർദ്രമായ് 338
ആഴത്തിൽ നിന്നു ഞാൻ കേഴുന്നു 142

ഇ, ഈ

ഇതാ മനുഷ്യൻ 182
ഇന്നിന്റെയന്ത്യത്തിൽ 55
ഇന്നെനിക്കുതന്ന 53
ഇരുട്ടായി ഭൂവിലെങ്ങും 54
ഇരുൾ നീങ്ങിത്തെളിയുന്നൊരു 51
ഈ രാത്രി നിങ്ങളെന്നെ 148
ഈശ്വരനെത്തേടി 6
ഈശ്വരന്നു വസിക്കുവാൻ 353

ഉ, ഊ

ഉണ്ണി പിറന്നു ബേത്സ്ലഹമിൽ 31
ഉണ്ണി പിറന്നതറിഞ്ഞില്ലേ 195
ഉണ്ണീ, പൊന്നുണ്ണീ 127
ഉന്നതത്തിൽനിന്നു വന്നൊ 334
ഉന്നതങ്ങളിലീശ്വരന്നു കീർത്തനം 169
ഉന്നതവാനിടമേ 262
ഉപവാസത്താൽ 396
ഉയർത്തുന്നു ദൈവമേ 370
ഉയരണമീ പ്രാർത്ഥന 309

ഉയിർത്തെഴുന്നേറ്റു നാഥൻ 261
ഉയിർത്തെഴുന്നേറ്റു മിശിഹാ 186
ഉലകിൻ നാഥാ 52
ഊഴിയുമാഴിയും 37

എ, ഏ

എങ്ങുനിന്നു ദിവ്യമിപ്രകാശം 65
എങ്ങുനിന്നെങ്ങുനിന്ന് 164
എത്രനാളീ ഭൂമിയിൽ 15
എത്രയും ദയ്യുള്ള 22
എന്തിനീ വേദനകൾ 358
എന്റെ ദൈവമേ 369
എല്ലാമറിയുന്ന ദൈവം 282
എല്ലാമൊന്നാക്കും 365
എവിടന്നോലോകത്തിൽ 85
എവിടെയാണു ദൈവമേ 105
എവിടെയോ പുതിയൊരു 362
എഴുന്നള്ളുന്നു 8
എളിയവരേ, വാ 372
ഏകനായ്ത്തീർന്നൊരീ 183
ഏകയായ് ഞാനിരുന്നപ്പോൾ 190

ഒ, ഓ

ഒന്നായി ഞങ്ങൾ 152
ഒരു കൊച്ചു നക്ഷത്രം 160
ഒരു ദൈവം ദൈവത്തിൽ 204
ഒരു നിമിഷം നാഥാ 135
ഒരു യുവാവൊരു 392
ഒലിവിലത്തണൽ 174
ഓശാന-കർത്താവിൻ 245

ഓശാന പാടുവിൻ 244
ഓശാനാ സെഹിയോൻ പുത്രീ 74
ഓശാന-സൈത്തിൻ 179

ക

കടുകിൻ മണി 227
കണ്ണീരാരുതരും 243
കണ്ണീർക്കുളത്തിലേ 383
കണ്ണു തുറന്നു 35
കണ്ണീരിൻ ചാലു നികത്താൻ 61
കതിരോനെ വെല്ലും 343
കർത്താവാം മിശിഹാ തൻ 263, 311
കർത്താവേ, കനിയണമേ 265, 267
കർത്താവിൻ തിരുഭവനത്തിൽ 295
കഥ പറയൂ 86
കനിവൊടുനരനെ 269
കന്യകാമാതാവേ കൃപാവരം 242
കന്യകാമാതാവേ 124
കരയുന്ന ദൈവത്തെ 81
കരയുന്നു ഭാരതാംബ 355
കരയും കടലും കടന്നു ദൈവിക 165
കരയും കടലും കടന്നു വന്നീ 344
കരുണാനിധിയാം കർത്താവേ 341
കരുണാനിധിയാം ദൈവം 348
കഴിയുമെങ്കിലീപ്പാനപാത്രം 217
കഴിയുമെങ്കിൽ പിതാവേ 181
കറകളശേഷം 207
കാക്കണമലിവൊടു 231
കാൽവരികണ്ടൊരു 291

കാൽവരിക്കുന്നിലേ 229
കാൽവരിമലമേൽ 325 b
കാൽവരിമലയുടെ 43
കാൽവരിമലയിൽ 26
കാനായിലന്നൊരു കല്യാണം 177
കാനായിൽ കല്യാണം കല്യാണം 156
കാറ്റും കുളിരും 129
കാലം കനി ചൂടി 72
കീഴടക്കുന്നു ധരയെ 377
കുരിശിനാലേ 249
കുരിശിൻ കിരണങ്ങൾ 272
കുരിശിലെ ബലിയാൽ 347
കുരിശേ, കുരിശേ 359
കുര്യാക്കോസ് വന്ദ്യ 386
കൂട്ടുകാരേ, ഓടി വാവാ 193
കേരളസഭയിലുയർന്നു 381
കൈനകരിക്കരയിലേ 385
കൈനകരിക്കരയിൽ 388
കൈകൾ കൂപ്പി 100
കൊട്ടില്ല, കുരവയില്ല 147
കൊയ്ത്തു കഴിഞ്ഞു 224

ഗ

ഗാഗുൽത്താ മലയിൽനിന്നും 254
ഗ്ലീലാക്കടലിൽ 70

ച

ചപലവികാരത്തിന്റെ 178
ചുറ്റുമിരുട്ടായി 119
ചെയ്യുന്നതെല്ലാം 192

ചെറുത്തുനിൻ 357
ചൊല്ലാർന്നോരു 397

ജ

ജനപദങ്ങളേ 264
ജനമേ, വത്സല 184
ജയവിതാനിത 139
ജീവനുമുയിരും 346
ജീവനേകും 301
ജീവന്റെ നാഥനാണു 188

ഞ

ഞാനറിയാതെന്റെ 19
ഞാനല്ലാ ജീവിപ്പതു 140
ഞാനാണു ലോകത്തിൻ 225
ഞാനെൻ നാഥനെ 40
ഞാനെൻ പിതാവിന്റെ 253
ഞാനെന്റെ ദൈവത്തെ 103
ഞാനൊരു മുന്തിരിവല്ലി 378

ത

താതനാമബ്രാഹമേ 391
താതാ, മാനവനുയിരേകാൻ 252
താമസമെന്തേ 46
താരം കിഴക്കുദിച്ചു 200
താലത്തിൽ വെള്ളമെടുത്തു 247
തിങ്ങും പ്രതീക്ഷ 303
തിന്നാലുമെന്നൊരു 206
തിരമാലകൾ 237
തിരയിൽത്താണടിയാതെ 159

തിരുപ്പിറവി 36
തിരുശ്ശരീരവും 319
തിരുസക്രാരിയിൽ 134
തുറക്കുന്നു വാതിൽ 255
തേടീ ദൈവമേ 363

ദ

ദരിദ്രമായൊരു വീട് 79
ദാഹത്തിന്നൊരു തുള്ളി 84
ദിവ്യനാഥനുൾപ്രമോദം 289
ദിവ്യരാത്രി 60
ദീപമേ, സ്വർല്ലോക 88
ദീപമേ... കൂരിരുൾ 258
ദീപം കൊളുത്തി 259
ദൈവകുമാരൻ കാൽവരി 290
ദൈവകുമാരൻ മരണമടഞ്ഞു 257
ദൈവത്തിൻ കരുണയിലഭയം 80
ദൈവത്തിൻ കരുണയിൽ നീ 118
ദൈവത്തിൻ നാമത്തിൽ 77
ദൈവത്തിൻ പുത്രനാമീശോ 189
ദൈവത്തിൻ മാലാഖാ 27
ദൈവത്തിൻ സൂനു പിറന്നു 33
ദൈവദർശനം 120
ദൈവപിതാവിനു 389
ദൈവപുത്രൻ ജനിച്ചു 34
ദൈവപുത്രനുണ്ണിയായ് പിറന്നു 23
ദൈവമാതാവാം 308
ദൈവമെന്റെയിടയനായ് 117
ദൈവമെന്റെ കൂടെയുണ്ട് 93
ദൈവമെന്റെ രക്ഷകൻ 296

ദൈവമെന്നെ മേച്ചിടുന്നു 240
ദൈവമേ, എന്നിൽ 256
ദൈവമേ, ചിരമെൻ 367
ദൈവമേ, ഞങ്ങളിപ്പൂജയാലേ 394
ദൈവമേ, ഞങ്ങളേകിടും 332
ദൈവമേ, ഞങ്ങൾ നിന്നെ 277
ദൈവമേ, തിങ്ങും 294
ദൈവമേ, നന്ദിയോട് 131
ദൈവമേ, നിൻ ദിവ്യനാമം 99
ദൈവമേ, നിൻ മിഴികളിൽ 57
ദൈവമേ, നിൻ മുമ്പിൽ നിന്ന് 82
ദൈവമേ, നിൻ ഗേഹം 2
ദൈവം കല്പിച്ചു 187
ദൈവരാജ്യം പിറന്നു 144
ദൈവസന്നിധിയിൽ 312
ദൈവസൂനോ 251
ദൈവാത്മാവിൻ 94
ദൈവികദൂതൻ 286

ന

നട്ടുച്ചനേരത്ത് 3
നന്ദി പറഞ്ഞു നമിക്കുന്നു 197
നന്മ നിറഞ്ഞ മറിയമേ 194
നസ്രസ്സിലന്നൊരു 375
നസ്രസ്സിലേ ദിവ്യകുടുംബം 108
നാഥൻ വരുന്നു വരുന്നു 12
നാഥന്റെ ദിവ്യശരീരവും 320
നാഥാ, നിൻ കൈകളിൽ 161
നാഥാ, നിൻ നയനത്തിനു 138
നാഥാ, നീയെൻ ചെറു ഭവനത്തിൽ 123

നിങ്ങളെൻ നാമത്തിൽ 326
നിത്യദൈവമേ 241
നിത്യം നിൻ ഭവനത്തിൽ 371
നിത്യനായ ദൈവത്തിൻ 7
നിത്യനായ ദൈവമേ 278
നിത്യപിതാവേ, കൈക്കൊള്ളണമേ 306
നിത്യാനന്ദ സ്വരൂപാ 273
നിൻദിവ്യരക്തശരീരങ്ങൾ 322
നിൻപ്രമാണമെന്നുമെൻറെ 219
നിനക്കായി മാത്രം ഞാൻ 13
നിനക്കായെൻ ജീവിതം 360
നിറകുടം തുളുമ്പി 163
നിറയും പ്രതീക്ഷയോടി 48
നീതിമാനാം യൗസേപ്പേ 287
നീതിമാന്മാരും പ്രവാചക 136
നീ വാഴും ദേശം 151
നൂറ്റാണ്ടുകളുടെ 171
നൃപനാം മിശിഹാ കർത്താവിൻ 350
നേരം മങ്ങി മങ്ങി 218
നേരം മങ്ങി മങ്ങിയിരുളുന്നു 101
നേരം മങ്ങി മയങ്ങുന്നു 56

പ

പകലിന്നായിനിയെന്തിനു 59
പത്രോസാകും പാറയിൽ 216
പരമനാഥാ, നിൻ ദിവ്യ 11
പരലോകരാജ്ഞിമേരി 28
പരിചൊടുനാദം 330
പരിശുദ്ധപരമദിവ്യ 137
പരിശുദ്ധാത്മാവേ 1

പറുദീസായിലുയർന്നൊരു 25
പാതിരാവിനു തിളക്കം 126
പാപം കുഞ്ഞേ നീ 92
പാപം കഴുകിടുവാൻ 230
പാപം പൂട്ടിയ 146
പാപത്തിൻ കുഴിയിൽ 226
പാപത്തിൻ കൈകളുയർന്നു 71
പാപത്തിൻ നിഴൽ വീശിയ 128
പാപമേതുമറിഞ്ഞിടാത്ത 176
പാപമേ, നിൻപേരു 236
പാപവിമോചകനേശു 210
പാവനാത്മാവേ നീ 96
പാവനമോഹനവിശ്വാസ 288
പീഡിതരേ വാ 98
പുതിയ കുടുംബത്തിൻ 157
പുതിയൊരാകാശം 143
പുൽക്കൂടിനു പുളകം 30
പുൽക്കൂട്ടിൽ വാഴുന്ന 9
പുലരി വിടർന്നു 49
പുലരിയിതാ 87
പുലരിയിൽ നിദ്ര 66
പുലരിയിലൊരു പുതു 109
പുറത്തെങ്ങുമിരുട്ടായി 14
പൂക്കളം തീർത്തിടും 153
പൂനിലാവെങ്ങും പരന്നു 199
പൂവനമേ, ഞങ്ങൾ 235
പൊക്കം കുറഞ്ഞ 399
പൊന്നൊളിയിൽക്കല്ലറ 38
പ്രത്യാശതിങ്ങുന്ന 304
പ്രവചനമെല്ലാം 394

പ്രാണനാഥാ, നിത്യമെന്റെ 18
പ്രീശനും ചുങ്കക്കാരനും 68
പ്രേഷിതനാം ഫ്രാൻസിസ് 114

ബ, ഭ

ബലവാനാം നിത്യ 284
ബലിയല്ലസ്നേഹമാണു 354
ബാലകർക്കു മിത്രമായ 201
ബേസ്ലേമിലന്നൊരു 149
ബേസ്ലേമിലുണ്ണി പിറന്നു 58
ബേസ്ലേമിലെപ്പുൽത്തൊഴുത്തിൽ 63
ഭഗവദ്ഗീത 356
ഭാഗ്യവാൻ ധരമേൽ 366
ഭാരതം കതിരു കണ്ടു 10
ഭാരതഭൂവിന്റെ പുണ്യാഭി 384
ഭിക്ഷുവായ് ഞാൻ നടന്നു 20
ഭുവനമെങ്ങും 376

മ

മകനേ, ഓമനമകനേ 173
മഞ്ഞും തണുപ്പും 39
മണവാളനുമുദമരുളും 158
മണവാളനെയെതിരേല്ക്കാൻ 73
മണ്ണിമുഴങ്ങുന്നു 83
മധുരമായ് തൂമന്ദഹാസം 393
മനുഷ്യാനീ മണ്ണാകുന്നു 5
മരണത്താലേ 336
മരണത്തിൻ തിരമാലകൾ 368
മരണമേ വരൂ 361
മരിയ വത്സ്രം 21
മർത്യനു നിത്യജീവൻ 342

മർത്യനു രക്ഷ 133
മർത്യനെത്തേടി 315
മലയാറ്റൂർ മുത്തപ്പാ 116
മറിയമേ, സകലസുകൃത 167
മഹിമ ചൂടി വിരാജിക്കും 115
മഹേശ്വരാ, നിൻ 4
മാനത്തു നിന്നൊരു 212
മാനവനുയിരേകാൻ 222
മാനവരക്ഷകനായ് 62
മാനവരക്ഷകനേശുവിൻ 345
മാലാഖമാരുടെ ഭാഷ 223,44
മാലാഖമാരുടെയപ്പം 246,316
മിശിഹാകർത്താവേ, മാനവ 250
മിശിഹാ കർത്താവേ, നരകുല 268,310
മിശിഹാ നാഥന്റെ തിരുമെയ്യും 331
മുദമൊടു വാനവരും 313
മൂന്നു നാൾ മാതാപിതാക്ക 214
മേഘം തുറന്നു 132
മോചനം മർത്യനു 307
മോദം കലർന്നു നിന്നെ 323
മോഹനമായൊരു മാനം 90
മോഹമെല്ലാം 364

യ

യൂദായിലന്നൊരു 213
യൗസേപ്പേ നിദ്രയിൽ നിന്നു 172
യോഗ്യനാരൂഴിയിൽ 297

ര

രക്ഷണവത്സര 374
രാജകന്യകേ 29

രാരീരോ-കുളിർകൊരും 170
രാരിരോ - തൂമഴ 41
രോഗങ്ങളെന്നെ 122

ല

ലിസ്യുവിൻ പുളകമായ 111
ലോകത്തിൻ നാഥനാമീശോ 321
ലോകത്തിൻ വഴികളിൽ 271
ലോകനാഥൻ ഉയിർത്ത രാത്രി 260
ലോകനാഥാ, നമിച്ചിടുന്നു 300
ലോകമുഇജ്വല തീയിൽ 380

വ

വന്ദനം ബലിപീഠമേ 324
വയലുകൾ പൂത്തു വിളഞ്ഞു 379
വയലുകളെല്ലാം 239
വരുന്നു ഞങ്ങൾ 233
വരുന്നു മംഗള 238
വഴിയൊരുക്കുവിൻ 175
വാക്കിനാലൊരു 373
വാനവരും സ്വർഗ്ഗീയ 333
വാനവരും സ്വർഗ്ഗ-പരിശുദ്ധൻ 314
വാനവഗാനം പാടി 205
വാനിൽ നിന്നൂഴിയിൽ 69
വാളിനു മുമ്പിൽ 232
വിണ്ണിൽനിന്ന് I 317
വിണ്ണിൽ നിന്ന് II 318
വിരി തുറക്കുന്നു 325
വിവാഹമേ 150
വിശപ്പടക്കാൻ 234
വിശുദ്ധമായൊരു 275

വിശ്വസിക്കുന്നു ഞങ്ങൾ 305
വിശ്വാസത്തിൻ കണ്ണു 145
വിളികേട്ടു 382
വീടുകളില്ല 78
വൈരവും തീരാപ്പകയും 220
വേദനയാൽ പിടയുന്ന 45

ശ

ശബ്ദമുയർത്തി 283,299
ശ്ലീഹന്മാരിലിറങ്ങി 228
ശ്രീയാർന്ന കുടുംബത്തിൻ 390

ഷ

ഷാരോണിൽപ്പൊട്ടിവിടരും 155

സ

സത്യമായ് ലോകനാഥാ നീ 280
സന്തതമുയരുന്നെൻ 281
സംഘടിക്കുവിൻ 351
സന്ധ്യയായി, ,തിരികൊളുത്തി 191
സപ്തസ്വരങ്ങൾക്കുറവിടം 166
സമ്പത്തിലെന്നപോൽ 121
സർവ്വലോകനായകാ, വണ 329
സർവ്വാധിപനാം കർത്താവേ 346 b
സർവ്വേശപുത്രനുയിർത്തു 76
സർവ്വേശപുത്രൻ മനുഷ്യനായ് 32
സർവ്വേശ്വരാ എന്നിൽ 209
സഹനം വഴിയായ് 340
സിംഹാസനത്തിൽനിന്നു 17
സുവിശേഷ വെളിച്ചത്താൽ 302
സൂര്യകരം വാരിയുടുത്തു 24
സൂര്യനെന്തേ 203
സ്നേഹത്തിൻ കതിരുകൾ 95

സ്നേഹത്തിൻ മലരുകൾ 75
സ്നേഹം ജഗത്തിൽ 202
സ്നേഹം സ്വർഗ്ഗവിരാജിതമാം 104
സ്നേഹപിതാവാം 208
സ്നേഹിക്കുന്നു ദൈവം 102
സ്വന്തം ജനങ്ങൾക്കു 248
സ്വർഗ്ഗത്തിൽ വാഴുന്ന താതനാം 196
സ്വർഗ്ഗത്തിൽ വാഴും പിതാവാം 276,292
സ്വർഗ്ഗത്തിൽ വാഴും പിതാവേ I 328
സ്വർഗ്ഗത്തിൽ വാഴും പിതാവേ II 293
സ്വർഗ്ഗത്തിൽ വാഴും പിതാവേ III 327
സ്വർഗ്ഗസ്ഥിതനാം നിത്യപിതാവേ 337
സ്വർഗ്ഗീയജീവനേറയപ്പം 339
സ്വസ്തി, ദാവീദിൻ പുത്രീ 274
സ്തോത്രമേകിടാം 97

ഹ

ഹിന്ദുവല്ലീശ്വരൻ 352
ഹൃദയംനിറയെ 387
ഹൃദയവാതിൽ തുറക്കുന്നു 335
ഹൃദയവാതിൽ തുറന്നങ്ങേ 16

ഉള്ളടക്കം - കാസറ്റു ക്രമത്തിൽ

1. ശോശന്നപ്പൂക്കൾ
(K.K. Antony-Yesudas, B. Vasantha)
(സംഗീതസംവിധായകൻ - ഗായകർ)

1 പരിശുദ്ധാത്മാവേ 2 ദൈവമേ, നിൻ ഗേഹം 3 നട്ടുച്ചനേരത്ത് 4 മഹേശ്വരാ നിൻ 5 മനുഷ്യാ നീ 6 ഈശ്വരനെത്തേടി 7 നിത്യനായ ദൈവത്തിൻ 8 എഴുന്നള്ളുന്നു 9 പുൽക്കൂട്ടിൽ വാഴുന്ന 10 ഭാരതം കതിരു . കണ്ടു.

2. ദിവ്യസല്ലാപം
(Thankachan Karippaparambil - Sabu, Girija)

11 പരമനാഥാ 12 നാഥൻ വരുന്നു 13 നിനക്കായി മാത്രം 14. പുറത്തെ ങ്ങുമിരുട്ടായി 15 എത്രനാളീ ഭൂമിയിൽ 16 ഹൃദയവാതിൽ 17 സിംഹാസനത്തിൽ നിന്നു 18 പ്രാണനാഥാ 19 ഞാനറിയാതെന്റെ 20 ഭിക്ഷുവായ് ഞാൻ നടന്നു.

3. മരിയൻ ഗാനങ്ങൾ
(Sunny Raj - Sabu, Girija, Beena)

21 മരിയ വത്സരം 22 എത്രയും ദയയുള്ള 23 ദൈവ പുത്രനു ണ്ണിയായ്പ്പിറന്നു 24 സൂര്യകരം 25 പറുദീസായിലുയർന്നൊരു 26 കാൽവരിമലയിൽ 27 ദൈവത്തിൻ മാലാഖാ 28 പരലോകറാണിമേരി 29 രാജകന്യകേ 30 പുൽക്കൂടിനുപുളകം

4. ക്രിസ്മസ് ഗാനങ്ങൾ
(K.K.Antony - Thomas Williams, Sasankan,Telma, Sheela)

31. ഉണ്ണിപിറന്നു 32 സർവ്വേശപുത്രൻ 33 ദൈവത്തിൻ സൂനു 34 ദൈവപുത്രൻ 35 കണ്ണു തുറന്നു 36 തിരുപ്പിറവി 37 ഊഴിയുമാഴിയും.

5. സ്നേഹമാല്യം (Manuel -Yesudas, Chithra)

38 പൊന്നൊളിയിൽ 39 മഞ്ഞും തണുപ്പും 40 ഞാനൻനാഥനെ 41 രാരിരോ പൊന്നുണ്ണീ 42 ആരിതാരണ്യ 43 കാൽവരിമലയുടെ 44മാലാഖമാരുടെ ഭാഷ 45 വേദനയാൽ പിടയുമെന്റെ 46 താമസമെന്തേ 47. ആകാശത്തിൻ വദനം

6. ഇരുളും വെളിച്ചവും

(Eldrij: Gimmy, Gopakumar, Jyothi, Vandana)

48 നിറയും പ്രതീക്ഷയോട് 49 പുലരി വിടർന്നു 50 അന്ധകാരമുറഞ്ഞ രാവ് 51 ഇരുൾ നീങ്ങിത്തെളിയുന്നൊരു 52 ഉലകിൻ നാഥാ 53 ഇന്നെ നിക്കു തന്ന ജോലി 54 ഇരുട്ടായി 55 ഇന്നിൻറെയന്ത്യത്തിൽ 56 നേരം മങ്ങിമയങ്ങുന്നു 57 ദൈവമേ നിൻ മിഴികളിൽ നിന്ന്

7. തിരുപ്പിറവി

(Eldrij -Gimmy, Gopakumar, Jyothi, Vandana)

58 ബേസ്ലേമിലുണ്ണി 59 പകലിന്നായിനി 60 ദിവ്യരാത്രി 61 കണ്ണീരിൻ ചാലുനികത്താൻ 62 മാനവരക്ഷകനായ് 63 ബേസ്ലേമിലെ 64 അന്ധ കാരമുറഞ്ഞു മർത്യൻ 65 എങ്ങുനിന്നു ദിവ്യമീ

8. പുലരി

(K.K. Antony-Jolly Abraham, B. Vasantha, Vani Jayaram, Manoharan, Sherin Peter)

66 പുലരി 67 അഗാധത്തിൽനിന്നു 68 പ്രീശനും ചുങ്കക്കാരനും 69 വാനിൽനിന്നൂഴിയിൽ 70 ശ്ലീലാക്കടലിൽ 71 പാപത്തിൻ കൈക ളുയർന്നു 72 കാലം കനി ചൂടി 73 മണവാളനെ വരവേല്ക്കാൻ 74 ഓശാനാ....സെഹിയോൻ പുത്രീ 75 സ്നേഹത്തിൻ മലരുകൾതേടി 76 സർവ്വേശ പുത്രനുയിർത്തു 77ദൈവത്തിൻ നാമത്തിൽ 78 വീടു കളില്ല 79 ദരിദ്രമായൊരു വീട് 80 ദൈവത്തിൻ കരുണയിലഭയം

9. കരയുന്ന ദൈവം

(K.K. Antony- Jolly Abraham, B. Vasantha)

81 കരയുന്ന ദൈവത്തെക്കണ്ടോ 82. ദൈവമേ നിൻ മുമ്പിൽ നിന്ന് 83 മണി മുഴങ്ങുന്നു 84 ദാഹത്തിന്നൊരു തുള്ളി 85 എവിടന്നോ 86 കഥ പറയൂ 87 പുലരിയിതാ 88 ദീപമേ, സ്വർല്ലോക 89 അമ്പിളി യമ്മാവാ 90 മോഹനമായൊരു മാനം 91 അമ്മേ, ആരെന്നെ സൃഷ്ടിച്ചു 92 പാപം കുഞ്ഞേ നീ 93 ദൈവമെൻറെ കൂടെയുണ്ട്

10. കരിസ്മാറ്റിക് ഗാനങ്ങൾ

(K. K. Antony-M.J. Sebastain, Telma, Rani Jose)

94. ദൈവാത്മാവിൻ വരങ്ങൾ തേടി 95. സ്നേഹത്തിൻ കതിരുകൾ വീശി 96. പാവനാത്മാവേ, നീ വന്ന നേരം 97. സ്തോത്രമേകിടാം

98 പീഡിതരേ, വാ 99 ദൈവമേ, നിൻ ദിവ്യനാമം 100 കൈകൾ കൂപ്പി 101 നേരം മങ്ങി മങ്ങി 102 സ്നേഹിക്കുന്നു ദൈവം 103 ഞാനെന്റെ ദൈവത്തെ 104 സ്നേഹം സ്വർഗ്ഗവിരാജിതമാം 105 എവിടെയാണു ദൈവമേ നിൻ

11. സ്മരണാഞ്ജലി
(Alleppy Ranganath - Sabu, Rita)

106 അമലോത്ഭവയാം കന്യകയേ 107 ആവിലായിലേ കന കസൂനമേ 108 നസ്രസിലേ ദിവ്യകുടുംബം 109 പുലരിയിലൊരുപുതു 110 ആശ്രയം തേടുന്നോർക്ക് 111 ലിസ്യൂവിൻ പുളകമായ 112 അൻപെഴും കർമ്മല നാഥേ 113 അത്ഭുതങ്ങൾ ചെയ്തിടും 114 പ്രേഷിതനാം ഫ്രാൻസിസ് സേവ്യർ 115 മഹിമ ചൂടിവിരാജിക്കും 116 മലയാറ്റൂർ മുത്തപ്പാ

12. സാന്ത്വനഗാനങ്ങൾ
(Eldrij- Sabu, Naideen)

117 ദൈവമെന്റെയിടനായ് 118 ദൈവത്തിൻ കരുണയിൽ 119 ചുറ്റു മിരുട്ടായി 120 ദൈവദർശനം 121 സമ്പത്തിലെന്ന പോൽ 122 രോഗ ങ്ങളെന്നെയലട്ടിടുമ്പോൾ 123 നാഥാ, നീയെൻ ചെറുഭവനത്തിൽ 124 കന്യകാമാതാവേ 125 ആതുരാലയം

13. രക്ഷകൻ
(Jerry Amaldev - Sujatha Mohan, Jimmy)

126 പാതിരാവിനുതിളക്കം 127 ഉണ്ണീ പൊന്നുണ്ണീ 128 പാപത്തിൻ നിഴൽ വീശിയ 129 കാറ്റും കുളിരും 130 അംബരവേദിയിലുന്നത 131 ദൈവമേ, നന്ദിയോടങ്ങയെ 132. മേഘം തുറന്നു 133 മർത്യനു രക്ഷ പകർന്നവനേ

14. തിരുമണിക്കൂർ
(M.K. Arjunan- Jimmy- Jyothi, Vandana)

134 തിരുസക്രാരിയിൽ 135 ഒരു നിമിഷം നാഥാ 136 നീതിമാന്മാരും 137 പരിശുദ്ധപരമ 138 നാഥാ നിൻ നയനത്തിനു 139 ജയവിതാ നിത 140 ഞാനല്ല ജീവിപ്പതു 141 അങ്ങേയ്ക്കായ് മാത്രം 142 ആഴത്തിൽനിന്നു ഞാൻ

15. ക്രിസ്മസ് രാത്രി
(Jerry Amaldev- Jimmy, Minmini)

143 പുതിയൊരാകാശം 144 ദൈവരാജ്യം പിറന്നു 145 വിശ്വാസത്തിൻ കണ്ണു 146 പാപം പൂട്ടിയ 147 കൊട്ടില്ല, കുരവയില്ല 148 ഈ രാത്രി 149 ബസ്ലേമിലന്നൊരു

16. വിവാഹ സമ്മാനം
(K.K. Antony, Jerry Amaldev- Jency, Jimmy)

150 വിവാഹമേ 151 നീവാഴുംദേശം 152 ഒന്നായി ഞങ്ങൾ 153 പൂക്കളം 154 ആദിയലഖിലേശൻ 155 ഷാരോണിൽ 156 കാനായിൽ കല്യാണം 157 പുതിയ കുടുംബത്തിൻ 158 മണവാളനു മുദ മരുളും

17. ദിവ്യോദയം
(Xavier Nayathode- S. Janaki, Jimmy)

159 സപ്തസ്വരങ്ങൾക്കുറവിടം 160 നാഥാ, നിൻ കൈകളിൽ 161 തിരയിൽത്താണടിയാതെ 162 ആദിയിൽ വചനമുണ്ടാ യിരുന്നു 163 നിറകുടംതുളുമ്പി 164 എങ്ങുനിന്നെങ്ങുനിന്നി പഭാതം 165 കരയും കടലും 166 ഒരു കൊച്ചുനക്ഷത്രം

18 സംഗീതസുവിശേഷം I
(K.K. Antony-S.Janaki, Susheela, Madhuri, Ambili, Jolly Abraham, Karthikeyan)

167 മറിയമേ, സകലസുകൃത 168 അന്തിയുറങ്ങുവാൻ 169 ഉന്ന തങ്ങളിലീശ്വരന്നു 170 രാരിരോ ....കുളിർകോരും 171 നൂറ്റാണ്ടു കളുടെ 172 യൗസേപ്പേ, നിദ്രയിൽ നിന്നു 173 മകനേ, ഓമന 174 ഒലിവിലത്തണൽ 175 വഴിയൊരുക്കുവിൻ 176 പാപമേതു മറിഞ്ഞിടാത്ത

19 സംഗീത സുവിശേഷം II

177 കാനായിലന്നൊരു 178 ചപലവികാരത്തിൻെറ 179 ഓശാന ...സൈത്തിൻ 180 ആ രാത്രിയിൽ 181 കഴിയുമെങ്കിൽ പിതാവേ 182 ഇതാ മനുഷ്യൻ 183 ഏകനായ്ത്തീർന്നൊരീ 184 ജനമേ, വത്സല 185. ആകാശദീപങ്ങൾ 186 ഉയിർത്തെഴുന്നേറ്റു

20 മതപഠനം ഗാനങ്ങളിലൂടെ
(K.K. Antony-Joseph Palackal, Sabu, Beena, Mercy Mathew)

187 ദൈവം കല്പിച്ചു 188 ജീവൻെറ നാഥനാണു 189 ദൈവത്തിൻ പുത്രനാമീശോ 190 ഏകയായ് 191 സന്ധ്യയായി 192 ചെയ്യു ന്നതെല്ലാം 193 കൂട്ടുകാരേ 194 നന്മനിറഞ്ഞ മറിയമേ 195 ഉണ്ണി പിറന്നതറിഞ്ഞില്ലേ196 സ്വർഗ്ഗത്തിൽ വാഴുന്ന താതനാം 197 നന്ദി പറഞ്ഞു നമിക്കുന്നു 198 അന്നു നമ്മൾ 199 പൂനിലാവെങ്ങും 200 താരം കിഴക്കുദിച്ചു 201 ബാലകർക്കു 202 സ്നേഹം ജഗത്തിൽ

203 സൂര്യനെന്തേ 204 ഒരു ദൈവം 205 വാനവഗാനം 206 തിന്നാലു മെന്നൊരു 207 കറകളശേഷം 208 സ്നേഹപിതാവാം 209 സർവ്വേ ശ്വരാ, എന്നിൽ 210 പാപവിമോചകൻ 211 ആദം ചെയ്തൊരു 212 മാനത്തു നിന്നൊരു 213 യൂദായിലന്നൊരു 214 മൂന്നു നാൾ 215 അന്തി മദിവസമടുക്കുമ്പോൾ 216 പത്രോസാകും 217 കഴിയുമെങ്കിലീ 218 നേരം മങ്ങിമയങ്ങുന്നു 219 നിൻപ്രമാണം 220 വൈരവും തീരാപ്പകയും 221 അവനീപതിയാം 222 മാനവ നുയിരേകാൻ 223 മാലാഖമാരുടെ ഭാഷ 224 കൊയ്ത്തു കഴിഞ്ഞു 225 ഞാനാണു ലോകത്തിൻ 226 പാപത്തിൻ കുഴിയിൽ 227 കടുകിൻ മണി 228 ശ്ലീഹന്മാരിലിറങ്ങി 229 കാൽവരിക്കു ന്നിലേ 230 പാപം കഴുകിടുവാൻ 231 കാക്കണമലിവൊടു 232 വാളിനു മുമ്പിൽ 233 വരുന്നുഞങ്ങൾ 234 വിശപ്പടക്കാൻ 235 പൂവനമേ 236 പാപമേ നിൻ പേരു 237 തിരമാലകൾ 238 വരുന്നു മംഗള 239 വയലു കളെല്ലാം 240 ദൈവമെന്നെ മേച്ചിടുന്നു 241 നിത്യദൈവമേ 242 കന്യകാ മാതാവേ, കൃപാവരം

21. വിശുദ്ധവാര കർമ്മങ്ങൾ

(K.K. Antony - Thoppil Anto, Rajagopal,Telma, Sheela)

243 കണ്ണീരാരുതരും 244 ഓശാന പാടുവിൻ 245 ഓശാന..... ദാവീദിൻ 246 മാലാഖമാരുടെയപ്പം 247 താലത്തിൽ 248 സ്വന്തം ജനങ്ങൾക്കു 249 കുരിശിനാലേ 250 മിശിഹാ കർത്താവേ, മാനവ 251 ദൈവ സൂനോ 252 താതാ മാനവനുയിരേകാൻ 253 ഞാനെൻ പിതാവിന്റെ 254 ഗാഗുൽ ത്താമലയിൽനിന്നും 255 തുറക്കുന്നു വാതിൽ 256 ദൈവമേ എന്നിൽ 257 ദൈവകുമാരൻ മരണമടഞ്ഞു 258 ദീപമേ, ദീപമേ, കൂരിരുൾ 259 ദീപം കൊളുത്തി നാഥാ 260 ലോകനാഥൻ ഉയിർത്ത രാത്രി 261 ഉയിർത്തെഴുന്നേറ്റു 262 ഉന്നതവാനിടമേ

22. തിരുനാൾക്കർമ്മങ്ങൾ

(M.K. Arjunan - Jimmy, Milda, Sushama)

263 കർത്താവാം മിശിഹാ തൻ 264 ജനപദങ്ങളേ 265-267 കർ ത്താവേ കനിയണമേ 268 മിശിഹാ കർത്താവേ, നരകുല 269 കനി വൊടുനരനെ 270 അമലോത്ഭവയാം 271 ലോകത്തിൻ വഴികളിൽ 272 കുരിശിൻ കിരണങ്ങൾ 273 നിത്യാനന്ദസ്വരൂപാ നിൻ 274 സ്വസ്തി ദാവീദിൻ 275 വിശുദ്ധമായൊരു 276 സ്വർഗ്ഗത്തിൽ വാഴും പിതാവാം 277 ദൈവമേ, ഞങ്ങൾ നിന്നെ 278 നിത്യനായ ദൈവമേ 279 അഖില ലോക നായകാ 280 സത്യമായ് ലോകനാഥാ 281 സന്തതമുയരുന്നെൻ

282 എല്ലാമറിയുന്നു 283 ശബ്ദമുയർത്തി 284 ബലവാനാം 285 അനുതാപികളെ 286 ദൈവികദൂതൻ 287 നീതിമാനാം 288 പാവനമോഹന 289 ദിവ്യനാഥനുൾപ്രമോദം 290 ദൈവകുമാരൻ കാൽവരിക്കുന്നിൽ 291 കാൽവരികണ്ടോരു 292 സ്വർഗ്ഗത്തിൽ വാഴും പിതാവാം 293 സ്വർഗ്ഗത്തിൽ വാഴും പിതാവേ 294 ദൈവമേ തിങ്ങും 295 കർത്താവിൻ തിരുഭവനത്തിൽ 296 ദൈവമെന്റെ രക്ഷകൻ 297 യോഗ്യനാരൂഴിയിൽ 298 അഖില ലോകനായകാ 299 ശബ്ദമുയർത്തി 300 ലോകനാഥാ 301 ജീവനേകും 302 സുവിശേഷവെളിച്ചത്താൽ 303 തിങ്ങും പ്രതീക്ഷ 304 പ്രത്യാശ തിങ്ങുന്ന 305 വിശ്വസിക്കുന്നു 306 നിത്യപിതാവേ 307 മോചനം മർത്യനു 308 ദൈവമാതാവാം 309 ഉയരണമീ 310 ദൈവസന്നിധിയിൽ 311 മുദമൊടു വാനവരും 312 വാനവരും സ്വർഗ്ഗ നിവാസികളും 313 മർത്യനെത്തേടി 314 മാലാഖമാരുടെയപ്പം 315 വിണ്ണിൽനിന്നു സമാഗതമായൊരു 316 വിണ്ണിൽ നിന്നു സമാഗതനായൊരു 317 തിരുശ്ശരീരവും 318 നാഥന്റെ ദിവ്യശരീരവും 319 ലോകത്തിൻ നാഥനാമീശോ 320 നിൻദിവ്യരക്ത ശരീരങ്ങൾ 321 മോദം കലർന്നു നിന്നെ 322 വന്ദനം ബലിപീഠമേ

23. ദിവ്യബലിഗീതങ്ങൾ

(Sunny Raj, Eldriy-Satheesh Babu, Jimmy, Rita)

323 വിരി തുറക്കുന്നു 324 നിങ്ങളെൻ നാമത്തിൽ 325 സ്വർഗ്ഗത്തിൽ വാഴും പിതാവേ 326 സ്വർഗ്ഗത്തിൽ 327 സർവ്വലോകനായകാ 328 പരിചൊടു നാദമുയർത്തിടുവിൻ 329 മിശിഹാനാഥന്റെ 330 ദൈവമേ, ഞങ്ങളേകിടും 331 വാനവരും സ്വർഗ്ഗിയ 332 ഉന്നതത്തിൽ നിന്നു വന്നൊരപ്പമാണു 333 ഹൃദയവാതിൽ തുറക്കുന്നു.

24 മരി. പാട്ടുകുർബ്ബാന

(K.K. Antony - Fr. Thomas Kandathil, Sabu, Beena, Latha)

334 മരണത്താലേ 335 സ്വർഗ്ഗസ്ഥിതനാം നിത്യ പിതാവേ 336 ആഴത്തിൽ നിന്നു 337 സ്വർഗ്ഗീയ ജീവന്റെ 338 സഹനം വഴിയായ് 339 കരുണാനിധിയാം കർത്താവേ

25 റാസ

(K.K. Antony- Fr. Thomas Kandathil, Sabu, Dr. Davis, Simon, Sakuntala, Beena, Latha)

340 മർത്യനു നിത്യജീവൻ 341 കതിരോനെ വെല്ലും 342 കരയും കടലും 343 മാനവരക്ഷകനേശുവിൻ 344 ജീവനുമുയിരും 345 കുരിശിലെ ബലിയാൽ 346 സർവ്വാധിപനാം കർത്താവേ 347 കരുണാനിധിയാം ദൈവം

348 അഖിലേശാ, മൃതരിൽ 349 നൃപ നാം മിശിഹാ കർത്താവിൻ 350 സർവ്വാധിപനാം ദൈവം

26. മതമൈത്രി ഗാനങ്ങൾ

(Jerry Amaldev, Ibrahim, Jimmy, Jyothi, Vandana)

351 സംഘടിക്കുവിൻ 352 ഹിന്ദുവല്ലീശ്വരൻ 353 ഈശ്വരന്നു വസിക്കുവാൻ 354 ബലിയല്ല, സ്നേഹമാണു 355കരയുന്നു ഭാരതാംബ 356 ഭഗവൽ ഗീത

27. തീരങ്ങൾ തേടി

357 ചെറുത്തു നിൻ 358 എന്തിനീ വേദനകൾ 359 കുരിശേ, കുരിശേ 360 നിനക്കായെൻ 361 മരണമേ, വരു 362 എവിടെയോ പുതിയൊരു 363 തേടീ ദൈവമേ 364 മോഹമെല്ലാം പൂർത്തിയാക്കാൻ 365 എല്ലാ മൊന്നാക്കും

28. സങ്കീർത്തനങ്ങൾ

366 ഭാഗ്യവാൻ ധരമേൽ 367 ദൈവമേ, ചിരമെൻ 368 മരണത്തിൻ തിരമാലകൾ 369 എന്റെ ദൈവമേ 370 ഉയർത്തുന്നു ദൈവമേ 371 നിത്യം നിൻ ഭവനത്തിൽ 372 എളിയവരേവാ 373 വാക്കിനാലൊരു

29. രക്ഷണവത്സരം (Evangelisation 2000)

374 രക്ഷണവത്സര ജൂബിലി 375 നസ്രസ്സിലന്നൊരു 376 ഭുവനമെങ്ങും നിങ്ങളെൻ 377 കീഴടക്കുന്നു 378 ഞാനൊരു മുന്തിരിവല്ലി 379 വയലുകൾ പൂത്തു വിളഞ്ഞു 380 ലോകമുഇല്ല ലതീയിലാകെ

30. സ്നേഹാമൃതം

381 കേരള സഭയിലുയർന്നു 382 വിളികേട്ടു 383 കണ്ണീർക്കുളത്തിലേ 384 ഭാരതഭൂവിന്റെ 385 കൈനകരിക്കരയിലേ 386 സഭയുടെയധിപൻ 387 കുര്യാക്കോസ് വന്ദ്യപിതാവേ 388 ഹൃദയം നിറയെ 389 കൈനക രിക്കരയിൽ 390 ദൈവപിതാവിനു 391 ശ്രീയാർന്ന കുടുംബത്തിൻ 392 താതനാമബ്രാഹമേ 393 ഒരു യുവാവൊരു 394 മധുരമായ്

ഉള്ളടക്കം
വിഷയക്രമത്തിൽ

1 പിതാവായ ദൈവം

155, 156, 181, 188 ,200, 217, 228, 229, 238, 241, 243, 246, 247, 248, 249, 255, 256, 257, 275, 279, 285

2. പരി. കുർബ്ബാന

8,11,43,69,75,211,215,244,260,261,262,263,264,265,266,267, 268, 269, 270, 271, 272, 273, 274, 276, 277, 278, 280, 281, 282, 283, 284, 287, 288, 289, 290, 292, 293, 294, 295, 296

299, 300, 301, 304, 305, 306, 307, 308, 309, 310, 311, 312, 313, 314, 315, 316, 317, 318, 319, 320, 321, 326, 365

3. ക്രിസ്മസ്

9, 23, 30, 31, 32, 33, 34, 35, 36, 37, 39, 41, 58, 59, 60, 61, 62, 63, 64, 65, 71, 72, 78, 158, 159, 160, 161, 197, 324, 325, 327, 328, 330

4 ഹൃദയനാഥൻ

11, 12, 13, 14, 15, 16, 17, 18, 19, 47, 119, 128, 129, 154

5. ഉയിർപ്പ്

38, 76, 88, 145, 220, 222, 223, 224, 225, 226, 227

6. പരിശുദ്ധാത്മാവ്

1, 87

7. ഓശാന

74, 77, 138, 209, 210, 271, 291

8. കരിസ്മാറ്റിക്

94, 95, 96, 97, 102

9. ബൈബിൾ വാക്യങ്ങൾ

44, 45, 80, 85, 104, 118, 123, 174, 177, 182, 183, 184, 186, 216, 218, 219, 234

10. ബൈബിൾ സംഭവങ്ങൾ

3, 4, 7, 68, 70, 73, 79, 86, 126, 127, 130, 131, 132, 133, 134, 135, 136, 137, 138, 139, 140, 141, 142, 143, 144, 162, 172, 173, 176, 196, 212, 213, 214, 250, 329, 363, 364.

* ഈ നമ്പറുകൾ ഗാനത്തിന്റേതാണ്, പേജിന്റേതല്ല.

11.സങ്കീർത്തനങ്ങൾ

57, 67, 82, 98, 117, 168, 178, 199, 221, 258, 259, 286, 303, 322, 341, 342, 343, 344, 345, 346, 347, 348, 349.

12. മാതൃഗാനങ്ങൾ

21, 22, 24, 25, 26, 27, 28, 29, 40, 42, 83, 84, 103, 106, 124, 153, 171, 201, 235, 239, 251, 297.

13. വിശുദ്ധർ

10, 107, 108, 109, 110, 111, 112, 113, 114, 115, 116, 236, 240, 252, 253, 254, 298.

14. പരസ്നേഹം

81, 105, 125, 179, 193, 323.

15. പ്രഭാത സന്ധ്യാപ്രാർത്ഥനകൾ

48, 49, 50, 51, 52, 53, 54, 55, 56, 66, 87.

16. മതപഠനം

89, 90, 91, 92, 93, 146, 147, 148, 149, 150, 151, 152, 157, 163, 164, 165, 166, 167, 169, 170, 175, 191, 194, 195.

17. അർത്ഥനകൾ

46, 100, 101, 120, 190, 233, 242, 245, 257.

18. പശ്ചാത്താപം

5, 185, 189, 208.

19. സാന്ത്വനചിന്തകൾ

6, 121, 122, 123, 350, 351, 352, 353, 354, 355, 356, 357.

20. ദൈവവിളി

2, 192, 198.

21. കുര്യാക്കോസ് ഏലിയാസ്, അൽഫോൻസ

202, 203, 204, 205, 206, 302, 358, 359, 360, 361, 362.

22. ലൂത്തിനിയ

230, 231, 232

23. വിവാഹം

332, 333, 334, 335, 336, 337, 338, 339, 340.

24. പാപ്പാമംഗളം

207

ഭക്തിഗാനങ്ങൾ

1. പരിശുദ്ധാത്മാവേ

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ, എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ,
അന്ധകാരവിരിപ്പു മാറ്റിടും
ചന്തമേറുന്ന ദീപമേ,
കേഴുമാത്മാവിലാശ വീശുന്ന
മോഹനദിവ്യഗാനമേ.

വിണ്ടുണങ്ങി വരണ്ടമാനസം
കണ്ട വിണ്ണിൻ തടാകമേ,
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ,
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിത പാത നീ.

---

2. ദൈവമേ, നിൻ ഗേഹം

ദൈവമേ, നിൻ ഗേഹമെത്ര മോഹനം
നിൻ ഗൃഹത്തിൽ വാഴുവോർ ഭാഗ്യവാന്മാർ.

കണ്ണുകൾ നിൻ ദിവ്യശോഭ തഴുകി നിൽപ്പൂ:
കാതുകൾ നിൻ വാണിയിൽ മുഴുകി നിൽപ്പൂ:
അന്യഭൂവിലായിരം ദിനങ്ങളേക്കാൾ
നിൻ ഗൃഹത്തിലേക ദിവസം കാമ്യമല്ലോ.

അഖിലലോകനായകന്റെ പാദപീഠം
തിരുവരങ്ങളൂറി നിൽക്കും ദിവ്യഗേഹം
നിത്യജീവനേകിടുന്ന പുണ്യതീർത്ഥം
വാനദൂതർ പാടിടും മനോജ്ഞഗേഹം.

ആരുമാരും കേൾക്കാത്ത നവ്യഗാനം
ആരുമാരും കാണാത്ത ദിവ്യസ്വപ്നം
മാരിവില്ലിൻ നിറം ചേർന്ന ചക്രവാളം
താരമാല ചാർത്തിടുന്ന വാനമേഘം.

---

3. നട്ടുച്ചനേരത്ത്

(സംഭാഷണം-ക്രിസ്തുവും ശമരായ സ്ത്രീയും)

നട്ടുച്ചനേരത്ത്, കിണറിന്റെ തീരത്ത്
വെള്ളത്തിനായി ഞാൻ കാത്തിരിപ്പൂ,
നാരീ, ഒരു പാത്രം ദാഹജലം നീ എനിക്കു നൽകൂ.

അയ്യയ്യോ, നീയൊരു യൂദൻ
ഞാനിന്നൊരു ശമറായത്തി
ഞാൻ കോരിയ വെള്ളം തൊട്ടാൽ തീണ്ടലില്ലേ?

അറിയുന്നില്ലേതും നീ
എന്നോടു നീ ചോദിച്ചാൽ
ജീവന്റെ ജലം കോരിത്തരുമല്ലോ ഞാൻ.

കയറില്ലാ, പാളയുമില്ലാ
നീയെങ്ങനെ വെള്ളം കോരും?
ജീവന്റെ ജലം പിന്നെ എങ്ങനെ കിട്ടും?

ഞാൻ നൽകും നിത്യജലം നീ
വിശ്വാസമിയന്നു കുടിച്ചാൽ
നാരീ, നിനക്കൊരുനാളും ദാഹിക്കില്ല.

ആ ദിവ്യജലം നാഥാ,
നൽകേണമെനിക്കൊരുപാത്രം:
വീണ്ടും ഞാൻ വെള്ളം കോരാൻ പോരണ്ടല്ലോ.

മഹിളേ നീ വീട്ടിൽ പോയ് നിൻ
കണവനെയും കൊണ്ടുവരൂ നീ
അപ്പോൾ ഞാൻ കോരി വിളമ്പാം ജീവന്റെ ജലം.

ഗുരുവേ, നീ കോപിക്കരുതേ
വീട്ടിൽ ഞാനെന്തിനു പോകാൻ?
ഇല്ലില്ലാ, സത്യമെനിക്കു ഭർത്താവില്ല.

നീ ചൊന്നതു സത്യം തന്നെ
കണവന്മാരഞ്ചുണ്ടായി;
ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല.

നിന്ദിതമെൻ ജീവചരിത്രം
നീയെങ്ങനെ സർവ്വമറിഞ്ഞു?
ദൈവകരം തെളിവായ് നിന്നിൽ കാണുന്നു ഞാൻ.

മകളേ, നീ ശങ്കിക്കേണ്ട
ദൈവത്തിൻ പുത്രൻ തന്നെ
നിൻ മുമ്പിൽ നിൽക്കുന്നു, നീയറിഞ്ഞുകൊൾക.

നാഥാ, നിൻ തിരുമൊഴി കേൾക്കാൻ
ഭാഗ്യമെനിക്കെങ്ങനെയുണ്ടായ്!
തൃപ്പാദം വിശ്വാസമൊടേ വണങ്ങിടുന്നേൻ.

---

4. മഹേശ്വരാ, നിൻ

മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം:
മനോജ്ഞമാം നിൻ ഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം.

നൂറു നൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെ കാണാതെ:
നൂറുനൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞു പോയി കണ്ണീരിൽ.

ദൈവജാതൻ പിറന്ന മണ്ണിൽ
വിരിഞ്ഞ മർത്യനു സൗഭാഗ്യം:
മിന്നിനിൽപ്പൂ താരകൾ വിണ്ണിൽ:
തെളിഞ്ഞു കാൺമൂ സ്വർല്ലോകം.

---

5. മനുഷ്യാ, നീ മണ്ണാകുന്നു

മനുഷ്യാ, നീ മണ്ണാകുന്നു;
മണ്ണിലേയ്ക്കു മടങ്ങും നൂനം:
അനുതാപക്കണ്ണുനീർ വീഴ്ത്തി-പാപ-
പ്പരിഹാരം ചെയ്തുകൊൾക നീ.

ഫലം നാല്കാതുയർന്നു നില്ക്കും-വൃക്ഷ-
നിരയെല്ലാമരിഞ്ഞു വീഴ്ത്തും:
എരിതീയിലെരിഞ്ഞു വീഴും-നീറി
നിറം മാറിച്ചാമ്പലായ്ത്തീരും.

ദൈവപുത്രൻ വരുന്നൂഴിയിൽ-ധാന്യ-
ക്കളമെല്ലാം ശുചിയാക്കുവാൻ:
നെന്മണികൾ സംഭരിക്കുന്നു-കെട്ട
പതിരെല്ലാം ചുട്ടെരിക്കുന്നു.

ആയിരങ്ങൾ വീണു താഴുന്നു-മർത്യ-
മാനസങ്ങൾ വെന്തു നീറുന്നു:
നിത്യജീവൻ നല്കിടും നീർച്ചാൽ-വിട്ടു
മരുഭൂവിൽ ജലം തേടുന്നു.

സ്വർഗ്ഗരാജ്യമാർഗ്ഗമങ്ങോളം
മുള്ളു മുറ്റിയിരുണ്ടു നില്പൂ:
തീനരകം തീർത്തമാർഗ്ഗങ്ങൾ-വീതി
നിറഞ്ഞു പൂ ചൊരിഞ്ഞു നില്പൂ.

ശിലോഹായിൽ ഗോപുരം വീണു-കൂടെ
നരരേറെ മരിച്ചു വീണു:
തപം ചെയ്തു വരം നേടായ്കിൽ-നിങ്ങൾ
അതുപോലെ തകർന്നു പോകും.

---

6. ഈശ്വരനെത്തേടി

ഈശ്വരനെത്തേടി ഞാൻ നടന്നു
കടലുകൾ കടന്നു ഞാൻ തിരഞ്ഞു:
അവിടെയുമില്ലിവിടെയുമില്ലീശ്വരൻ
വിജനമായ ഭൂവിലുമില്ലീശ്വരൻ

എവിടെയാണീശ്വരന്റെ കാല്പാടുകൾ?
മണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല:
എവിടെയാണീശ്വരന്റെ സുന്ദരാനനം?
വിണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല.

കണ്ടില്ല, കണ്ടില്ലെന്നോതിയോതി
കാനനച്ചോല കുണുങ്ങിയോടി:
കാണില്ല, കാണില്ലെന്നോതിയോതി
കിളികൾ പറന്നു പറന്നുപോയി.

അവസാനമെന്നിലേയ്ക്കു ഞാൻ തിരിഞ്ഞു
ഹൃദയത്തിലേയ്ക്കു ഞാൻ കടന്നു:
അവിടെയാണീശ്വരന്റെ വാസം
സ്നേഹമാണീശ്വരന്റെ രൂപം.

---

7. നിത്യനായ ദൈവത്തിൻ

"നിത്യനായ ദൈവത്തിൻ പുത്രനാണു നീ
ലോകൈക രക്ഷകനാം ക്രിസ്തുവാണു നീ:
ഇസ്രയേലിൻ രാജരാജനാണു നീ
ശക്തനായ ദൈവത്തിൻ നിവ്യയാണു നീ."

"മൂന്നു കൂടാരങ്ങൾ തീർത്തിടാം ഞാൻ
എന്നുമിവിടെ വാഴ്വതെത്ര മോഹനം!"
"എവിടെ ഞാൻ പോകും ലോകേശാ?
ജീവന്റെ ഉറവിടം നീയല്ലോ"

"നിൻ ദിവ്യ രാജ്യത്തിലെത്തിടുമ്പോൾ
കരുണയോടെന്നെയും നീയോർക്കണേ"
"കുരുടനാണു ഞാൻ രോഗിയാണേ
കരയുവോർക്കാശ്വാസമേകണേ."

---

8. എഴുന്നള്ളുന്നു

എഴുന്നള്ളുന്നു, രാജാവെഴുന്നള്ളുന്നു
നാകലോകനാഥനീശോ എഴുന്നള്ളുന്നു,
മാനവർക്കു വരം തൂകിയെഴുന്നള്ളുന്നു.

ബേസ്ലഹേമിൽ വന്നുദിച്ചൊരു കനകതാരം
യൂദയായിൽ കതിരുവീശിയ പരമദീപം:
ഉന്നതത്തിൽ നിന്നിറങ്ങിയ ദിവ്യഭോജ്യം
മന്നിടത്തിനു ജീവനേകിയ സ്വർഗ്ഗഭോജ്യം.

കാനായിൽ വെള്ളം വീഞ്ഞാക്കിയവൻ
കടലിന്റെ മീതെ നടന്നു പോയവൻ:
മൃതിയടഞ്ഞ മാനവർക്കു ജീവനേകി
മനമിടിഞ്ഞ രോഗികൾക്കു സൗഖ്യമേകി.

വഴികളേ, പുതിയ മലരുകളണിഞ്ഞീടുവിൻ
മനുജരേ, മഹിതഗീതികൾ പൊഴിഞ്ഞീടുവിൻ:
വൈരവും പകയുമെല്ലാം മറന്നീടുവിൻ
സാദരം കൈകൾ കോർത്തു നിരന്നീടുവിൻ.

---

9. പുൽക്കൂട്ടിൽ

പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണീ, നിൻ
തൃപ്പാദം കുമ്പിട്ടു നിൽക്കുന്നു ഞാൻ.

മിന്നും നിലാവിന്റെ തൂവെള്ളിക്കൈകൾ നിൻ
പരിപൂതമേനിയെ പുൽകിടുന്നു:
ഊർന്നൂർന്നിറങ്ങുന്ന മഞ്ഞിൻതരികളാൽ
പൊന്നാട നെയ്യുന്നു പൂഞ്ചന്ദ്രിക.

നീലാംബരത്തിന്റെ നീർച്ചാൽ തെളിച്ചൊരു
നീരാളമേഘം പതഞ്ഞു നിന്നു:
നീളെപ്പരന്നു മഹാനന്ദസന്ദേശം-
"സർവ്വേശപുത്രൻ ജനിച്ചു ഭൂവിൽ"

ഭൂമിയിലീശ്വരപുത്രൻ ജനിച്ചപ്പോൾ
പൂത്തിരി കത്തിച്ചില്ലാരുമാരും:
പൂവൽമെയ് മൂടുവാൻ, ശീതമകറ്റുവാൻ
പൂഞ്ചേല നല്കിയില്ലാരുമാരും.

---

10. ഭാരതം കതിരു കണ്ടു

ഭാരതം കതിരുകണ്ടു, ഭൂമുഖം തെളിവു കണ്ടു
മാർത്തോമ്മാ, നീ തെളിച്ച മാർഗ്ഗത്തിലായിരങ്ങ-
ളാനന്ദശാന്തി കണ്ടു.

ധൈര്യം പകർന്നു നിന്ന ജീവിതം
ഗുരുവിൻ മനം കവർന്ന ജീവിതം
പരസേവനം പകർന്ന ജീവിതം
സുവിശേഷ ദീപ്തിയാർന്ന ജീവിതം.

ഇരുളിൽ പ്രകാശമായ് വിടർന്നു നീ
മരുവിൽത്തടാകമായ് വിരിഞ്ഞു നീ:
സുരലോകപാത നരനു കാട്ടുവാൻ
ഒരു ദൈവദൂതനായണഞ്ഞു നീ.

---

11. പരമനാഥാ

പരമനാഥാ, നിൻദിവ്യസന്നിധാനത്തിൽ
ഒരു നിമേഷം മൗനമായ് ഞാനിരുന്നോട്ടേ.

കരകാണാക്കടലിന്റെ നടുവിലെന്നപോൽ-കർമ്മ-
ഭാരങ്ങളിൽപ്പെട്ടു കുഴങ്ങുന്നു ഞാൻ:
തിരുമുഖം ഒന്നു കാണാൻ കഴിയാതായാൽ-എന്റെ
സമാധാനം തകർന്നുള്ളം കലങ്ങിപ്പോകും.

വസന്തത്തിൻ മുഖം പൊന്നു പൂശി നില്ക്കുന്നു
ഭ്രമരങ്ങൾ മകരന്ദം നുകർന്നീടുന്നു:
ശാന്തമായ് പരസ്പരം നോക്കി നില്ക്കാം-നമുക്കു
മൗനമായ് സമർപ്പണത്തിൻ പാട്ടുപാടാം.

---

12 നാഥൻ വരുന്നു

നാഥൻ വരുന്നു വരുന്നു - മേഘ-
വാതിൽ തുറന്നു വരുന്നു:
കാലൊച്ചകേൾക്കാമരങ്ങിൽ - കൊച്ചു
കാറ്റിൻ തരംഗങ്ങൾ കാണാം.

എത്രയോ കാലങ്ങളായി -ദീർഘ-
യാത്രചെയ്തെത്തുന്നു ദേവൻ
രാത്രിയിൽ മാത്രമല്ലോരോ - പകൽ -
ച്ചാർത്തിലും നാഥൻ വരുന്നു.

ദുഃഖങ്ങളാഞ്ഞു പതിച്ചാൽ - ചിത്ത -
സൗഖ്യം തരാൻ നീ വരുന്നു:
ആനന്ദകാലങ്ങളായാൽ - അതി-
നാക്കം കൊടുക്കാൻ വരുന്നു.

---

13 നിനക്കായി മാത്രം

നിനക്കായി മാത്രം ഞാൻ ജീവിക്കട്ടെ-നിന്നെ-
ക്കാണുവാൻ മാത്രമെന്റെ മിഴിതുറക്കട്ടെ, നാഥാ,
രാത്രിയും പകലും നിൻ ശാന്തിയേകീടും രൂപം
മാത്രമെൻ ചിന്തയിൽത്തെളിഞ്ഞു നില്ക്കട്ടെ.

നിന്നിലാർന്നു വളർന്നിടും സ്നേഹമെന്യേ നാഥാ,
മന്നിലൊന്നും കാര്യമായ് ഞാൻ മതിക്കുന്നില്ല:
നിറമെഴും നിൻ സൗഭാഗ്യസന്ദേശങ്ങൾ ഒന്നും
മറക്കാതെ നിത്യവും ഞാനാലപിച്ചീടും.

നിൻകരങ്ങൾക്കുള്ളിലെന്നെ ബന്ദിയാക്കണമേ,നാഥാ,
പങ്കിലമാം ബന്ധമെല്ലാമഴിക്കേണമേ:

സ്വാതന്ത്ര്യം ഭൂമിയിൽ ഞാൻ തേടുന്നില്ല, നിന്നെ
ഹൃദയത്തിൻ നാഥനായ് ഞാൻ പ്രതിഷ്ഠിക്കുന്നു.

---

14 പുറത്തെങ്ങുമിരുട്ടായി

പുറത്തെങ്ങുമിരുട്ടായി കൂരിരുട്ടായി-എന്റെ
മുറിക്കുള്ളിലേകയായ് ഞാൻ മയങ്ങിപ്പോയാൽ
മയക്കത്തിൽ നാഥനെങ്ങാനടുത്തെത്തിയാൽ- എന്നെ-
യുണർത്തുവാനാരുമാരും തുനിയല്ലേ.

കിളിപോലും ചിലച്ചെന്നെയുണർത്തല്ലേ-വീശു-
മിലഞ്ഞിപ്പൂങ്കാറുവന്നു തഴുകല്ലേ:
നാഥനെന്റെയരികത്തു വന്നുനിന്നാലും നിങ്ങൾ
കാര്യമെന്നെയറിയിക്കാനുണർത്തല്ലേ.

ദിവ്യകരസ്പർശനമേറുണരട്ടെ ഞാൻ-പ്രാണ-
നായകന്റെ നയനങ്ങൾ കണികാണട്ടെ:
സുഖസ്വപ്നംപോലെ നാഥൻ മുമ്പിലെത്തുമ്പോൾ ആരു-
മറിയാതെ പൂംപുളകമണിയട്ടെ ഞാൻ.

---

15 എത്രനാളീ ഭൂമിയിൽ

എത്രനാളീ ഭൂമിയിൽ ഞാൻ ജീവിച്ചാലും
എത്രയേറെ ധനം വാരിക്കൂട്ടിയാലും
ഒന്നുമേ ഞാൻ നേടിയില്ലെൻ പ്രാണനാഥാ, നിന്റെ
സന്നിധാനം മാത്രമാണെൻ ശാന്തിയൂഴിയിൽ.

വിവശനായ് ഞാൻ വഴിയരികിലിരിക്കുമ്പോഴും
വിശ്രമത്തിനു പൊടിയിൽ ശയ്യ വിരിക്കുമ്പോഴും

പിന്നിടേണ്ട ദൂരമെല്ലാമോർത്തോർത്തു കണ്ണുനീർ
വാർത്തിടുന്നു, മാനസം പുകഞ്ഞീടുന്നു.

ചിരികൾപൊട്ടി ഭവനമെല്ലാം നിറഞ്ഞീടുമ്പോൾ
മധുരമുരളീഗാനമെങ്ങും മുഴങ്ങീടുമ്പോൾ
അറയിൽ നിന്നെ സ്വീകരിക്കാൻ കഴിയാത്തതിൽ നാഥാ.
കരളു നീറിയുള്ളമൊന്നായ് വേദനിക്കുന്നു.

---

16 ഹൃദയവാതിൽ

ഹൃദയവാതിൽ തുറന്നങ്ങേ കാത്തിരിക്കുന്നു ദിവ്യ
വദനമൊന്നു കാണുവാൻ ഞാൻ തപസ്സിരിക്കുന്നു:
മധുരഗാനം പാടിയെന്റെ മണിയറയ്ക്കുള്ളിൽ പൂക്കൾ
വിതറിയങ്ങേയാഗമം ഞാൻ പാർത്തിരിക്കുന്നു.

ചുഴലെ വീശും കാറിലീയിരുണ്ട രാത്രിയിൽ നാഥാ,
വിജനമീവനത്തിലൂടെ പോവതെങ്ങു നീ?
വെളിയിലെങ്ങും കൊടിയവിനകൾ പതിയിരിക്കുന്നു
ഞാനെൻ
ഭവനവാതിൽ തുറന്നിട്ടു കാത്തിരിക്കുന്നു.

അറയിൽനിന്നെൻ മിഴികളങ്ങേ സവിധമെത്തുന്നു പായും
നദികടന്നീക്കരയിലെത്താൻ വഴികളില്ലെന്നോ ?
മിഴികൾ പൂട്ടാതനുനിമേഷം കാത്തുനില്ക്കുമീയെന്നെ
അവഗണിച്ചൊരു കനവുപോൽ നീ മാഞ്ഞുപോകല്ലേ.

---

17 സിംഹാസനത്തിൽ നിന്നു

സിംഹാസനത്തിൽനിന്നു താഴേയിറങ്ങിയെന്റെ
വാതില്ക്കൽ വന്നു നിന്നു നീ;

നാഥാ, എനിക്കതിന്റെ സാരം മനസ്സിലായ
നേരം തരിച്ചു നിന്നുപോയ്
പാരം തരിച്ചു നിന്നുപോയ്.

ആരും ശ്രവിച്ചിടാതെ ഞാനേകയായിരുന്നു
പാടുന്ന പാട്ടു കേട്ടു നീ:
ഏതും മടിച്ചിടാതെ വേഗം പറന്നുവന്നെൻ
ചാരേയിരുന്നു നിശ്ചലം
ചാരേയിരുന്നു നിശ്ചലം.

നാഥാ, മനോജ്ഞമായ നിൻ മണ്ഡലത്തിലാണു
ഗാനം ജനിച്ചതാദിയിൽ
താളം പിഴച്ചൊരെന്റെ ഗാനം നിനക്കു പിന്നെ
മോദം പകർന്നതെങ്ങനെ?
മോദം പകർന്നതെങ്ങനെ?

ഈ വിശ്വഗീതകത്തിലേതോ വിഷാദരാഗ-
ഭാവം കലർന്നുകണ്ടു നീ:
മംഗല്യമാലയേന്തി വേഗം പ്രസാദമോടു
താഴേയിറങ്ങിവന്നു നീ, എന്റെ
വാതില്ക്കൽ മുട്ടി നിന്നു നീ.

---

18 പ്രാണനാഥാ

പ്രാണ നാഥാ, നിത്യമെന്റെയുള്ളിൽ വന്നു വാഴുവോനേ,
ദിവ്യകരസ്പർശമേറു തരിച്ചീടുന്നേൻ:
നിന്റെ മണിമന്ദിരമെൻ ദേഹമെന്നു നിനച്ചു ഞാൻ
സന്തതം പവിത്രമായതു കാത്തുകൊളളാം.

ഹൃദയത്തിലുറയുന്ന കുടില വിദ്വേഷമെല്ലാം
നിയന്ത്രിച്ചു സ്നേഹമതിൽ പ്രതിഷ്ഠിക്കും ഞാൻ:

നന്മയെന്നിൽ വളർത്തുവാനാശകൊള്ളും പ്രാണനാഥാ,
നിൻമഹത്വം മാത്രമാണെൻ ലക്ഷ്യമീമന്നിൽ.

നല്ല പൂല്ലാങ്കുഴലായെൻ ജീവിതത്തെ വാർത്തെടുക്കാൻ
അല്ലിലും ഞാനവിരാമം ശ്രമിച്ചീടുന്നു:
എന്നുമതിൻ സുഷിരങ്ങൾ നിൻമഹത്വമൊഴുക്കുന്ന
നവ്യഗാനതരംഗത്താൽ നിറഞ്ഞീടട്ടെ.

---

19 ഞാനറിയാതെന്റെ

ഞാനറിയാതെന്റെ നാഥാ, നീ ഭൂവിലെൻ
നിത്യ സഹചാരിയായിരുന്നു:
ഭീതിയില്ലാതെ ഞാനുല്ലാസമോടു നിൻ
കൂടെക്കളിച്ചു രസിച്ചിരുന്നു.

എത്ര വർണ്ണോജ്ജ്വല സുപ്രഭാതങ്ങളിൽ
നാഥാ, നീയെന്നെ വിളിച്ചുണർത്തി!
ഒന്നിച്ചു നാമെത്ര കുന്നിൻതടങ്ങളിൽ
ഓടിനടന്നു മഹോത്സവമായ്.

അന്നങ്ങു പാടിയ ഗാനങ്ങളൊക്കെ ഞാ-
നർത്ഥം ഗ്രഹിക്കാതെയേറ്റുപാടി:
സൂര്യനും ചന്ദ്രനും താരാഗണങ്ങളും
താളത്തിനൊപ്പിച്ചു നൃത്തമാടി.

---

20 ഭിക്ഷുവായ്

ഭിക്ഷുവായ് ഞാൻ നടന്നു, വിശപ്പിനാ-
ലക്ഷമനായ് നടന്നു:

ഗ്രാമത്തിലെ വഴിത്താരയിലൂടെ
ക്ഷീണിതനായ് നടന്നു.

നീയൊരു തേരിൽ വരുന്ന കാഴ്ചയും
നോക്കി ഞാൻ ദൂരെ നിന്നു:
ധാന്യമെമ്പാടും വിതറിടുന്നതും
ശ്രദ്ധിച്ചു ദൂരെ നിന്നു.

പൊന്നിൻ കിനാവുപോലെ ആ രംഗമെ-
ന്നുള്ളിൽ പതിഞ്ഞു നിന്നു:
ആരാണു കാന്തിമാനീമഹോന്നതൻ
ചിന്തിച്ചു ഞാനിരുന്നു.

"ഭിക്ഷയാചിക്കുവാനിന്നു ഞാൻ വീടുകൾ
തേടി നടന്നിടേണ്ടാ;
തേരിന്റെ പാർശ്വത്തിൽ നിന്നു വീഴുമാ-
ധാന്യങ്ങൾ സംഭരിക്കാം."

കാത്തു ഞാൻ നിന്നിടുമ്പോൾ പൊടുന്നനെ
തേരെന്റെ മുന്നിലെത്തി:
നീയുടൻ താഴേയിറങ്ങിവന്നെന്റെ
നേർക്കു നിൻ കൈകൾ നീട്ടി.

സ്തബ്ധനായ് നിന്നുപോയ് ഞാ, നിതെത്ര വി-
ചിത്രമെന്നോർത്തുപോയി:
ഭിക്ഷുവാമെന്നോടു ഭിക്ഷ യാചിക്കയോ
ഇക്ഷിതി തന്റെ നാഥൻ!

എങ്കിലും സഞ്ചിയിൽ നിന്നെടുത്തൊരു
നെന്മണി നല്കി ഞാനും:
നന്ദിപറഞ്ഞു പ്രസന്ന മുഖത്തോടെ
പെട്ടെന്നു നീ മറഞ്ഞു.

വീട്ടിൽത്തിരിച്ചെത്തി സഞ്ചികുടഞ്ഞിട്ടു
പാടേതിരഞ്ഞനേരം

കൂട്ടത്തിലത്ഭുതം! പൊന്നുകൊണ്ടൊരു
നെന്മണികണ്ടു ഞാനും.

പൊട്ടിക്കരഞ്ഞുപോയ് ഞാൻ, കരങ്ങളെൻ
മാറിൽപ്പതിഞ്ഞുപോയി:
സർവ്വം കൊടുത്തിരുന്നെങ്കിൽ സർവ്വവും
പൊന്നാകുമായിരുന്നു.

---

21 മരിയവത്സരം

മരിയവത്സരം, പ്രബുദ്ധവത്സരം
നരഗണത്തിനകമുണർത്തുമരിയൊരുത്സവം:
പരിലസിക്ക ചക്രവാള സീമയോളം സ്വർഗ്ഗ-
പരിമളം പരത്തിടുന്ന മരിയവത്സരം.

മറിയമേ, മഹേശപുത്രനംബികേ,
കറകളേതും തീണ്ടിടാത്ത കന്യകേ,
ശരണമോടു നിൻ പദങ്ങൾ കുമ്പിടുന്നു
നിറവരങ്ങൾ തൂകിയാശിസ്സേകണേ.

ഉദയ സൂര്യനേശുവിന്റെ വരവൊരുക്കുവാൻ
പുലരിയിൽത്തെളിഞ്ഞുയർന്നൊരുദയ താരമേ,
ഇരുളിലാണ്ട ജനതയിൽ പ്രകാശമേറ്റുവാൻ
ഒരു വിളക്കു ഞങ്ങളിൽക്കൊളുത്തിടേണമേ.

ജനനിയെ വണങ്ങിടുന്ന മർത്യരാശിയിൽ
തിരുവരങ്ങളാത്മജൻ പൊഴിഞ്ഞിടുന്നു:
വരിക മാതൃഭക്തരേ, അണിനിരക്കുവിൻ
മരിയ ഭക്തി കീർത്തനങ്ങളാലപിക്കുവിൻ.

---

22 എത്രയും ദയയുള്ള

എത്രയും ദയയുള്ളമാതാവേ, നിന്റെ
സങ്കേതം തേടിവരുന്നവരിൽ
കാരുണ്യവർഷം പൊഴിഞ്ഞിടുന്നു-നിത്യ-
സന്തുഷ്ടി നീയവർക്കേകിടുന്നു.

ഉള്ളു നിറയും പ്രതീക്ഷയോടേ ഞങ്ങൾ
സന്നിധിചേർന്നു വണങ്ങിടുന്നു:
കന്യകമാരുടെ റാണീ, കരങ്ങളിൽ
ഞങ്ങൾക്കഭയം നല്കേണമേ.

പാപങ്ങളോർത്തോർത്തു കണ്ണീരൊഴുക്കിനിൻ
പാദം നമിക്കുന്നു ജാതാദരം:
ദൈവത്തിൻ മാതാവേ, ഞങ്ങൾ സമർപ്പിക്കും
പ്രാർത്ഥന കേട്ടു കനിഞ്ഞീടണേ.

---

23 ദൈവപുത്രനുണ്ണിയായ്

ദൈവ പുത്രനുണ്ണിയായ് പിറന്നു
സ്വർഗ്ഗവാതിൽ മർത്യനായ്ത്തുറന്നു
ദൈവദൂതരുച്ചിയിൽപ്പറന്നു
മേഷപാലരമ്പരന്നുണർന്നു.

"കീർത്തനം മഹേശ്വരന്നു വിണ്ണിൽ
സാന്ത്വനം മാനവന്നു മന്നിൽ"
വാനദൂതരൊന്നു ചേർന്നുപാടി
മോദമോടു നാകനൃത്തമാടി.

"മിന്നി മിന്നിമായുമീ പ്രപഞ്ചം
പൊന്തിടുന്ന വെൺനുരയ്ക്കുതുല്യം

നിത്യമാം പ്രകാശമാണു കാമ്യം"
ബേസ്സലഹം മുഴക്കിടുന്ന ഗാനം.

പീഡയാൽ വലഞ്ഞിടുമ്പൊൾ നാഥാ, ഞാ-
നോർക്കുമീ വിനീത ശീതരാത്രി:
ആശയറ്റുവീണിടുമ്പൊഴെല്ലാം ഞാ-
നോർക്കുമീയനന്തദിവ്യദീപ്തി.

---

24 സൂര്യകരം

സൂര്യകരം വാരിയുടുത്തു
ചന്ദ്രക്കല പീഠവുമാക്കി
താരാമുടിചൂടിവരുന്നോ-
രഴകേറും കന്യകയാരോ!

ഓർശ്ലേമിൻ മഹിമാവേ,നീ
ഇസ്രേലിൻ കൈത്തിരിയല്ലോ:
മേരീ, നീ മർത്യകുലത്തിൻ
പെരിയോരഭിമാനം.

മാതാവും കന്യകയും നീ
കറയറ്റോരത്ഭുതജന്മം
മാലാഖമാരുടെ റാണീ,
തൃപ്പാദം വണങ്ങിടുന്നു.

തിരുജീവൻ നല്കിയ വൃക്ഷം
പുലരുന്നൊരു ദിവ്യാരാമം
പുലരിയിലേ പൊൽത്താരകമേ,
ചൊരിയണമേ കതിരെങ്ങും.

---

25 പറുദീസായിലുയർന്നൊരു

പറുദീസായിലുയർന്നൊരു ഭൂരുഹമേ,
ജീവൻ നൽകിയ പുത്തൻ പൂമരമേ,
കന്യാമേരീ, വത്സലതനയരിതാ
നിന്നുടെ പൂന്തണൽ തേടിവരുന്നരികിൽ.

ആദിയിലാദമനാദിക ദൈവത്തിൻ
പാവനമാം തിരുകല്പന ലംഘിച്ചു
അപകടമേറിയ തീക്കനി ഭക്ഷിച്ചു
മൃതിയുടെ ഭീകരവിനയിൽ നിപതിച്ചു.

നൂതനമായൊരു മോഹന പൂങ്കനിയാൽ
മൃതിയുടെ വാഴ്ച തകർത്തൊരു കന്യകയേ,
ഇരുളുനിറഞ്ഞൊരു ധരയുടെ പൂങ്കവിളിൽ
പുതിയൊരു പൂമഴവില്ലു വിരിച്ചവൾ നീ.

---

26 കാൽവരിമലയിൽ

കാൽവരിമലയിലുയർന്നുവിടർന്നൂ മറ്റൊരു ബലിപീഠം
കന്യാംബികയുടെ ജീവനുരുക്കിയ നൂതന ബലിപീഠം
കുരിശിനുതാഴേ മേരീ, നീയതിലാത്മജസന്നിധിയിൽ
ധന്യതയാർന്നൊരു വേദനയാലേ ബലിയായ്ത്തീർന്നല്ലോ.

ശിമയോനോതിയ പ്രവചനമങ്ങനെ പൂരിതമായില്ലേ
നാഥേ, നിന്നുടെ നിർമ്മലഹൃദയം വിണ്ടുപിളർന്നില്ലേ?
പലരുടെവീഴ്ചയുമുന്നതിയും നിൻ ചിന്തയിലുണരുമ്പോൾ
വത്സലസുതനുടെ ജീവിതമൊന്നായ് മുന്നിൽ നിഴലിച്ചു.

അന്നൊരു വാനവനരുളിയ മംഗളവചനം കേട്ടപ്പോൾ
ദൈവഹിതത്തിനു ബലിയായ്മുദമൊടു നീ സ്വയമർപ്പിച്ചു:

വ്യാകുലനാഥേ, കടശിയിലാബലി കുരിശിനു
നിറമേകി
നാഥനുനേർന്ന മഹത്തരനേർച്ചകളങ്ങനെ നിറവേറി.

---

27 ദൈവത്തിൻ മാലാഖാ

ദൈവത്തിൻ മാലാഖാ സന്ദേശമറിയിച്ചു
ദൈവാത്മാവാൽ മറിയം മാതാവായി:
"നന്മനിറഞ്ഞ മറിയമേ, വന്ദനം
കർത്താവു നിന്നോടുകൂടെയുണ്ട്."

"ദൈവമേ, ദാസിയിതാ നിൻ മുമ്പിൽ നില്ക്കുന്നു
നിൻ ചിത്തമെന്നിൽ നിറവേറട്ടെ."
"സ്ത്രീകളിലേറ്റമനുഗൃഹീതേ, നിന്റെ
പുത്രനാമീശോയുമനുഗൃഹീതൻ."

ദൈവത്തിൻ നിത്യവചനം മനുഷ്യനായ്
മാനവരോടൊത്തു വാണീടുന്നു:
മാതാവേ, പാപികൾ ഞങ്ങൾക്കായിപ്പോഴും
മൃത്യുവിൻനേരത്തും പ്രാർത്ഥിക്കണേ.

---

28 പരലോകരാജ്ഞി

പരലോകരാജ്ഞി മേരീ, മൃതിയന്നാലും
മൃതിയടഞ്ഞൊരു നിൻ കുമാരനുയിർത്തെഴുന്നേറ്റു.
ഹല്ലേലൊയ്യാ....

പ്രവചനംപോലെ, നാഥനരുളിയതുപോലെ
മഹിമയോടീശപുത്രനുയിർത്തെഴുന്നേറ്റു.
ഹല്ലേലൊയ്യാ....

നിത്യകന്യകയേ, തുഷ്ടികലർന്നുപാടുക നീ
സത്യമായ് ദൈവപുത്രനുയിർത്തെഴുന്നേറ്റു.
ഹല്ലേലൊയ്യാ.....

ധരയിലലയും തനയരിൽ നീ കരുണ ചിന്തണമേ:
പരമരാജ്യം ചേരുവാനായ് പ്രാർത്ഥിക്കണമേ.
ഹല്ലേലൊയ്യാ....

---

29 രാജകന്യകേ

രാജകന്യകേ, മേരിയംബികേ,
വന്ദനം കൃപാലുവായ ലോകനായികേ
മംഗളം തെളിഞ്ഞുയർന്ന ഭാഗ്യതാരമേ.

മന്നിലവ്വതൻ വിനീതമക്കളാദരാൽ
കണ്ണുനീരുമായി മുന്നിൽ നിന്നിടുന്നിതാ
വ്യഥയിലുൾത്തടം തകർന്നു കലുഷചിത്തരായ്
ചരണപങ്കജം നമിച്ചു നിന്നിടുന്നിതാ.

കനിവെഴും കന്യകേ, കരഞ്ഞുനിന്നിടും
തനയരിൽക്കണ്ണുകൾ തിരിച്ചിടേണമേ:
ധരയിലേ ജീവിതം കഴിഞ്ഞു നിത്യമായ്
തിരുസുതന്റെ സന്നിധാനം ചേർത്തിടേണമേ.

---

30 പുൽക്കൂടിനു പുളകം

പുൽക്കൂടിനു പുളകം ചാർത്താൻ
ഭൂതലത്തിനു പുലരിയൊരുക്കാൻ

ദൈവത്തിൻ നിത്യകുമാരൻ
പിറന്നു ഭൂവിൽ.

ദാരിദ്ര്യപ്പട്ടു ധരിച്ചു
കണ്ണീരിൻ കനകമണിഞ്ഞു
വിനയത്തിൻ പൊന്മുടിചൂടി
പിറന്നു ഭൂവിൽ.

ഇരുളേറിയ വഴികളിലെല്ലാം
സുരസുന്ദരകിരണമുയർന്നു
മരുഭൂമിയിലുറവകളുണ്ടായ്
ജലം നിറഞ്ഞു.

വത്സലരെത്തേടിയണഞ്ഞു
രക്ഷകനായൂഴിയിൽ വന്നു:
കൈക്കൊണ്ട ജനത്തിനു വിണ്ണിൻ
വാതിൽ തുറന്നു.

---

31 ഉണ്ണി പിറന്നു

ഉണ്ണി പിറന്നൂ ബേസ്‌ലഹമിൽ
വന്ദനമരുളാൻ വന്നിടുവിൻ
നിർമ്മലമോദമലിഞ്ഞൊഴുകും
മംഗളഗാനം പാടിടുവിൻ.

പാതിരാവിൻ പനിനീരിൽ
പൂനിലാവിൻ പുഞ്ചിരിയിൽ
നീലവാനിലെ സുരദീപം
താണിറങ്ങിവരുന്നുലകിൽ.

വിണ്ണിലീശനു കീർത്തനവും
മന്നിൽ മാനവനാശകളും

നേർന്നു വാനവദൂതന്മാർ
ചേർന്നു ഗീതികൾ പാടുന്നു.

നവ്യതാരമുദിക്കുന്നു
നവ്യകാന്തി പരക്കുന്നു
നാഥനർച്ചന ചെയ്തിടുവാൻ
നാടുവാഴികളണയുന്നു.

ആർത്തമായ് നരരക്ഷകനെ
കാത്തുകാത്തു കഴിക്കുമ്പോൾ
പാർത്തലത്തിനു പൂംപുളകം
ചാർത്തിയെത്തിയ സന്ദേശം.

---

32 സർവ്വേശപുത്രൻ

സർവ്വേശപുത്രൻ മനുഷ്യനായവതരിച്ചു
ജീവപ്രകാശം ധരിത്രിയിൽ വന്നുദിച്ചു:
"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ മർത്യനു ശാന്തിയും പ്രത്യാശയും."

ആദിമനുഷ്യന്റെ പാപം പരിഹരിക്കാൻ
മേദിനിയേറ്റൊരു ശാപം ഹനിച്ചിടുവാൻ
കരയുന്ന മർത്യന്റെ കണ്ണീർ തുടച്ചിടുവാൻ
സ്രഷ്ടാവു സൃഷ്ടിയായ്, മന്നവൻ ദാസനായി.

സർവ്വസമ്പന്നൻ ദരിദ്രനായ് മാറിടുമ്പോൾ
സ്വർഗ്ഗം കനിഞ്ഞു പുൽക്കൂട്ടിലൊളിച്ചിടുമ്പോൾ
ആകാശഗോളങ്ങളാകെത്തരിച്ചുനിന്നു:
ഭൂലോകമൊന്നായ് വികാരം തുളുമ്പിനിന്നു.

---

33 ദൈവത്തിൻ സൂനു

ദൈവത്തിൻ സൂനു പിറന്നു
രക്ഷകനാമേശു പിറന്നു
അംബരത്തിലൊരു നക്ഷത്രം കുതിച്ചുയർന്നു.

കരകാണാക്കടലിൻ തീരം
കതിരെത്താക്കാനനദേശം
അവിടെല്ലാമിരുളിൽ വാണവരുദയം കണ്ടു.

ദാരിദ്ര്യം കൈമുതലുള്ളോർ
കണ്ണുനീരിൽ ഉള്ളുതകർന്നോർ-
അവരെല്ലാമാശ്വാസത്തിൻ ചുംബനമേറ്റു.

യൂദായുടെ ബേസ്‌ലഹേമേ,
ചെറുതല്ലാ മന്നവരിൽ നീ:
ഉന്നതനാം മന്നവനൊരുവൻ നിന്നിലുദിച്ചു.

---

34 ദൈവപുത്രൻ

ദൈവപുത്രൻ ജനിച്ചു-ഹല്ലേലൊയ്യാ
ലോകനാഥൻ ജനിച്ചു-ഹല്ലേലൊയ്യാ
രക്ഷകൻ ഭൂതലത്തിൻ പ്രകാശമായ്
ബേസ്സ്‌ലഹേമിൽപ്പിറന്നു-ഹല്ലേലൊയ്യാ.

മാലാഖമാർ നിരന്നു വിഹായസ്സിൽ
പാലൊളിപ്പൂ വിരിഞ്ഞു
ഭൂവിനു ശാന്തിയേകും മനോഹര-
ഗാനങ്ങളാലപിച്ചു.

കേട്ടുണർന്നാട്ടിടയന്മാർ വിരവൊടു
കൂട്ടമായ് പോയ് വണങ്ങി
പൗരസ്ത്യമന്നവന്മാർ വിനീതരായ്
കാഴ്ചവച്ചാദരിച്ചു.

---

35 കണ്ണു തുറന്നു

കണ്ണുതുറന്നു താരങ്ങൾ
മഹിയിലൊരുജ്ജ്വലസുരദീപം:
ചന്ദ്രികപൂശിയ വെളളിയലുക്കിൽ
ചന്തമെഴുന്നൊരു ചെറുകതിരോൻ.

വിണ്ണുവെടിഞ്ഞിദമെന്തിനു നീ
കണ്ണീരൊഴുകും താഴ്വരയിൽ
വന്നൊരു നരനായ് ദൈവസുതാ, നിൻ
സ്നേഹമളന്നവരാരുലകിൽ?

പൂമണിമന്ദിരമില്ലിവിടെ
മാലാഖാമാരില്ലിവിടെ:
പൂക്കൾ പാകിയ ശയ്യതരാം ഞാൻ
വരുമോ നീയെൻ ഹൃദയത്തിൽ?

പകയും വൈരവുമല്ലല്ലീ
വിതയും കൊയ്ത്തും ലോകത്തിൽ?
സ്നേഹം നട്ടുവളർത്താൻ വന്നു
കരുണാനിധിയാം ദൈവസുതൻ.

---

36 തിരുപ്പിറവി

തിരുപ്പിറവി തിരുപ്പിറവി
ദൈവസുതന്റെ തിരുപ്പിറവി:

തിരുശോഭ തിങ്ങിനിന്നൊരു
ദിവ്യരാത്രി, ഒരു ദിവ്യരാത്രി.

നരനു നാകം തുറന്നു നല്കിയ
പരമധന്യമാം രാത്രി:
ഇരുളടഞ്ഞൊരു ധരണി വാരൊളി-
ച്ചുരുളുകണ്ടൊരു രാത്രി.

നരനെനരനായ്പ്പകർത്തുവാൻ ദൈവം
പിറന്ന പാവനരാത്രി:
കനകസൗഭഗലസൽക്കിനാവുകൾ
കനിയണിഞ്ഞൊരു രാത്രി.

പരിമളത്തിൻ നിറകുടവുമാ-
യിളം കുളിരലവന്നു:
വിടർന്നചുണ്ടുകൾ നിറയെ ഗാനമായ്
നിരന്നുവാനവരാകെ.

പകയും വൈരവും തകർന്നു ഭൂമിയിൽ
പുലരണം പരസ്നേഹം:
ഹൃദയക്കൂരിരുളകറ്റി മർത്യനു
വെളിവുനല്കണേ നാഥാ.

---

37 ഊഴിയുമാഴിയും

ഊഴിയുമാഴിയുമാകാശവും
തീർത്തൊരുദൈവത്തിൻ നിത്യാത്മജൻ
മാനവസൂനുവായ്ത്താണിറങ്ങി:
ഭൂവിൽപ്പിറക്കുവാനിടമില്ല.

പറവയ്ക്കുറങ്ങുവാൻ കൂടുണ്ട്
നരികൾക്കു പാർക്കുവാനളയുണ്ട്:

നരപുത്രനവനിയിൽ തലയൊന്നുചായ്ക്കുവാ-
നിടമില്ലിടമില്ലിടമില്ല.

സ്വന്തം ജനങ്ങളെത്തേടിവന്നു
സ്വന്തം ജനങ്ങൾ മിഴിയടച്ചു:
കുന്നിൻ ചരിവിലെ പുൽത്തൊഴുത്തിൽ
മന്നിൻ വിധായകൻ ജന്മമാർന്നു.

കണ്ണിനു കേവലം മർത്യശിശു
വാനവർക്കത്ഭുത ദിവ്യശിശു:
മംഗളഗാനങ്ങൾ പാടിപ്പാടി
ദൈവകുമാരനെവാഴ്ത്തീടുവിൻ.

---

38 പൊന്നൊളിയിൽ

പൊന്നൊളിയിൽക്കല്ലറമിന്നുന്നു
മഹിമയൊടേ നാഥനുയിർക്കുന്നു:
മുറിവുകളാൽ മൂടിയമേനിയിതാ
നിറവോലും പ്രഭയിൽ മുഴുകുന്നു.

തിരുശിരസിൽ മുൾമുടി ചൂടിയവൻ
സുരഭിലമാം പൂങ്കതിരണിയുന്നു.
കണ്ണീരിൽ മുങ്ങിയ നയനങ്ങൾ
കനകംപോൽ മിന്നിവിളങ്ങുന്നു.

പുകപൊങ്ങും മരണത്താഴ്വരയിൽ
പുതുജീവൻ പൂന്തളിരണിയുന്നു:
മാനവരും സ്വർഗ്ഗനിവാസികളും
വിജയാനന്ദത്തിൽ മുഴുകുന്നു.

---

39 മഞ്ഞും തണുപ്പും

മഞ്ഞും തണുപ്പും നിറഞ്ഞരാവിൽ
വെണ്ണിലാവെങ്ങും പരന്നരാവിൽ
ദൈവകുമാരൻ പിറന്നു ഭൂവിൽ
മംഗളഗാനം മുഴങ്ങി വാനിൽ.

പുൽക്കൂട്ടിലുണ്ണി പിറന്നനേരം
പൂത്തിരികത്തിച്ചില്ലാരുമാരും:
പൂക്കളിറുത്തു നിരത്തിയില്ല
പുത്തനുടുപ്പുകൾ നല്കിയില്ല.

മർത്യനു നാകം തുറന്നുനല്കാൻ
മർത്യനായ്ത്തീർന്ന മഹേശസൂനോ,
മോഹനനൂലിൽക്കൊരുത്തു ഞങ്ങൾ
സ്നേഹത്തുടിപ്പുകൾ കാഴ്ചയേകാം.

---

40 ഞാനെൻ നാഥനെ

ഞാനെൻ നാഥനെ വാഴ്ത്തുന്നു
മോദംപൂണ്ടു പുകഴ്ത്തുന്നു:
എളിയൊരു ദാസിയെ നിഖിലേശൻ
കനിവൊടു തൃക്കൺപാർത്തല്ലോ.

രക്ഷകനലിവു നിറഞ്ഞെന്നിൽ
ദിവ്യവരങ്ങൾ ചൊരിഞ്ഞതിനാൽ
ഇന്നുതുടങ്ങിത്തലമുറകൾ
വാഴ്ത്തിടുമെന്നെ നിരന്തരമായ്.

ഭക്തജനത്തിനു സകലേശൻ
നിത്യമനുഗ്രഹമരുളുന്നു:

ഗർവ്വിതനപജയമേറുന്നു
ബലമൊടു വിജയം നേടുന്നു.

എളിയജനത്തെ വളർത്തുന്നു
ബലമുളളവരെത്താഴ്ത്തുന്നു:
ധനികർക്കൊന്നും നൽകാതെ
പശിയുളളവരെപ്പോററുന്നു.

അബറാമിനൊടും തനയരൊടും
പണ്ടേ ചെയ്തൊരു വാഗ്ദാനം,
ദൈവം കരുണയൊടോർത്തല്ലോ
തുണയിസ്രേലിനു ചെയ്തല്ലോ.

---

41 രാരിരോ പൊന്നുണ്ണീ

രാരിരോ പൊന്നുണ്ണീ,രാരീരാരോ
രാരിരോ പൊന്നുണ്ണീ, രാരീരാരോ.

തൂമഴവില്ലിന്റെ പൂമലരാണു നീ
പുത്തൻ നഭസ്സിന്റെ പൂത്താലവും
പൊന്നുണ്ണി, ലോലവികാരങ്ങളാർന്നു നിൻ
ചെഞ്ചുണ്ടിൽ ചുംബനം നൽകുന്നു ഞാൻ.

ആനന്ദവായ്പിന്റെ ആഗോളതന്ത്രി നീ
നീണ്ട നെടുവീർപ്പിൻ സാഫല്യമേ,
പൂർവ്വപിതാക്കന്മാർ ദാഹിച്ചുമോഹിച്ച
മംഗല്യരൂപമേ, നീയുറങ്ങൂ.

മോഹനരാഗമായ് വിണ്ണിൻ വിപഞ്ചിയിൽ
ജന്മമെടുത്തൊരു സംഗീതമേ,
അന്തരാത്മാവിന്റെ രോമാഞ്ചമാണു നീ
സന്താപമാററും മഹാമന്ത്രമേ.

---

42 ആരിതാരണ്യ

ആരിതാരണ്യഭൂവിൽനിന്നാരോഹണം ചെയ്യു-
മാരോമലാൾ നിർമ്മലാരോമലാൾ!

പാരംപരിശോഭകലരുന്ന കതിരോനൊളി
വെല്ലും മഹിമാവൊളി
തിങ്കൾപ്രഭമങ്ങും സുഷമാവിൻ
കിരണാങ്കുരം, ദിവ്യകിരണാങ്കുരം.

നീറുംനിരാലംബ നിശനീക്കി വെളിവേകുവാൻ
ദിവ്യവെളിവേകുവാൻ
മേഘച്ചുരുളായ് വന്നൊരുമിന്നൽ
പ്രഭവീശിയ മേരീ, ജഗദംബികേ.

പൊന്നിൻ മുടിചൂടിയൊളി ചിന്നിവിയദാലയം
കാത്തുവഴികാട്ടിടും
നല്ലോരുഷസ്സന്ധ്യാസുതയാം സു-
ന്ദരതാരമേ, പാന്ഥർക്കണിതാരകം.

---

43 കാൽവരിമലയുടെ

കാൽവരിമലയുടെ ബലിപീഠത്തിൽ
തിരികൾകൊളുത്തുന്നു:
വാനവർ ചുററിലുമാദരപൂർവ്വം
കൈകൾ കൂപ്പുന്നു.

ദൈവാത്മജനുടെ ദിവ്യവിരുന്നിൻ
നിർമ്മലനിമിഷമിതാ,
പുലരിപ്പൂവുകൾ പൂങ്കതിരണിയും
നിരഘമുഹൂർത്തമിതാ.

ഉന്നതവീഥിയിലീശനുകീർത്തന-
മരുളിയ വാനവരേ,
ഈ ബലിവേദിയിലാശാഗീതികൾ
പാടിനിരന്നിടുവിൻ.

ഗാഗുൽത്തായുടെ വിരികൾ തുറക്കൂ
മിഴിനീരൊഴുകട്ടെ:
പാപം താങ്ങിവലഞ്ഞവരെല്ലാം
പ്രശാന്തി നുകരട്ടെ.

ജീവൻനൽകും ദിവ്യജലത്തി-
ന്നുറവിടമാണിവിടം:
പാവനമായൊരു സ്നേഹവിരുന്നിൻ
വേദികയാണിവിടം.

---

44 മാലാഖമാരുടെ

മാലാഖമാരുടെ ഭാഷയറിഞ്ഞാലും
മാലാഖമാരൊത്തു ജീവിച്ചാലും
വാനവരാജ്യത്തേ വാരൊളി കണ്ടാലും
സ്നേഹമില്ലെങ്കിലതൊക്കെ ശൂന്യം.

സ്നേഹമൊരിക്കലും കോപിക്കുന്നില്ല, തിൽ
തെല്ലുമസൂയ കലരുന്നില്ല.
സ്വാർത്ഥതകൈവിട്ടു സർവ്വംസഹിക്കുന്നു
വിദ്വേഷമെല്ലാം മറന്നിടുന്നു.

പാരിലെനിക്കുള്ള സമ്പത്തുസർവ്വവും
പങ്കിട്ടു പാവങ്ങൾക്കേകിയാലും
തീക്കുണ്ടിൽ ദേഹം ദഹിക്കാനെറിഞ്ഞാലും
സ്നേഹമില്ലെങ്കിലതൊക്കെ ശൂന്യം.

സ്നേഹത്താലിന്നു നാം ചെയ്യുന്നതൊക്കെയും
നിത്യസമ്മാനം പകർന്നു നൽകും:
മർത്യർക്കു ചെയ്യുന്ന സേവനമോരോന്നും
കൃത്യമായ് ദൈവം കുറിച്ചുവയ്ക്കും.

---

45 വേദനയാൽ

വേദനയാൽ പിടയുമെന്റെയാത്മാവിനെ
പിതാവേ, നിൻ കൈകളിൽ ഞാൻ സമർപ്പിക്കുന്നു:
അറിയാതെ ചെയ്തുപോയോരപരാധങ്ങൾ
പിതാവേ, നീയിവരോടു പൊറുക്കേണമേ.

ബേസ്ലഹംമുതലിന്നു കാൽവരിമലയിലോളം ഓരോ
നിമിഷവും നിൻതിരുഹിതം ഞാൻ പൂർത്തിയാക്കി
നിന്ദനങ്ങളുമുഗ്രമായ പീഡനങ്ങളും
മർത്യപാപം നീക്കുവാനായേറ്റുവാങ്ങി.

അവശരേയുമാർത്തരേയുമുയർത്താൻ വന്നു
ദരിദ്രർക്കു സുവിശേഷം പകരുവാൻവന്നു
നന്മചെയ്തു നാടുനീളെ സഞ്ചരിച്ചു ഞാൻ
നന്ദിയായവരേവമെന്നെ കുരിശിലേറ്റി.

---

46 താമസമെന്തേ

താമസമെന്തേ തിരു-
ദർശനമരുളാൻ?
കൂപ്പുകരങ്ങളുമായ് നാഥാ,
സന്നിധിയണയുന്നു
കണ്ണുകൾ വിണ്ണിലുയർത്തുന്നു.

പ്രാർത്ഥന വശമില്ലാ, തിരുഹിത-
മറിയാൻ കഴിവില്ല:
കനിവൊടുകൈകൾ പിടിച്ചു നടത്തണ-
മപകടവീഥികളിൽ
കൂരിരുളേറിയ പാതകളിൽ.

മാനസതന്ത്രിയിലേ നേരിയ
നിഗൂഢ ചലനങ്ങൾ
സർവമറിഞ്ഞു വിധിക്കും നാഥാ,
നേർവഴി ചേർക്കണമേ,
വിനകളിലഭയം നല്കണമേ.

---

47 ആകാശത്തിൻ വദനം

ആകാശത്തിൻ വദനം മിന്നിത്തെളിഞ്ഞുനില്ക്കുന്നു
ജീവിതാർപ്പണഗീതികളെങ്ങും മുഴങ്ങി നില്ക്കുന്നു:
നാഥാ, നിൻതിരുസന്നിധി ചേരാനണഞ്ഞിടുന്നു
ലയിച്ചുനിന്നിൽ മറഞ്ഞുമായാൻ കൊതിച്ചിടുന്നു ഞാൻ.

വൈകാതിച്ചെറുജീവിതകുസുമം പറിച്ചെടുക്കണമേ
വൈകിയാലതു വാടിത്താനേ കൊഴിഞ്ഞുപോകും:
മുന്നറിവൊന്നും കൂടാതങ്ങനെ ദിനാന്ത്യമാകാം,
അർച്ചനചെയ്യാനുതകും സമയം കഴിഞ്ഞുപോകാം.

ഉഇജ്വലമല്ലിപ്പൂവിൻ വർണ്ണം സുന്ദരമല്ല
വിരിഞ്ഞുവരുമീമലരിനു പടരും പരിമളമില്ല:
എങ്കിലുമതിനെപ്പൂജയ്ക്കായ് നീ തിരിച്ചുനിർത്തണമേ,
വാടുംമുമ്പേ കനിവാർന്നതിനെയിറുത്തെടുക്കണമേ.

---

48 നിറയും പ്രതീക്ഷ

നിറയും പ്രതീക്ഷയോടിപ്രഭാതത്തിന്റെ
കിരണങ്ങൾ കാണാനുണർന്നിടുന്നേൻ:
ഒരു ദിനംകൂടിയെൻ ദൈവമേ, നീയെനി-
ക്കരുളാൻ കനിഞ്ഞതിൽ നന്ദിചൊൽവൂ.

ഈ ദിനം കാണാതെ പെട്ടെന്നടർന്നുപോയ്
ദുഃഖാർത്തമെത്രയോ ജീവിതങ്ങൾ!
അപ്പൂക്കളോരോന്നുമൊരുനാളതുല്യമാം
പ്രഭയോടു വിണ്ണിൽ വിരിഞ്ഞിടട്ടെ

കിളികൾ ചിലയ്ക്കുന്നു, ജീവജാലങ്ങളിൽ
പുതിയൊരുന്മേഷം തുളുമ്പിടുന്നു:
പുകയുന്ന ചിന്തകൾ വിട്ടു ഞാൻ നൂതന-
വിജയങ്ങൾ കൊയ്യാനിറങ്ങിടട്ടെ.

സർവ്വേശ്വരാ, നിൻ പ്രസാദം ലഭിക്കായ്കി-
ലദ്ധ്വാനമൊന്നും ഫലംതരില്ല;
ഇന്നിൻറയോരോ നിമേഷവും ചാരേ
നിന്നെന്നെയാശീർവദിക്കേണമേ.

---

49 പുലരി വിടർന്നു

പുലരിവിടർന്നു, പുലരിവിടർന്നു:
സർവ്വേശ്വരനെയാരാധിപ്പിൻ:
സൃഷ്ടികളെല്ലാമാദരവോടേ
അഖിലേശ്വരനെയാരാധിപ്പിൻ.

നീലാകാശം തിങ്ങിപ്പുലരും
നീർത്തുള്ളിക്കളേ, ദൂതന്മാരേ,

സുരലോകത്തിൻ സൈനികനിരയേ
സൂര്യൻചന്ദ്രൻ താരാഗണമേ,

കനകംപൊഴിയും പുലരിയൊടഴകിൻ
കതിരൊളിചിന്നും സായന്തനമേ,
തളിരേ, മലരേ, മലർവാടികളേ,
മധുരംപകരും മാങ്കാവുകളേ,

കാറ്റേ, കടലേ, കാട്ടാറുകളേ,
കനലേ, കരയിൽ പൊരിയുംവെയിലേ,
തിരമാലകളേ, ജലജീവികളേ,
പുഞ്ചിരിതൂകും പൂഞ്ചോലകളേ,

---

50 അന്ധകാരമുറഞ്ഞ

അന്ധകാരമുറഞ്ഞ രാവു മറഞ്ഞിടുന്നു:
ചന്തമാർന്നു കിഴക്കു സൂര്യനുദിച്ചിടുന്നു:
ജാതമോദമുദയഗീതികൾ പാടുവാനായ്
ദൈവമേ, തിരുസന്നിധാനമണഞ്ഞിടുന്നു.

വിണ്ണിൽത്തെളിഞ്ഞുനില്ക്കും താരകങ്ങൾ
എണ്ണിയെണ്ണിയവയ്ക്കു പേരുകൊടുത്ത ദൈവമേ,
കീർത്തനങ്ങൾ പാടിയങ്ങേ വാഴ്ത്തിടുന്നു
കിന്നരങ്ങൾ മീട്ടിഞങ്ങൾ പുകഴ്ത്തുന്നു.

മേഘപാളിവിരിച്ചു ഭൂമി നനച്ചിടുന്നു നീ
മലകളെല്ലാം പച്ചവിരിയാൽ മൂടിടുന്നു:
കാട്ടിലലയുംമൃഗങ്ങൾക്കു ഭോജ്യമേകുന്നു
വായുവിൽപ്പറന്നു കരയും പക്ഷികൾക്കും.

ഉയർത്തുന്നുവിനീതരെ നീ വിണ്ണിലോളം
താഴ്ത്തുന്നു ദുഷ്ടനിരയെത്തറയിലോളം:

ഹൃദയവേദികൾ തകർന്നോർക്കു ശാന്തിയേകുന്നു
മുറിവുകൾ കരുണയാർന്നു സുഖപ്പെടുത്തുന്നു.

---

51 ഇരുൾ നീങ്ങി

ഇരുൾ നീങ്ങിത്തെളിയുന്നൊരു പുലർകാലത്തിൽ
സകലേശാ, തിരുസ്സന്നിധിയണയുന്നു:
നീ നല്കിയ വരനന്മകളോർത്തു ഞങ്ങൾ
നന്ദിയൊടേ തിരുനാമം കീർത്തിക്കുന്നു.

പുലരുന്നൊരു ദിവസത്തിൻ പുതുകല്പടികൾ
പദമൂന്നിക്കയറുന്നു പാപികൾ ഞങ്ങൾ
വിനയിൽത്താണലയാതെ കാത്തീടണേ:
കൈകൾ പിടിച്ചങ്ങു നടത്തീടണേ.

അനുതാപക്കണ്ണീരിലോരോദിനവും
നനയുന്നു മിഴിയെങ്കിലുമഖിലേശ്വരാ,
പാപങ്ങൾ, പാപങ്ങൾ പെരുകിവരുന്നു
പാപികളിൽക്കനിയണമേ, കരുണാനിധേ.

നാഥാ നിൻ സന്നിധിയിൽക്കണ്ണുകളൂന്നി
ദിനജോലികൾ ചെയ്യാനിറങ്ങിടുന്നു:
തളരാതെ, പാദങ്ങൾ പതറാതെ
വിജയപ്പൊൻമലയേറാൻ വരമേകണേ.

സുവിശേഷം പൂക്കുന്ന പുതുവീഥികളിൽ
കുരിശിൻ പൂമണമാർന്ന സുരവീഥികളിൽ
കറതീണ്ടാതനിശം നയിക്കേണമേ,
മനശ്ശാന്തി ഞങ്ങൾക്കു നല്കേണമേ.

---

52 ഉലകിൻ നാഥാ

ഉലകിൻ നാഥാ സവിനയമങ്ങേ സന്നിധിചേരുന്നു
സാഷ്ടാംഗംവീണുദയാരാധനയർപ്പിക്കുന്നു:
മനുജനുതുണയും രക്ഷയുമേകാൻ നരനായ്വന്ന ഗുരോ,
സാദരമങ്ങേയ്ക്കുദയാരാധനയർപ്പിക്കുന്നു.

മർത്യനുഭൂമിയിലഭയം നല്കും കരുണാനിലയനമേ
അനുതാപികളെ ക്കൈക്കൊള്ളുന്നൊരു നല്ലിടയൻ നീ:
സവിധമണഞ്ഞുവിളിക്കും സുതരുടെ പ്രാർത്ഥന
കേൾക്കണമേ
ദിവ്യനിണത്താൽ കറകളശേഷം കഴുകിയകറ്റണമേ.

സ്രഷ്ടാവായ് പരിപാലനമേകും ദൈവപിതാവിനും
കുരിശിൽമരിച്ചു വിമോചനമുലകിനു നല്കിയ സൂനുവിനും
ഹൃദയവിശുദ്ധി വിരിച്ചുവിളങ്ങും ദൈവാത്മാവിനും
സ്തുതിയുടെ പരിമളമലരുകൾ ഞങ്ങൾ സമർപ്പിക്കുന്നു.

---

53 ഇന്നെനിക്കുതന്ന

ഇന്നെനിക്കുതന്ന ജോലിതീർത്തു ദൈവമേ,
വന്നിടുന്നു തൃപ്പദം നമിച്ചുകൊള്ളുവാൻ
അസ്തമിച്ചൊരീദിനത്തിനാത്തമോദം
നന്ദിചൊല്ലി വാഴ്ത്തിടുന്നു ലോകനാഥാ.

സർവ്വലോകവ്യാപിയാം ജഗൽപിതാവേ,
സർവ്വദാ വിളങ്ങിടും പ്രകാശനാളമേ,
കൂരിരുൾപ്പടർപ്പുയർന്നു ഭീതിചേർത്തിടും
രാത്രിയിൽക്കനിഞ്ഞു നീ വെളിച്ചമേകണേ.

നിദ്രയെന്നെ ഭദ്രമായ്പ്പുണർന്നിടേണം
കാന്തമായ ശാന്തിയാർന്നുണർന്നിടേണം:

സർവ്വമെൻ കിനാക്കളും മഹേശ്വരാ, നിൻ
ദിവ്യരൂപകാന്തിയിൽക്കുളിച്ചതാകണം.

---

54 ഇരുട്ടായി

ഇരുട്ടായി ഭൂവിലെങ്ങും കൂരിരുട്ടായി
മൃതിയടഞ്ഞൊരു ദിനത്തിൻ ചിത കെട്ടടങ്ങി:
സമയമെന്നെക്കാത്തുനിന്നില്ലര നിമേഷവും
മരണദൂതനടുത്തടുത്തു വരുന്നു പിന്നിൽ.

ഇരുളുനീക്കി വെളിച്ചമരുളും ഭൂവനനാഥാ,
പരമസന്നിധിചേർന്നു ഞാൻ വണങ്ങിടുന്നു:
വഴിതെളിച്ചു നയിച്ചിടും സുരദീപമാണു നീ
ഭയമുണർത്തിടുമപകടങ്ങളിലഭയമാണു നീ.

അസത്യത്തിൽനിന്നു സത്യപഥം ചേർക്കണമേ,
മൃതിയകറ്റി, യമർത്യജീവൻ നൽകിടേണമേ:
അന്ധകാരവിരിപ്പിൽനിന്നു വിടർത്തിയെന്നെ
പ്രകാശത്തിൻ വഴിയിലൂടെ നയിച്ചിടേണമേ.

പാപങ്ങൾ കനിവിയന്നു പൊറുത്തിടേണമേ,
ജീവിതത്തിൻ വിനകളൊക്കെയകറ്റിടേണമേ:
ഈ രാത്രിയുറക്കമറ്റു വലഞ്ഞിടുന്നവരിൽ
ദൈവമേ, നിൻ ദയാദൃഷ്ടി പതിച്ചിടേണമേ.

---

55 ഇന്നിൻറെയന്ത്യത്തിൽ

ഇന്നിൻറെയന്ത്യത്തിൽ മന്നിൻ വിധായകാ,
സന്നിധിചേർന്നു വണങ്ങിടുന്നു:

ഇന്നോളമെന്നിൽച്ചൊരിഞ്ഞൊരു ദാനങ്ങൾ
ചിന്തിച്ചു നന്ദിപറഞ്ഞിടുന്നു.

ഏകമായ്, ത്രിത്വമായ് വാഴുന്ന ദൈവമേ,
വിശ്വാസം നിന്നിൽ ഞാനർപ്പിക്കുന്നു
മൃതനായി മൂന്നാംനാളുത്ഥാനംചെയ്ത നിൻ
സുതനിലും വിശ്വാസമർപ്പിക്കുന്നു.

ഇരുളിൽക്കൊഴിഞ്ഞൊരീദിനമെന്നപോലവേ
ഒരുനാളിൽ ഞാനും മറഞ്ഞുപോകും:
അന്നു മഹേശ്വരാ, നിൻ ദിവ്യഗേഹത്തി-
ലെന്നെക്കനിവാർന്നു കൈക്കൊള്ളണേ.

കർത്താവിൻ മാലാഖ മംഗളം നേർന്നപ്പോൾ
സ്വയമീശനർപ്പിച്ച കന്യാംബികേ,
മർത്യനാം ദൈവത്തെ ലോകത്തിനേകിയ
നിത്യവിശുദ്ധേ, നമിച്ചിടുന്നു.

മാലാഖമാരെന്റെ ശയ്യയ്ക്കുചുറ്റിലും
പാലകദൂതരായ്നിന്നിടേണം:
സ്വപ്നങ്ങളൊക്കെയും നിത്യമനോഹര-
സ്വർഗ്ഗവിലാസങ്ങളായിടേണം.

---

56 നേരം മങ്ങി

നേരം മങ്ങിമയങ്ങുന്നു കൂരിരു-
ളൂഴിയിലെങ്ങും പരന്നിടുന്നു:
നാഥാ, നീയിന്നു പോകരുതേ, എന്റെ
കൂടെക്കനിവാർന്നു പാർക്കേണമേ.

വേദന തിങ്ങിവിതുമ്പുന്ന ഗേഹങ്ങൾ
വീണുനുറുങ്ങിയ മാനസങ്ങൾ

മരണംപരത്തുന്ന ദീനവിലാപങ്ങൾ
നിറയുന്ന പോർക്കളമാണിവിടം.

നിൻതിരുവാണികൾ നാഥാ, നിരന്തമെൻ
കാതുകൾക്കാനന്ദമേകിടുന്നു:
നിൻമുഖം മിന്നി പ്രസന്നമാകുമ്പൊഴെൻ
അന്തരാത്മാവിൽ കുളിർമ്മ വീശും.

നശ്വരലോകത്തിൻ നിലയും പ്രതാപവും
വിരവിൽക്കൊഴിഞ്ഞുമറഞ്ഞിടുന്നു:
ആശ്രയംതേടി വരുമ്പോഴെനിക്കു നീ
ആശ്വാസതൈലം പകർന്നീടണേ.

---

57 ദൈവമേ, നിൻ മിഴികളിൽ (സങ്കീ. 138)

ദൈവമേ, നിൻ മിഴികളിൽനിന്നെങ്ങൊളിക്കും ഞാൻ
തിരുസന്നിധാനം വിട്ടു ഞാൻ പുനരെങ്ങു മാറും?
കൂരിരുട്ടിൻനടുവിലും നിൻ ദിവ്യനയനങ്ങൾ
പകൽകണക്കേ പരിചൊടെന്നെക്കണ്ടിടുന്നു.

മേഘപാളിയിൽ ഞാൻ പോയ് മറഞ്ഞിരുന്നാൽ
നീയതിന്നുള്ളിൽ നിറഞ്ഞുനില്ക്കുന്നു:
പാതാളലോകത്തിലൊളിച്ചുപാർത്താൽ
നിൻ കണ്ണുകളവിടെയും തുറിച്ചു നോക്കുന്നു.

നേരേപറന്നു കടലിൻമറുകരെച്ചെന്നാൽ
അവിടെയും നിൻകൈകളിൽ ഞാനമർന്നീടും:
ദൈവമേ, നിൻകാഴ്ചയിൽനിന്നൊരുനിമേഷവും
വഴുതിമാറാതനിശമെന്നെക്കാത്തുകൊള്ളണമേ.

---

58 ബേസ്‌ലേമിലുണ്ണി

ബേസ്‌ലേമിലുണ്ണി പിറന്നു
കന്യാസുതനായ്പ്പിറന്നു:
ദ്യോവിൻ കവാടം തുറന്നു
ഭൂവിൽ പ്രകാശംപരന്നു.

മർത്യനെ വിണ്ണിലുയർത്താൻ
മാനവരൂപംധരിച്ചു:
രാജാവു ദാസനായ്ത്തീർന്നു
മന്നൻ ദരിദ്രനായ് മാറി.

ഭൂലോകപാപങ്ങൾനീക്കും
കാരുണ്യരൂപനാം നാഥാ,
ആനന്ദവായ്പോടു ഞങ്ങൾ
കൈകൂപ്പിനില്ക്കുന്നു മുമ്പിൽ.

നീയാണു ഞങ്ങൾക്കു ദീപം
നീയാണു ഞങ്ങൾക്കു മാർഗ്ഗം:
നീയാണു ഞങ്ങൾക്കു ജീവൻ
നീതന്നെ ഞങ്ങൾക്കു സ്വർഗ്ഗം.

---

59 പകലിന്നായിനി

പകലിന്നായിനിയെന്തിനു കതിരോനിവിടെ
ഇരവായാലിനിയെന്തിനുപനിമതിയിവിടെ?
അണയാത്തൊരു ദീപമിതാ ബേസ്‌ലഹേമിൽ
നിറയും പൊന്നൊളിവീശി ഉദയംചെയ്‌വൂ.

വഴിയാണവൻ ജീവസരസ്സാണവൻ
സുരലോകസത്യത്തിൻ നിറവാണവൻ:
അവനെപ്പിഞ്ചെല്ലും മാനവരാരും
ധരമേൽ വഴിതപ്പിത്തടയുകയില്ല.

മരണത്തിൻ കരിനിഴലിൽക്കഴിയുന്നവരും
ഭീകരമാമിരുളിൽത്താണലയുന്നവരും
പരലോകപ്രഭയാർന്നൊരു ദീപംകണ്ടു
ഹൃദയങ്ങൾ കവരുന്നൊരുനാദംകേട്ടു.

"വിണ്ണിൽ സർവ്വേശനു കീർത്തനം
മന്നിൽ മാനവനു ശാന്തിയും "
മാലാഖമാരംബരവീഥിയിൽ
ഗാനത്തിൻ പൂങ്കതിരൊളിവീശുന്നു.

---

60 ദിവ്യരാത്രി

ദിവ്യരാത്രി-ആ ദിവ്യരാത്രി
ദൈവപുത്രനൂഴിയിൽപ്പിറന്ന രാത്രി
ആധിയെല്ലാമകന്നരാത്രി
ശാന്തിയും പ്രകാശവും പരന്നരാത്രി.

സ്വർഗ്ഗദീപം തെളിച്ചു ദൈവം
സ്വന്തപുത്രരെത്തിരഞ്ഞുവന്നരാത്രി
ദിവ്യദാനം മറന്നു ലോകം
ഗാഢമായ നിദ്രയിൽ ലയിച്ചരാത്രി.

സൂര്യബിംബം തെളിഞ്ഞരാത്രി
അന്ധകാരവാഴ്ച പോയ്ത്തകർന്നരാത്രി
കീർത്തനങ്ങൾ നിറഞ്ഞരാത്രി
വാനദൂതർ കൂട്ടമായ്പ്പറന്നരാത്രി.

ദൈവസൂനോ, പ്രതീക്ഷയോടേ
പുൽത്തൊഴുത്തിൽ നിൻ പദം നമിച്ചിടുന്നു:
നന്ദികേടിൻ ചരിത്രമെല്ലാം
നിത്യമായ് കൃപാനിധേ, മറന്നിടേണമേ.

---

61 കണ്ണീരിൻ

കണ്ണീരിൻ ചാലുനികത്താൻ
ജനകോടിയിലാശകൊളുത്താൻ
ദൈവത്തിൻ വത്സലപുത്രൻ പിറന്നുഭൂവിൽ
പാരിനു നിത്യമഹത്വം പകർന്നുരാവിൽ.

സുവിശേഷപ്പുലരിവിരിഞ്ഞു
നരലോകം പുളകമണിഞ്ഞു
പാപികളും ചുങ്കക്കാരും വരംനുകർന്നു
സ്നേഹത്തിൻ പരിമളമെങ്ങും പരന്നുയർന്നു.

താബോർമല തിലകംചൂടി
ഗ്ലിലാക്കടൽ തിരകളുയർത്തി
സെഹിയോനിൽ വിജയക്കൊടികൾ പറന്നുപാറി
ഓർശ്ലേമിലൊലീവുമരങ്ങൾ കുലുങ്ങിയാടി.

---

62 മാനവരക്ഷകനായ്

മാനവരക്ഷകനായ് ജന്മമെടുത്തവനേ,
ബേസ്ലേം പുൽക്കൂട്ടിൽ വന്നുപിറന്നവനേ,
ഇടയരൊടൊപ്പംനിൻ പാവനസന്നിധിയിൽ
സവിനയമാദരവായ് കൈകൾ കൂപ്പുന്നു.

പൊന്നിൻ നിറമിയലും കന്നിവെളിച്ചമതാ
മന്നിൻ തൊടുകുറിയായ് മിന്നിവിളങ്ങുന്നു:
തമസിൻ തണലുകളിൽ, മൃതിയുടെ നിഴലുകളിൽ
കഴിയും ജനതകളാപ്രഭയുടെ കതിരുകണ്ടു.

നിയതം നിറവരുളും കുളിരണിഗാനവുമായ്
അണയും ചെറുസുതരിൽക്കനിയണമഖിലേശാ,

ശാന്തിപകർന്നുയരും കാഞ്ചനകതിരുകളാൽ
ജീവിതവീഥികൾ നീ ശോഭനമാക്കണമേ.

---

63 ബേസ്‌ലേമിലെ

ബേസ്‌ലേമിലെപ്പുൽത്തൊഴുത്തിൻ - ദിവ്യ-
രോമാഞ്ചമേ, നീയുറങ്ങൂ:
സന്താപമെല്ലാമകറ്റും - സ്വർഗ്ഗ-
സംഗീതമേ, നീയുറങ്ങൂ.

പൂർവികരൊന്നായ്ക്കൊതിച്ചു - നിന്നെ
ഒരുനോക്കുകാണാൻ കൊതിച്ചു:
അവർ കണ്ടു കണ്ണീർപൊഴിച്ചു- നീണ്ട
നൈരാശ്യമെല്ലാം നിലച്ചു.

സ്വർഗ്ഗപ്രഭാമണ്ഡലത്തിൻ-സാര-
സ്വപ്നങ്ങൾ കണ്ടങ്ങുറങ്ങൂ:
മാലാഖമാർവന്നു ചുറ്റും - നിന്നു
സ്വർഗ്ഗീയഗാനങ്ങൾ പാടും.

ഗ്ലീലാക്കടൽ പുല്കിയെത്തും-കൊച്ചു
കാറ്റേ, വരൂ, നൃത്തമാടൂ:
കാറ്റിൽപ്പറക്കുന്ന പൂവേ, വന്നു
നാഥന്നു മുത്തം കൊടുക്കൂ.

---

64 അന്ധകാരമുറഞ്ഞു

അന്ധകാരമുറഞ്ഞു മർത്യനലഞ്ഞിടുമ്പോൾ
ഉന്നതത്തിലുയർന്ന മിഴികൾ നനഞ്ഞിടുമ്പോൾ

ബേസ്‌ലഹേമിൻ പുൽത്തൊഴുത്തിലൊരുദയമുണ്ടായ്
ദിവ്യസൂര്യൻ മനുജനായ്പ്പിറന്നു ഭൂവിൽ.

മേഘപാളിയിലൂർന്നിറങ്ങിയ സ്വർഗ്ഗനാദം
മർത്യനാടലകറ്റിവീശിയ ദിവ്യഗാനം
"ഉന്നതങ്ങളിൽ ദൈവത്തിനു പരമകീർത്തനം
മന്നിൽ മാനവനുൾപ്രതീക്ഷയുമരിയശാന്തിയും"

"കരുണയാണു മഹേശസൂനുവിനുൾപ്രസാദം
ബലികളല്ലാ, വിലയെഴുന്നൊരു കാഴ്ചയല്ല."
നീയെനിക്കിന്നരുളുമീനവ്യസന്ദേശം
സഫലമാക്കാൻ ദൈവമേ, വരംതരെണമേ.

വിശ്വമാകെ നിറഞ്ഞിടുന്ന വിശാലസൗഹൃദവും
കണ്ണുനീരിലലിഞ്ഞിടുന്ന മനോജ്ഞമാനസവും
നേടുവാൻ സന്നിധാനമണഞ്ഞിടുന്നു
പൊന്നുണ്ണീ, കനിവിയന്നു കടാക്ഷമേകണേ.

---

65 എങ്ങുനിന്നു

എങ്ങുനിന്നു ദിവ്യമിപ്രകാശം
എങ്ങുനിന്നു രാവിലിപ്രഭാതം
മർത്യരക്ഷനേടുവാൻ മഹേശൻ
പുൽത്തൊഴുത്തിലുണ്ണിയായ് വരുന്നു.

ആദിപാപമൂഴിയിൽപ്പതിഞ്ഞു
ശാന്തിയും പ്രസാദവും പൊലിഞ്ഞു:
ഉള്ളുനൊന്തു മാനവൻകരഞ്ഞു
പുത്രരിൽ മഹേശ്വരൻ കനിഞ്ഞു.

വിണ്മുഖം തുറന്നുവന്നു ദൈവം
വെണ്മുകിൽ കടന്നുവന്നു ദൈവം:

ചക്രവാളസീമകൾ തെളിഞ്ഞു
പൊൽപ്രാകാശമൂഴിയിൽ പരന്നു.

വൈരമേറ്റിരുൾ നിറഞ്ഞ ഭൂവിൽ
സ്നേഹസൂര്യനായുദിച്ച നാഥാ,
നിൻപദം നമിച്ചിടുന്നു ഞങ്ങൾ
ചിന്തണേ ചിരം കൃപാവരങ്ങൾ.

---

66 പുലരിയിൽ

പുലരിയിൽ നിദ്രയുണർന്നങ്ങേ
പാവനസന്നിധിയണയുന്നു:
കർത്താവേ, നിൻ കരുണയ്ക്കായ്
നന്ദിപറഞ്ഞു നമിക്കുന്നു.

മനുജകുലത്തിൻ പാലകനേ
വിനയമൊടങ്ങയെ വാഴ്ത്തുന്നു:
കൃപയും ശാന്തിയനുഗ്രഹവും
പാപപ്പൊറുതിയുമരുളണമേ.

അനുതാപത്താലെൻ നയനം
നനയുന്നെങ്കിലുമനുനിമിഷം:
പെരുകിവരുന്നു പാപങ്ങൾ
കരുണക്കടലേ കനിയണമേ:

കനിവിൻ കൈകളുയർത്തണമേ
കദനമകറ്റി നയിക്കണമേ:
കരളിൽക്കതിരുപരത്തണമേ
വിധിയിൽക്കരുണ കലർത്തണമേ.

പുതിയദിനത്തിൻ പാതകളിൽ
പാപികൾ ഞങ്ങളിറങ്ങുന്നു:

വിനകളിൽ വീഴാതഖിലേശാ
കൈകൾ പിടിച്ചു നടത്തണമേ.

കണ്ണുകൾ നിന്നിലുറപ്പിച്ചെൻ
ദിനകൃത്യങ്ങൾ തുടങ്ങുന്നേൻ:
വീഴാതെന്നെ നയിക്കണമേ,
വിജയാനുഗ്രഹമേകണമേ.

നാഥാ, നിൻ സുവിശേഷത്തിൻ
പാരമിടുങ്ങിയ പാതകളിൽ
സിദ്ധന്മാരുടെ കാല്പാടിൽ
തെറ്റാതെന്നെ നയിക്കണമേ.

ദൈവപിതാവിൻ സൗഹൃദവും
സുതനുടെ കൃപയുമനുഗ്രഹവും
ദൈവാത്മാവിൻ പ്രീതിയുമെൻ
വഴിയിൽ വിശുദ്ധിവിരിക്കട്ടെ.

---

67 അഗാധത്തിൽനിന്നു

അഗാധത്തിൽനിന്നു നിന്നെ വിളിക്കുന്നു ഞാൻ
ദൈവമേ, എൻ പ്രാർത്ഥന കേൾക്കേണമേ,
പാപിയാമെൻ പ്രാർത്ഥനകേൾക്കേണമേ.

പാപങ്ങളെല്ലാം നീയോർത്തിരുന്നാൽ
ദൈവമേ, രക്ഷ ഭൂമിയിലാരുനേടും?
കാരുണ്യവാരിധിയാം ലോകനാഥാ,
നിന്നിലാണെന്നുമെൻ പ്രതീക്ഷയെല്ലാം.

പുലരി കാത്തുകാത്തുവാഴും കാവലാൾപോലെ
അനുദിനം ഞങ്ങൾ നിന്നെക്കാത്തിരിക്കുന്നു:
നീയല്ലോ പാപമോചനമേകിടുന്നു
തിന്മയിൽ വീഴാതെ പാലിക്കുന്നു.

---

68 പ്രീശനും ചുങ്കക്കാരനും

പ്രീശനും ചുങ്കക്കാരനും
പ്രാർത്ഥിക്കാൻപോയി പള്ളിയിൽ
പ്രീശനുള്ളിലഹംകൃതനായ്
ഈശനോടിദമോതിനാൻ:-

"പിന്നിൽ നില്ക്കും പാപിയാം
ചുങ്കക്കാരനെപ്പോലല്ല ഞാൻ
നീതിയാണെന്റെ ജീവിതം- നിൻ
പ്രീതിയാണെന്റെ ആനന്ദം

നാളിൽനാളിൽ ഞാനുപവസിപ്പൂ
വീതം പള്ളിക്കു നല്കിടുന്നു:
ആകയാലെന്റെ ദൈവമേ
നന്ദി ഞാൻ നിനക്കേകിടുന്നു"

പ്രീശനോതിയ വാക്കുകൾ
പാപമായ് നിറശാപമായ്:
ദൈവകോപമിയന്നവൻ
പാപിയായ് വിടവാങ്ങിനാൻ.

ചുങ്കക്കാരൻ കണ്ണുനീർ
വാർത്തുവാർത്തു വിനീതനായ്
താപമോടിരുകൈകളും
കൂപ്പിനിന്നിദമോതിനാൻ:-

"ദൈവമേ, തിരുസന്നിധിയിൽ
നില്ക്കുവാനർഹനല്ല ഞാൻ
പാപിയാണു ഞാൻ ദീനനും
കാക്കണേ, കനിവേകണേ".

ചുങ്കക്കാരൻ താഴ്മയാൽ
ഈശനുള്ളിൽ പ്രിയമേകി:

പാപമോചനമാർന്നവൻ
ശാന്തിനേടിമടങ്ങിനാൻ.

അഹങ്കാരിയെ ദൈവം വെറുക്കുന്നു:
എളിമയുള്ളോനെക്കനിഞ്ഞു പുല്കുന്നു.

---

69 വാനിൽനിന്നൂഴിയിൽ

വാനിൽനിന്നൂഴിയിലാഗതമായൊരു
സ്വർഗ്ഗീയഭോജ്യമേ,
എന്നിൽവന്നു നീ വാഴേണമേ
ദിവ്യദാനങ്ങൾ ചിന്തേണമേ.

സ്നേഹത്തിൻ സക്രാരിയെന്നിൽ
തീർത്തു ഞാൻ കാത്തിരിക്കുന്നു:
ആത്മാവിനാനന്ദമേകുവാൻ
നീ വരേണമേ.

മന്നാഭുജിച്ചു പിതാക്ക,ളെങ്കിലും
മരണവിധേയരായ്ത്തീർന്നുവല്ലോ:
ഈ ദിവ്യഭോജ്യം കൈക്കൊള്ളുവോർ
എന്നും ജീവിക്കും

---

70 ഗ്ലീലാക്കടലിൽ

ഗ്ലീലാക്കടലിൽക്കാറ്റിളകി
തിരകളുയർന്നു മറിഞ്ഞലറി
ശ്ലീഹന്മാരുടെ ചെറുവള്ളം
കടലിൻ നടുവിൽത്താഴാറായ്.

ഉയരും മൃതിയുടെ പോർവിളിയിൽ
കരളും കൈകളുമുലയുമ്പോൾ
പടവിലുറങ്ങിശയിച്ചരുളും
ഗുരുവിൻ തുണയവരർത്ഥിച്ചു.

"കടലുംകരകളുമുലയുന്നു
മരണം കൈകളുയർത്തുന്നു
ഗുരുവേ, കരുണകലർന്നുണരൂ
വിരവോടാശ പകർന്നരുളൂ."

നാഥൻ നിദ്രയുണർന്നരുളി
ശിഷ്യന്മാരെ വിളിച്ചരുളി:
"എന്തേ, നിങ്ങൾ ഭയപ്പെട്ടു
ശങ്കയിലെന്തിനകപ്പെട്ടു?"

കരുണാനിധിയാം ദൈവസുതൻ
കടലിൻതിരകളെ ശാസിച്ചു:
കാറ്റുംതിരയുമനങ്ങാതായ്
കണ്ടവരത്ഭുതമൂകരുമായ്.

---

71 പാപത്തിൻ

പാപത്തിൻ കൈകളുയർന്നു
നാകത്തിൻ വാതിലടഞ്ഞു:
നൈരാശ്യം തിങ്ങിവളർന്നു
മനംതകർന്നു.

നരകത്തിൻ ചിറകുവിരിഞ്ഞു
ദുരിതത്താലൂഴിനിറഞ്ഞു:
രക്ഷകനെത്തേടിവിളിക്കും
നാദമുയർന്നു.

"വാനിടമേ, വാതിൽതുറക്കൂ,
രക്ഷകനെ വേഗമയയ്ക്കൂ
നയനങ്ങളിൽമുറ്റിയ കണ്ണീർ
തുടച്ചുനീക്കൂ."

സകലേശൻ നിലവിളികേട്ടു
ചിരമൊഴുകിയ കണ്ണീർ കണ്ടു:
കദനത്താലലയും നരരിൽ
മനസ്സലിഞ്ഞു.

ആകാശം പൂത്തുവിരിഞ്ഞു
താരങ്ങൾ മിന്നിവിടർന്നു:
ദൈവസുതൻ കനിവൊടുധരമേൽ
ഇറങ്ങിവന്നു.

---

72 കാലംകനിചൂടി

കാലംകനിചൂടി, കനകക്കതിർവീശി
മാനസവനികയിലാശനിറഞ്ഞു
മാനവനുയിരാർന്നു.

ഉണ്ണിപിറന്നതറിഞ്ഞില്ലേ നിങ്ങൾ
ബേസ്സഹംപുരിയിൽപ്പോയില്ലേ?
പുത്തൻപുലരിയിൽപ്പുഞ്ചിരിതൂകും
പുണ്യപ്പൂംപൈതലെക്കണ്ടില്ലേ?

വെളുവെളെത്തിളങ്ങുന്ന ദൂതന്മാർ - ദൈവ-
തിരുമുമ്പിൽപ്പാടുന്ന ദൂതന്മാർ
വാനത്തുനിരന്നുനിന്നാനന്ദഗാനങ്ങൾ
പാടിമഹേശനെവാഴ്ത്തുന്നു.

---

73 മണവാളനെ

മണവാളനെ വരവേല്ക്കാൻപോയി-പത്തു
കന്യകമാർ എരിദീപവുമായി:
അഞ്ചുപേരധികമെണ്ണ കരുതി
അഞ്ചുപേർക്കതിൽപ്പിണഞ്ഞു മറവി.

മണവാളൻവന്നെത്താൻ വൈകി
കന്യകമാർ ക്ഷീണിതരായുറങ്ങി
ഇരുളേറിയ രാവിൻെറ നടുവിൽ
വരവേല്പിൻ സ്വരമിരച്ചുപൊങ്ങി.

കന്യകമാർ അമ്പരന്നുണർന്നു
തിരികൾ തെളിക്കുവാനിരുന്നു:
മൂഢമതികളെണ്ണതേടിക്കരഞ്ഞു
ബുദ്ധിമതികളതുകൊടുക്കാതൊഴിഞ്ഞു.

അകലെപ്പോയെണ്ണയവർ വാങ്ങി
ഓടിയോടിക്കിതച്ചവർ മടങ്ങി:
വീണടഞ്ഞ വാതിലവർ കണ്ടു
കണ്ണുനീരിൽ മുട്ടിവിളിച്ചു.

"വാതിൽ മുട്ടിവിളിക്കുന്നതാര്?"
മണവാളനുള്ളിൽനിന്നുമരുളി:
"നിങ്ങളെ ഞാനറിയില്ല നൂനം"
പിന്നെയൊരു ഭീകരമാം മൗനം.

---

74 ഓശാന - സെഹിയോൻ പുത്രീ

ഔശാന, ഓശാന
ദാവീദിൻ സുതനോശാന.

സെഹിയോൻപുത്രീ, മോദംപുണരുക
നിന്നുടെ നാഥനിതാ,
പ്രതാപവാനായ്വരുന്നു പൊന്നിൻ
കീർത്തനവീചികളിൽ.

നിരയായ്നീങ്ങും ബാലികമാരുടെ
കീർത്തനമുയരുമ്പോൾ
ബാലന്മാരുടെ കൈയിൽചില്ലകൾ
താളംതുള്ളുന്നു.

ഓശാനകളാലാഴിചലിക്കു-
ന്നംബരമുണരുന്നു:
സ്വരവീചികളാലവനീവാസികൾ
പുളകംകൊള്ളുന്നു.

---

75 സ്നേഹത്തിൻ മലരുകൾ

സ്നേഹത്തിൻ മലരുകൾ തേടിത്തേടി
വരുന്നു വരുന്നു ദൈവം
ഹൃദയത്തിൽപ്പാർപ്പിടം തേടിത്തേടി
വരുന്നു വരുന്നു ദൈവം.

ആരുനീ പാപിയാമെന്നിൽ വന്നു
വാഴുവാനാശകൊള്ളുന്നു!
സ്നേഹമേ, മണൽക്കാട്ടിൽ ശീതള-
നീർത്തടാകം തീർത്തിടുന്നു നീ.

മലരുകൾ വിരിച്ചില്ലല്ലോ നിനക്കായ്
തോരണം ചാർത്തിയില്ലല്ലോ:
വരണമേ പരിമളംതൂകി എന്റെറ
കരളിനുള്ളിൽക്കതിരുവീശാൻ.

---

76 സർവ്വേശപുത്രനുയിർത്തു

സർവ്വേശപുത്രനുയിർത്തു
സമ്മോദമെങ്ങും തളിർത്തു
സ്വർല്ലോകവാതിൽ തുറന്നു
ദിവ്യപ്രകാശം പരന്നു.

ഉന്നതവാനം പുണർന്നു
മന്നിനെത്താണു പുണർന്നു:
വീണ്ടുമാക്കണ്ണികൾകൂടി
സ്വർഗ്ഗീയഗാനം മുഴങ്ങി.

മർത്യനെത്തേടിയണഞ്ഞു
മർത്യനു ശാന്തിപകർന്നു:
വാഴ്ത്തുന്നു നിൻദിവ്യനാമം
നല്കേണമേ സ്വർഗ്ഗദാനം.

---

77 ദൈവത്തിൻ നാമത്തിൽ

ദൈവത്തിൻ നാമത്തിൽ
വന്നവനെ വാഴ്ത്തിടുവിൻ:
ഓശാന, ഓശാന, ഓശാന.

കനകപ്പൂങ്കതിരുകൾ വീശി
കനിവോലും പുഞ്ചിരിതൂകി
മേഘത്തേരേറിവരുന്നു രക്ഷകനീശോ.

ദൈവത്തിൻ വത്സലപുത്രൻ
ദാവീദിൻ നിർമ്മലതനയൻ
ഉന്നതനാം രാജമഹേശൻ- മിശിഹാനാഥൻ.

പരിശുദ്ധൻ ദൈവകുമാരാ,
ബലവാനാം നിത്യകുമാരാ,
ഭൂലോകം നിൻ കതിരൊളിയാൽ നിറഞ്ഞുനില്പൂ.

---

78 വീടുകളില്ല

വീടുകളില്ല, വഴിയമ്പലമില്ല
രക്ഷകനൂഴിയിൽ വന്നുപിറക്കാനിടമില്ല
ഇടമില്ല.

ആഴിയുമംബരവീഥികളും
ഭൂമിയുമഖിലചരാചരവും
തീർത്തവനൂഴിയിൽ വന്നുപിറക്കാനിടമില്ല
ഇടമില്ല.

നരികൾക്കവനിയിലളയുണ്ട്
പറവഗണത്തിനു കൂടുണ്ട്:
മനുഷ്യപുത്രനു തൻതലചായ്ക്കാനിടമില്ല
ഇടമില്ല.

നാഥൻ നിന്നുടെ ഹൃദയത്തിൻ
വാതിൽമുട്ടിവിളിക്കുന്നു:
"മകനേ ഉള്ളിലെനിക്കുപിറക്കാനിടമുണ്ടോ
ഇടമുണ്ടോ?"

---

79 ദരിദ്രമായൊരു

ദരിദ്രമായൊരു വീട്
പവിത്രമായൊരു വീട്
ദൈവകുമാരൻ തനിക്കുപാർക്കാൻ
തിരഞ്ഞെടുത്തൊരു വീട്.

അനുസരണത്തിൻ മാതൃകയുണ്ടവിടെ
അധ്വാനത്തിൻ ചേതനയുണ്ടവിടെ:
അസ്തമയംവരെ ജോലിചെയ്യും കരങ്ങളാണവിടെ
നിറഞ്ഞുപൊങ്ങും പ്രാർത്ഥനപാകിയ ദിനങ്ങളാണവിടെ

ശാന്തിപരത്തും ചെറുകാറ്റുണ്ടവിടെ
സ്നേഹമുണർത്തും മാരുതനുണ്ടവിടെ
അതാണു സത്യകുടുംബം, അതാണു സ്വർഗ്ഗകവാടം
പരമോന്നതനാം ദൈവകുമാരൻ നരന്നു നല്കിയ മാർഗ്ഗം

---

80 ദൈവത്തിൻ കരുണയിലഭയം

ദൈവത്തിൻ കരുണയിലഭയംതേടുവിൻ
ഭാവിയോർത്തൊരാകുലചിന്തകൾ നീക്കുവിൻ:
നിത്യപിതാവാം ദൈവം സൂതരെപ്പോറ്റും:
പരിപാലനയുടെ പൂങ്കതിരവരിൽ വീശും.

ആകാശപ്പറവകളെങ്ങനെ ജീവിക്കുന്നു?
വിതയില്ല, കൊയ്ത്തില്ല, ധാന്യപ്പുരകളുമില്ല:
ജീവൻ നല്കിയ ദൈവമവയെക്കാക്കുന്നു
ചിതമായലിവൊടു നാഥനവയെപ്പോറ്റുന്നു.

വയലിൽ വിരിയും പൂമലരെത്രമോഹനം!
ആരാരതിനഴകുപകർന്നു, പരിമളവും?
നൂൽക്കുന്നില്ല, അതുനെയ്യുന്നില്ല
സ്വർഗ്ഗപിതാവതിനഴകും ഭംഗിയുമേകുന്നു.

---

81 കരയുന്ന ദൈവത്തെ

കരയുന്ന ദൈവത്തെക്കണ്ടോ-പാരി-
ലലയുന്ന ദൈവത്തെക്കണ്ടോ?
ഒരുവറ്റുചോറിന്നു കൈനീട്ടിനില്ക്കുന്ന
വിവശനാം ദൈവത്തെക്കണ്ടോ?

പുതുമഞ്ഞിൻതരിവീണു കുളിരേറ്റുവഴിവക്കിൽ
തലചായ്ക്കും ദൈവത്തെക്കണ്ടോ?
ഉരുകുന്ന രോഗത്താൽ -അഴലിന്റെ ഭാരത്താൽ
പിടയുന്ന ദൈവത്തെക്കണ്ടോ?

ഇരുളുന്നഹൃദയത്തിനൊരുകൊച്ചു തിരിതേടി
ത്തിരിയുന്ന ദൈവത്തെക്കണ്ടോ?
നിറയുന്ന കദനത്തിൽ മിഴിനീരടക്കുവാ-
നുഴറുന്ന ദൈവത്തെക്കണ്ടോ?

കണ്ടൂ, മർത്യനിൽക്കണ്ടു ദൈവത്തിൻ
ചിന്മയരൂപം ഞാൻ കണ്ടു:
ദീനദയാലുവിലാനന്ദംകൊള്ളുന്ന
കാരുണ്യരൂപം ഞാൻ കണ്ടു

---

82 ദൈവമേ, നിൻമുമ്പിൽനിന്ന് (സ.138)

ദൈവമേ, നിൻ മുമ്പിൽനിന്നെങ്ങുപോകും ഞാൻ?
നിൻമിഴികൾ കാണാതെയെങ്ങൊളിക്കുംഞാൻ?
എല്ലാമെല്ലാം കാണുന്നുനീ,
എല്ലാമെല്ലാമറിയുന്നു നീ.

ഞാനാകാശമേഘം കടന്നുചെന്നാൽ
അവിടെനിൻ കണ്ണുകൾ നിറഞ്ഞുനില്പൂ:
പാതാളലോകത്തിറങ്ങിയാലോ
അവിടെയും നീയെന്നെ നോക്കിനില്പൂ.

കഴുകനെപ്പോലെ പറന്നകന്നു ഞാൻ
കടലുകൾക്കപ്പുറം ചെന്നുപാർത്താൽ
അവിടെയും തെളിവായ് നീ കാണുമെന്നെ
അവിടെയും നിൻകൈ പിന്തുടരുമെന്നെ.

കൂരിരുൾച്ചുരുളിൽ ഞാനൊളിച്ചാലും
പകലെല്ലാം രാത്രിയായിമാറിയാലും
തിങ്ങുമാത്തമസ്സിൻെറ നടുവിലും
പകലുപോൽ നീയെന്നെക്കണ്ടുനില്ക്കും.

---

83 മണിമുഴങ്ങുന്നു

മണിമുഴങ്ങുന്നു പ്രഭാതമണിമുഴങ്ങുന്നു
പരമസന്ദേശം കോർത്തൊരുമണിമുഴങ്ങുന്നു:
അന്നു നസറേത്തിൽ നിർമ്മലദൈവദൂതൻ
മംഗളങ്ങൾ പാടിവാഴ്ത്തിയ മണിമുഴങ്ങുന്നു.

സർവ്വനന്മകളും പൂത്തുവിളഞ്ഞുനില്ക്കും
കന്യാമറിയമേ, നിനക്കുവന്ദനം:
നാരിമാരിലുയർന്നു നില്ക്കുമനുഗൃഹീതേ,
നിൻദിവ്യകുമാരനേശുവനുഗൃഹീതൻ.

ആരു നിർമ്മലമാം നിന്നുടെ ചാരുരൂപം
വർണ്ണമോഹനമായ്ച്ചേർത്തുവരച്ചുകാട്ടും?
ആരുനിസ്തുലമാം നിന്നുടെ നിറവരങ്ങൾ
സമുചിതം മധുരമൊഴികൾ കൊരുത്തുപാടും?

---

84 ദാഹത്തിന്നൊരുതുള്ളി

ദാഹത്തിന്നൊരുതുള്ളിജലം നല്കുവാൻ
കഴിയാതെൻ മകനേ, ഞാൻ നില്ക്കുന്നിതാ
മുറിവേറ്റ മേനിയൊന്നു തഴുകാൻപോലും
കഴിയാതെൻ മകനേ, ഞാൻ നില്ക്കുന്നിതാ.

വൈരികൾ നിൻപിഞ്ചുജീവൻ തേടിവന്നപ്പോൾ
വിരവോടന്നീജിപ്തിലൊളിച്ചു നമ്മൾ:
നീ വളർന്നു സേവനത്തിന്നിറങ്ങിയപ്പോൾ
വൈരികൾ നിൻ തിരുജീവൻ കുരിശിലേറ്റി.

എൻമനം നീയറിഞ്ഞന്നു കാനായിൽ
കല്യാണവിരുന്നിന്നു വീഞ്ഞുനല്കി:
കുരിശിൽ നിൻ ഹൃദയത്തിനുതെല്ലൊരാശ്വാസം
പകരുവാനെനിക്കിന്നു കഴിവില്ലല്ലോ.

കുരുടന്റെ കണ്ണുപൂശിയ തിരുക്കൈകളിതാ,
പാപിയെത്തേടിയോടിയ പാദങ്ങളിതാ:
സ്നേഹത്താൽത്തുടിക്കുന്ന ദിവ്യഹൃദയമിതാ
ചെന്നിണത്തിലവയൊന്നായ്ക്കുളിച്ചുനില്പൂ.

---

85 എവിടന്നോ

എവിടന്നോ ലോകത്തിൽ വന്നോരല്ലാ നാം
എവിടേയ്ക്കോ നിർലക്ഷ്യം പോണോരല്ല:
ദൈവത്തിൻ തൃക്കൈകൾ തീർത്തു നമ്മെ
ദൈവത്തിൽ ലയമേലാൻ പോകുന്നു നാം.

തീരാത്തൊരു ദാഹത്താൽ വലയുന്നു നാം
മാറാത്തൊരു മോഹത്താൽ വിരയുന്നു നാം:
ഭുവനത്തിൻ മായകളിൽ മുങ്ങിയാലോ
അവിടെല്ലാം ശൂന്യതമാത്രം.

ഈശ്വരനായ് നിർമ്മിതമാമാത്മാവിതാ
ഈശ്വരനെപ്പുല്കിടുവാൻ കുതികൊള്ളുന്നു:
അവിടല്ലാതെങ്ങും ശാന്തിയില്ല,
അവിടല്ലാതെങ്ങും മോക്ഷമില്ല.

---

86 കഥപറയൂ

കഥപറയൂ, കഥപറയൂ കുഞ്ഞിക്കാറ്റേ,
ആ കഥപറയൂ, കഥപറയൂ കുഞ്ഞിക്കാറ്റേ,
ഗാഗുൽത്താ പുല്കിവരും കുഞ്ഞിക്കാറ്റേ,
ആ കഥപറയൂ.

നിന്ദകനാം യൂദാസിൻ വഞ്ചന നീ കണ്ടില്ലേ
ബന്ധിതനായ് ഗുരുനാഥൻ നില്പതു നീ കണ്ടില്ലേ?

ഗെദുസേമൻ പൂവനിയിൽ ചുടുരക്തം കണ്ടില്ലേ
നിശ്ചലനായ് നിമിഷങ്ങൾ ഖേദമൊടേ നിന്നില്ലേ?

ദൈവസുതൻ മൃതനായി ധരയെല്ലാമിരുളായി
വിണ്ടകലും ശിലകൾതൻ നിലവിളി നീ കേട്ടില്ലേ?

---

87 പുലരിയിതാ

പുലരിയിതാ പൂങ്കതിരുകൾ വീശുന്നു
വിനയമൊടേ ദൈവത്തെ വാഴ്ത്തുന്നു:
ഉണരുണരൂ മാനവരേ, മുദമോടുണരൂ
ദൈവത്തിൻകാരുണ്യം പാടാനുണരൂ.

ഒരുവാക്കാലാകാശവുമവനീതലവും
തീർത്തവനെ ക്കൈകൂപ്പിയാരാധിപ്പിൻ:
ഒരുനിമിഷം തൃക്കൈകൾപിൻവലിച്ചാൽ
അവയെല്ലാം ശൂന്യതയിൽത്താണുപോകും.

നാഥാ, നിൻസന്നിധിയിൽക്കണ്ണുകളുന്നി
ദിനകൃത്യംതുടരാനിറങ്ങുന്നു ഞാൻ:
സുകൃതത്തിൻവീഥിയിൽ ചേർക്കണമെന്നെ
വിജയത്തിൻപൊൻമകുടം ചാർത്തണമെന്നെ.

---

88 ദീപമേ, സ്വർല്ലോകദീപമേ

ദീപമേ, സ്വർല്ലോകദീപമേ,
ജീവൻപകർന്നിടുന്ന ദീപമേ,
വാനംതുറന്നുവന്ന ദീപമേ,
വാനോർ വണങ്ങിടുന്ന ദീപമേ.

വിജയത്തിൻ പൊൻകൊടി പാറിപ്പറന്നുവന്നു
മരണത്തിൻ കോട്ടകളെല്ലാം തകർന്നുവീണു
കല്ലറയിൽ പുതിയൊരുജീവൻകുരുത്തുവന്നു
ദൈവത്തിൻനിത്യകുമാരകനുയിർത്തുവന്നു.

---

89 അമ്പിളിയമ്മാവാ

അമ്പിളിയമ്മാവാ, ഞാനൊരുകാര്യം ചോദിക്കാം
എങ്ങിനെയുണ്ടായ്നീ, ആരീഭംഗി നിനക്കേകി?

കുഞ്ഞേ, പൂങ്കുടമായെന്നെത്തീർത്തതു ദൈവംതാൻ
വാനിൽവാഴുന്നുദൈവം, നമ്മെപ്പോറ്റുന്നു.

കുയിലേ, പൂങ്കുയിലേ, ഭൂമിയിലെങ്ങിനെ വന്നൂ നീ
പാട്ടുകൾ പാടിടുവാനാരീത്തൊണ്ട നിനക്കേകി?

കുഞ്ഞേ, ഗായകനായെന്നെത്തീർത്തതു ദൈവംതാൻ
വാനിൽവാഴുന്നു ദൈവം നമ്മെപ്പോറ്റുന്നു.

---

90 മോഹനമായൊരു

മോഹനമായൊരുമാനം, മാനത്തൊഴുകുംമേഘം
എല്ലാംതീർത്തതു ദൈവം, ദൈവംനമ്മുടെ നാഥൻ.

പകലുതരുന്നൊരു സൂര്യൻ, പാലൊളിവീശും ചന്ദ്രൻ
എല്ലാംതീർത്തതുദൈവം, ദൈവംനമ്മുടെനാഥൻ.

പച്ചവിരിച്ചൊരുപാടം, പൈങ്കിളിപാടുംകാലം
എല്ലാംതീർത്തതുദൈവം, ദൈവംനമ്മുടെനാഥൻ.

---

91 അമ്മേ, ആരെന്നെ

അമ്മേ, ആരെന്നെ സൃഷ്ടിച്ചു?
കുഞ്ഞേ, ദൈവം സൃഷ്ടിച്ചു നിന്നെ
ദൈവത്തിനെന്നോടു സ്നേഹമാണോ?
കുഞ്ഞേ, ദൈവം സ്നേഹമല്ലേ?

ദൈവംനമ്മളെക്കാണാൻ വരില്ലേ?
നിത്യംനമ്മളെക്കാണുന്നു ദൈവം
വീടും നാടും ദൈവത്തിനില്ലേ?
എല്ലാംദൈവത്തിൻ വീടാണുകുഞ്ഞേ.

കണ്ണുംകാതും ദൈവത്തിനുണ്ടോ?
എല്ലാം കാണുന്നു, കേൾക്കുന്നു ദൈവം
ദൈവത്തെയിന്നൊന്നു കാട്ടിത്തരാമോ?
ദൈവത്തെക്കാണാൻ സ്വർഗ്ഗത്തുപോണം.

ദൈവമേ, നിന്നെ ഞാൻ സ്നേഹിച്ചിടുന്നു:
സ്വർഗ്ഗത്തിൽനിന്നെ ഞാൻ കാണാൻവരുന്നു.

---

92 പാപം കുഞ്ഞേ

പാപം കുഞ്ഞേ, നീ ചെയ്യരുതേ, ദൈവ-
കോപം നിന്റെറ മേലാഞ്ഞുവീഴും.

ഭീഷണിയെത്ര മുഴങ്ങിയാലും നിന്റെ
കൂട്ടുകാരെത്ര പിണങ്ങിയാലും

ജീവൻ വിപത്തിൽക്കുടുങ്ങിയാലും നിന്റെ
മെയ്യാകെയഗ്നി വിഴുങ്ങിയാലും

ലോകം മുഴുവനും നേടിയാലെന്തുനി-
ന്നാത്മാവു നാശത്തിലാണ്ടുപോയാൽ?

---

93 ദൈവമെന്റെ

ദൈവമെന്റെ കൂടെയുണ്ട്
ദൈവമെന്റെ ഉള്ളിലുണ്ട്:
ദൈവമെന്റെ ചുറ്റുമുണ്ട്
ദൈവമെന്റെ മുകളിലുണ്ട്.

വീട്ടിനുള്ളിൽ ദൈവമുണ്ട്
കാട്ടിനുള്ളിൽ ദൈവമുണ്ട്:
പൂനിലാവിൽ ദൈവമുണ്ട്
പൂവനത്തിൽ ദൈവമുണ്ട്.

ജോലിചെയ്യാൻ പോയിടുമ്പോൾ
ദൈവമെന്റെ കൂടെയുണ്ട്:
ഞാനുറങ്ങുംനേരമെല്ലാം
ദൈവമെന്നെക്കാത്തിടുന്നു.

---

94 ദൈവാത്മാവിൻ

ദൈവാത്മാവിൻ വരങ്ങൾതേടിവരുന്നു ഞങ്ങൾ
സ്വർഗ്ഗപിതാവിൻ കരങ്ങൾതേടിവരുന്നു ഞങ്ങൾ

മിശിഹാനാഥനു സാക്ഷ്യം ചൂടിവരുന്നു ഞങ്ങൾ
ക്രിസ്തുമഹേശ്വരഗീതികൾപാടി വരുന്നു ഞങ്ങൾ.

ഭാരതമാർഷമനോഹര നൂതനജീവൻ നുകരട്ടെ
ഓരോനിമിഷവുമേശുവിലൊന്നായ് നമ്മൾ വളരട്ടെ:
ദൈവാത്മാവിൻ ചൈതന്യത്താലുൾത്തടമെരിയട്ടെ
ഭൂലോകം പുതിയൊരു വദനമണിഞ്ഞു വിളങ്ങട്ടെ.

ദാരിദ്ര്യത്തിൻ കെടുതികളെങ്ങും തുടച്ചുനീക്കിടുവാൻ
പൈശാചികമാമടിമത്തത്തിൻ കോട്ടതകർത്തിടുവാൻ
രോഗമിയന്നോർക്കാശ്വാസത്തിൻ വഴികൾ തുറന്നിടുവാൻ
വരുന്നുഞങ്ങൾ ദൈവികരാജ്യം ഭൂവിലുയർത്തിടുവാൻ.

---

95 സ്നേഹത്തിൻ കതിരുകൾ

സ്നേഹത്തിൻ കതിരുകൾ വീശി
സുകൃതത്തിൻ തിരകളുണർത്തി
പരിശുദ്ധാത്മാവേ, നിത്യം നിറയണമെന്നിൽ.

വിശ്വാസക്കൊടികളുയർത്തി
വിജ്ഞാനക്കതിരുപരത്തി
പരിശുദ്ധാത്മാവേ, നിത്യം നിറയണമെന്നിൽ.

വചനത്തിൻ മാധുരി നുകരാൻ
സഹനത്തിൻ മറുപൊരുളറിയാൻ
പരിശുദ്ധാത്മാവേ, നിത്യം നിറയണമെന്നിൽ.

---

96 പാവനാത്മാവേ

പാവനാത്മാവേ, നീ വന്നനേരം
ഞാനൊരു പുത്തൻ മനുഷ്യനായി:

നീയെന്റെയുള്ളം തുറന്നനേരം
ഞാനൊരു സംഗീത രാഗമായി

എങ്ങുപോയാത്മാവിൻ ഭീതിയെല്ലാം
എങ്ങുപോയ് നീറും നിരാശയെല്ലാം
പൊന്നിളംവെയ്‌ലിൽ വെണ്മഞ്ഞുപോലെ
നിന്നിലതെല്ലാമലിഞ്ഞുപോയി

വൈരമെൻ ചിത്തം കവർന്നിരുന്നു
മിഥ്യയെൻ മാർഗ്ഗം നയിച്ചിരുന്നു:
നിൻ ദിവ്യരൂപം പതിഞ്ഞനേരം
ഞാനാകെ നീയായ്പ്പകർന്നുപോയി.

വിശ്വാസമാണെൻ വിളക്കുമുന്നിൽ
സ്വർല്ലോകമാണെൻ പ്രതീക്ഷമന്നിൽ:
ഞാനിന്നു നിന്നിൽ ലയിച്ചിടുമ്പോൾ
നീയെന്നിൽ ഞാനായി ജീവിക്കുന്നു.

---

97 സ്തോത്രമേകിടാം

സ്തോത്രമേകിടാം, സ്തോത്രമേകിടാം
പാവനാത്മാവേ, സ്തോത്രമേകിടാം:
വിരിഞ്ഞുവീശിടും സ്നേഹമാണു നീ
നിറഞ്ഞു ചിന്തിടും കരുണയാണു നീ.

നീയെനിക്കുധന്യമായ ജന്മമേകി
ജീവിതത്തിലാര്യമാം വരങ്ങളേകി:
നന്ദിയോടു തൃപ്പദങ്ങൾ കുമ്പിടുന്നു
മോദമോടു ഗീതകങ്ങൾ പാടീടുന്നു.

നിന്ദ്യമാം പാപത്തിലാണ്ടുപോയി ഞാൻ
തൃക്കരം നീട്ടിയെന്നെയുദ്ധരിച്ചു നീ

പാപം പൊറുത്തു നവ്യജീവനേകി
മാറോടണച്ചുനാകശാന്തിയേകി.

സ്നേഹമേ, ആരുനിൻ കയങ്ങൾ കണ്ടു
ത്യാഗമേ, ആരു നിൻ വിശുദ്ധികണ്ടു!
നന്ദിയാലുൾത്തടം കവിഞ്ഞിടുമ്പോൾ
നാവു നിൻ കീർത്തനങ്ങളേറ്റു പാടും.

---

98 പീഡിതരേ, വാ

പീഡിതരേ, വാ, ദു:ഖപൂരിതരേ, വാ
നമുക്കൊരുമിച്ചു ദൈവത്തെ വാഴ്ത്തിടാം:
അധരവും നാവും മഹേശ്വരാ, നിൻ
തിരുനാമ കീർത്തനം നിറഞ്ഞു നില്പൂ.

കർത്താവിൻപക്കലേയ്ക്കു പിന്തിരിഞ്ഞിടാം
ആശ്രയം ദൈവത്തിലർപ്പിച്ചിടാം:
പാവങ്ങൾക്കാശ്വാസമേകുമീശ്വരൻ
പ്രാർത്ഥനകളെല്ലാം കനിഞ്ഞു കേട്ടിടും.

ധനികൻ ദരിദ്രനായ്ത്തകർന്നു വീണിടാം
പശിയാൽ നിരാശനായ്പ്പൊരിഞ്ഞു നീറിടാം
ഈശ്വരനെത്തേടുവോർക്കു ഭീതിവേണ്ടാ
ശാശ്വതപ്രകാശമാണവർക്കു മുന്നിൽ.

ഭക്തരെനയിക്കുവാനവർക്കുചുറ്റിലും
വാനദൂതർ സംഘമായ്പ്പറന്നിടുന്നു:
തുഷ്ടിയും പ്രദീപ്തിയും പകർന്നു സാദരം
മോദമാർന്നു മംഗളങ്ങൾ നേർന്നിടുന്നു.

---

99 ദൈവമേ, നിൻ ദിവ്യനാമം

ദൈവമേ, നിൻ ദിവ്യനാമം പ്രകീർത്തിക്കും ഞാൻ
ജാതമോദം കൈകൾ കൂപ്പി നന്ദിയേകും ഞാൻ.

മലരുപാകിയ വഴിയിലെന്നെ നയിച്ചിടുമ്പോൾ
പരമഭാഗ്യം കനിവൊടെന്നെത്തഴുകിടുമ്പോൾ

തിരുമുഖത്തിൻ ദർശനം ഞാനനുഭവിക്കുമ്പോൾ
കരളിലങ്ങേ സ്പർശനത്തിൻ പുളകമേല്ക്കുമ്പോൾ

വിരവിലാശാകിരണമെല്ലാം മാഞ്ഞുമറയുമ്പോൾ
ഇരുളുതിങ്ങി അന്തരീക്ഷം കലുഷമാകുമ്പോൾ

നിന്ദനത്തിൻ മുൾക്കിരീടം ശിരസിലേറുമ്പോൾ
അപജയത്തിൻ തിരകളിൽത്താണവശനാകുമ്പോൾ

ദൈവമേ, നിൻ

---

100 കൈകൾ കൂപ്പി

കൈകൾ കൂപ്പി, കണ്ണുകൾ താഴ്ത്തി നില്ക്കുന്നു,
നാഥാ, നില്ക്കുന്നു:
വിനയമൊടങ്ങേ സന്നിധിചേർന്നു നില്ക്കുന്നു.

പ്രാർത്ഥന തെല്ലും വശമില്ല
തിരുഹിതമറിയാൻ കഴിവില്ല:
കർത്താവേ, നീയല്ലാതി-
ല്ലാശ്രയമാരും, ഭൂമിയിലാശ്രയമാരും.

ചുങ്കക്കാരും പാപികളും
തൃക്കണ്ണുകളിൽക്കൃപകണ്ടു:
നൂതനമായൊരു സ്വർഗ്ഗവെളിച്ചം
വീശുന്നതുകണ്ടു- അവരതിലുൾപ്പുളകംകൊണ്ടു.

കർത്താവേ, നീ കല്പിക്കും
കാര്യം ചിതമായ്ചെയ്തിടുവാൻ
കല്പന നല്കുംമുമ്പേ നിൻ
ശക്തി പകർന്നിടണേ.

---

101 നേരം മങ്ങിമങ്ങി

നേരം മങ്ങിമങ്ങിയിരുളുന്നു
കൂരിരുളവനിയിൽ നിറയുന്നു:
ഞങ്ങളെ വിട്ടു നാഥാ, പോകരുതേ
കൂടെയിന്നു രാവുപാർക്കാൻ കനിയേണമേ.

ജീവദായകമാം സ്വർഗ്ഗവാണികൾ
നാകചിന്തയുളളിലുണർത്തിടുന്നു:
കാന്തി ചിന്തിടും നിൻ സുന്ദരാനനം
ശാന്തിയെങ്ങുമെങ്ങും പരത്തിടുന്നു.

നീറിനീറിക്കരയുന്ന മാനസങ്ങൾ
ശോഭയററു വിളറിയ കവിൾത്തടങ്ങൾ
ആരുമാരുമറിയാത്ത വേദനകൾ
വാടിവാടിക്കൊഴിയുന്ന ജീവിതങ്ങൾ.

---

102 സ്നേഹിക്കുന്നു

സ്നേഹിക്കുന്നു, ദൈവം സ്നേഹിക്കുന്നു
പാപിയാമെന്നെ സ്നേഹിക്കുന്നു:
സ്നേഹിക്കുന്നു, ദൈവം സ്നേഹിക്കുന്നു
ദീനനാമെന്നെ സ്നേഹിക്കുന്നു.

ക്ലേശത്തിലാശ്വാസമേകിടുന്നു
നൈരാശ്യമെല്ലാമകറ്റിടുന്നു:
വാത്സല്യമേറുമൊരമ്മപോലെ
നിത്യവും നീയെന്നെ സ്നേഹിക്കുന്നു.

അധ്വാനവായ്പിൽ വലഞ്ഞിടുമ്പോൾ
ഭാരങ്ങൾ താങ്ങിത്തളർന്നിടുമ്പോൾ
സർവ്വരും കൈവിട്ടകന്നിടുമ്പോൾ
ദൈവമേ, നീയെന്നെ സ്നേഹിക്കുന്നു.

ധൂർത്തനായ് ജീവൻ പുകഞ്ഞിടുമ്പോൾ
ആർത്തനായ്ച്ചുറ്റിത്തിരിഞ്ഞിടുമ്പോൾ
ആശ്രയമില്ലാതലഞ്ഞിടുമ്പോൾ
ദൈവമേ, നീയെന്നെ സ്നേഹിക്കുന്നു.

പാപത്തിൻ ചുഴിയിൽക്കുഴഞ്ഞിടുമ്പോൾ
താപത്താലുള്ളം തകർന്നിടുമ്പോൾ
സ്നേഹം തുളുമ്പുന്ന മോചനത്തിൻ
തൃക്കൈയാലെന്നെപ്പുണർന്നിടുന്നു.

---

103 ഞാനെന്റെ ദൈവത്തെ

ഞാനെന്റെ ദൈവത്തെവാഴ്ത്തിടുന്നു
മോദം കലർന്നു പുകഴ്ത്തിടുന്നു:
എളിയൊരീ ദാസിയിൽ സംപ്രീതനായ്
പെരിയ വരങ്ങൾ ചൊരിഞ്ഞു ദൈവം.

ഉന്നത സ്വർഗ്ഗ വരങ്ങളേകി
രക്ഷകനെന്നെയനുഗ്രഹിച്ചു:
ഇന്നു തുടങ്ങിമനുഷ്യരെന്നെ
ഭാഗ്യം പിറന്നവളെന്നു വാഴ്ത്തും.

ഭക്തരിൽ ദൈവം കനിഞ്ഞിടുന്നു
ശക്തിയോടെന്നും ഭരിച്ചിടുന്നു:
ഗർവ്വം കലർന്നോർക്കു നീതിമാനാം
സർവ്വേശ്വരൻ ശിക്ഷയേകിടുന്നു.

എളിയവരെ ദൈവം വളർത്തിടുന്നു
ബലമിയന്നോരെത്തളർത്തിടുന്നു:
ധനികരെയേതും ഗണിച്ചിടാതെ
പശിയുളളപാവത്തെപ്പോററിടുന്നു.

---

104 സ്നേഹം സ്വർഗ്ഗ

സ്നേഹം സ്വർഗ്ഗ വിരാജിതമാം
പാതയിൽ നരനെ നയിക്കുന്നു
ദിവ്യപ്രഭയാൽ മാനവനെ
മാലാഖായായ്മാററുന്നു
വിജ്ഞാനത്തിൻ താരകമായ്
നിയതം വിണ്ണിലുയർത്തുന്നു.

വാനവനിരയുടെ മോഹനമാം
ഭാഷകളൊക്കെയറിഞ്ഞാലും
വിശ്വാസത്താലുന്നതമാം
മലകളെ മാററിമറിച്ചാലും
മാനവനീശ്വരസന്നിധിയിൽ
സ്നേഹംകൂടാതെന്തുഫലം?

നേടിയതെല്ലാമലിവോടേ
പാവങ്ങൾക്കു പകുത്താലും
മുററുമചഞ്ചല ധൈര്യമൊടേ
രക്തം ചിന്തിമരിച്ചാലും
മാനവനീശ്വരസന്നിധിയിൽ
സ്നേഹംകൂടാതെന്തുഫലം?

സ്നേഹം സ്വാർത്ഥതയറിയില്ല
തിന്മകളൊന്നുംചെയ്യില്ല:
വിനയമൊടൊക്കെ സഹിക്കുന്നു:
ശാന്തതയാർന്നുപൊറുക്കുന്നു,
വിശ്വാസത്താലുണരുന്നു
കനിവിൻ മലരായ് വിടരുന്നു.

പ്രവചനമൊക്കെ നിലച്ചാലും
ഭാഷകളൊക്കെ മറന്നാലും
സ്നേഹം മങ്ങാതുജ്ജ്വലമാം
പ്രഭയൊടു നിത്യം നിലനില്ക്കും:
മർത്യനു മുക്തിയു മവികലമാം
നിത്യാനന്ദവുമരുളുന്നു.

---

105 എവിടെയാണു

എവിടെയാണു ദൈവമേ, നിൻ പാദപീഠം
അതു കുമ്പിടാൻ വിനയമോടേ വന്നിടുന്നു ഞാൻ:
രോഗവും പീഡയും പൈദാഹവും
എവിടെയാ,ണവിടെ നിൻ പാദപീഠവും

സ്നേഹമെന്തെന്നറിയാത്ത പാവങ്ങളെ
വേദനയാൽ പിടയുന്ന ഹൃദയങ്ങളെ
കനിവിയന്നു തേടിയോടും നിത്യദൈവമേ,
ഞാനങ്ങയെക്കണ്ടെത്താനാശിക്കുന്നു.

ആരെയാണിക്കോവിലിൽ നീ കുമ്പിടുന്നു
ആർക്കു നീ കീർത്തനങ്ങൾ പാടിടുന്നു
സത്യമായ്ക്കണ്ണുകൾ തുറന്നുനോക്കൂ
അവിടെയെങ്ങും ദൈവത്തെക്കാണില്ല നീ.

വയലിലേ ചെളിയിൽ നീയിറങ്ങിനോക്കൂ
കല്ലുവെട്ടും കുഴിയിലേയ്ക്കു താണിറങ്ങൂ:
അവിടെയെല്ലാം തൊഴിലുചെയ്‌വോർക്കാശയേകി
ദൈവമാ മനുജരിൽ വാണിടുന്നു.

---

106 അമലോത്ഭവയാം

അമലോത്ഭവയാം കന്യകയേ
പറുദീസായുടെ പൂമരമേ
കനിയായ് ദൈവകുമാരകനെ
മനുജനുനല്കിയ ഭാഗ്യവതീ.

ചാരുമനോഹര ചാരിത്ര്യം
ജന്മമെടുത്തൊരുവെൺമുകിൽ നീ
മർത്യകുലത്തിനലങ്കാരം
മാലാഖമാർക്കത്ഭുതവും.

അഗ്നിയിലെരിയാതത്ഭുതമായ്
പച്ചപുലർത്തിയ മുൾച്ചെടിപോൽ
മേരീ, നിന്നുടെ കന്യാത്വം
ഭംഗമെഴാതെ വിരാജിച്ചു.

പരിശുദ്ധന്മാരമലാംബേ,
പരിചൊടു നിന്നെ വണങ്ങുന്നു:
പാപികൾ നിൻ തിരുസന്നിധിയിൽ
പശ്ചാത്താപം നുകരുന്നു.

---

107 ആവിലായിലെ

ആവിലായിലെ കനകസൂനമേ
ലോകവന്ദ്യയാം സെൻതെരേസാ,

ധ്യാന ജീവിതത്തിൽ നിന്നുതിർത്ത മണികളാൽ
കർമ്മ ജീവിതംകൊരുത്തമധുരകന്യകേ.

"ആരു നീ കന്യകേ"
"ഏശുവിൻ ത്രേസ്യ ഞാൻ"
"ആരു നീ ബാലകാ"
"ത്രേസ്യതൻ ഏശു ഞാൻ"

നരകതീയൊരുക്കി വച്ച ദുരിതഭാരം
വിരിയകന്നു കണ്ടു നീ ഭയന്നുമാറി
അലസമായ ജീവിതം ത്യജിച്ചുവേഗം
കഠിനമായ പാതയിൽ പാദമുന്നി.

സഹനമാം നിറസുമങ്ങൾ ചേർത്തുചൂടി
മഹിമയിൽ നാഥനുൾപ്രമോദമേകി:
സ്നേഹവും ത്യാഗവും തെളിച്ചുമന്നിൽ
പരമമാം സ്വർല്ലോക ശോഭചാർത്തി.

---

108 നസ്രസ്സിലേ

നസ്രസ്സിലേ ദിവ്യ കുടുംബം
ഭദ്രതയിൽ പാലിച്ചവനേ
നിറനീതിയെഴുന്ന മഹാത്മാ
മാർയൗസേപ്പേ.

വിനയത്തിൻ പടികളിലൂടെ
സുകൃതത്തിൻകൊടുമുടിയേറി
പരിശുദ്ധിപകർന്നു വിളങ്ങും
മാർയൗസേപ്പേ
ദൈവത്തിൻ വത്സലസുതനും
മാതാവിനുമഭയംനല്കി

ഭൂമിയിൽ നിൻ ജീവിതമേവം
ധന്യതപുല്കി.

ആശ്രിതരിൽക്കനിയുന്നവനേ
പാപികളിൽ ക്ഷയുള്ളവനേ,
കണ്ണുകൾ നിൻ സന്നിധിയിൽ ഞാ-
നുയർത്തിടുന്നു.
കറയറ്റൊരു ജീവിത മുറയാൽ
വിജയങ്ങൾ വരിച്ചൊരുതാതാ,
സ്നേഹമൊടേ നല്കണമങ്ങേ
ആശീർവ്വാദം.

---

109 പുലരിയിലൊരു

പുലരിയിലൊരു പുതുപൂജിത പൂമണ-
മരുളിയ പൂങ്കാറ്റേ,
കടലുകടന്നലമാലകൾ താണ്ടി-
യണഞ്ഞൊരുമാർത്തോമ്മാ
ഗുരുവിനു ജീവൻ കാഴ്ചയണച്ച മ-
ഹോന്നതശിഷ്യൻ നീ
ഭാരതഭൂവിനു കൈത്തിരികാട്ടിയ
പ്രേഷിത വര്യൻ നീ.

മുറിവിലണച്ചൊരു വിരലു ജഗത്തിനു
സാക്ഷ്യം നല്കുന്നു:
വിരവിൽമൊഴിഞ്ഞ വചസ്സുകളത്ഭുത-
പുളകം ചാർത്തുന്നു.
വിശ്വാസത്തിൻ പരിമളമിവിടെ-
പ്പതഞ്ഞുപൊങ്ങുന്നു:
സ്നേഹം ചിന്തിയ കതിരുകളെങ്ങും
തെളിഞ്ഞു മിന്നുന്നു.

ഉത്ഥാനത്തിനുതെളിവു നിറച്ചവി-
രാജിത വിരലുകളും
വിശ്വാസത്തിനു മിഴിവുകൊടുത്ത മ-
ഹോന്നതനാവും
ധൈര്യമെഴുന്നൊരുനാഥാ, നിന്നുടെ
കാന്തിപരത്തുന്നു:
വിണ്ണിലനശ്വര സൗഭാഗ്യത്തിനു
മുദ്രപതിക്കുന്നു.

---

110 ആശ്രയം തേടുന്നോർക്കാശ്വാസം

ആശ്രയം തേടുന്നോർക്കാശ്വാസം നല്കുന്ന
പുണ്യചരിതൻ മാർ അന്തോനീസേ
സ്വന്തമായുള്ളതു സർവ്വം ത്യജിച്ചു നീ
സ്വർഗ്ഗീയരാജ്യംകരസ്ഥമാക്കി.

ഉണ്ണിമിശിഹായെക്കൈകളിലേന്തുവാൻ
ഭാഗ്യം പുണർന്ന വിനീത ചിത്തൻ
യേശുവിനൂഴിയിൽ സാക്ഷ്യംവഹിച്ചു നീ
മാനവരാശിക്കു മാതൃകയായ്.

കരയുന്ന മർത്യന്റെ കണ്ണീർ തുടയ്ക്കുവാൻ
വിരയുന്ന കാരുണ്യകേദാരമേ,
ആവശ്യനേരത്തു കരമങ്ങുയർത്തുമ്പോൾ
നിറയേവരങ്ങൾ ചൊരിഞ്ഞിടേണം.

---

111 ലിസ്യുവിൻ പുളകമായ

ലിസ്യുവിൻ പുളകമായ കൊച്ചുത്രേസ്യാ
പ്രേഷിതർക്കു പ്രേഷിതയാം ദിവ്യസൂനമേ,

നീതെളിച്ച നൂതനമാംസ്വർഗ്ഗപാതയിൽ
നീങ്ങുവാനുൾപ്രകാശമേകിടേണമേ.

കന്യകാലയത്തിലെ നിഗൂഢ ജീവിതം
ദിവ്യനാഥനുൾപ്രിയം പകർന്ന ജീവിതം
ഹ്രസ്വമായൊരായുസ്സാലനേക വത്സരം
നെയ്തു തീർക്കുവാൻ കഴിഞ്ഞ പുണ്യ ജീവിതം.

"വിണ്ണിൽ നിന്നു പൂക്കൾപൊഴിച്ചിടും ഞാൻ
മന്നിടത്തിനാശ്വാസമേകിടും ഞാൻ"
ഈ മഹാവാഗ്ദാനമോർത്തു കന്യകേ
പ്രാർത്ഥിതം കനിഞ്ഞു നീ നല്കിടേണമേ.

---

112 അൻപെഴും

അൻപെഴും കർമ്മലനാഥേ,
വിൺമുഖം തുറന്ന കന്യകേ,
വിനകളിൽ നീ അഭയമേകുന്നു
തനയരെക്കനിവാർന്നുപോറ്റുന്നു.

ദൈവപുത്രൻ കാൽവരിക്കുന്നിൽ നിന്നെ
നരകുലത്തിന്നമ്മയായ് നല്കി
ധരയിലുഴലും സുതരെ നീയെന്നും
കലിതമോദംകാത്തുപോരുന്നു.

ലൂർദിലെ പ്രസന്ന ദർശനവും
ഫാത്തിമായിൽമൊഴിഞ്ഞ വാണികളും
അംബികേ, നിൻ പുത്രവാത്സല്യം
ചന്തമായ്ത്തെളിച്ചുകാട്ടുന്നു.

---

113 അത്ഭുതങ്ങൾ

അത്ഭുതങ്ങൾ ചെയ്തിടും മാർ സെബസ്ത്യാനോസേ മർത്യ-
ന്നുൾക്കരുത്തു പാകിടുന്ന പുണ്യാത്മാവേ,
പുണ്യപാദംവണങ്ങാനായ്വരുന്നു ഞങ്ങൾ നിൻ
മെയ്യിലേറ്റകഴുന്നുമായ് വരുന്നു ഞങ്ങൾ.

ക്രിസ്തുവിന്നു പ്രീതിയേകിയധീരപടയാളീ,
രക്തസാക്ഷിമുടിയണിഞ്ഞ വീരസേനാനീ,
ശൂന്യമായ ലോകമഹിമകൾ വെടിഞ്ഞു വിണ്ണിൽ
ധന്യമായ മഹിത ജീവിതമാഞ്ഞു പുല്കീ നീ.

വ്യാധിയും വസന്തയും തുടച്ചു നീക്കിടുവാൻ
വരംനേടിയ പുണ്യവാളാ വണങ്ങീടുന്നു:
കോടികൾ നിൻദർശനത്തിനു വാഞ്ഛയോടെ
ഓടിയോടിയടുക്കുന്നു ജാതമോദം.

---

114 പ്രേഷിതനാം

പ്രേഷിതനാം ഫ്രാൻസിസ്സേവ്യർ
ഭാരതത്തിൻ ഭാഗ്യദീപമേ,
സർവ്വവും ത്യജിച്ചു നാഥനായ്
ജീവിതം നീയർപ്പണം ചെയ്തു.

"ലോകമെല്ലാം കീഴടക്കുകിലും നിന്റെ
ആത്മാവു നശിക്കിലെന്തുഫലം ?"
കാതിൽ വന്നു വീണൊരീസൂക്തം നിന്റെ
പാതയിൽ പ്രകാശധാരയായ്.

മൃത്യുവിൻ തമസേറ്റുനിന്നവരിൽ
സത്യമാർഗ്ഗപ്രഭതെളിച്ചു നീ:

ആയിരങ്ങൾക്കാശ നല്കീടാൻ നിന്റെ
ജീവിതം കനിഞ്ഞു നേദിച്ചു.

115 മഹിമചൂടി

മഹിമ ചൂടി വിരാജിക്കും ധീരയോദ്ധാവേ, മാർ-
ഗീവർഗീസ് സഹദാ, ഞങ്ങൾ വണങ്ങീടുന്നു:
അത്ഭുതങ്ങൾ ചെയ്തനുഗ്രഹമാരിവർഷിക്കും
പുണ്യവാളാ, വിനയമോടേ കൈതൊഴുന്നു.

"അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും
ചോദിപ്പിൻ നിങ്ങൾക്കുലഭ്യമാകും"
സിദ്ധിയാർന്ന മഹാത്മാവേ, നിൻ സഹായം
തേടിവന്നവർ നൈരാശ്യമറിഞ്ഞിട്ടില്ല.

സാത്താൻ ഭയന്നു വിരവിൽ വിരണ്ടോടുന്നു
ആർത്തരെല്ലാമാശ്വാസംനുകർന്നീടുന്നു:
ശക്തിയേറും നിൻ പ്രസാദം നേടുവാൻ ഞങ്ങൾ
ഭക്തിയോടേ തൃപ്പദങ്ങൾ നമിച്ചീടുന്നു.

---

116 മലയാറ്റൂർമുത്തപ്പാ

മലയാറ്റൂർ മുത്തപ്പാ മലകയറുന്നു
പൊൻകുരിശുമുത്തപ്പാ, മലകയറുന്നു:
പരിപൂജിതമീ മണ്ണിൽക്കാലുകളൂന്നി
വിശ്വാസപ്പൊലിമയൊടേ മലകയറുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ വെളിപാടുണ്ടായ്
മലയാറ്റൂർ മലമുകളിൽ ദർശനമുണ്ടായ്

മലയറിയാതുച്ചിയിലൊരു പൊൻ കുരിശുണ്ടായ്
മനശ്ശാന്തി പകർന്നരുളം തീർത്ഥകമുണ്ടായ്.

പുതുഞായർക്കതിരിളകിച്ചാഞ്ചാടുന്നു
പെരിയാറ്റിൻ തീരങ്ങൾനടമാടുന്നു"
തിരുമരണവുമുത്ഥാനവുമൊളി ചിന്നുന്നു
കുരിശിന്മേൽ വിജയപ്പൊൻകൊടിപാറുന്നു.

പൊന്മലയിൽ വാണരുളും മുത്തപ്പാ, നിൻ
മലകയറുന്നു, ഞങ്ങൾ നടകയറുന്നു:
നിശ്ചഞ്ചല വിശ്വാസവുമതിമാനുഷമാം
ധീരതയും ഞങ്ങൾക്കു നല്കേണമേ.

---

117 ദൈവമെന്റെയിടയൻ (സ.23)

ദൈവമെന്റെയിടയനായെന്നരികിലുള്ളപ്പോൾ
ഭയമെനിക്കില്ലൊന്നിനും ഒരു കുറവുമില്ല.
പുൽത്തകിടിയിൽ നാഥനെന്നെമേയ്ക്കു മലിവോടേ
നീർത്തടാകംചേർത്തുദാഹം തീർത്തുകൊള്ളും

അപകടത്തിൻ വഴികളെല്ലാമടയ്ക്കുന്നു നീ, നാഥാ,
ബലമെനിക്കുപകർന്നെന്നെ നയിച്ചീടുന്നു:
മൃതിയിണക്കും കെണികളെല്ലാം കലിതമോദം ഞാൻ
നേരിടും, നിൻകരമെനിക്കു ധൈര്യമേകുന്നു.

നിൻദിവ്യഗേഹമെത്രമോഹനംനാഥാ,
വസിക്കും ഞാനതിൽ ജീവിതകാലമെല്ലാം:
നീ ചിന്തിടുമാശയും പ്രകാശധാരയും
ഭൂവിലെന്റെ ആനന്ദകേന്ദ്രമാണല്ലോ.

---

118 ദൈവത്തിൻ കരുണയിൽ

ദൈവത്തിൻ കരുണയിൽ നീ അഭയം തേടൂ
വ്യഥയേറ്റും ചിന്തയിൽ നിന്നകന്നുമാറൂ:
ദൈവം തൻ സുതരെ നിത്യംപാലിക്കുന്നു
അപകടങ്ങളിൽ വീഴാതെകാത്തിടുന്നു.

വിണ്ണിലെപ്പറവയെങ്ങനെ ജീവിക്കുന്നു?
വിതയില്ലാ, കൊയ്ത്തില്ലാ, അറയുമില്ല:
ജഗദീശൻ നിയതമവയെപ്പോറ്റുന്നില്ലേ?
കരുണയോടതിന്നു ഭോജ്യം നല്കുന്നില്ലേ?

വയലിലേ മലരുകാണുവിൻ, എത്രമോഹനം
അതിനഴകുമാ സൗരഭ്യവുമാരുനല്കി?
നൂല്ക്കുന്നില്ലാ അതുനെയ്യുന്നില്ല
ലോകനാഥൻ സുഭഗമായതലങ്കരിക്കുന്നു.

---

119 ചുറ്റുമിരുട്ടായി

ചുറ്റുമിരുട്ടായി, കൂരിരുട്ടായ്
ചിത്തത്തിലൊന്നും തെളിഞ്ഞിടാതായ്
നാഥാ, നിൻ കാലൊച്ച കേൾക്കുമെങ്കിൽ
തിങ്ങും തിമിരമകന്നുപോകും.

പൂങ്കാറ്റു വന്നെന്നെത്തഴുകുന്നില്ല
കിളിനാദമെന്നെയുണർത്തുന്നില്ല:
വ്യഥയിൽത്തകർന്നു ഞാൻ താണിടുന്നു
മിഴിവാർന്ന ശാന്തിക്കായ്ക്കേണിടുന്നു.

സുഖ സ്വപ്നംപോൽ നീ വിരിഞ്ഞിടേണം
സുരദീപംപോലെ തെളിഞ്ഞിടേണം:

നാഥാ, നിൻ സ്പർശനംനേടിയാലെൻ
ക്ലേശങ്ങളെല്ലാമലിഞ്ഞുപോകും.

---

120 ദൈവദർശനം

ദൈവദർശനം കൊതിച്ചിടുന്നു ഞാൻ
അതുനേടുവാൻ കഴിഞ്ഞിടായ്കിലോ
നിരർത്ഥകമാണെന്റെ ജീവിതം.

ശേഖരിപ്പതെന്തിനീധനം
അലങ്കരിപ്പതെന്തിനെൻഗൃഹം
സർവ്വവും ത്യജിച്ചുപോകണം
പ്രപഞ്ചവുംതകർന്നു വീഴണം.

സൂര്യനസ്തമിച്ചിടുന്നിതാ, നിഴൽ
നീണ്ടു നീണ്ടുപോയിടുന്നിതാ
നേടിയില്ലിഹത്തിലൊന്നുമേ-കാല-
മെത്ര ഞാൻകഴിക്കുമീവിധം.

ദൂരെയാണുലക്ഷ്യമെങ്കിലും-മഹാ-
ഭാരമാണുയാത്രയെങ്കിലും
ധീരമായ്ക്കുതിച്ചിടട്ടെ ഞാൻ-നിത്യ-
ഭാഗ്യതാരമാലചാർത്തുവാൻ

---

121 സമ്പത്തിലെന്നപോൽ

സമ്പത്തിലെന്നപോൽ ദാരിദ്ര്യകാലത്തും
സർവ്വേശാ, നിന്നെ ഞാൻ വാഴ്ത്തിപ്പാടും:
ആരോഗ്യംപോലെ നീ നല്കുന്നരോഗവും
ആനന്ദമോടു ഞാനാശ്ലേഷിക്കും.

അംബരമാകെത്തെളിഞ്ഞു വിളങ്ങുമ്പോൾ
അംബരനാഥനെ വാഴ്ത്തിടും ഞാൻ:
അന്തരാത്മാവിൽത്തമസ്സുപരക്കിലും
ചുംബനം ചെയ്യുമാത്തൃക്കരം ഞാൻ.

നന്മകൾമാത്രമല്ലന്നന്നു വീഥിയിൽ
മുള്ളു വിരിപ്പതും ദൈവമല്ലോ:
സർവ്വജ്ഞനിൽ നിന്നു സർവ്വവും തുല്യമായ്
സ്വീകരിക്കുന്നവനാണു വിജ്ഞൻ.

---

122 രോഗങ്ങളെന്നെ

രോഗങ്ങളെന്നെയലട്ടിടുമ്പോൾ
വേദനയെന്നെത്തളർത്തിടുമ്പോൾ
നാഥാ, മിഴികളുയർത്തിടും ഞാൻ
സാധുവാമെന്നെ നീ കാത്തിടേണമേ,

ദാരിദ്ര്യമെന്നെക്കവർന്നിടുമ്പോൾ
ആശ്രയമില്ലാതെ കേണിടുമ്പോൾ
സന്നിധാനംതേടിവന്നിടും ഞാൻ
വാത്സല്യമെന്നിൽച്ചൊരിഞ്ഞിടേണം.

നിദ്രയറിയാത്ത രാത്രികാലം
കണ്ണീരൊടുങ്ങാത്ത ശോകഭാരം-
ആശ്വാസമേകും നിൻ ദിവ്യനേത്രം
നിത്യമെൻ മുന്നിൽത്തെളിഞ്ഞിടേണം.

---

123 നാഥാ,നീയെൻ

നാഥാ,നീയെൻ ചെറുഭവനത്തിൽ വരുവാൻ തുനിയുകയോ
ഞാനൊരുപാപി, യെന്നിക്കതിനേതുംയോഗ്യതയില്ലില്ല:

കരുണകലർന്നുമഹേശാ, നീയൊരു വാക്കരുൾ
ചെയ്താലും
സംശയമില്ലാതരനിമിഷത്തിൽ സൗഖ്യംനേടും ഞാൻ.

വരണ്ടുണങ്ങിയ മരുവിൽ ശീതള നീർച്ചാലൊഴുകുന്നു
കലങ്ങിമറിയുംതിരകളുമിവിടെ പ്രശാന്തമാകുന്നു:
മഹേശ്വരാ, നിൻ വാണികളത്ഭുതവീചികൾ തീർക്കുന്നു
പ്രതീക്ഷയോടെൻ മാനസമതിനെ നമസ്കരിക്കുന്നു.

പാപത്തിരയിലമർന്നൊരു നരനെക്കനിവോടുയർത്തണമേ,
വേദനയേറ്റുതളർന്ന മനസ്സിനു സാന്ത്വനമേകണമേ:
സകലേശാ, നിൻ തണലിൽ ഞങ്ങൾക്കഭയം
നല്കണമേ
കടശിയിൽ വാനവരൊത്തുമഹോന്നതരാജ്യം ചേർക്കണമേ.

---

124 കന്യകാമാതാവേ

കന്യകാമാതാവേ, കൃപാവരം
തൂകുന്ന വെൺമേഘമേ,
കൈവല്യദായിനീ, നിൻ പാദാംബുജം
കുമ്പിട്ടു നിന്നിടുന്നേൻ.

നീറുന്നൊരന്തരംഗം നിരാശമായ്
നീങ്ങുന്ന മാനസങ്ങൾ
മേരീ, നിൻ പുഞ്ചിരിപ്പൂവിലിന്നൊരു
നവ്യജീവൻ പുണരും, നവ്യജീവൻ.

കാറുംകരുപ്പുമേലും വിഹായസും
ചീറുന്ന വൻ മരുത്തും
കല്ലോലമാലതിങ്ങും വൻ സമുദ്രവും
കീഴടങ്ങി ശാന്തമായ്ത്തീർന്നിടുന്നു.

സായാഹ്നമായിടുമ്പോൾ,അജയ്യമാ-
മന്ധകാരം വരുമ്പോൾ
വാത്സല്യമേറുമമ്മേ, നിൻ കൈകളിൽ
വീണുഞാൻ ജിതാമയം വിശ്രമിച്ചിടും.

---

125 ആതുരാലയം

"ആതുരാലയം ഒരു ദേവാലയം
പ്രീതിയാർന്നു ഞാനതിൽ വാണിടുന്നു:
രോഗിയായ് ഞാൻ- നിങ്ങൾസേവനം ചെയ്‌വൂ
തടവിലായി-നിങ്ങളെന്നെവന്നുകാൺമൂ.

ചെറിയവരാം മാനവർക്കുചെയ്‌വതെല്ലാം
പരമെനിക്കുചെയ്‌വതായ് ഗണിച്ചിടുന്നു:
ജീവന്റെ പുസ്തകത്തിൽ സർവ്വവും ഞാൻ
മായാത്തലിപികളിൽക്കുറിച്ചിടുന്നു.

അവനിയിൽ ദരിദ്രനായ് നിരാലംബനായ്
നിന്ദനങ്ങളേറ്റുഞാൻ കിടന്നിടുന്നു:
അന്തരംഗമിഴികൾ തുറന്നുനോക്കൂ
ചിന്മയനെമറ്റെങ്ങും തേടിടേണ്ട."

---

126 പാതിരാവിനു തിളക്കം

പാതിരാവിനു തിളക്കം
ഭൂമുഖത്തിനുതെളിച്ചം
ബേസ്സ്ലഹേമിലുദിച്ചുയർന്നൊരു
ദൈവപുത്രനു മഹത്ത്വം
ഗ്ലോറിയാ, ഗ്ലോറിയാ.

ഉന്നതങ്ങളിൽ മുഴക്കം
ലോകനാഥനു വണക്കം
സന്മനസ്സുനിറഞ്ഞമർത്യനു
ശാന്തിയാർന്നവരങ്ങൾ.

ഹേറോദിനു നടുക്കം
നാടിനൊന്നായ്ക്കുലുക്കം
അറിവിയന്ന പടുക്കളെല്ലാ-
മിരുളുതിങ്ങിക്കറക്കം.

നരകവേദിയിലിളക്കം
നൈരാശ്യക്കുലുക്കം
അരിയശിശുവിനെവകവരുത്താ-
നൊരുമയോടവരൊരുക്കം.

ദൈവദൂതരിറങ്ങി
മേഷപാലകരിറങ്ങി
പുൽത്തൊഴുത്തിൽ ശിശുവിനെ വി-
ശ്വാസമോടു വണങ്ങി.

---

127 ഉണ്ണീ പൊന്നുണ്ണീ

ഉണ്ണീ, പൊന്നുണ്ണീ
ഒരു കളിപ്പന്തായ് സ്വയം നിനക്കുഞാ-
നർപ്പണംചെയ്യുന്നു സാദരം:
ഓമനിക്കാൻവേണ്ടിമാത്രമല്ലിച്ചപോൽ
തട്ടിക്കളിച്ചു രസിക്കുവാനും.

നീയതുപൊട്ടിച്ചു കൗതുകമോടതി-
ന്നുള്ളൊന്നുകാണാൻ ശ്രമിച്ചീടുകിൽ
നിൻ പുഞ്ചിരിപ്പൂവിലുളളം കുളിർക്കുവാ-
നെല്ലാം മറന്നു ഞാൻ നോക്കിനില്ക്കും.

നിദ്രകഴിഞ്ഞു നീ വീണ്ടുമാപ്പന്തുനിൻ
കൈയിലെടുത്തു തലോടുമെങ്കിൽ
ആനന്ദവായ്പിന്റെ കണ്ണീരിൽനിന്മുഖം
ചുംബനംകൊണ്ടുഞാനീറനാക്കും

L. F.

---

128 പാപത്തിൻ നിഴൽ

പാപത്തിൻ നിഴൽവീശിയചിന്തകൾ പോലും
ഹൃദയത്തിൽ തീണ്ടാത്തൊരു കന്യാംബികയേ,
യോഷാമണിവൃന്ദത്തിലനുഗൃഹീതേ,
പാപികളാംമർത്യരുടെയഭിമാനം നീ.

കടലിന്റെ വിരിമാറിൽപ്പതഞ്ഞുപൊങ്ങും
വെൺനുരയെക്കാളേറ്റം പരിശുദ്ധ നീ:
ഭാവനതൻ ചെമ്പനിനീർപ്പൂക്കൾ വിതറി
വിടരുന്നൊരു സുരമോഹനപുലരിപ്രഭ നീ.

വിണ്ണിൻശുഭതീരങ്ങളിലൊളിവീശിവരും
പനിമതിയേവെല്ലുന്നൊരുപരിശുദ്ധി നീ:
തിങ്കൾപ്രഭശോഷണമേറ്റണയുംമുമ്പേ
തെളിയുന്നുമഹിയിൽ നിൻ മഞ്ജുളരൂപം

William Wordsworth

---

129 കാറ്റുംകുളിരും

കാറ്റും കുളിരും മഞ്ഞലമാലകളും
കൂട്ടിനു നില്ക്കും ബേസ്ലേം പുൽക്കൂട്ടിൽ
പളളിയുറങ്ങും പൊന്നുണ്ണീ,
തൃപ്പാദങ്ങൾവണങ്ങിനമിക്കുന്നു.

ദാരിദ്ര്യത്തിൻ ദുസ്സഹപീഡകളിൽ
താണടിയുമ്പോൾ സന്തതമോർക്കുംഞാൻ
കദനംതിങ്ങിയടഞ്ഞൊരുബേദലഹൃം
മിഴിനീർവീണുനനഞ്ഞൊരുബേദലഹൃം:

ആശ്രയമില്ലാതാകുലമാനസനായ്
മനമിടിയുമ്പോൾ സന്തതമോർക്കും ഞാൻ
ത്യാഗമുറഞ്ഞു വിരിഞ്ഞൊരുബേദലഹൃം
കണ്ണീർക്കവിതചമയ്ക്കും ബേദലഹൃം.

പദവികൾതേടിത്തിരിയുംമാനവരിൽ
നശ്വരലോകസുഖങ്ങൾകൊതിപ്പവരിൽ
സുരലോകത്തിൻ ചിന്തയുണർത്തുന്നു-നീ
പാവനപരിമളമെങ്ങും വിതറുന്നു.

---

130 അംബരവേദിയിൽ

"അംബരവേദിയിലുന്നതവീഥിയിലീശനു കീർത്തനം
സന്മനസ്സുളളമനുഷ്യനു ഭൂമിയിലാര്യപ്രതീക്ഷയും:"
ലോകചരിത്രമടച്ചുതിരുത്തിയ മംഗള സന്ദേശം
മാനവരാശിയിലാശനിറച്ചൊരു നിർമ്മല സംഗീതം.

വൃക്ഷലതാദികൾ ശീതളമഞ്ഞുപൊഴിച്ച നിശീഥിനി
കൂരിരുൾ തിങ്ങിനിറഞ്ഞു നിശ്ശബ്ദത പുല്കിയമേദിനി
സൂര്യനുയർന്നു വിരിഞ്ഞതുപോലൊരു കാന്തിപരക്കുന്നു
വാനവനിരയുടെ മോഹനഗീതികൾ വിണ്ണിൽ മുഴങ്ങുന്നു.

ആയിരമായിരമാണ്ടുകൾ മോചനമാശിച്ച മാനവരും
പാപച്ചങ്ങലപൊട്ടിച്ചെറിയാൻ കാത്തിരുന്നവരും
രക്ഷകനായ്വന്നുദിച്ച ദൈവസുതനെക്കാണുന്നു
നിത്യവിരാജിതസ്വർഗ്ഗമനോഹര ഗീതികൾകേൾക്കുന്നു.

---

131 ദൈവമേ നന്ദി

ദൈവമേ, നന്ദിയോടങ്ങയെ വാഴ്ത്തുന്നു
തിരുനാമകീർത്തനം പാടീടുന്നു.

കനിവാർന്നു ഞങ്ങളെ സൃഷ്ടിച്ചു നാഥാ,
കുരിശാലേ ഞങ്ങളെ രക്ഷിച്ചു നീ:
പാപത്തിൽത്താഴാതെ, പാദങ്ങൾ പതറാതെ
പാലിച്ചുപരിശുദ്ധിപകരുന്നു നീ.

വാനവരാജ്യത്തുമാലാഖവൃന്ദം
'പരിശുദ്ധൻ നീ'യെന്നു കീർത്തിക്കുന്നു:
മാനവരൂഴിയിലാനന്ദമോടേ
മംഗളഗീതങ്ങൾ പാടീടുന്നു.

ആടലകറ്റുവാൻ-ആശ്വാസമേകുവാൻ
സ്വർഗ്ഗീയശാന്തിവിതച്ചീടുവാൻ
എന്നുമെൻ ആത്മീയ ദേവാലയത്തിങ്കൽ
വാഴുംമഹേശാ വണങ്ങീടുന്നു.

പാപികൾക്കാശ്രയമേകുന്നു നിൻഗേഹം
ആലംബമറ്റവർക്കാശ്വാസവും:
കേഴുമൊരാത്മാവിൽ സ്വർഗ്ഗീയ സാന്ത്വന-
രശ്മികൾ വീശിവിളങ്ങീടുന്നു.

---

132 മേഘം തുറന്നു

"മേഘം തുറന്നു ദൈവകുമാരനിറങ്ങിവരേണം
ഭൂമിപിളർന്നുമഹേശ്വരപുത്രനുയർന്നുവരേണം"
നൈരാശ്യത്തിലമർന്ന ജനങ്ങൾ ചിന്തിയ മിഴിനീരിൽ
ഹൃദയമലിഞ്ഞൊരു ദൈവകുമാരൻ വന്നുപിറന്നിളമേൽ.

കാഴ്ചയണച്ചു മഹേശ്വരപാദംതൊട്ടുവണങ്ങിടുവാ-
നെത്തിയ നൃപരുടെ വഴിയേ ഞങ്ങൾ സന്നിധിചേരുന്നു:
മാനവശിശുവായ് നിശയുടെ നടുവിൽ ചെറിയൊരു
പുൽക്കൂട്ടിൽ
പ്രഭയൊടുവാഴും ദൈവകുമാരാ, സുതരിൽക്കനിയണമേ.

പൂർവികരങ്ങേപ്പാവനപാദം കാണാനാശിച്ചു
ജീവദമങ്ങേപ്പൂജിത വചനം കേൾക്കാനാശിച്ചു:
കാണാതായിരമായിരമക്ഷികൾ പണ്ടേയടഞ്ഞുപോയി
കേൾക്കാതനവധി ജീവിതമലരുകൾതാനേകൊഴിഞ്ഞു
പോയി.

---

133 മർത്യനു രക്ഷ

മർത്യനു രക്ഷപകർന്നവനേ, നിത്യപരംപൊരുളേ,
കന്യാസുതനാംപൊന്നുണ്ണീ, സന്നിധിയണയുന്നു:
വിനയമുറഞ്ഞ വികാരമൊടേ നിൻ
ചരണംതാണു വണങ്ങുന്നു.

കനിയുടെ കറയാലാദത്തിൻ
കരളിൽക്കൊടുതാമിരുളേറി
വിരവൊടു മാനവരക്ഷകനെ
വാഗ്ദാനം ചെയ്തഖിലേശൻ.

പ്രവചനമെല്ലാം മുറപോൽനിറവേറി
ദൈവകുമാരൻ ധരയിൽ നരനായി:
പാരിന്നുടയവനെളിയവനായൊരു
കാലിക്കൂട്ടിൽ വാഴുന്നു.

ബാലാമോതിയ വചനങ്ങൾ
കാലത്തികവിൽ നിറവേറി:

യാക്കോബിൻ തിരുഗോത്രത്തിൽ
താരമുദിച്ചൂ-പൊൽത്താരം.

തലമുറതോറും പ്രവാചകധന്യന്മാർ
അരുളിയവചനം പരിചൊടുകനിചൂടി:
കനിവും നീതിയുമൊരു തിരുമെയ്യിൽ
ജന്മമെടുത്തു ബേസ്ലഹമിൽ.

---

134 തിരുസക്രാരിയിൽ

തിരുസക്രാരിയിൽ നിയതം വാഴുന്നു
കനിവിൻ നാഥനാമഖിലേശൻ
അനുതാപാകുലരാം പാപികളെ നിത്യം
സ്നേഹമൊടേ മാടിവിളിക്കുന്നു.

"കുരിശിൻഭാരത്താൽ വലയുന്നോരെന്റെ-
യരികിലാശ്വാസം നുകരുവിൻ"
തിരുസക്രാരിയിൽ നിന്നുയരുമീശബ്ദം
ധരയെങ്ങും പൊങ്ങിമുഴങ്ങുന്നു.(മ.11:28)

സ്വർഗ്ഗമനോഹരമീമൊഴികൾകേൾക്കാതെ
മായകളെന്തേ നാം പുണരുന്നു!
ജീവജലം തേടി മരുഭൂവിൽപ്പൊട്ട-
ക്കിണറുകളെന്തേ നാം തീർക്കുന്നു (ജറ.2:13)

---

135 ഒരു നിമിഷം നാഥാ

ഒരു നിമിഷം നാഥാ, സന്നിധിയിൽ
മൗനമായ് ഞങ്ങളിരുന്നോട്ടേ:

തിരുവധരംമൊഴിയും വചനത്തിൻ
മധുരസ്വരം ഞങ്ങൾ ശ്രവിക്കട്ടെ.

വേദനതിങ്ങിടുമിത്താഴ്വരയിൽ
കദനം കണ്ണീരായൊഴുകുന്നു:
തിരുവദനം നിത്യംകാണായ്കിൽ
ഹൃദയം കൂരിരുളിൽത്താണടിയും

---

136 നീതിമാന്മാരും

നീതിമാന്മാരും പ്രവാചകന്മാരുമാ-
മുഖമൊന്നു കാണാൻ കൊതിച്ചു(മ.13:17)
സ്വർഗ്ഗീയജീവൻ തുളുമ്പിനില്ക്കുന്നൊരാ
തിരുവാണികേൾക്കാൻ കൊതിച്ചു.

കാണുന്നു ഞങ്ങളിന്നാസുന്ദരാനനം
കേൾക്കുന്നു ഞങ്ങളാനാദം:
കൈവന്ന ഭാഗ്യമോർത്തഖിലേശ്വരാ, ഞങ്ങൾ
വാഴ്ത്തുന്നു നിൻ ദിവ്യനാമം.

ആ ദിവ്യവദനമെൻ അന്തരാത്മാവിങ്കൽ
മായാതെ മിന്നിനില്ക്കേണം:
ആനന്ദമേകുമാസമ്പൂതവാണിയെൻ
കാതിൽമുഴങ്ങി നില്ക്കേണം.

---

137 പരിശുദ്ധ പരമ ദിവ്യ

പരിശുദ്ധപരമദിവ്യകാരുണ്യമേ,
ആരാധിക്കുന്നു ഞങ്ങൾ വാഴ്ത്തിടുന്നു:

ദ്യോവിൽ നിന്നിറങ്ങിവന്ന ദിവ്യഭോജ്യമേ,
ആരാധിക്കുന്നു ഞങ്ങൾ വാഴ്ത്തിടുന്നു.

---

138 നാഥാ, നിൻ നയനത്തിനു

നാഥാ, നിൻ നയനത്തിനു കുളിരേകാനൾത്താരിൽ
ഒരുകൊച്ചു പൂവായ് ഞാൻമാറും:
ദലമെല്ലാമൊന്നൊന്നായ്ത്തിരുമുമ്പിൽക്കൊഴിയുമ്പോൾ
വെളളിക്കുഴൽ നാദത്തിൽപ്പാടും.

ഹൃദയത്തിൻ തന്ത്രികളിൽ ശ്രുതിമോഹന ഗീതങ്ങൾ
പതിവായ്ത്തിരുസന്നിധിയിൽമീട്ടും:
നാഥാ, നിൻ കാരുണ്യക്കഥകൾ കൊരുത്തൊരു
മലർമാല ഞാൻ നിന്നെച്ചാർത്തും

---

139 ജയ വിതാനിത

ജയ വിതാനിത വഴിയിലെന്നെ നയിച്ചിടുമ്പോൾ
ദൈവമേ, നിൻ ദിവ്യനാമം പ്രകീർത്തിക്കും ഞാൻ:
അപജയത്തിൻ തിരകളിൽ ഞാൻ താണിടുമ്പോഴും
ദൈവമേ, നിൻ ദിവ്യനാമം പ്രകീർത്തിക്കും ഞാൻ.

തിരുമുഖത്തിൻ ദർശനം ഞാനനുഭവിക്കുമ്പോൾ
ദൈവമേ, നിൻ ദിവ്യനാമം പ്രകീർത്തിക്കുംഞാൻ:
വിരവിലാശാകിരണമെല്ലാം മാഞ്ഞുപോകിലും
ദൈവമേ, നിൻ ദിവ്യനാമം പ്രകീർത്തിക്കും ഞാൻ.

കരളിലങ്ങേ സ്പർശനത്തിൻ പുളകമേല്ക്കുമ്പോൾ
ദൈവമേ, നിൻ ദിവ്യനാമം പ്രകീർത്തിക്കും ഞാൻ:

നിന്ദനത്തിൻമുൾക്കിരീടം ചൂടിടുമ്പോഴും
ദൈവമേ, നിൻദിവ്യനാമം പ്രകീർത്തിക്കും ഞാൻ.

---

140 ഞാനല്ല ജീവിപ്പതു

ഞാനല്ല ജീവിപ്പതു ഞാനല്ലിനി
ഈശോ, നീയെന്നിൽ ജീവിക്കുന്നു:
മരണമോ, ക്രൂരമാം മർദ്ദനങ്ങളോ
തെല്ലുമെന്നെ നിന്നിൽനിന്നകറ്റുകില്ല. (റോമ.8:83)

ഓരോശ്വാസവും നിനക്കുവേണ്ടി
നാഥാ, സർവ്വവും നിനക്കുവേണ്ടി:
നിൻ ദിവ്യദാനങ്ങളോർത്തോർത്തുസാദരം
നന്ദിയോടു ദിവ്യനാമം വാഴ്ത്തിടും ഞാൻ.

---

141 അങ്ങേയ്ക്കായ് മാത്രം

അങ്ങേയ്ക്കായ് മാത്രം ഞാൻ ജീവിക്കട്ടെ, നാഥാ,
ജീവിതമങ്ങേയ്ക്കായർപ്പിക്കട്ടെ:
സ്നേഹസ്വരൂപനാമങ്ങയെക്കാണുവാൻ
മാത്രമെൻ കണ്ണുകൾ തുറന്നിടട്ടെ.

നിൻ ദിവ്യസൗഹൃദമല്ലാതെമറ്റൊന്നും
ആശിക്കുന്നില്ലഞാ, നാത്മനാഥാ,
നിൻ ദിവ്യസന്ദേശമൊന്നും മറക്കാതെ
ആവേശമോടു ഞാനാലപിക്കും.

---

142 ആഴത്തിൽ നിന്നു ഞാൻകേഴുന്നു

ആഴത്തിൽ നിന്നു ഞാൻ കേഴുന്നു ദൈവമേ,
സദയമെൻ പ്രാർത്ഥന കേൾക്കേണമേ:
പാപങ്ങളെല്ലാം നീയോർത്തിരുന്നാൽ
ആരാരീ ലോകത്തിൽ രക്ഷനേടും?

പാപത്തിൻമോചനം നിന്നിൽ ഞാൻതേടുന്നു
നീയാണെൻ മോക്ഷവും പ്രത്യാശയും
പുലരി പ്രതീക്ഷിക്കും കാവൽക്കാരെന്നപോൽ
അനുനിമിഷം നിന്നെ ഞാൻ കാത്തിരിപ്പൂ (സ.129)

---

143 പുതിയൊരാകാശം

പുതിയൊരാകാശം പുതിയ ഭൂമി
പുതുമയിൽക്കുളിച്ചിടുന്ന പുണ്യസൗഹൃദം:
വിണ്ണിൽ നിന്നും ദൈവമിറങ്ങിവന്നു
മന്നിടം മഹേശ്വരന്റെ പാദപീഠമായ്.

സ്തോത്രം പാടുവിൻ ദൈവസ്തോത്രം പാടുവിൻ
ഉന്നതങ്ങളിൽ ദൈവസ്തോത്രം പാടുവിൻ,
ഏറ്റുപാടുവിൻ മുദമൊടേറ്റു പാടുവിൻ
ഭൂവിലാകെ ശാന്തിയും ശുഭപ്രതീക്ഷയും.

അഗ്നിപോൽ ജ്വലിച്ചിടുന്ന കണ്ണുകൾ
ദിവ്യമുദ്രപതിച്ചിടുന്ന കാലുകൾ:
ആദിയാണു നീ, അന്ത്യമാണു നീ
ജീവന്റെ മഹിമയാർന്ന ജീവനാണു നീ.

---

144 ദൈവരാജ്യം പിറന്നു

ദൈവരാജ്യം പിറന്നു - ഭൂമിയിൽ
സ്വർഗ്ഗരാജ്യം പിറന്നു:
ദൈവപുത്രൻ തുറന്നു - മർത്യനു
സ്വർഗ്ഗവാതിൽ തുറന്നു.

ചക്രവാളം ചുവന്നു- സുമംഗള-
സൂര്യോദയംതെളിഞ്ഞു:
ആകാശഗോളങ്ങൾ - മനോഹര-
വർണ്ണപ്പകിട്ടണിഞ്ഞു.

ഭൂവിനു രക്ഷയുണ്ടായ്, മഹത്ത്വവും
ഭാവിയും ഭദ്രമായി:
പൂട്ടിയ സ്വർഗ്ഗവാതിൽ - സമഗ്രമായ്
താനേ തുറന്നകന്നു.

രാജാധിരാജനല്ലേ - ദരിദ്രന്റെ
രൂപത്തിൽ വന്നിടുന്നു!
സർവ്വാധി നാഥനല്ലേ - ഒരുണ്ണിയായ്
മണ്ണിൽ ശയിച്ചിടുന്നു.

---

145 വിശ്വാസത്തിൽ കണ്ണു

വിശ്വാസത്തിൻ കണ്ണുതുറന്നൊരു നിമിഷം നോക്കൂ
സക്രാരിയിൽ നിന്നൊഴുകും നേരിയ ശബ്ദം കേൾക്കൂ:
മാനവനായ്ത്തൻ ജീവൻ നല്കിയ ദൈവകുമാരൻ
സ്നേഹമുറഞ്ഞൊരു ഹൃദയവുമായതിൽ വാണരുളുന്നു.

പാപിക്കവനിയിലാശ്രയമേകിയ നിത്യകുമാരൻ
സ്വാതന്ത്ര്യത്തിൻ പൊൻകൊടിനാട്ടിയ രാജകുമാരൻ
അധ്വാനിക്കും ജനകോടികളെമാടിവിളിക്കുന്നു
ഭാരം താങ്ങി വലഞ്ഞ മനുഷ്യനു സ്വാന്ത്വനമരുളുന്നു.

കദനം തിങ്ങിയടഞ്ഞൊരു ജീവിതവീഥിയിലെല്ലാം
സക്രാരിയിലേ സന്ദേശത്തിൻ മാറ്റൊലികേൾക്കാം:
നൈരാശ്യത്തിലമർന്നു ഞെരുങ്ങും പാതയിലെല്ലാം
സക്രാരിയിലേ സാന്നിധ്യത്തിൻ കതിരുകൾ കാണാം.

---

146 പാപം പൂട്ടിയ

പാപം പൂട്ടിയവാതിൽ തുറക്കാനാഗതനായ വിഭോ
കന്യാസൂനുവായ് മന്നിൽപ്പിറന്നൊരു
ശാന്തിപ്രഭാപൂരമേ, നിത്യ
ശാന്തിപ്രഭാപൂരമേ.

സ്നേഹം ജഗത്തിൽക്കൊളുത്തുവാൻ വന്നൊരു
സ്നേഹത്തിൻ സന്ദേശമേ
പുൽക്കൂട്ടിൽ നിൻ ദിവ്യസന്നിധാനത്തിങ്കൽ
നില്ക്കുന്നു ജാതാദരം-ഞങ്ങൾ
മുത്തുന്നു പാദാംബുജം.

കണ്ണീരിൽക്കൈനെട്ടു കയ്പോടു നീങ്ങുന്ന
ജീവനിൽ നീ കനിഞ്ഞു:
നിലയാത്ത നെടുവീർപ്പിലലയുന്ന മർത്യന്റെ
നടുവിൽ നീ വന്നുദിച്ചു-ദിവ്യ-
കിരണമായ് വന്നുദിച്ചു.

---

147 കൊട്ടില്ല, കുരവയില്ല

കൊട്ടില്ല, കുരവയില്ല, ദീപാലങ്കാരമില്ല
ദൈവപുത്രനുണ്ണിയായ്പ്പിറന്ന രാത്രി
തിക്കില്ല, തിരക്കില്ല, വീഥികളിൽ ചലനമില്ല
രാജരാജനേശുവിന്റെ ആദ്യപിറന്നാൾ.

നിത്യസർവ്വശക്തനാകും ദൈവകുമാരൻ സ്വയം
ശൂന്യനാക്കി ദാസന്റെ രൂപമെടുത്തു:
മാനവർക്കു ശുശ്രൂഷ ചെയ്യുവാനായ് സ്വർഗ്ഗ-
സിംഹാസനത്തിൽ നിന്നിറങ്ങിവന്നു.

വിനയമേ, നിന്റെ നാമം പരമുയർച്ചയെന്നല്ലേ
സേവനമേ, നിന്റെ നാമം മഹത്വമെന്നല്ലേ?
ആഴത്തിൽ മുങ്ങിയാലേ അരിയമുത്തുകൾ കിട്ടൂ
താണനിലങ്ങളിലേ നീരോടൂ.

---

148 ഈ രാത്രി

"ഈ രാത്രി നിങ്ങളെന്നെ വെടിഞ്ഞു പോകും
പീഡകർ തൻ നടുവിലെന്നെയേകനാക്കും:
ഇടയനെയജനടിക്കുമ്പോളജഗണങ്ങൾ
ഇടറിവീഴും പല വഴിക്കായ്ച്ചിതറിയോടും"

"തീർത്തു ഞാനീധരയിലെന്റെ കടമയെല്ലാം
ചേർത്തു വത്സല തനയരെസ്സുവിശേഷമറിയിച്ചു:
പിതാവേ, ഞാനവരൊടന്തിമയാത്രചൊല്ലി
വരികയാണു സന്നിധാനം ചേർന്നു കൊൾവാൻ.

അപകടങ്ങൾ പതിയിരിക്കും വയലിലല്ലോ
വിളവിറക്കാനൊരുമയോടവർ പണിയെടുക്കുന്നു:
പിതാവേ, നിൻ തണലിലവരെക്കാത്തുകൊള്ളണമേ
ജയകിരീടമവർക്കു നീ നല്കിടേണമേ.

---

149 ബേസ്‌ലേമിലന്നൊരു

"ബേസ്‌ലേമിലന്നൊരുപുൽക്കൂട്ടിൽ മർത്യ-
ശിശുവായ്പ്പിറന്നപൊന്നുണ്ണീ,
ആമോദമോടു നീയുത്തുംഗമീത്യാഗ-
മുൾക്കൊള്ളുവാനെന്തുബന്ധം?"

"സ്നേഹമാണാശീതരാവിലീമണ്ണിൽ
പിറക്കുവാനെന്നെ വിധിച്ചു:
സ്നേഹമാണാപ്പുൽത്തൊഴുത്തിൽ മൃഗങ്ങളോ-
ടൊത്തുകഴിയാൻ വിധിച്ചു.

സ്നേഹം നിമിത്തമാണുത്സവ സ്വർഗ്ഗീയ-
വേദികൾ വിട്ടിങ്ങിറങ്ങി:
സ്നേഹം നിമിത്തമാണുലകിന്റെ പാപങ്ങൾ
സന്തോഷമോടേറ്റുവാങ്ങി-ഞാൻ"

"പിറവിക്കിടം തരാൻ വൈമുഖ്യമാർന്നൊരീ-
ലോകത്തു നീയെന്തുനേടാൻ?"
വൈരികൾക്കായ് ജീവനേകുന്നതിൽപ്പരം
മഹനീയമെന്തുണ്ടു നേടാൻ?"

---

150 വിവാഹമേ

വിവാഹമേ, പരിപാവനമാം മംഗല്യമന്ദാരമേ,
പറുദീസായിൽ വിരിഞ്ഞനിർമ്മല ജീവിത സാഫല്യമേ,
ഹൃദയത്തിൻ നവബന്ധനമായിപ്പുലരുക പുലരുക നീ
സ്നേഹത്തിൻ സുരപല്ലവിപാടിത്തെളിയുക തെളിയുകനീ

പൂർവ്വപിതാക്കൾ വിശുദ്ധമാക്കിയ ജീവിതപാതയിതാ,
അബ്രാം സാറാ ദമ്പതിമാരുടെ സൗഹൃദബന്ധമിതാ
വിശ്വാസത്തിലടിത്തറപാകി വരിച്ചൊരു വിജയമിതാ
അവരുടെ ജീവിതമുലകിനു മാതൃക നല്കിയരംഗമിതാ.

ആഡംബരവും മോടിയുമല്ലാ, പൊന്നിൻപ്രഭയല്ലാ
സുരഭിലമാമീ ദൈവികബന്ധം മംഗളമാക്കുന്നു:
സഹനത്തിൻ സുരവീഥിയിലൂടേ കുതിച്ചുമുന്നേറി
ജീവിതമാം രണഭൂവിൽ വിജയപ്പൊൻകൊടിനാട്ടുകനാം.

---

151 നീ വാഴും ദേശം

നീ വാഴും ദേശമാണെന്റെ ദേശം
നീ മാറിപ്പോവുകിൽ കൂടെ ഞാൻ പോരും
നിന്നിലേ പ്രതിഷ്ഠയേതുദൈവമീമന്നിൽ
ഞാനുമാ ദൈവത്തെ എന്റേതാക്കും.

നിൻ ബന്ധുമിത്രങ്ങളെല്ലാമെനിക്കും
സ്വന്തമാണെന്നുമെൻ മരണം വരെയ്ക്കും:
നീയെങ്ങു മരണം വരിക്കാനിരിപ്പൂ
ഞാനുമാദേശത്തു മരണം വരിക്കും.

നീയന്ത്യവിശ്രമം കൊള്ളുന്ന മണ്ണിൽ
പാരംകൃതാർത്ഥയായ് ഞാനും ശയിക്കും:
രണ്ടല്ല, നാമെന്നുമൊന്നാണു നൂനം
നിസ്സ്വാർത്ഥസ്നേഹം മഹത്തായദാനം (Ruth 1:6)

---

152 ഒന്നായി ഞങ്ങൾ

ഒന്നായി ഞങ്ങൾ, ഒന്നായി ഞങ്ങൾ
സ്നേഹത്തിലൊന്നായി ഞങ്ങൾ
സന്തോഷത്തിലും സന്താപത്തിലും
ദൈവത്തിലൊന്നായി ഞങ്ങൾ.

ദുഃഖമോ ദുരിതങ്ങളോ
വിത്തമോ വിജയങ്ങളോ
സ്നേഹത്തിൽ ഞങ്ങളെ ബന്ധിച്ചകെട്ടുകൾ
പൊട്ടിച്ചകറ്റുകില്ലാ, ഒരിക്കലും
പൊട്ടിച്ചകറ്റുകില്ല.

മാലാഖമാരേ വരൂ
മംഗല്യദാനം തരൂ
മന്നിന്റെ മായയിൽ മങ്ങും മനസ്സിനു
ദിവ്യപ്രകാശം തരൂ, മനസ്സിനു-.

---

153 പൂക്കളം

പൂക്കളം തീർത്തിടും തോഴിമാരേ,
ഈ വഴിക്കു നിങ്ങളെന്റെ നാഥനെക്കണ്ടോ?
കുന്നിൻ പുറങ്ങളിൽക്കുതിച്ചു പാഞ്ഞിടും
പുള്ളിമാനുതുല്യമായൊരെന്റെ നാഥനെ?

അങ്ങതാ, എൻപ്രിയന്റെ മംഗളരൂപം
അങ്ങതാ, മുഴങ്ങിടു,ന്നവന്റെ നാദം:
കിളിവാതിൽപ്പഴുതിലൂടെ നോക്കിടുന്നു-അവ-
നകലെയായൊളിഞ്ഞുമാറി നിന്നിടുന്നു.

ഓമനേ, സുന്ദരീ, അണിഞ്ഞൊരുങ്ങിവാ
മലരുകൾ വിരിഞ്ഞിടുന്ന കാലമായിതാ,
മലയിടുക്കിൽ നിന്നു നീയിറങ്ങിവന്നാലും
മധുരമാം നിൻ സ്വരം മൊഴിഞ്ഞുതന്നാലും

---

154 ആദിയിലഖിലേശൻ

ആദിയിലഖിലേശൻ
നരനെ സൃഷ്ടിച്ചു:
അവനൊരു സഖിയുണ്ടായ്
അവനൊരു തുണയുണ്ടായ്.

വാനവർ സാക്ഷികളാം
പാവനമംഗല്യം
ആദേൻ വനികയിലേ
ആദിമദമ്പതിമാർ.

ഇരുമെയ്യല്ലവരീ
ധരമേലൊരുനാളും
ഏകശരീരംപോൽ
വാഴണമെന്നെന്നും.

---

155 ഷാരോണിൽ

ഷാരോണിൽപ്പൊട്ടിവിടരും കന്യാസുമമേ
സ്വർഗ്ഗപരിമളകാന്തിവിതറും രമ്യസൂനമേ.

വന്യഭൂവിൽ വളർന്നു നില്ക്കുമൊരാപ്പിൾ വൃക്ഷം നീ
മനസ്സിനുത്സവലഹരിപകരും നിത്യവരനും നീ:
ആ മരത്തിൻ തണലുപറ്റിയിരുന്നിടുന്നു ഞാൻ
പ്രേമത്തിൻ നറുപതാക പറത്തിടുന്നു ഞാൻ.

ഓമനേ, പുതുവസന്തം നൃത്തമാടുന്നു
തൊടികളിൽപ്പൂക്കൾ പൊങ്ങിവിരിഞ്ഞിടുന്നു:
അരിപ്രാവിൻ കുറുകൽ കേട്ടു തുടങ്ങിയില്ലേ?
മധുരഗീതികളാലപിക്കാൻ സമയമായില്ലേ?

പൂത്തുലഞ്ഞുപടർന്നു നില്ക്കും കനകവല്ലരികൾ
നറുമണം പരത്തിടുന്ന പാതിരാപ്പൂക്കൾ-
ഈ വനത്തിലിരുന്നു രാഗപദങ്ങൾ പാടാം
സൗഹൃദത്തിൻ കവിതകൊണ്ടൊരുമാലകോർക്കാം.

---

156 കാനായിൽ കല്യാണം

കാനായിൽ കല്യാണം, കല്യാണം-നവ-
ദമ്പതിമാർക്കുള്ളിലുല്ലാസം:
ആനന്ദഗാനങ്ങളലതല്ലി നില്ക്കുന്ന
മധുരമനോഹര പ്രതിഭാസം.

ഒളിവീശിവിരിയുമാ നീലവിഹായസ്സിൽ
പടരുന്നു കാർമേഘപടലങ്ങൾ
നിനയാത്ത നിമിഷത്തിൽ കുടിവീഞ്ഞു തീർന്നുപോയ്
മണവാളനമ്പേ പകച്ചുപോയി.

കന്യാമേരിക്കു സഹതാപമായ് സ്വന്ത-
സൂനുവെക്കാര്യങ്ങളറിയിക്കുന്നു:
ഭരണികളിൽ വെള്ളം നിറയ്ക്കുവാൻ കല്പനയായ്
നിമിഷം കൊണ്ടതുമുഴുവൻ പുതുവീഞ്ഞായി

PHARMARAM COLLEGE LIBRARY
BANGALORE - 29

നാഥന്റെ കരമെന്നെത്താങ്ങിടുമെങ്കിൽ-ഈ
ജീവിതമാം പൂംപന്തലഴകേറിവരും:
കന്യകയും തിരുസുതനും കനിയുന്നെങ്കിൽ-ഈ
ധരമേലേവേദനകൾ വെൺമലരാകും.

---

157 പുതിയകുടുംബത്തിൻ

പുതിയ കുടുംബത്തിൻ
കതിരുകളുയരുന്നു:
തിരുസ്സഭവിജയത്തിൻ
തൊടുകുറിയണിയുന്നു.

അവനിയുമുന്നതമാ-
മംബര വീഥികളും
മംഗളഗീതികളിൽ
മുങ്ങിവിളങ്ങുന്നു.

നവദമ്പതിമാരേ,
ഭാവുകമരുളുന്നു:
മഞ്ജുളവാണികളാൽ
മംഗളമരുളുന്നു.

---

158 മണവാളനുമുദമരുളും

മണവാളനുമുദമരുളും മണവാട്ടിയിതാ
മണവാട്ടിയിലൊളിവിതറും മണവാളനിതാ
രാജാവിനു കൈനിറയെ കാഴ്ചയുമായി-വി-
ദൂരതയിൽനിന്നുവരും രാജകുമാരി.

സന്തോഷത്തെലത്താലഭിഷേചിതനായ്
പൊൻമകുടം ചൂടിവരും രാജകുമാരാ,
നിറമേലും ചേലകളിൽ സമലംകൃതയായ്
കനകം പൊതിഞ്ഞണയും രാജകുമാരി.

പ്രിയമേറും ഭവനവുമെൻ ജനകരെയും ഞാൻ
വെടിയുന്നു കാന്തനു ജീവിതമർപ്പിച്ചിടുവാൻ
അരുമേ, നിൻ കരളിനു സാന്ത്വനമരുളാനിവിടെ
ത്യാഗത്തിൻ ചുടുവീഥിയിൽ വീറോടിറങ്ങിടുന്നു ഞാൻ.

അഴകേറിയമാനസവും കൃപതിങ്ങിയ വർത്തനവും
മികവേറിയ പരിപാവനമാം സേവനസന്നദ്ധതയും
കൈമുതലാക്കിയാത്ര തുടരും ദമ്പതിമാരേ,
സ്നേഹത്തിൻ പുതുചിറകുവിരിച്ചങ്ങുയരുക നിങ്ങൾ.

---

159 തിരയിൽത്താണടിയാതെ

തിരയിൽത്താണടിയാതെ
കരയെത്താൻ തുഴയുന്ന
തുണയറ്റൊരു പാവം മനുഷ്യൻ
കൈകാലുകൾ കുഴയുമ്പോ-
ളെവിടന്നോ ചോർന്നു വരും
മൃദുവായൊരു സംഗീതം കേട്ടു-
'ധരയിന്മേൽ നരനുന്നത ശാന്തി.'

നൂറ്റാണ്ടുകളനവധിയായ്
നൈരാശ്യക്കടലിന്റെ
നടുവിൽപ്പെട്ടലയുന്നൊരു നരനെ
കരയേറ്റാൻ കഴിവാർന്നൊരു
കരമുണ്ടോ ശോഭനമീ-
ഗാനത്തിൻ പൊരുളെങ്ങനെയറിയും?
'ധരയിന്മേൽ നരനുന്നത ശാന്തി'

ഓളത്തിൻ മുകളേറിന-
ടക്കുന്ന പരാശക്തി
മരണത്തെക്കീഴാക്കിയ ദൈവം
ആദത്തിൻ പാപത്തിനു
പരിഹാരം നേടാനായ്
ശിശുവായൊരു പുൽക്കൂട്ടിൽ ജനിച്ചു
'ധരയിന്മേൽ നരനുന്നതശാന്തി'

---

160 ഒരു കൊച്ചു നക്ഷത്രം

ഒരു കൊച്ചു നക്ഷത്രം നരനായ ദൈവത്തെ
ഒരു നോക്കുകാണുവാൻ പറന്നിറങ്ങി
പുൽക്കൂട്ടിൽക്കുടികൊള്ളും സർവ്വേശ്വരസൂനുവിനെ
കൗതുകമോടൊരു നിമിഷം നോക്കിനിന്നു.

ആകാശപ്പൂവനിയിൽ അഖിലത്തിനുമധിപതിയായ്
വാഴുന്നൊരു ദൈവത്തിൻ പ്രിയസുതനേവം
ദാരിദ്ര്യക്കെടുതികളിൽക്കുളിരേറ്റു ശയിപ്പതുക-
ണ്ടത്ഭുതമോടവിടത്തെ ആരാധിച്ചു.

അതിശോഭനനീലാംബര,മത്യുന്നതഗോളങ്ങൾ
നിമിഷത്തിൽ നിർമ്മിച്ച പരംപൊരുളല്ലേ
തമസിന്റെ കരിമ്പടവും മറയാക്കി വെറും തറയിൽ
കരയാതെ കരഞ്ഞങ്ങനെ ശയനം കൊൾവൂ.

---

161 നാഥാ, നിൻ കൈകളിൽ

നാഥാ, നിൻ കൈകളിൽ സ്വയമർപ്പണം ചെയ്യാൻ
കാത്തിരുന്നു, വിനയമോടേ തപസ്സിരുന്നു ഞാൻ:
അരികളെന്നെത്തടയുവാനായ് ജയിലുതീർത്തു
കുതറിമാറി സ്വതന്ത്രഭാവമെടുത്തണിഞ്ഞു ഞാൻ.

മേഘപാളികൾകൂട്ടുചേർന്നു പറന്നിടുന്നു
രാത്രിവന്നുപതുക്കെ വാതിലിൽമുട്ടിടുന്നു:
ഇക്കവാടമുഖത്തു നീയിദമേകയായെന്നെ
വിട്ടു ദൂരെയകന്നു നില്പതിനെന്തുബന്ധം?

ചക്രവാളതലങ്ങളിൽ മിഴിനട്ടു നാഥാ, ഞാൻ
കാത്തിരുന്നതു ദിവ്യവദനം കാണുവാൻമാത്രം
നാമ്പെടുത്ത ശുഭപ്രതീക്ഷകൾ സഫലമാകുന്നു,
നിന്നിൽനിത്യമലിഞ്ഞു ചേരാൻ സമയമാകുന്നു.

---

162 ആദിയിൽ

ആദിയിൽ വചനമുണ്ടായിരുന്നു- അതു
നിത്യവും ദൈവത്തിലായിരുന്നു:
ആ വചനം ദൈവമായിരുന്നു
സർവ്വവും നിർമ്മിച്ച നിത്യദൈവം.

വചനത്തിൽ ജീവനുണ്ടായിരുന്നു - അതു
മർത്യനു നിറദീപമായിരുന്നു:
ഇരുളിൽ പ്രകാശിക്കും ദിവ്യദീപം
ഇരുളിന്നു പോന്നില്ലതു കീഴടക്കാൻ.

കാലത്തിൻ പൂർത്തിയിലാവചനം
ധരമേലൊരുണ്ണിയായവതരിച്ചു:
ആ ദിവ്യ ദീപം മനുഷ്യരാരും
കണ്ടതായ്പ്പോലും നടിച്ചതില്ല.

സ്വന്തം ജനങ്ങൾക്കു ജീവനേകാൻ
ആ ദീപമൂഴിയിൽ വന്നുദിച്ചു:
നന്ദിയില്ലാത്ത ജനങ്ങളെന്നാൽ
അതിനെ നിശ്ശങ്കം തിരസ്കരിച്ചു.

സ്വീകരിച്ചോർക്കു മഹത്വമേറും
പുത്രപദവി പകർന്നു ദൈവം
വിശ്വസിച്ചോരിൽ പ്രസാദമോടേ
ദിവ്യവരങ്ങൾ ചൊരിഞ്ഞു ദൈവം.

---

163 നിറകുടംതുളുമ്പി

നിറകുടം തുളുമ്പി സ്നേഹം കരകവിഞ്ഞൊഴുകി
പരമനാഥനരുമസുതരെത്തേടിയിറങ്ങി:
ജനമറിഞ്ഞില്ല, ബേസ്‌ലംപുരിയറിഞ്ഞില്ല
ശിരസ്സുചായ്ക്കുവാനാരുമിടംകൊടുത്തില്ല.

ഇരുളുനീക്കുവാൻ ധരയിലവതരിച്ചവൻ - നരനു
വ്യഥയകറ്റുവാൻ സ്വയം ബലിയണച്ചവൻ
സർവ്വലോകവും ഞൊടിയിലൊരു വചസ്സിനാൽ
മഹിതസുഭഗമായ്ത്തീർത്ത സർവ്വവല്ലഭൻ.

ദൈവദൂതരാ ദിവ്യശിശുവിനെക്കണ്ടു
വിനയമോടുകൈകൾ കൂപ്പിയരികിൽ നിന്നു:
മേഷപാലരാ സ്വർഗ്ഗതിരുമുഖം കണ്ടു
വാനിൽ നിന്നുതിർന്ന വീണകവിത കേട്ടു.

---

164 എങ്ങുനിന്നെങ്ങുനിന്ന്

എങ്ങുനിന്നെങ്ങുനിന്നിപ്രഭാതം
ദിവ്യപ്രഭാസാരമിപ്രഭാതം
പാതിരാപ്പൂപൊട്ടി വിടരും നേരം
കതിർ വീശിവിരിയുമീ സുപ്രഭാതം.

ഘോരാന്ധകാരത്തിൻ വിരിയകറ്റി
ഒരു പുത്തൻ ഗോളം കടന്നുവന്നു:
ആകാശമൊന്നായ്ത്തരിച്ചു നിന്നു
ആനന്ദമൗനത്തിലാണ്ടു നിന്നു.

ആരാരും കാണാത്ത പുതുവെളിച്ചം
ആരാരും കേൾക്കാത്ത മധുരഗീതം:
മരണത്തിൻ താഴ്വരയിൽക്കഴിയുന്നോരേ,
നിങ്ങൾക്കീവെള്ളിത്തിര നയനാമൃതം.

---

165 കരയും കടലും

കരയും കടലും കടന്നു ദൈവികരാജ്യമുയർത്തും ഞാൻ
മധുരമനോഹരസുവിശേഷത്തിൻ വിത്തുകൾ വിതറും
ഞാൻ
സകലേശാ, നിൻ കരുണക്കഥയുടെ ചിത്രപരമ്പരയാൽ
ധരയുടെ വിദൂരകോണുകൾ പോലുമലംകൃതമാക്കും
ഞാൻ.

അറിയണമറിയണമഖിലരുമങ്ങേപ്പാവനസന്ദേശം
ഉയരണമുയരണമവരുടെ ചിന്തകളുന്നതസന്നിധിയിൽ:
ജാതിമതങ്ങൾ, നിറങ്ങൾ, പദവികൾ ഭേദമെഴാതെല്ലാ-
ജനതയുമങ്ങേക്കൊടിയുടെ കീഴിൽ ശാന്തിനുകർന്നിടണം-
ശാശ്വതശാന്തി.

ഏകപിതാവാം സകലേശ്വരനുടെയാത്മജർ നാമെല്ലാം
തലമുറതഴുകിയ വിശ്വാസത്തിൻ കണ്ണികൾ നാമെല്ലാം:
ഐക്യത്തിൻ ജയപല്ലവിപാടിക്കരങ്ങൾ കോർത്തണി
യായ്
സൗഭാഗ്യത്തിൻ പാതയിലൂടെ കുതിച്ചുപായുക നാം-
അണിയായ്....

---

166 സപ്തസ്വരങ്ങൾക്കുറവിടം

സപ്തസ്വരങ്ങൾക്കുറവിടമെവിടെ
അവിടെ നിന്നൊരു നവഗാനമിതാ,
പ്രഭയുടെയാദിമനിലവറയെവിടെ
അവിടെ നിന്നൊരു നവഗോളമിതാ.

ഈശ്വരപുത്രൻ മാനവസുതനായ്
മഹിയിലെ മണ്ണിൽ ജനിക്കുന്നു:
മാലാഖമാരംബരവേദിയിൽ
നൂതന നൃത്തം ചെയ്യുന്നു.

കണ്ണുകുളിർക്കെ കണ്ടുമതിക്കാൻ
ദൈവം തന്നൊരു ദിവ്യദിനം:
കാതുകുളിർക്കെക്കേട്ടുമതിക്കാൻ
ദൈവം തന്നൊരു നവ്യദിനം.

നീലവിഹായസ്സിൽ നിന്നു വിളങ്ങും
നക്ഷത്രദീപത്തിൻ പ്രഭകണ്ടോ?
താഴെയതൊരുതരിമണലായ് മാറാൻ
തുനിവതു കനിവിൻ തികവല്ലേ?

---

167 മറിയമേ

മാലാഖ

മറിയമേ, സകലസുകൃതവിഭൂഷിതേ
വന്ദനം തരുണിമാരിലനുഗൃഹീതേ,
സർവ്വലോകനിയന്താവാമീശ്വരൻ
കന്യകേ, നിന്നോടു കൂടെയുണ്ട്.

മേരി

എന്തൊരഭിവാദ്യം, ഇതെന്തൊരഭിവാദ്യം
ദൈവമേ, എൻചിത്തമൊന്നായ്പ്പതറിടുന്നല്ലോ:
എന്തൊരഭിവാദ്യം, ഇതെന്തൊരഭിവാദ്യം
പൊരുളുതിരിയാതിവിടെയെന്മനമമ്പരക്കുന്നു.

മാലാഖ

ഭീതിവേണ്ടാ, നിന്നിൽ ദൈവം പ്രീതനാകുന്നു
നിന്നിൽ നിന്നൊരു ശിശുപിറക്കു, മവൻ മഹാനാകും
ഏശുവെന്നു വിളിക്കണം, സുതനുന്നതാത്മജനാം
സന്തതം വാഴുമുന്നതമന്നനായവൻ.

മേരി

നിത്യകന്യാജീവിതത്തിനു നേർച്ചനേർന്നവൾ-
ദൈവമേ, പിന്നെയെങ്ങനെയമ്മയാകും ഞാൻ:
എന്തൊരഗ്നിപരീക്ഷണം! ഇതിനർത്ഥമെന്തേ?
എന്നിലെങ്ങനെയീ വചസ്സുകൾ പൂർത്തിയാകും?

മാലാഖ

മറിയമേ, ദൈവാത്മാവെഴുന്നള്ളിവരും
നിന്നിലീശ്വരശക്തിവന്നു നിറഞ്ഞുനില്ക്കും:
തിങ്ങുമാകുലചിന്തയൊക്കെ വെടിഞ്ഞുകൊൾക
നിൻസുതൻ നിത്യനിർമ്മല ദൈവസൂനുവാം.

മേരി

വെറുമയിൽ നിന്നരിയവാക്കാലവനിതീർത്തവനേ,
വിനയമോടേ നിൻപദങ്ങൾ കുമ്പിടുന്നേൻ:
എളിയദാസിയിതാ, നിന്നുടെയരുമപുത്രിയിതാ
ദൈവമേ, നിൻ വചനമെന്നിൽ പൂർത്തിയാകട്ടെ.

---

168 അന്തിയുറങ്ങുവാൻ

യൗസേപ്പ്

അന്തിയുറങ്ങുവാനല്പമിടത്തിനായ്
മുട്ടിവിളിക്കുന്നു വീട്ടുകാരേ
നസ്രസ്സിൽ നിന്നിങ്ങുപേരുകൾ ചാർത്തുവാൻ
വന്നവർ ഞാനുമെൻ പ്രേയസിയും

വീട്ടുകാരി

ഇല്ലില്ല നിങ്ങൾക്കു നല്കാനിടമില്ല
വീടുനിറയെ വിരുന്നുകാരായ്:
പോകുവിൻ സൈരം കെടുത്താതെ, യിടത്തിനു
സത്രത്തിലെങ്ങാൻ തിരക്കീടുവിൻ.

യൗസേപ്പ്

സത്രക്കാരേ, ഇന്നു തലയൊന്നു ചായ്ക്കുവാൻ
അല്പമിടം ഞങ്ങൾക്കേകീടുമോ?
ദൂരത്തു നിന്നിങ്ങു വൈകിവരുന്നൊരു
യാത്രക്കാർ മുട്ടിവിളിക്കുന്നിതാ.

സത്രക്കാരൻ

സത്രം നിറഞ്ഞുപോയ്, വാതിലടച്ചുപോയ്
മറ്റാർക്കും നല്കാനിടമില്ലിനി:
ക്ഷീണിച്ചുറങ്ങുന്ന പാന്ഥർക്കു രാത്രിയിൽ
ശല്യമായ്ത്തീരാതെ പൊയ്ക്കൊള്ളുവിൻ.

---

169 ഉന്നതങ്ങളിൽ

മാലാഖമാർ

ഉന്നതങ്ങളിലീശ്വരന്നു കീർത്തനം
നരനുഭൂമിയിൽ ശാന്തിയും പ്രത്യാശയും
ഹല്ലേലൊയ്യാ.

ആട്ടിടയർ

കൂട്ടുകാരേ, കൂട്ടുകാരേ, ഉണരുവിൻ
മധുരമാമൊരു ദിവ്യഗാനം കേൾക്കുവിൻ:
ദൂരെയംബരവീഥിയിൽ ദൈവദൂതന്മാർ
പാടിയാടിക്കളിക്കുന്നതു കാണുവിൻ.

മാലാഖമാർ

രാത്രിയാമം കാത്തു പോരുമിടയരേ,
പാരിടത്തിനു ശാന്തിയരുളും നല്ല വാർത്തയിതാ
നിങ്ങൾക്കൊരു രക്ഷകൻ പിറന്നിരിക്കുന്നു
ബേസ്‌ലഹം പുൽത്തൊഴുത്തിൽ പള്ളികൊള്ളുന്നു.

ആട്ടിടയർ

കൂട്ടുകാരേ, ദൈവപുത്രൻ ജാതനായല്ലോ
ബേസ്‌ലഹേമിൽച്ചെന്നു സാദരമാരാധിക്കാം:
ദൈവദൂതരിറങ്ങിവന്നറിയിച്ചതല്ലേ?
സന്നിധാനം ചേർന്നു നാഥനു കാഴ്ചയേകാം.

മാലാഖമാർ

ലോകരക്ഷകനിന്നു ഭൂമിയിൽ ജാതനായി
ദ്യുതിയെഴുന്നൊരു പുതിയകതിരവനുദയമായി:
ഹല്ലേലൊയ്യാ.

---

170 രാരിരോ

രാരിരോ പൊന്നുണ്ണീ, രാരിരാരോ
രാരിരോ പൊന്നുണ്ണീ, രാരിരാരോ.

കുളിർകോരും പാതിരാവിൽ തളിരിട്ട കിനാവല്ലേ
കതിരിട്ട വാഗ്ദാനം ബേദലഹേമിൽ പൂത്തതല്ലേ

തലമുറയായ്പ്പിതാക്കന്മാർ കൊതിച്ചൊരു ജനനമല്ലേ
എളിയൊരീദാസിയെന്നിൽ ദൈവം തന്ന നിധിയല്ലേ?

കരളിലൊരീർച്ചവാളിൻ മധുരിക്കും നോവല്ലേ
കവിതപോലൊഴുകിവന്ന കണ്ണീരിൻ കഥയല്ലേ?

Samuel John

---

171 നൂറ്റാണ്ടുകളുടെ

ശാസ്ത്രജ്ഞന്മാർ

നൂറ്റാണ്ടുകളുടെ നക്ഷത്രം
നൂതനമായൊരു നക്ഷത്രം
കിഴക്കുദിച്ചു, കൂരിരുളെല്ലാം
പറന്നകന്നു, വിണ്ണിൻ മുഖം തെളിഞ്ഞു.

മഹിമാവൊഴുകും രാജാവിൻ
ജനനമഹോത്സവമറിയിക്കും
നക്ഷത്രം കാട്ടിയ വഴിപിൻ-
തുടർന്നുവന്നിവിടെ-ഞങ്ങൾ
തിരഞ്ഞുവന്നിവിടെ

രാജാവ്

ഞാനറിയാതൊരു മന്നവനെൻ
നാട്ടിൽ ജനിക്കാനിടയില്ല:
പ്രവചനമറിയും പണ്ഡിതരുടനെ
സന്നിധിയണയട്ടെ, എൻ സന്നിധിയണയട്ടെ.

വേദപണ്ഡിതർ

"യൂദയായുടെ ബേസ്ലഹമിൽ
രാജനേശുപിറന്നരുളും"
പ്രവാചകൻ തിരുലിഖിതങ്ങളിൽ
മൊഴിഞ്ഞവാണിയിതാ, പണ്ടേമൊഴിഞ്ഞവാണിയിതാ.

രാജാവ്

ആരെവിടെ ശിശുവിനെ വണങ്ങുവാനായ്പ്പോയോർ
ആരുമിങ്ങുതിരിയെവന്നു വിവരമറിയിച്ചില്ലേ?

സേവകർ

വഞ്ചകന്മാരാവഴിക്കുപോയ്മറഞ്ഞതാവാം
ബാലകനീനാടിനൊരു ഭീഷണിയായ് മാറാം.

രാജാവ്

ആരുമെന്റെ വീഥിയിൽ വിലങ്ങുനിന്നുകൂടാ
ബാലകന്റെ കഥകഴിക്കാൻ തെല്ലുവൈകിക്കൂടാ

സേവകർ

രണ്ടു പക്ഷമില്ലവനെ വകവരുത്തിടേണം
തന്ത്രമോടു ബാലനെത്തിരഞ്ഞു കണ്ടിടേണം

രാജാവ്

രണ്ടുവയസ്സെത്തിടാത്ത ബാലകരെയെല്ലാം
കൊന്നിടുവിൻ; കൂടെ രാജബാലനും മരിക്കും

സേവകർ

മന്നവേന്ദ്ര, വാളുമായിറങ്ങിടുന്നു ഞങ്ങൾ
ബാലനെ വധിച്ചിടാതടങ്ങുകില്ല നൂനം.

മാലിന്യം കലരാത്ത ബാലരുധിരം
കണ്ണീർക്കളം തീർക്കവേ
തീരാവേദനയേറ്റു മാതൃഹൃദയം
നീറിപ്പുകഞ്ഞീടവേ

നാടും വീടുകളും നിറഞ്ഞനെടുവീർ-
പ്പാകാശവാതിൽ തുറ-
ന്നാശ്വാസത്തിനു കുമ്പിടുന്നു വിരവിൽ
സർവ്വേശപാദങ്ങളെ.

---

172 യൗസേപ്പേ

മാലാഖ

യൗസേപ്പേ, നിദ്രയിൽ നിന്നെഴുന്നേറ്റു നിങ്ങൾ
ശിശുവിനേയും കൊണ്ടു വേഗമൊളിച്ചു കൊൾവിൻ:
രണ്ടു വയസ്സിനു താഴെയുള്ള ശിശുക്കളെയെല്ലാം
കൊന്നൊടുക്കാൻ രാജകല്പന വന്നിരിക്കുന്നു.

വിവരണം

ദൈവദൂതവചസ്സുകേട്ടവർ വെമ്പലോടെ
പാതിരാവിലുണർന്നു യാത്ര തിരിച്ചു വേഗം:
മാമരങ്ങൾ വഴിക്കു പൂന്തണലേകി നിന്നു
കാട്ടുചോലകൾ ദാഹശാന്തി പകർന്നുണർന്നു.

ഈജിപ്തിലൊരെളിയ പാർപ്പിടമഭയമായി
ഭീതി വിട്ടവരാശയോടു ദിനങ്ങൾ നീക്കി:
മന്നവന്റെ വിയോഗവാർത്തയറിഞ്ഞു മോദാൽ
അന്യനാടു വെടിഞ്ഞു നസ്രസ്സിൽ വന്നു പാർത്തു.

---

173 മകനേ

യൗസേപ്പ്

മകനേ, ഓമനമകനേ, എന്തിനീ
വിരഹവേദനയേകി നീ
ദിവസങ്ങൾ മൂന്നായ് നിന്നെക്കാണാതെ
വിവശരായ് ഞങ്ങളലയുന്നു.

മേരി

അഴലു തിങ്ങിയെൻ മകനേ, ഞാനുമീ
പ്രിയമേറും നിന്റെ താതനും
ഉഴറിയോടാത്ത വഴിയില്ല, കേട്ടു
മിഴിനീർതൂകാത്ത ജനമില്ല.

യൗസേപ്പ്

അനുസരണംവിട്ടോരണുവും മാറാത്ത
പ്രകൃതം നീയെന്നും തെളിയിച്ചു:
ഒരു വാക്കും മുന്നം പറയാതിന്നേവം
മറയുവാനെന്തു കാരണം?

മേരി

അതുലവൈഭവം നിറയും പണ്ഡിത-
വരരെ ധീരമായ് നേരിടാൻ
കഴിവു നല്കിയതാരു, നീയേവ-
മറിവു നേടിയതെങ്ങനെ?

ബാലൻ

പരമതാതന്റെ ഭവനത്തിൽ നിത്യം
കഴിയേണം ഞാ, നെന്നറിയില്ലേ?
കദനഭാരമാർന്നിദമെന്നെത്തേടി
യലയാൻ പിന്നെന്തു കാരണം.

---

174 ഒലിവിലത്തണൽ

ഒലിവിലത്തണൽ നുകർന്നൊളിവീശിത്തെളിയുന്ന
പരിശുദ്ധമാമൊരു ഗ്രാമം
അവിടെയാക്കൊച്ചുവീട്ടിലെളിയൊരു തച്ചനായി
പണി ചെയ്യും ബാലനവനാരോ!

മനുജന്റെ മിഴികൾക്കു വെറുമൊരു തൊഴിലാളി
വാനവന്റെ കണ്ണുകൾക്കു ദൈവം
ആരുമാരുമറിയാതെ വിനീതനായ് മാനവർക്കു
വിധേയനായ്ക്കഴിയുന്ന ദൈവം.

അവനിയുമംബരവും തീർത്തൊരു കരമല്ലോ
പണിയായുധങ്ങളേന്തിത്തളർന്നു
ഈശ്വരനും മനുജനും മനപ്രിയം പകരുന്ന
മഹനീയ മാതൃകയായ് വളർന്നു.

---

175 വഴിയൊരുക്കുവിൻ

യോഹന്നാൻ

വഴിയൊരുക്കുവിൻ, വഴിയൊരുക്കുവിൻ
വരുന്നിതാ, വരുന്നിതാ, ലോകരക്ഷകൻ:
മരുവിൽ വീണ മഞ്ഞുപോൽ കുളിർമ നല്കുവാൻ
തെളിവിയന്ന കതിരുപോൽ പ്രകാശമേകുവാൻ.

കനി തരാത്ത ചെടികളൊക്കെ വെട്ടി വീഴ്ത്തും
കളമടിച്ചു പതിരെല്ലാം ചാരമാക്കും:
പശ്ചാത്തപിക്കുവിൻ, കറയകറ്റുവിൻ
ദൈവരാജ്യം സമീപിച്ചതറിഞ്ഞീടുവിൻ.

വിവരണം

യോഹന്നാൻ ധീരമായ്ത്തൊടുത്ത വാണികൾ
ജോർദ്ദാനിൽ കോളിളക്കമുയർത്തി നില്ക്കെ
അനുതാപികളോടിവന്നു വണങ്ങിടുന്നു
ദൈവകോപമകറ്റുവാൻ വഴി തേടുന്നു.

---

176 പാപമേതും

യോഹന്നാൻ

പാപമേതുമറിഞ്ഞിടാത്ത മ-
ഹേശപുത്ര, ഭവാനിദം
പാപിയെന്നകണക്കു നീരിലി-
റങ്ങി നില്ക്കുവതെന്തേ?
വഴിയൊരുക്കുവിനെന്നു കാനന
ഭൂവിലേ സ്വരമാണു ഞാൻ
സ്നാനമെങ്ങനെ നീതരേണ്ടതു
ഞാൻ നിനക്കു പകർന്നിടും?

ക്രിസ്തു

ദൈവകല്പനയാണു നീയിതിൽ
വൈമനസ്യമുരയ്ക്കൊലാ
നിത്യനീതി വിധിച്ചിടുന്നതു
കാക്കുവാനെതിർ നില്ക്കൊലാ:
ശങ്കവിട്ടിതു ചെയ്ക നീ, മുറ-
പോലെ നീതി നടക്കണം
സ്നാനമേറ്റു പരസ്യജീവിത-
ഭൂവിലെൻ പദമൂന്നണം.

വിവരണം

ഈശപുത്രമനസ്സറിഞ്ഞവ
നെളിമയോടു വഴങ്ങി
വിരവിലുന്നത മണ്ഡലങ്ങൾ തു-
റന്നു വെൺപ്രഭ വീശി:
പ്രാവുപോലെ പാവനാത്മൻ
ദൃശ്യനായ് വിണ്ണിൽ
താതനീശ്വരനോതി "യെൻ പ്രിയ-
മേറുമാത്മജനാണിവൻ."

177 കാനായിലന്നൊരു

കാനായിലന്നൊരു കല്യാണം
ഉൾക്കാമ്പിലെല്ലാർക്കുമുല്ലാസം:
മേരിയും പുത്രനും വന്നു കഴിഞ്ഞപ്പോൾ
മോദത്തിമിർപ്പിന്റെ മയിലാട്ടം.

ആനന്ദവായ്പിന്റെ കല്ലോലം
താളത്തിലാടിത്തകർത്തു നില്ക്കേ
മുറവീഞ്ഞു തീർന്നതറിഞ്ഞു കുടുംബത്തിൻ
നായകനമ്പേ പകച്ചു നിന്നു.

പുത്രന്റെ ദൈവീകസിദ്ധിയെല്ലാം
ഉൾത്താരിലോർത്തൊരു മേരിയമ്മ
നീറുന്ന ബന്ധുവിൻ മാനം പുലർത്തുവാൻ
ഓമൽക്കുമാരനെയാശ്രയിച്ചു.

സമയമായില്ലെന്നൊഴിഞ്ഞു മാറാൻ
വിനയമോടാദ്യം തുനിഞ്ഞെങ്കിലും
സ്വന്തം ജനിത്രിയാളാശിച്ചൊരത്ഭുതം
ചന്തമായ്ച്ചെയ്യാനുറച്ചു പുത്രൻ.

ഭരണിയിലെല്ലാം ജലം നിറഞ്ഞു
വിരവിലതു വീഞ്ഞായ് പതഞ്ഞു നിന്നു:
പുത്തൻ വീഞ്ഞു കുടിച്ചവരീശനെ
വാഴ്ത്തി ജിതാമയമുല്ലസിച്ചു.

---

178 ചപലവികാരത്തിന്റെ

ചപലവികാരത്തിന്റെ തിരകളിൽപ്പെട്ടു നാഥാ,
തുഴയറ്റു താണുപോയി പാപച്ചുഴിയിൽ
കടലിനെ ശാസിച്ച തിരുവാക്കാലെന്റെയുള്ളിൽ
ഇരമ്പുന്ന സാഗരം നീ ശാന്തമാക്കൂ.

രതിസുഖരാവുകളിൽ പരിമളംപരത്തിയ
പനിനീരിനാലീപാദം കഴുകിടട്ടെ:
കാമുകന്റെ സിരകളെ ഹരം പിടിപ്പിച്ചോരെന്റെ
കാർകൂന്തലാലീപാദം തഴുകിടട്ടെ.

പാപികളെത്തേടിവന്ന പരമപൂരുഷാ, നിന്റെ
പാദദാസിയായിട്ടെന്നെ സ്വീകരിക്കൂ:
ഓടിപ്പോയകുഞ്ഞാടിനെ തേടിവന്നൊരാട്ടിടയാ
കാടുകേറിപ്പോയൊരെന്നെ കൂടണച്ചാലും.

Samuel John

---

179 ഓശാന

ഓശാന, ഓശാന, ദാവീദിൻസുതനോശാന
ഓശാന, ഓശാന, അത്യുന്നതങ്ങളിലോശാന

സൈത്തിൻചില്ലകളോടിവരുന്നു,സർവ്വജനങ്ങളുമോടി
വരുന്നു

മംഗള വിളിയാലംബര സീമകൾ മുഴങ്ങിടുന്നു.
പുഞ്ചിരിതൂകും ബാലകരേ, നവഗീതികൾ പാടിവരൂ
ജെറുസലേമിൻ വീഥികളേ, പുത്തൻ ചരിത്രമെഴുതൂ.

വഴിയിൽ പട്ടുവിരിക്കുന്നു,പരിമളമലരുകൾ വിതറുന്നു
നിറഞ്ഞുതിങ്ങിയജനതതിയൊന്നായ് പുളകംകൊള്ളുന്നു:
മാനവരാർത്തുവിളിക്കുന്നു, മാമലമാറ്റൊലിതീർക്കുന്നു
ഗ്ലീലാക്കടലുംജോർദാൻനദിയും തരിച്ചു നില്ക്കുന്നു.

---

180 ആരാത്രിയിൽ

ആരാത്രിയിൽ, അന്ത്യരാത്രിയിൽ
സ്നേഹാമൃതംപെയ്തരാത്രിയിൽ
അത്താഴവിരുന്നിനു നാഥൻ
ശിഷ്യരോടൊത്തങ്ങിരുന്നു.

അപ്പം വാഴ്ത്തിമുറിച്ചു
സന്തോഷമോടവർക്കേകി:
സ്വർല്ലോകതേജസ്സിൽമുങ്ങും
മുഖമോടു നാഥൻമൊഴിഞ്ഞു.

"പ്രിയരേ, ഇതാ, എൻശരീരം
നിങ്ങൾക്കായ്നല്കും ശരീരം
സ്വർഗ്ഗീയമീ ദിവ്യഭോജ്യം
സ്നേഹം കലർന്നു ഭുജിപ്പിൻ"

ദ്രാക്ഷാരസത്തിന്റെ കാസാ
വാഴ്ത്തിയവർക്കായ്പ്പകർന്നു
നേത്രങ്ങൾ വിണ്ണിലുയർത്തി
നാഥൻ ശിഷ്യരോടോതി:-

"പ്രിയരേ, ഇതാ, എന്റെ രക്തം
നിങ്ങൾക്കായ്ച്ചിന്തുന്ന രക്തം
പാപപ്പരിഹാരരക്തം
ഇതുനിങ്ങൾ വാങ്ങിക്കുടിപ്പിൻ."

"നിങ്ങളെൻ നാമത്തിലെന്നും
ഒന്നിച്ചുകൂടുമ്പൊഴെല്ലാം
ഞാനിന്നനുഷ്ഠിച്ചകർമ്മം-എന്റെ
ഓർമ്മയ്ക്കായ്ചെയ്വിൻ നിരന്തം."

181 കഴിയുമെങ്കിൽ

കഴിയുമെങ്കിൽപ്പിതാവേ, ഇപ്പാനപാത്രം
കനിവിയന്നെന്നിൽനിന്നകറ്റേണമേ:
എങ്കിലും നിൻതിരുമനസ്സിനു മുമ്പിൽ ഞാനിതാ
വിനയമോടേ കൈകൾ കൂപ്പി നിന്നിടുന്നു.

ഗാഗുൽത്താമലയുമാക്കുരിശുമെല്ലാം
സങ്കല്പവേദിയിൽത്തെളിഞ്ഞു നിന്നു:
മാനസം ഭീതിയാൽപ്പിടഞ്ഞിടുന്നു
തിരുസുതൻപാരമേൽക്കമിഴ്ന്നു വീഴുന്നു.

പൂമേനിയാകെ വിറച്ചിടുന്നു
ചെന്നിണംവാർന്നുവാർന്നൊഴുകിടുന്നു:
ഗദ്സെമാൻ ഗദ്ഗദം പൂണ്ടു നിന്നു
താരകൾ കണ്ണുനീർ വാർത്തുനിന്നു.

---

182 ഇതാമനുഷ്യൻ

"ഇതാ മനുഷ്യൻ, ഇതാ മനുഷ്യൻ
തെറ്റുകളൊന്നും ഞാനീ നരനിൽക്കാണുന്നില്ല:
ഇതാ മനുഷ്യൻ, ഇതാ മനുഷ്യൻ
നിർമ്മലമാമിച്ചോരയിലെനിക്കുപങ്കില്ല."

മുൾമുടിചൂടിയശിരസ്സും
ചെന്നിണമൊഴുകും മുഖവും
ക്രൂരതയേറിയവൈരിയിലണുവും
ചലനം തീർത്തില്ല.

കുരിശിലേറ്റൂ, കുരിശിലേറ്റൂ
സഹതാപത്തിൻ കണികതൊടാതവരലറി.
കുരിശിലേറ്റൂ കുരിശിലേറ്റൂ
ഉപജാപത്തിൻ പിടിയിലമർന്നവരലറി.

---

183 ഏകനായ്ത്തീർന്നൊരീ

ഏകനായ്ത്തീർന്നൊരീദേവകുമാരന്റെ
ശോകാന്തയാത്രയനുഗമിക്കാൻ
പോരിക, പോരിക ദേവവൃന്ദങ്ങളേ,
പാരിൻ പരിത്രാണനേരമായി.

സൗരയൂഥങ്ങൾ തൻ സ്നേഹപ്രകാശമായ്
കാലംചമയ്ക്കുമീകരുണാതിരേകത്തെ
കേവലംമർത്യനായ്, കുരിശേന്തും നിന്ദ്യനായ്
കല്പിച്ചതേതൊരു സ്നേഹവായ്പ്!

താരാകിരീടമണിയുംശിരസ്സിൽ
ചോരമണിമുത്തുമുൾമുടിചൂടി
കട്ടിച്ചു നീലിച്ചുരക്താങ്കിതംമുഖം
പൊട്ടിത്തടിച്ചുപോയ് പാലൊളിപ്പുഞ്ചുണ്ട്.

പാതിയടഞ്ഞുപോയ് പാലാഴിനേത്രങ്ങൾ
വാടിക്കരിഞ്ഞുപോയ് താമരപ്പൂമുഖം
സ്നേഹ സമുദ്രമിരമ്പുമാക്കൺകളിൽ
ദു:ഖം വിതുമ്പുന്ന ചോരപൊടിച്ചുവോ?

സുരസുമസേവിതപാദാരവിന്ദം
കല്ലിലുംമുളളിലും തട്ടിത്തകരുന്നു
കാലത്തിൻകൈലേസിലാമുഖംവീഴുന്നു
തോളുംതകർന്നേശുതാഴെപ്പതിക്കുന്നു.

വീണുകിടക്കുമീപ്പൂമേനി വീണ്ടും
വീണ്ടുമടിച്ചു ചതപ്പതെന്തേ?
ഈകാഴ്ചകണ്ടു കരളുതകരുവാൻ
എന്തിനുവന്നയ്യോപൊന്നു മാതാവേ?

Samuel John

---

184 ജനമേ

ജനമേ,വത്സലജനമേ,നിങ്ങൾക്കു
ദ്രോഹമെന്തെന്തു ചെയ്തു ഞാൻ?
ഏവമിന്നെന്നെ ക്രൂശിലേറ്റുവാൻ
ദ്രോഹമെന്തെന്തുചെയ്തു ഞാൻ?

കനിവോടന്ധനു കാഴ്ചയേകി ഞാൻ
ബധിരനേകി ഞാൻ ശ്രവണവും
പകരമായ് നിങ്ങളഴലുതിങ്ങുമീ-
ക്കുരിശിലെന്നെത്തറച്ചിതോ?

രോഗികൾക്കു ഞാനാശ്വാസം നല്കി
പാപികൾക്കുപ്രതീക്ഷയും
കുരിശിലിന്നു ഞാൻ പിടയുമ്പോളാരു-
മരുളുന്നില്ലൊരു സാന്ത്വനം.

അഞ്ചപ്പംവാഴ്ത്തിവനഭൂവിങ്കൽ ഞാ-
നായിരങ്ങൾക്കു പശിതീർത്തു:
ദാഹലോലനെനിക്കൊരുതുള്ളി
ജലമേകാനാരുമില്ലല്ലോ.

---

185 ആകാശ ദീപങ്ങൾ

ആകാശ ദീപങ്ങളോടിയൊളിച്ചു
ആദിത്യഗോളം മുഖംമറച്ചു:
ആകാശനാഥനെക്കുരിശിൽത്തറച്ചു
അണ്ഡകടാഹംവിറങ്ങലിച്ചു.

നക്ഷത്രപ്പൂങ്കൊടി നട്ടുവളർത്തിയ
ഉദ്യാനപാലകാ, നിന്റെ കൈയിൽ
കാരിരുമ്പാണികൾ കുത്തിയിറക്കുവാൻ
മാനവനയ്യോ കരമുയർന്നോ?
കടലിന്നുമീതേനടന്നനിൻ പാദങ്ങൾ
കൂട്ടിത്തറയ്ക്കാനവൻ മുതിർന്നോ?

സാഹോദര്യത്തിന്റെ സന്ദേശംപാടിയ
സ്നേഹത്തിൻ ഗായകാ,നിന്റെ മാറിൽ
കന്മഷംകൂർപ്പിച്ചകുന്തം തറയ്ക്കുവാൻ
ക്രൂരനാംമർത്യന്റെ കരമുയർന്നോ?
മാലാഖമാർപാടിവാഴ്ത്തുമാപ്പൂമേനി
പങ്കിലമാക്കാനവൻ മുതിർന്നോ

Samuel John

---

186 ഉയിർത്തെഴുന്നേറ്റു

ഉയിർത്തെഴുന്നേറ്റു, മിശിഹാ ഉയിർത്തെഴുന്നേറ്റു
കല്ലറയിൽ നിന്നും കന്യാസുതനുയിർത്തെഴുന്നേറ്റു:
വിജയലാളിതനായ് പുകളാർന്നുയിർത്തെഴുന്നേറ്റു
ഹല്ലേലൊയ്യാ, ഹല്ലേലൊയ്യാ

തേടുവതാരെ ഒഴിഞ്ഞൊരിക്കല്ലറയിങ്കൽ
ദൈവകുമാരൻ നിരാമയമുയിർത്തെഴുന്നേറ്റു:
മൃതിയടഞ്ഞവൻ മുറപോൽകബറടങ്ങിയവൻ
പരമസുന്ദരമാം പ്രശോഭയൊടുയിർത്തെഴുന്നേറ്റു.

കുരിശിൽ നിന്ദിതനായ്മരിച്ചൊരു ഭുവനപാലകൻ
നരകുലത്തിനുസ്വർഗ്ഗവാതിൽതുറന്ന രക്ഷകൻ
നരകഭീഷണിതീർത്തുമാനവനുയിരു നല്കിയവൻ
മരണമാം വിലങ്ങുതകർത്തുയിർത്തെഴുന്നേറ്റു.

---

187 ദൈവം കല്പിച്ചു

ദൈവം കല്പിച്ചു, പറവകളുണ്ടായി
പറവകൾ മാനത്തിൽ പറന്നുപാടുന്നു.

ദൈവം കല്പിച്ചു, മീനുകളുണ്ടായി
മീനുകൾ വെള്ളത്തിൽ നീന്തിനടക്കുന്നു.

ദൈവം കല്പിച്ചു, മൃഗങ്ങളുണ്ടായി
മൃഗങ്ങൾ നാടെല്ലാം നടന്നുമേയുന്നു.

ദൈവം കല്പിച്ചു, മനുഷ്യനുണ്ടായി
മനുഷ്യനീശ്വരനെ വാഴ്ത്തിപ്പാടുന്നു.

---

188 ജീവന്റെ നാഥനാണു

ജീവന്റെ നാഥനാണു ദൈവം
ദൈവം തീർത്തതാണുലോകം:
ജീവന്റെ നാഥനാണു ദൈവം
ദൈവം തീർത്തതാണുമാനം

ജീവന്റെ നാഥനാണു ദൈവം
ദൈവം തന്നെനിക്കു ജീവൻ:
വാ,വാ, സോദരരേ, വാ,വാ
സർവ്വേശകീർത്തനങ്ങൾ പാടാം.

---

189 ദൈവത്തിൻ പുത്രനാമീശോ

ദൈവത്തിൻപുത്രനാമീശോ
ലോകത്തിൻ ദീപ്തിയാമീശോ
മർത്യനായ് വന്നുപിറന്നു
മർത്യനു രക്ഷപകർന്നു.

നിത്യപിതാവിൻ മഹത്വം
നമ്മെപ്പഠിപ്പിക്കാൻ വന്നു:
കൂരിരുൾ നീക്കി ജഗത്തിൽ
ദീപം കൊളുത്തുവാൻ വന്നു.

---

190 ഏകയായ്

ഏകയായ് ഞാനിരുന്നപ്പോൾ
ചിന്തയെന്നിൽ വിടർന്നപ്പോൾ
ദൈവമെന്നെ വിളിക്കുന്ന
സ്വരംകേട്ടു ഞാൻ

സ്നേഹമേറും ദൈവമേ, നിൻ
സൂനുവിൻെറ ഹൃദയത്തിൽ
പാവനമാം സ്നേഹദീപം
കൊളുത്തേണമേ.

---

191 സന്ധ്യയായി

സന്ധ്യയായി, തിരികൊളുത്തി
ഞങ്ങളെല്ലാം വീട്ടിലെത്തി
പ്രാർത്ഥനയ്ക്കായ് മുട്ടുകുത്തി
ഭക്തിയോടേ കൈകൾ കൂപ്പി.

ദൈവമേ, നിൻ കുഞ്ഞുമക്കൾ
ദിവ്യപാദം കുമ്പിടുന്നു:
കീർത്തനങ്ങൾ പാടി ഞങ്ങൾ
വാഴ്ത്തിടുന്നു ദിവ്യനാമം

അറിവുനല്കും പാവനാത്മാ
നിരതമെന്നിൽ വാണിടേണം:
പരമദീപം കാട്ടിയെന്നെ
സുരപഥത്തിൽച്ചേർത്തിടേണം.

---

192 ചെയ്യുന്നതെല്ലാം

ചെയ്യുന്നതെല്ലാം ഞാൻ നന്നായിച്ചെയ്യും
ദൈവത്തിനിഷ്ടം വരുത്താൻശ്രമിക്കും
പാഠംപഠിക്കുമ്പോൾ നന്നായ്പ്പഠിക്കും
പന്തുകളിക്കുമ്പോൾ നന്നായ്ക്കളിക്കും

പ്രാർത്ഥിക്കാൻ നില്ക്കുമ്പോൾ ഭക്തിയായ്നില്ക്കും
വീട്ടിലേ ജോലികളെല്ലാം ഞാൻ തീർക്കും:
അച്ഛനുമമ്മയ്ക്കുമാനന്ദമേകും
ചങ്ങാതിമാർക്കൊക്കെ സന്തോഷമേകും

---

193 കൂട്ടുകാരേ

കൂട്ടുകാരേ, ഓടിവാ, വാ
പാട്ടുപാടാനോടിവാ, വാ
ദൈവനാമ കീർത്തനങ്ങൾ
ആലപിക്കാനോടിവാ, വാ

ദൈവമല്ലോ കനിവൊടേ തൻ
സൂനുവിനെ ഭൂവിനേകി:
സൂനുവല്ലോ കുരിശിനാലേ ഓ
മാനവന്നു രക്ഷയേകി.

---

194 നന്മനിറഞ്ഞ

നന്മനിറഞ്ഞ മറിയമേ, വന്ദനം
കർത്താവു നിന്നോടു കൂടെയുണ്ട്:
സ്ത്രീകളിലേറ്റമനുഗ്രഹശാലിനീ
നിൻദിവ്യപുത്രനനുഗൃഹീതൻ.

കന്യാമറിയമേ, ദൈവത്തിൻ മാതാവേ
പാപികൾ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ:
ഇപ്പോഴുമെപ്പോഴും മൃത്യുവിൻ നേരത്തും
പാപികൾ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

---

195 ഉണ്ണി പിറന്നതറിഞ്ഞില്ലേ

ഉണ്ണി പിറന്നതറിഞ്ഞില്ലേ
മംഗളഗാനം കേട്ടില്ലേ?
അങ്ങുകിഴക്കൊരു നക്ഷത്രം
പൊങ്ങി വിരിഞ്ഞതുകണ്ടില്ലേ?

കൂരിരുൾ തിങ്ങിയലോകത്തിൽ
പാവനമായൊരു ദീപം നീ
നേർവഴികാട്ടിനയിക്കണമേ
സ്വർഗ്ഗാനന്ദം നല്കണമേ.

---

196 സ്വർഗ്ഗത്തിൽ വാഴുന്ന

സ്വർഗ്ഗത്തിൽ വാഴുന്ന താതനാം ദൈവമേ
നിൻനാമം പൂജിതമായിടേണം:
സ്വർഗ്ഗത്തിൽ വാഴുന്ന താതനാം ദൈവമേ,
നിൻവാഴ്ച ഭൂമിയിൽ വന്നിടേണം.

സ്വർഗ്ഗത്തിലെന്നപോൽ നിന്നുടെയിഷ്ടമീ-
ലോകത്തുമെന്നും നിറവേറേണം:
ഞങ്ങൾക്കു വേണ്ടുന്ന ഭോജ്യങ്ങളൊക്കെയും
ഇന്നു കനിഞ്ഞു നീ നല്കിടേണം.

ഞങ്ങൾ പൊറുക്കുന്നപോലെ മഹേശ്വരാ
ഞങ്ങളോടും നീ പൊറുക്കേണമേ:
പാപപ്പരീക്ഷയിൽ വീഴാതെ കാക്കണേ
തിന്മയിൽ നിന്നെല്ലാം രക്ഷിക്കണേ.

---

197 നന്ദി പറഞ്ഞു

നന്ദി പറഞ്ഞു നമിക്കുന്നു- കനി
വിയലും സകലേശാ,
സൃഷ്ടിച്ചൂ നീ ഞങ്ങളെയെല്ലാം
കനിവൊടു രക്ഷിച്ചു.

കാറ്റും കടലും കാട്ടാറുകളും
നിൻ പുകൾ പാടുന്നു:
താരും തളിരും താരാഗണവും
തംബുരുമീട്ടുന്നു.

മലയും മഞ്ഞും മാമലനിരയും
നിന്നെ നമിക്കുന്നു:
മാനത്തുയരും പറവകളെല്ലാം
നിന്നെ വണങ്ങുന്നു.

---

198 അന്നു നമ്മൾ

ആദം

അന്നു നമ്മൾ ദൈവമക്കൾ
ഇന്നു നമ്മൾ മരണമക്കൾ
അന്നു നമ്മൾ ഭാഗ്യമുള്ളോർ
ഇന്നു നമ്മൾ ഭാഗ്യമറ്റോർ

ഹവ്വാ

ദൈവമാകാൻ നോക്കിനമ്മൾ
ശാപമേറ്റോരായി നമ്മൾ:
അറിവുനേടാൻ നോക്കി നമ്മൾ
അജ്ഞരായിത്തീർന്നു നമ്മൾ.

ആദം

കനിപറിച്ചു, പൊരുളറിഞ്ഞു
കനകവാതിൽ സ്വയമടഞ്ഞു:
കരളിലെല്ലാമിരുൾനിറഞ്ഞു
ജീവിതത്തിൻ ചിറകൊടിഞ്ഞു.

രണ്ടുപേരുംകൂടി

പറുദീസാ വഴുതിമാറി
പാപികൾ നാം വഴിയിലായി
ദൈവമേ, നിൻ കരുണയെന്യേ
ശരണമില്ലീയുലകിലേതും.

---

199 പൂനിലാവെങ്ങും

പൂനിലാവെങ്ങും പരന്നു - വെള്ള-
പ്പൂക്കൾ വിരിഞ്ഞു നിരന്നു:
പുൽക്കൂട്ടിലുണ്ണി പിറന്നു- ദൈവ-
പുത്രൻ മനുഷ്യനായ്ത്തീർന്നു.

മാലാഖമാർ വന്നിറങ്ങി - നവ്യ-
സന്ദേശമെങ്ങും മുഴങ്ങി:
ദൈവത്തിനത്യുന്നതത്തിൽ - നിത്യ-
കീർത്തനം മർത്യനു ശാന്തി

---

200 താരം കിഴക്കുദിച്ചു

താരം കിഴക്കുദിച്ചുപൊങ്ങിടുന്നു
നേരേവിയത്തിലൂടെ നീങ്ങിടുന്നു:
വിജ്ഞാനിമാരതിന്റെ മിന്നൽ കണ്ടു
പാരം പ്രമോദമോടു പിൻതുടർന്നു.

ദൈവംപിറന്ന കൊച്ചു പുൽക്കൂടിൻ
മേലേ, അതുച്ചിയിൽത്തെളിഞ്ഞുനിന്നു:
മൂന്നാളുമുള്ളിലേയ്ക്കടുത്തുചെന്നു
പൊന്നുണ്ണി ശാന്തമായ് ശയിച്ചിടുന്നു.

പൊന്നും നറുമ്പശയും കുന്തിരക്കവും
മന്നിന്റെ പാലകന്നു കാഴ്ചയേകി:
സന്തോഷമോടു കൈകൾ കൂപ്പിനിന്നു
സ്വർഗ്ഗീയ ദർശനം നുകർന്നു നിന്നു.

---

201 ബാലകർക്കു മിത്രമായ

ബാലകർക്കുമിത്രമായ ലോകനാഥാ, നിന്റെ
ദിവ്യപാദം മോദമോടേ കുമ്പിടുന്നേൻ:
തങ്കമില്ല, വെള്ളിയില്ല കാഴ്ചയേകാൻ, എന്റെ
പൂങ്കരൾ ഞാൻ സ്നേഹമോടേ നല്കിടുന്നു.

സങ്കടത്തിൽ നീയെനിക്കു കൂട്ടുകാരൻ - നിന്റെ
തങ്കമുഖമെപ്പോഴും ഞാൻ കണ്ടിടുന്നു:
എന്നുമെന്നുമെന്റെയുള്ളിൽ വാണിടേണം - നാഥാ
നിന്നിൽ ഞാനലിഞ്ഞലിഞ്ഞു ചേർന്നിടേണം.

---

202 സ്നേഹം ജഗത്തിൽ

സ്നേഹം ജഗത്തിൽ വിതയ്ക്കുവാനായ്
സ്നേഹത്തിൻ നൂലിലിറങ്ങി ദൈവം:
സർവ്വേശ നന്ദനൻ മർത്യനായി
ഉർവ്വിയിലാനന്ദം നൃത്തമാടി.

എല്ലാർക്കുമൂഴിയിൽ നന്മചെയ്യാൻ
സ്വർല്ലോകം വിട്ടിങ്ങിറങ്ങി ദൈവം
മാനവനാകാശരാജ്യമേകാൻ
മാനവരൂപം ധരിച്ചുവന്നു.

കാനായിൽ വെള്ളം വീഞ്ഞാക്കി
കടലിന്റെ മീതേ നടന്നുപോയി:
കുരുടന്റെ കണ്ണിനു കാഴ്ച നല്കി
മരണമടഞ്ഞോർക്കു ജീവനേകി.

---

203 സൂര്യനെന്തേ

സൂര്യനെന്തേയിരുണ്ടു മയങ്ങുന്നു
ഭൂമിയെന്തേ കുലുങ്ങി വിറയ്ക്കുന്നു
പാറയെന്തേ പിളർന്നു തകരുന്നു
ഭീതിയെന്തേ വളർന്നു പരക്കുന്നു?

ദൈവനന്ദനൻ ക്രൂശിതനായ് മരിച്ചു
ലോകപാലകൻ നിന്ദിതനായ് മരിച്ചു.

പാപികൾക്കുതൻ രക്തവും മാംസവും
നല്കിടുന്നു മഹേശ്വരനന്ദനൻ:
ഇന്നുമൾത്താരതന്നിലാ ദിവ്യമാം
കാൽവരിയിലേ യാഗം നടക്കുന്നു.

---

204 ഒരു ദൈവം

ഒരു ദൈവം, ദൈവത്തിൽ മൂന്നാളുകൾ
താതനും പുത്രനും ദൈവാത്മാവും
താതനാം ദൈവം ജന്മമേകി
പുത്രൻ കുരിശാലേ രക്ഷയേകി.

ദൈവാത്മാവുള്ളിൽ വസിച്ചുനിത്യം
സ്വർഗ്ഗവിശുദ്ധി പകർന്നിടുന്നു:
ദൈവമേ, നിന്നെ ഞാൻ സ്നേഹിക്കുന്നു
സന്തതമെന്നെ നീ കാത്തീടണേ.

---

205 വാനവഗാനം

വാനവഗാനം പാടി മഹേശനെ
വാഴ്ത്തും മാലാഖാ
രാപകലെന്നുടെകൂടെ വസിക്കും
കാവൽ മാലാഖാ.

പാപം ചെയ്താൽ കണ്ണീർതൂകും
കാവൽ മാലാഖാ
നല്ലതുചെയ്താൽ പുഞ്ചിരിതൂകും
കാവൽ മാലാഖാ

---

206 തിന്നാലുമെന്നൊരു

തിന്നാലുമെന്നൊരു ശബ്ദം
അരുതരുതേ എന്നൊരുശബ്ദം
ഹവ്വാ ഭയന്നുവിറച്ചു:
പിന്നെയാപ്പൂങ്കനി തിന്നു.

തിന്നാലുമെന്നൊരു ശബ്ദം
അരുതരുതേയെന്നൊരു ശബ്ദം
ആദം ഭയന്നുവിറച്ചു:
പിന്നെയാപ്പൂങ്കനി തിന്നു.

പാപം കടന്നുപിടിച്ചു
സാത്താനിരുന്നു ചിരിച്ചു:
കൂരിരുൾതിങ്ങിപ്പടർന്നു,
കൂരമ്പുകേറിത്തറഞ്ഞു.

ദൈവമിറങ്ങി വിളിച്ചു
രണ്ടാളുമൊപ്പമൊളിച്ചു:
അയ്യോ, മനുഷ്യന്റെ പാപം
തീർത്താലും തീരാത്ത ശാപം.

---

207 കറകളശേഷം

കറകളശേഷം കഴുകിയകറ്റും
മാമ്മോദീസാ
കരളിൽക്കാഞ്ചന കതിരുപരത്തും
മാമ്മോദീസാ.

ദൈവികജീവൻ മനുജനുനല്കും
മാമ്മോദീസാ
ദൈവാത്മാവിനു ഭവനമൊരുക്കും
മാമ്മോദീസാ.

---

208 സ്നേഹപിതാവാം

സ്നേഹപിതാവാം ദൈവം മർത്യനു
നേർവഴികാട്ടി
മനസ്സറിഞ്ഞതുമാറിനടന്നാൽ
പാപം പാപം

പാപം ചെയ്താൽ ദൈവത്തിൽ നി-
ന്നകന്നുപോകും
ജീവൻ നല്കും വരപ്രസാദം
നശിച്ചുപോകും.

---

209 സർവ്വേശ്വരാ എന്നിൽ

സർവ്വേശ്വരാ, എന്നിൽ കനിയേണമേ,
പാപങ്ങളെല്ലാം പൊറുക്കേണമേ:
നിൻതിരുകല്പനലംഘിച്ചു ഞാൻ
തിരുമുമ്പിൽ പാപങ്ങൾ ചെയ്തുപോയി.

അറിയുന്നു ഞാനെൻറെയപരാധങ്ങൾ
കാണുന്നു ഞാനവയെൻറെ മുമ്പിൽ
കാരുണ്യവാനായ കർത്താവേ, എൻ
പാപങ്ങളെല്ലാം മറക്കേണമേ.

---

210 പാപവിമോചകൻ

പാപവിമോചകനേശുനാഥാ,
പാപിയെത്തേടിവരുന്നവനേ,
പാദം നമിച്ചുവണങ്ങിടുന്നേൻ
പാപിയാമെന്നിൽ കനിയേണമേ.

പാപാന്ധകാരം പടർന്നിടുമ്പോൾ
സ്നേഹവും ശാന്തിയും മങ്ങിടുമ്പോൾ
പാരിൻ പ്രകാശമേ, ലോകനാഥാ,
നേർവഴികാട്ടി നയിക്കേണമേ.

---

211 ആദം ചെയ്തൊരു

ആദം ചെയ്തൊരു പാപം മൂലം
പറുദീസായുടെ വാതിലടഞ്ഞു
പാരിൽ പലതരമാധി പരന്നു.
മാനവനിരയുടെയാശ തകർന്നു.

പറുദീസായുടെ വാതിൽ തുറക്കാൻ
പരമപിതാവിൻ സൂനുവരേണം:
മർത്യകുലത്തിനു മോചനമേകാൻ
നിത്യകുമാരനിറങ്ങിവരേണം.

"പരമണ്ഡലമേ, വാതിൽ തുറക്കൂ
പാരിനു രക്ഷപകർന്നു കൊടുക്കൂ"
മനുജകുലത്തിൻ നിലവിളിപൊങ്ങി
വിരവൊടു ദൈവകുമാരനിറങ്ങി.

---

212 മാനത്തുനിന്നൊരു

മാനത്തു നിന്നൊരു മാലാഖവന്നു
മേരിക്കു മംഗള സന്ദേശമേകി-
"കന്യേ, നിനക്കൊരു പുത്രൻ ജനിക്കും
ദൈവത്തിൻ നിത്യകുമാരനാമീശോ."

"യാക്കോബിൻ ഗോത്രത്തിലെന്നുമവൻ വാഴും
ദാവീദിൻ പീഠത്തിൽ രാജാവായ് വാഴും"
സന്ദേശം കേട്ടുടനെ കന്യകയാൾ ചൊല്ലി
"ദൈവത്തിൻ ചിത്തം പോൽ സംഭവിക്കട്ടെ"

---

213 യൂദായിലന്നൊരു

യൂദായിലന്നൊരു ബാലരാജൻ
ജാതനായെന്നൊരു വാർത്തയുണ്ടായ്
ഹേറോദിനുള്ളിൽക്കുലുക്കമായി
ബാലനെക്കൊല്ലാനൊരുക്കമായി.

രണ്ടുവയസ്സിനു താഴെയുള്ള
ബാലരെയെല്ലാം വധിക്കതന്നെ
കൂട്ടത്തിലുണ്ണിമരിച്ചുകൊള്ളും
തിട്ടമായ് രാജാവുറച്ചിരുന്നു.

കൂട്ടക്കരച്ചിൽ, കൊലക്കരച്ചിൽ
നാട്ടിൽപ്പരക്കെ നിണച്ചൊരിച്ചിൽ
വീടാകെ നീറിക്കരഞ്ഞു നിന്നു
നാടാകെ ദുഃഖത്തിലാണ്ടു നിന്നു.

പാതിരാനേരത്തൊളിച്ചുമാറി
ദൈവകുമാരകൻ രക്ഷനേടി:
ആരാരറിഞ്ഞു മഹേശ്വരന്റെ
നിത്യ നിഗൂഢമാം നിശ്ചയങ്ങൾ.

---

214 മൂന്നു നാൾ

മൂന്നുനാൾ മാതാപിതാക്കളെങ്ങും
പുത്രനെത്തേടി നടന്നലഞ്ഞു
പള്ളിയിൽച്ചെന്നവർ കണ്ടുമുട്ടി
കണ്ണുനീർ തൂകിപ്പറഞ്ഞു മേരി.

"ഓമനേ, പൊന്നുണ്ണീ, ഏവമെന്തേ
ഞങ്ങളെ വിട്ടു നീ തങ്ങിനിന്നു?
താതനും ഞാനും കരഞ്ഞു നീറി
നാടെല്ലാം നിന്നെത്തിരഞ്ഞുതേടി"

സ്വർഗ്ഗീയദൗത്യം പകർന്നു നില്ക്കും
പുത്രൻ ജനിത്രിയോടേവമോതി:-
"എന്തിനായെന്നെത്തിരഞ്ഞു നിങ്ങൾ
ഞാനെൻ പിതാവിൻ ഗൃഹത്തിലല്ലേ?"

---

215 അന്തിമദിവസം

അന്തിമ ദിവസമടുക്കുമ്പോൾ
അംബരമിളകിവിറയ്ക്കുമ്പോൾ
വെളിവിൻ കതിരുകൾ മാഞ്ഞടിയും
കരിനിഴൽ തിങ്ങി വളർന്നുയരും.

കതിരോൻ മങ്ങിപ്പൊലിയുന്നു
പനിമതിയിരുളിൽത്താഴുന്നു
താരകൾ വീണു നുറുങ്ങുന്നു
പാരിടമൊന്നായുരുകുന്നു.

ഉറവകൾ വറ്റിയുണങ്ങുന്നു
നദികൾ വരണ്ടുനിലയ്ക്കുന്നു
ജീവികൾ വീണുമരിക്കുന്നു
വിജനതയെങ്ങും പടരുന്നു.

ഉലകിൻതൂണുകളുലയുന്നു
മലയും മരുവും പുകയുന്നു
കരയും കടലും മറയുന്നു
കൂരിരുളെങ്ങും നിറയുന്നു.

വിധിയുടെ സമയമടുക്കുന്നു
വിണ്ണിൻ വാതിൽ തുറക്കുന്നു
വാനവനിരയാലനുഗതനായ്
ദൈവകുമാരനിറങ്ങുന്നു.

കാഹളവിളികൾ മുഴങ്ങുന്നു
മരണമടഞ്ഞവരുണരുന്നു
പരിശുദ്ധന്മാരണിയണിയായ്
സന്നിധിചേർന്നു വണങ്ങുന്നു.

നിരയായ് വിണ്ണിൽ നിലകൊള്ളും
വത്സലസുതരെക്കാണുമ്പോൾ
ആനന്ദത്താലാദത്തിൻ
നയനം പൂങ്കതിരണിയുന്നു.

നീതിവിധിക്കായ് ദൈവസുതൻ
മേഘത്തേരിലിറങ്ങുന്നു
നരരുടെ ചെയ്തികളൊന്നൊന്നായ്
തൂക്കിയളന്നു വിധിക്കുന്നു.

ആനന്ദത്തിൻ ജയവിളിയും
നൈരാശ്യത്തിൻ നിലവിളിയും
ചേർന്നു കലർന്നു മുഴങ്ങുന്നു
വിധിയുടെ നിസ്തുലനിമിഷങ്ങൾ.

ഭീതികലർന്നു നിരാശതയിൽ
പാപികൾ വിങ്ങിക്കരയുമ്പോൾ
നിർദ്ദയമുയരും നരകത്തിൻ
ജ്വാലകളവരെ വിഴുങ്ങുന്നു.

സുകൃതികളൊത്തു മഹോന്നതനാം
സുരലോകത്തിൻ നാഥനതാ
നിത്യമനോഹരനാകത്തിൻ
വാതിൽ തുറന്നകമണയുന്നു.

കരുണാനിധിയാം കർത്താവേ,
നിന്നുടെ യാഗമദിവസത്തിൽ
പരുശുദ്ധന്മാരൊത്തുവലം-
ഭാഗത്തെന്നെ നിറുത്തണമേ.

---

216 പത്രോസാകും

പത്രോസാകും പാറയിലല്ലോ
തിരുസ്സഭ നില്ക്കുന്നു:
വൈരികളൊന്നായെതിരിട്ടാലും
തകരില്ലൊരുനാളും.

വന്മഴപെയ്യും, തിരകളടിക്കും
മാരുതനാഞ്ഞുവരും
പാറയിലൂന്നിയുറച്ചൊരുമാളിക
തകരില്ലൊരു നാളും.

നരകത്തിൻ പുരുശക്തികളൊന്നാ-
യാഞ്ഞു പിടിച്ചാലും
സഭയുടെ തൂണുകളണുവിടയെങ്കിലു-
മിളകില്ലൊരുനാളും.

---

217 കഴിയുമെങ്കിൽ

"കഴിയുമെങ്കിലിപ്പാനപാത്രമെൻ
പ്രിയതാതാ, മാറ്റിത്തരണമേ"
താണു ദൈവത്തിൻ സൂനു ഭൂമിയിൽ
വീണു താതനോടർത്ഥിച്ചു.

മർത്യപാപങ്ങൾ വന്നുയർന്നൊരു
മാമലതീർത്തു നില്ക്കവേ
ഭീതിയാൽ മൃദുമേനിയാകവെ
രക്തധാരയിലാണ്ടുപോയ്.

---

218 നേരമങ്ങി

നേരം മങ്ങിമയങ്ങുന്നു
കൂരിരുളെങ്ങും പടരുന്നു
ശരണം നല്കിയ ദീപത്തിൻ
കിരണം മങ്ങിപ്പൊലിയുന്നു:
കർത്താവേ, നീ പോകരുതേ
കരുണയൊടെന്നിൽ വാഴണമേ.

നിൻ തിരുവാണികളുന്നതമാം
ചിന്തകളെന്നിലുണർത്തുന്നു
മംഗളകാന്തിപരത്തുന്നു
ഹൃദയം പുളകിതമാക്കുന്നു:
കർത്താവേ, നീ പോകരുതേ
കരുണയൊടെന്നിൽ വാഴണമേ.

---

219 നിൻപ്രമാണം

നിൻപ്രമാണമെന്നുമെന്റെ മുമ്പിൽ നാഥാ,
പൊൻപ്രകാശധാരവീശി നിന്നിടുന്നു:
സ്വർഗ്ഗലോകസീമയിൽപ്പറന്നു പൊങ്ങാൻ
കെല്പെഴുന്ന ചിറകെനിക്കതേകിടുന്നു.

നിൻപ്രമാണമിന്നെനിക്കു മധുവിനേക്കാൾ
മധുരമാണു, നിത്യമായ ജീവനാണ്:
നിയതമെന്റെ ശാന്തിയാ, ണതുൾപ്രമോദം
പകരുവാൻ വിടർന്ന സ്വർഗ്ഗവാണിയാണ്.

പരിമളം പരത്തിടുന്ന നിൻ പ്രമാണം
നരനു നിത്യജീവിതം പകർന്നിടുന്നു:
അറിവുനല്കി അജ്ഞരെത്തുണച്ചിടുന്നു
കുഴിയിൽ വീണ പാപിയെക്കരേറ്റിടുന്നു.

---

220 വൈരവും

വൈരവും തീരാപ്പകയുമെല്ലാം
സ്നേഹംതെളിച്ചു തുരത്തിടും ഞാൻ :
സന്ദേഹമാരുതനാഞ്ഞു വന്നാൽ
വിശ്വാസം കൊണ്ടതു ശാന്തമാക്കും.

സന്താപക്കണ്ണുനീരൊക്കെയും ഞാൻ
സന്തോഷം കൊണ്ടു തുടച്ചുമാറ്റും:
അന്ധകാരത്തിൻ പടർപ്പിലെല്ലാം
മന്ദാരദീപം കൊളുത്തിവയ്ക്കും.

നൈരാശ്യം തിങ്ങുന്ന മാനസങ്ങൾ
പ്രത്യാശകൊണ്ടു നിറച്ചിടും ഞാൻ
നിർമ്മായശാന്തി വിതച്ചിടുന്ന
സ്വർല്ലോക ദൂതനായ് മാറിടും ഞാൻ

---

221 അവനീപതിയാം

അവനീപതിയാമഖിലേശ്വരനെ
വാഴ്ത്തിപ്പാടുവിനാദരവോടേ

നീലാകാശം തിങ്ങിപ്പുലരും
നീർത്തുള്ളികളേ, ദൂതന്മാരേ,
കർത്താവിൻ തിരുസൈനികനിരയും
സൂര്യൻ, ചന്ദ്രൻ, താരാഗണവും

കാറ്റേ, കടലേ, കാട്ടാറുകളേ,
കനലേ, കരയിൽ പൊരിയും വെയിലേ,
കാടും, മേടും, മേഘാവലിയും
തോടും, പുഴയും, പുൽത്തോപ്പുകളും.

കനകം പൊഴിയും പുലരിയുമഴകിൻ
കതിരൊളിചിന്നും സായന്തനവും
തളിരും, മലരും, മലർവാടികളും
മലയും, മധുവും, മാങ്കാവുകളും

---

222 മാനവനുയിരേകാൻ

മാനവനുയിരേകാൻ
കാൽവരി മലയിൽ
ബലിയായ്ത്തീർന്നൊരു വത്സലസുതനെ
തൃക്കൺപാർക്കണമേ, നാഥാ,
തൃക്കൺ പാർക്കണമേ.

വലുതാണപരാധം
നരരുടെയപരാധം:
പരിഹാരത്തിനു നിൻസുതനെ
കാഴ്ചയണയ്ക്കുന്നു, ഞങ്ങൾ
കാഴ്ചയണയ്ക്കുന്നു.

സുതനുടെ തിരുമെയ്യും
നിർമ്മലശോണിതവും
കൈക്കൊണ്ടലിവൊടു നിത്യപിതാവേ,
മോചനമേകണമേ, മർത്യനു
മോചനമേകണമേ.

---

223 മാലാഖമാരുടെ

മാലാഖമാരുടെ ഭാഷയറിഞ്ഞാലും
മാലാഖമാരൊത്തുജീവിച്ചാലും
വാനവരാജ്യത്തെ വാരൊളികണ്ടാലും
സ്നേഹമില്ലെങ്കിലതൊക്കെ ശൂന്യം.

പാരിലെനിക്കുള്ള സമ്പത്തു സർവ്വവും
പങ്കിട്ടു പാവങ്ങൾക്കേകിയാലും
തീക്കുണ്ടിൽദേഹം ദഹിക്കാനെറിഞ്ഞാലും
സ്നേഹമില്ലെങ്കിലതൊക്കെ ശൂന്യം.

സ്നേഹമൊരിക്കലും കോപിക്കുന്നില്ലതിൽ
തെല്ലുമസൂയ കലരുന്നില്ല
സ്വാർത്ഥതകൈവിട്ടു സർവ്വം സഹിക്കുന്നു
വിദ്വേഷമെല്ലാം മറന്നിടുന്നു.

സ്നേഹത്താലിന്നു നാം ചെയ്യുന്നതൊക്കെയും
നിത്യസമ്മാനം പകർന്നു നല്കും
മർത്യർക്കു ചെയ്യുന്ന സേവനമോരോന്നും
കൃത്യമായ് ദൈവം കുറിച്ചുവയ്ക്കും.

---

224 കൊയ്ത്തുകഴിഞ്ഞു

"കൊയ്ത്തുകഴിഞ്ഞൂ, വിളവെല്ലാം,
വീട്ടിലൊതുക്കാനിടമില്ല:
പുതിയകളപ്പുരപണിയും ഞാൻ
അതിലവയെല്ലാം കൂട്ടിയിടും

"നാളുകളെത്ര കഴിഞ്ഞാലും
തീരുകയില്ലെൻ സമ്പാദ്യം
തിന്നു കുടിച്ചു മദിക്കും ഞാൻ
ആനന്ദങ്ങളിൽ മുഴുകും ഞാൻ"

"മൂഢാ, നിന്നുടെ ഭാവനയിൽ
കണ്ടതു പാഴുകിനാവല്ലേ?
മിഴികളടയ്ക്കാൻ മരണത്തിൻ
കൈകളുയർന്നതു കണ്ടില്ലേ?"

---

225 ഞാനാണു ലോകത്തിൻ

"ഞാനാണു ലോകത്തിൻ നിത്യദീപം
ഞാനാണു നാകത്തിൻ മാർഗ്ഗദീപം:
സന്തതമെൻവഴി പിന്തുടർന്നാൽ
അന്ധകാരത്തിൽക്കൂടുങ്ങുകില്ല."

മാമലമേലുള്ള മേടപോലെ
നാട്ടിനിറുത്തിയ ദീപംപോലെ
സൽക്കൃത്യമോരോന്നുചെയ്തു നിങ്ങൾ
മർത്യർക്കു മാതൃക നല്കീടുവിൻ

---

226 പാപത്തിൻ കുഴിയിൽ

പാപത്തിൻ കുഴിയിൽ ഞാൻ കൂടുങ്ങിപ്പോയി
ദൈവമേ, നിൻസ്വരം കേട്ടു നടുങ്ങിപ്പോയി:
ശോകമെൻറെ ഹൃദയത്തിലടിഞ്ഞുകൂടി
മൂകമായ് ഞാൻ ദിവസങ്ങൾ കഴിച്ചുകൂട്ടി.

ഇന്നലത്തേ ശാന്തിയെല്ലാമൊഴിഞ്ഞുപോയി
പുഞ്ചിരിച്ച നിലാവെല്ലാമിരുണ്ടുപോയി
കരംനല്കിക്കരയേറ്റാൻ കനിയേണമേ
വരം ചിന്തിക്കറയെല്ലാം കഴുകേണമേ.

---

227 കടുകിൻ മണി

കടുകിൻമണി നട്ടുവളർത്തി
മരമായതുശാഖപരത്തി
പറവകളാക്കൊമ്പുകളിന്മേൽ
കൂടുകൾകൂട്ടി.

ദൈവത്തിൻ പുത്രനുമതുപോൽ
ചെറുതായൊരുവിത്തുവിതച്ചു:
മരമായതുപൊങ്ങിവളർന്നു
ചില്ലകൾ വീശി.

വെയിലേറ്റു വലഞ്ഞവരെല്ലാം
തണലിന്നായ്ച്ചുറ്റുംകൂടി
മുകൾപറ്റിക്കൊമ്പുകളിന്മേൽ
അഭയംതേടി.

---

228 ശ്ലീഹന്മാരിലിറങ്ങി

ശ്ലീഹന്മാരിലിറങ്ങി വസിച്ചൊരു
പരിശുദ്ധാത്മാവേ,
നിൻ പ്രിയ സുതരെ ദിവ്യവരത്താൽ
പൂരിതരാക്കണമേ.

സ്നേഹം നട്ടുവളർത്തിയ പാവന-
ശാന്തി പരത്തിടുവാൻ
തളർന്നു താഴും കരളിൽപ്പുത്തൻ
ജീവനുണർത്തിടുവാൻ.

ഇരുണ്ടു പുകയും മാനസവേദിയി-
ലാശ കൊളുത്തിടുവാൻ
കരഞ്ഞുമങ്ങിയ കണ്ണിൽക്കാഞ്ചന-
കാന്തി വിരിച്ചിടുവാൻ.

വരണ്ടുണങ്ങിയ മരുവിൽച്ചന്ദന-
കുളിർകാറ്റൂതിടുവാൻ
കരിഞ്ഞുണങ്ങിയതരുവിൽപ്പൂന്തളിർ-
പുളകം ചാർത്തിടുവാൻ.

---

229 കാൽവരിക്കുന്നിലേ

കാൽവരിക്കുന്നിലേയാഗം
കാരുണ്യരൂപന്റെ യാഗം
മേഘങ്ങൾ പിന്നിട്ടുയർന്നു
സ്വർല്ലോകവാതിൽ തുറന്നു.

നിൻ ദിവ്യപുത്രന്റെ രക്തം
മാലിന്യമേശാത്തരക്തം
കൈക്കൊള്ളണേ, നിത്യതാതാ,
വരമേകണേ, ലോകനാഥാ.

---

230 പാപം കഴുകിടുവാൻ

പാപംകഴുകിടുവാൻ കണ്ണീരാരുതരും
പശ്ചാത്താപത്തിൻ കണ്ണീരാരുതരും?

നാഥാ, നേർവഴികൾ വിട്ടുനടന്നൂ ഞാൻ
പ്രപഞ്ചമായകളിൽ മുഴുകിനടന്നൂ ഞാൻ

കരുണാനിലയനമേ, കറകൾ കഴുകണമേ
കരളിൻ മണിയറയിൽ കതിരുപരത്തണമേ.

---

231 കാക്കണമലിവൊടു

കാക്കണമലിവൊടു കർത്താവേ,
കാക്കണമങ്ങേ വൈദികരെ:
പാവനജീവിതപാതകളിൽ
സന്തതമവരെ നയിക്കണമേ.

നല്ലവ തന്നെ ചിന്തിക്കാൻ
നല്ലവ തന്നെയുരിയാടാൻ
നല്ലവ തന്നെ ചെയ്തിടുവാൻ
നന്മയിലവരെക്കാക്കണമേ.

സാത്താൻ നിറയും വൈരമൊടേ
നിർദ്ദയമവരെയലട്ടുമ്പോൾ
നാഥാ, നിൻ തിരുഹൃദയത്തിൻ
വാതിലവർക്കു തുറക്കണമേ.

ലോകവുമതിനുടെ വശ്യതയും
കൗതുകമവരിലുണർത്തുമ്പോൾ
നിത്യമനോഹരനാകത്തിൻ
രശ്മികളവരിൽച്ചിന്തണമേ.

ജോലികളെല്ലാം തീർത്തൊടുവിൽ
നിൻതിരുസന്നിധിയണയുമ്പോൾ
സദയമവർക്കു സനാതനമാം
സ്വർഗ്ഗാനന്ദം നല്കണമേ.

---

232 വാളിനുമുമ്പിൽ

വാളിനു മുമ്പിൽ ധീരതയോടവർ
നിരന്നു നിന്നു:
പീഡനമെല്ലാം പുഞ്ചിരിയോടവർ
സഹിച്ചുനിന്നു.

ദൈവകുമാരനു ഭൂമിയിലന്നവർ
സാക്ഷ്യം നല്കി:
നിണം ചൊരിഞ്ഞവരനന്തമോഹന-
രാജ്യം നേടി.

വിശ്വാസത്തിൻ ചിറകു വിരിച്ചവർ
പറന്നുയർന്നു:
തളർന്നുമങ്ങിയ മാനസവേദിയി
ലാശപകർന്നു.

മോദമിയന്നവർ ചിന്തിയരക്ത-
ത്തുള്ളികളാലേ
ആയിരമായിരമാര്യസുമങ്ങൾ
വിരിഞ്ഞുയർന്നു.

---

233 വരുന്നു ഞങ്ങൾ

വരുന്നു ഞങ്ങൾ, വരുന്നു ഞങ്ങൾ
നാഥാ, നിന്നെപ്പിന്തുടരാനായ്

മനോജ്ഞമാം നിൻ വിളിയുടെ ശബ്ദം
മുഴങ്ങി നില്ക്കുന്നു:
പറന്നു മാനസമുയർന്നു മാധുരി
നുകർന്നു നില്ക്കുന്നു.

നിറഞ്ഞു മോദം തുളുമ്പി നില്ക്കും
കുരുന്നു ഹൃദയങ്ങൾ
പറന്നു സന്നിധിയണഞ്ഞു നിർവൃതി-
യടഞ്ഞുകൊൾവതിനായ്.

കല്ലും മുള്ളും നിറഞ്ഞ വഴിയേ
കുതിച്ചുമുന്നേറാൻ
കരയും കടലും കടന്നു മംഗള-
ദീപ്തി പരത്തിടുവാൻ.

---

234 വിശപ്പടക്കാൻ

വിശപ്പടക്കാൻ ഭോജനമൊരുവനു
നല്കുന്നു നാം
കൈക്കൊള്ളുന്നതു കരുണാനിധിയാം
കർത്താവല്ലോ.

ദാഹിക്കുന്നവനലിവൊടുവെള്ളം
നല്കുന്നു നാം
കൈക്കൊള്ളുന്നതു കരുണാനിധിയാം
കർത്താവല്ലോ.

അന്യനു ഭൂമിയിലുപകാരങ്ങൾ
ചെയ്താൽ ദൈവം
ധന്യമനോഹരപറുദീസായിൽ
പ്രതിഫലമേകും.

അന്യനുഭൂവിലുപദ്രവമേതും
ചെയ്താൽ ദൈവം
തീരാവേദനതിങ്ങും നരക-
ത്തീയിൽത്തള്ളും.

---

235 പൂവനമേ

"പൂവനമേ, ഞങ്ങൾ പോകുന്നു
പറുദീസാ, ഞങ്ങൾ പോകുന്നു:
മോഹനമാം നിൻമുഖമിനി ഞങ്ങൾ
കാണില്ലാ ഭൂമിയിലൊരുനാളും."

"വൈരിഗണം ഞങ്ങളെ വഞ്ചിച്ചു
പകയോടേ മാർഗ്ഗം തെറ്റിച്ചു:
ദൈവത്തിൻ കല്പനലംഘിച്ചു
തീക്കനികൾ ഞങ്ങൾ ഭക്ഷിച്ചു"

ആനന്ദം തിങ്ങിയ കാലങ്ങൾ
ഭാവനയിൽ തീക്കനൽ കൂട്ടുന്നു.
അവയെല്ലാം വീണു തകർന്നല്ലോ
സ്വപ്നം പോൽ മാഞ്ഞുമറഞ്ഞല്ലോ.

ദൈവികമാം ജീവൻ വഴുതിപ്പോയ്
മരണത്തിൻ പിടികൾ മുറുകിപ്പോയ്:
സകലേശാ, നിന്നുടെ പൈതൃകമാം
വാഗ്ദാനം മാത്രമൊരാലംബം.

---

236 പാപമേ

പാപമേ, നിൻ പേരു കേട്ടാൽ പേടിയാകും
പാരിടം നീ പാതകത്തിൻ കളരിയാക്കി:
ഉഴുതൊരുക്കിയ വയലിലെല്ലാം കളകൾ പാകി
മലരു ചൂടിയ വനികയെല്ലാം ശൂന്യമാക്കി.

കലഹവും പകയുമൂഴിയിലാരു തീർത്തു
വിരഹവും മൃതിയുമെങ്ങനെയൂർന്നുവീണു?
പാപമേ, നിൻഘോരദംശനമേറ്റുപോയാൽ
ശാപമായീ, ധരണിമർത്യനു നരകമായി.

---

237 തിരമാലകൾ

തിരമാലകൾ മാറിയകന്നു
ചെങ്കടലിൽക്കരവഴിതീർന്നു.
ദൈവത്തിൻ ജനമതിലൂടേ
കുതിച്ചു പാഞ്ഞു.

മതിലുണ്ടായ് ജലമതിലുണ്ടായ്
ദൈവത്തിൻ കരമതിലുണ്ടായ്:
ഭയമെന്യേ ജനങ്ങളൊന്നായ്
കടൽ കടന്നു.

നേതാവിൻ കൈകളുയർന്നു
മതിലെല്ലാമിടിഞ്ഞുവീണു:
വൈരിഗണം കടലിൻനടുവിൽ
മുങ്ങിപ്പോയി.

---

238 വരുന്നു

വരുന്നു മംഗള സന്ദേശവുമായ്
വരുന്നു ദൈവസുതൻ:
കുളുർമ്മയരുളും സുവിശേഷവുമായ്
വരുന്നു ദൈവസുതൻ.

കൈത്തിരിയിരുളിൽത്തെളിച്ചുകാട്ടാൻ
വരുന്നു ദൈവസുതൻ:
കരളിൽപ്പരിമളമലരുകൾ ചാർത്താൻ
വരുന്നു ദൈവസുതൻ.

കൊടുംനിരാശയിലമർന്ന ഭൂവിനു
നിറം പകർന്നിടുവാൻ
തകർന്ന മാനസവീണയിലദ്ഭുത
ഗാനമുണർത്തിടുവൻ.

---

239 വയലുകളെല്ലാം

വയലുകളെല്ലാം പൂത്തുവിളഞ്ഞു
കൊയ്ത്തിനിറങ്ങാനാളില്ല.
സകലേശാ, നിൻ കൊയ്ത്തിനുവേണ്ടും
വേലക്കാരെ നല്കണമേ.

ആശ്രയമില്ലാതാട്ടിൻകൂട്ടം
കാട്ടിലലഞ്ഞു നടക്കുന്നു:
നാഥാ, മേഷഗണങ്ങളെമേയ്ക്കാൻ
ഇടയന്മാരെ നല്കണമേ.

വരുവിൻ, വരുവിൻ സോദരഗണമേ,
മുദമൊടു മുന്നണിതീർത്തിടുവിൻ:
സുവിശേഷത്തിൻ ദീപ്തി കൊളുത്തി
പ്രേഷിത ജീവനുണർത്തിടുവിൻ.

---

240 ദൈവമെന്നെ

ദൈവമെന്നെ മേച്ചിടുന്നു
നിത്യമെന്നെപ്പോറ്റിടുന്നു:
അപകടത്തിൻ വഴിയിലെല്ലാം
കരുണയോടേ കാത്തിടുന്നു.

പച്ചതിങ്ങും തകിടിതോറും
പുല്ലുമേയാൻ കൊണ്ടുപോകും:
വെയിലുറച്ചാലരുമനാഥൻ
സുഖസരിത്തിൻ സലിലമേകും.

കൂരിരുട്ടിൽ കൂട്ടുകാരൻ
കാനനത്തിൽ കാവൽദൂതൻ:
നാഥനെന്നെക്കാത്തിടുമ്പോൾ
ഭീതിയെന്നെത്തീണ്ടുകില്ല.

---

241 നിത്യദൈവമേ

നിത്യദൈവമേ, കൈതൊഴുന്നിതാ
ഞങ്ങൾ നിൻപദം കുമ്പിടുന്നിതാ.

സർവ്വലോകനായകാ ജഗൽപ്രകാശമേ,
നേർവഴിക്കു ഞങ്ങളെ നയിച്ചിടേണമേ:
ഇന്നു ഞങ്ങളേർപ്പെടും സദുദ്യമങ്ങളിൽ
സന്തതം കൃപാവരങ്ങൾ ചിന്തിടേണമേ.

---

242 കന്യകാമാതാവേ

കന്യകാമാതാവേ, കൃപാവരം
തൂകുന്ന വെൺമേഘമേ,
കൈവല്യദായിനീ, നിൻപദാംബുജം
കുമ്പിട്ടു നിന്നിടുന്നേൻ.

ആരുനിൻഭാഗധേയം പദങ്ങളാൽ
വർണ്ണിച്ചു തീർത്തുകൊള്ളും?
ആരുനിൻ ചാരുരൂപം ചായങ്ങളിൽ
ചാലിച്ചു ചേർത്തുകൊള്ളും?

മാലിന്യമേശിടാത്ത വിശുദ്ധമാം
നേത്രങ്ങൾ മാത്രമല്ലോ
കന്യകേ, നിൻ ഗുണങ്ങൾ സമഗ്രമായ്
കാണുന്നു കാന്തിയോടേ.

നീറുന്നൊരന്തരീക്ഷം, നിരാശമായ്
നീങ്ങുന്ന മാനസങ്ങൾ-
മേരി, നിൻപുഞ്ചിരിപ്പൂവിൽ നവ്യമാം
ജീവൻ പുണർന്നിടുന്നു.

സായാഹ്നമായിടുമ്പോൾ, അജയ്യമാ-
മന്ധകാരം വരുമ്പോൾ
വാത്സല്യമേറുമമ്മേ, നിൻ കൈകളിൽ
വീണു ഞാൻ വിശ്രമിക്കും.

---

243 കണ്ണീരാരുതരും

കണ്ണീരാരുതരും പശ്ചാത്താപത്തിൽ
പാപം കഴുകിടുവാൻ കണ്ണീരാരുതരും?

നിൻ തിരുകല്പനവിട്ടുലകിൻ
മറിമായങ്ങളിൽ മുഴുകീ ഞാൻ:
പാഴായ്പ്പോയൊരു ദിനമെല്ലാ-
മോർത്തോർത്തുരുകിക്കരയാനായ്
താപത്തിൻ കണ്ണീരാരുതരും?

വൈരിയെനിക്കെതിരായ്
വലകൾ വിരിച്ചവയിൽ
വീണു കുഴങ്ങീ ഞാൻ
വീണു കുഴങ്ങീ ഞാൻ.

വലകൾ തകർത്തെൻ നാഥാ, നീ
രക്ഷയെനിക്കു കനിഞ്ഞരുളി:
പാവനമാം തവ കല്പനകൾ
ലംഘിച്ചേറ്റം ദുർബ്ബലനായ്
വീണ്ടും ഞാൻ വലയിൽ വീണല്ലോ.

---

244 ഓശാനപാടുവിൻ

ഓശാന പാടുവിൻ, നാഥനെ വാഴ്ത്തുവിൻ
ദിവ്യാപദാനങ്ങൾ കീർത്തിക്കുവിൻ:
കാഹളമൂതുവിൻ, വീണകൾ മീട്ടുവിൻ
പാവനപാദം നമിച്ചീടുവിൻ.

പൂക്കൾ വിരിക്കുവിൻ, വീഥിയൊരുക്കുവിൻ
വിണ്ടലനാഥനെഴുന്നള്ളുന്നു:
ആനന്ദഗാനങ്ങളെങ്ങും മുഴങ്ങട്ടെ
സൃഷ്ടികൾ നാഥനെ വാഴ്ത്തീടട്ടെ.

---

245 ഓശാന, ഓശാനാ

ഓശാന, ഓശാന
ദാവീദിൻ സുതനോശാന

കർത്താവിൻ പൂജിതനാമത്തിൽ
വന്നവനെ വാഴ്ത്തിപ്പാടിടുവിൻ:
വിണ്ണിൻ പൂവേദിയിലോശാന
ദാവീദിൻ സൂനുവിനോശാന.

ബാലകരും തീർത്ഥകരും
നാഥനുജയ്ഗാനം പാടുന്നു:
പുതുമലരും തളിരിലയും
നാഥനു ജയ്ഗാനം പാടുന്നു.

ജയ്വിളിയാൽ ചില്ലകളുണരുന്നു
പാതകളിൽ തോരണമിളകുന്നു
ദൈവസുതൻ വിനയവിരാജിതനായ്
അണയുന്നു നഗരകവാടത്തിൽ.

വിണ്ടലവും ഭൂതലവും
മംഗളഗീതിയിൽ മുഴുകുന്നു:
വാനവരും മാനവരും
നൂതനസംഗീതം നുകരുന്നു.

വെൺനുരയാലാഴിയലംകൃതമായ്
നീലിമയാലംബരവീഥികളും
കാനനവും കാഞ്ചനപൂവനവും
നാഥനു സൗരഭ്യം പകരുന്നു.

ബാലകരും തീർത്ഥകരും
നാഥനു ജയ്ഗാനം പാടുന്നു
പുതുമലരും തളിരിലയും
നാഥനു ജയ്ഗാനം പാടുന്നു.

---

246 മാലാഖമാരുടെയപ്പം

മാലാഖമാരുടെയപ്പം
സ്വർഗ്ഗീയ ജീവന്റെയപ്പം
കാരുണ്യവാനായ ദൈവം
മാനവലോകത്തിനേകി.

സർവ്വേശനാദം മുഴങ്ങി
മേഘങ്ങളെല്ലാമിറങ്ങി:
ആകാശവാതിൽ തുറന്നു
സ്വർഗ്ഗീയമന്നാ പൊഴിഞ്ഞു.

പാറകൾ പൊട്ടിപ്പിളർന്നു
നീർച്ചാലതിൽനിന്നുണർന്നു:
മരുവിൽത്തടാകം വിരിഞ്ഞു
പുതുപൂക്കളെങ്ങും നിറഞ്ഞു.

---

247 താലത്തിൽ

താലത്തിൽ വെള്ളമെടുത്തു
വെൺകച്ചയുമരയിൽച്ചുറ്റി
മിശിഹാ തൻ ശിഷ്യന്മാരുടെ
പാദങ്ങൾ കഴുകി.

വിനയത്തിൻ മാതൃകനല്കാൻ
സ്നേഹത്തിൻ പൊൻകൊടിനാട്ടാൻ
സകലേശൻ ദാസന്മാരുടെ
പാദങ്ങൾ കഴുകി.

സ്നേഹത്തിൻ ചിറകുവിരിഞ്ഞു
"രാജാളി" തെളിഞ്ഞു പറഞ്ഞു:-
"സ്നേഹിതരേ, നിങ്ങൾക്കിന്നൊരു
മാതൃക ഞാനേകി."

"ഗുരുവെന്നു വിളിപ്പൂ നിങ്ങൾ
പരമാർത്ഥതയുണ്ടതിലെങ്കിൽ
ഗുരുനല്കിയ പാഠം നിങ്ങൾ
സാദരമോർത്തിടുവിൻ."

"പാദങ്ങൾ കഴുകിയ ഗുരുവിൻ
ശിഷ്യന്മാർ നിങ്ങൾ, അതോർത്താൽ
അന്യോന്യം പാദം കഴുകാൻ
ഉത്സുകരായ്ത്തീരും."

"വത്സലരേ, നിങ്ങൾക്കായ് ഞാൻ
നല്കുന്നു പുതിയൊരുനിയമം
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ
അന്യോന്യം നിങ്ങൾ."

"അവനിയിലെൻ ശിഷ്യഗണത്തെ
അറിയാനുള്ളടയാളമിതാ
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ
അന്യോന്യം നിങ്ങൾ."

"സ്നേഹിതരെ രക്ഷിപ്പതിനായ്
ജീവൻ ബലിചെയ്വതിനെക്കാൾ
ഉന്നതമാം സ്നേഹം പാർത്താൽ
മറ്റെന്തുണ്ടുലകിൽ?"

"ഞാനേകിയ കല്പനയെല്ലാം
പാലിച്ചു നടന്നിടുമെങ്കിൽ
നിങ്ങളിലെൻ നയനം പതിയും
സ്നേഹിതരായ്ത്തീരും."

"ദാസന്മാരെന്നുവിളിക്കാ
നിങ്ങളെ ഞാനിനിയൊരുനാളും
സ്നേഹിതരായ്ത്തീർന്നൂ ചിരമെൻ
വത്സലരേ, നിങ്ങൾ."

"മാലിന്യം നിങ്ങളിലില്ലാ
നിർമ്മലരാണെങ്കിലുമോർത്താൽ
എല്ലാവരുമല്ല, ല്ലിതിലും
വഞ്ചകനുണ്ടിടയിൽ."

"സഹഭോജിയെനിക്കെതിരായ്ത്തൻ
കുതികാലുകൾ നീട്ടിയവാക്യം
സമയത്തിൻ തികവിൽ മുറപോൽ
നിറവേറാനില്ലേ?"

---

248 സ്വന്തം ജനങ്ങൾക്കു

സ്വന്തം ജനങ്ങൾക്കു ജീവനേകാൻ
സർവ്വേശനന്ദനൻ ഭൂവിൽവന്നു:
കുരിശാണാ നാഥനായ്ത്തീർത്തുലോകം
വ്യഥയാണാ നാഥനിൽച്ചേർത്തുലോകം.

ഇരുളിൽപ്രകാശം തെളിച്ചുകാട്ടാൻ
പരമപ്രകാശം കനിഞ്ഞിറങ്ങി.
കുരിശാണാ നാഥനായ്ത്തീർത്തുലോകം
വ്യഥയാണാ നാഥനിൽച്ചേർത്തു ലോകം.

---

249 കുരിശിനാലേ

കുരിശിനാലേ ലോകമൊന്നായ്
വീണ്ടെടുത്തവനേ,
താണു ഞങ്ങൾ വണങ്ങുന്നു
ദിവ്യപാദങ്ങൾ.

---

250 മിശിഹാകർത്താവേ

മിശിഹാകർത്താവേ, മാനവരക്ഷകനേ
നരനുവിമോചനമേകിടുവാൻ
നരനായ് വന്നു പിറന്നവനേ.

മാലാഖമാരൊത്തു ഞങ്ങൾ
പാടിപ്പുകഴ്ത്തുന്നു നിന്നെ
പരിശുദ്ധൻ, പരിശുദ്ധൻ
കർത്താവേ, നീ പരിശുദ്ധൻ.

---

251 ദൈവസൂനോ

ദൈവസൂനോ, ലോകനാഥാ
കുരിശിനാൽ മർത്യനെ വീണ്ടെടുത്തു നീ
നവ്യരാജ്യം ചേർന്നിടുമ്പോൾ
കനിവിയന്നു ഞങ്ങളേയുമോർത്തിടേണമേ.

നിൻപ്രീതിമാത്രം ലക്ഷ്യമാക്കി
നിൻദിവ്യമാർഗ്ഗം പിന്തുടർന്നിടാൻ
ആശയോടേ, മോദമോടേ
ഞങ്ങൾ നിൻ വരങ്ങൾതേടിവന്നിടുന്നു.

പാരിലെന്നുമങ്ങേ ശിഷ്യരാകുവാൻ
ദിവ്യദൗത്യമെന്നും ഭൂവിനേകുവാൻ
ആശയോടേ, മോദമോടേ
ഞങ്ങൾ നിൻവരങ്ങൾ തേടി വന്നിടുന്നു.

---

252 താതാ മാനവനു

താതാ മാനവനുയിരേകാൻ
ബലിയായ്ത്തീർന്നോരാത്മജനെ
തൃക്കൺപാർക്കണമലിവോടേ
തൃക്കൺപാർക്കണമലിവോടേ.

നിസ്തുലപീഡകളേറ്റൊടുവിൽ
മൃത്യുവരിച്ചൊരു നിൻസുതനെ
കൈക്കൊണ്ടാലുമവൻമൂലം
ഞാനും നിർമ്മലനായ്ത്തീരും.

കോപമിയന്നിനിയോർക്കരുതെൻ
പാപമൊരിക്കലുമഖിലേശാ,
കാൽവരിമലയിൽ വീണൊഴുകും
രക്തമെനിക്കായ് പ്രാർത്ഥിപ്പൂ.

താതാ, നിൻസുതനെയോർത്തെൻ
പ്രാർത്ഥനയഖിലം കേൾക്കണമേ:
ദിവ്യാനുഗ്രഹമേകണമേ
ദിവ്യാനുഗ്രഹമേകണമേ.

തിന്മകളെങ്ങും നിറയുമ്പോൾ
കരുണയതിന്മേലുയരുന്നു:
നീരദചുംബകമാമലയെ-
ക്കാളും നിൻകൃപ വലുതല്ലോ.

പെരുകിവരുന്നൊരുപാപത്തിൻ
പരിഹാരത്തിനുദിവ്യസുതൻ
കുരിശിലണച്ചൊരു തിരുബലി നീ
തൃക്കൺപാർക്കണമഖിലേശാ.

സതതം നിൻ ദയനേടിടുവാൻ
സുതനുടെ മരണം മതിയല്ലോ
ഞാനതുമൂലം ജീവിക്കും
ഞാനതുമൂലം ജീവിക്കും.

മർത്യകുലത്തിനു രക്ഷകനെ
നല്കിയതാതനുവന്ദനവും
മൃത്യുവരിച്ചൊരുസൂനുവിനായ്
നിതരാം പരമാരാധനയും.

മാനവരക്ഷാകർമ്മങ്ങൾ
പൂരിതമാക്കിയ നിർമ്മലനാം
ദൈവാത്മാവിനുമെന്നെന്നും
സ്തുതിയും മംഗളകീർത്തനവും.

---

253 ഞാനെൻ പിതാവിൻെറ

"ഞാനെൻ പിതാവിൻെറ പക്കൽ
പോകുന്നിതാ, യാത്ര ചൊൽവൂ
സ്വർല്ലോകനാഥൻ മൊഴിഞ്ഞു
സന്താപമെങ്ങും നിറഞ്ഞു.

അസ്വസ്ഥരാകേണ്ട നിങ്ങൾ
വിശ്വാസദീപം തെളിപ്പിൻ:
ഒട്ടേറെയുണ്ടെൻ പിതാവിൻ
ഗേഹത്തു പൂമന്ദിരങ്ങൾ.

നിങ്ങൾക്കിടം ചെന്നൊരുക്കാൻ
പോകുന്നു ഞാനങ്ങു വിണ്ണിൽ
വീണ്ടും വരും ഞാനൊരിക്കൽ
നിങ്ങളെ പ്പൂവിണ്ണിലേറ്റാൻ.

ഞാനാണു നിങ്ങൾക്കു മാർഗ്ഗം
നേരായ കൈവല്യമാർഗ്ഗം
ഞാനാണു നിങ്ങൾക്കു ജീവൻ
ഞാനാണു നിങ്ങൾക്കു സത്യം.

മറ്റുള്ള മാർഗ്ഗങ്ങളൊന്നും
സ്വർഗ്ഗത്തു ചെന്നെത്തുകില്ല:
ഞാനാണു നിങ്ങൾക്കു മാർഗ്ഗം
നേരായ കൈവല്യമാർഗ്ഗം.

കാണില്ലൊരല്പം കഴിഞ്ഞാൽ
കാണില്ല വീണ്ടെന്നെലോകം:
നിങ്ങളോ കണ്ടിടും, നമ്മൾ
ജീവിച്ചിരിക്കുന്നുവല്ലോ.

പെട്ടെന്നനാഥരായ് ഭൂവിൽ
നിങ്ങളെ ഞാൻ കൈവിടില്ല:
വീണ്ടും വരുന്നിതാ, വീണ്ടും
നിങ്ങളെക്കാണാൻ വരുന്നു.

നിത്യമെൻ നിർദ്ദേശമെല്ലാം
കൃത്യമായ്ക്കാക്കുന്ന മർത്യൻ
സമ്മോദമെന്നിൽ വിതയ്ക്കും:
സംപ്രീതിയെന്നിൽ വളർത്തും.

നല്കുന്നു ഞാൻ നവ്യശാന്തി
പാരിൽക്കുരുക്കാത്ത ശാന്തി:
നിങ്ങൾക്കു ഞാനേകിടുന്നു
സമ്പൂതമെൻ ദിവ്യശാന്തി.

ഞാനെൻ പിതാവിന്റെ പക്കൽ
പോകുന്നതോർത്തോർത്തു നിങ്ങൾ
കേഴേണ്ട, ചെന്നെൻ പിതാവിൽ
ചേരുന്നതാണെന്റെമോദം.

എന്നെപ്പിതാവെന്നപോലെ
സ്നേഹിച്ചു നിങ്ങളെ ഞാനും:
നിങ്ങളെൻ സൗഭാഗ്യമേറും
സ്നേഹത്തിലെന്നും വസിപ്പിൻ.

നിങ്ങളെ ലോകം വെറുത്താൽ
നിന്ദനം കൊണ്ടേ നിറച്ചാൽ
എന്നെയാണാലോകമാദ്യം
നന്നേ വെറുത്തെന്നതോർക്കിൻ.

അഴലേറിയുൾത്തടം നീറും
പ്രലപിച്ചു കണ്ണുകൾ താഴും:
ഒരുനാളിലെല്ലാം നിലയ്ക്കും
പരിശോഭ നിങ്ങൾക്കുദിക്കും.

താതനെവിട്ടു ഞാൻ വന്നു
ലോകത്തിലേയ്ക്കു ഞാൻ വന്നു:
പോകുന്നു ഞാനിതാ വീണ്ടും
താതനിൽച്ചെന്നങ്ങു ചേരാൻ."

---

254 ഗാഗുൽത്താമലയിൽ നിന്നും

ഗാഗുൽത്താമലയിൽ നിന്നും
വിലാപത്തിൻ മാറ്റൊലികേൾപ്പൂ:
"ഏവമെന്നെ ക്രൂശിലേറ്റുവാൻ
അപരാധമെന്തു ഞാൻ ചെയ്തു?

മുന്തിരി ഞാൻ നട്ടു നിങ്ങൾക്കായ്
മുന്തിരിച്ചാറൊരുക്കിവച്ചു:
എങ്കിലുമിക്കയ്പുനീരല്ലേ
ദാഹശാന്തിക്കെനിക്കുനല്കി?

വനത്തിലൂടാനയിച്ചൂ ഞാൻ
അന്നമായ് വിൺ മന്ന തന്നില്ലേ?
അതിനെല്ലാം നന്ദിയായ് നിങ്ങൾ
കുരിശല്ലോ നല്കിടുന്നിപ്പോൾ.

കൊടുങ്കാട്ടിലന്നു നിങ്ങൾക്കായ്
മേഘദീപത്തൂണു തീർത്തൂ ഞാൻ:
അറിയാത്തോരപരാധങ്ങൾ
ചുമത്തുന്നു നിങ്ങളിന്നെന്നിൽ.

രാജചെങ്കോലേകി വാഴിച്ചു
നിങ്ങളെ ഞാനെത്ര മാനിച്ചു:
എൻശിരസ്സിൽ മുൾമുടി ചാർത്തി
നിങ്ങളിന്നെൻ ചെന്നിണംതൂകി.

നിങ്ങളെ ഞാനുയർത്താൻവന്നു
ക്രൂശിലെന്നെത്തറച്ചൂനിങ്ങൾ
മോക്ഷവാതിൽ തുറക്കാൻവന്നു
ശിക്ഷയായെൻ കൈകൾ ബന്ധിച്ചു."

കുരിശേ, മനോജ്ഞ വൃക്ഷമേ,
നിൻസുമങ്ങളെത്രമോഹനം!
നിൻദലങ്ങളാശ്വവീശുന്നു
നിൻഫലങ്ങൾ ജീവനേകുന്നു.

കുരിശിന്മേലാണികണ്ടൂ ഞാൻ
ഭീകരമാം മുള്ളുകൾ കണ്ടു:
വികാരങ്ങൾ കുന്നുകൂടുന്നു
കണ്ണുനീരിൻ ചാലു വീഴുന്നു.

മരത്താലേ വന്ന പാപങ്ങൾ
മരത്താലേ മായ്ക്കുവാനായി
മരത്തിന്മേലാർത്തനായ്ത്തൂങ്ങി
മരിക്കുന്നു രക്ഷകൻ ദൈവം.

വിജയപ്പൊൻകൊടി പാറുന്നു
വിശുദ്ധിതൻ വെണ്മ വീശുന്നു:
കുരിശേ, നിൻ ദിവ്യപാദങ്ങൾ
നമിക്കുന്നു സാദരം ഞങ്ങൾ.

---

255 തുറക്കുന്നു

തുറക്കുന്നു വാതിൽ തുറക്കുന്നു
പാപികൾക്കായ് സ്വർഗ്ഗവാതിൽതുറക്കുന്നു

ആശയും പ്രതീക്ഷയും പൂവണിഞ്ഞു
ലോകവും നാകവും പുണർന്നു നിന്നു:
സ്നേഹമേ, ആരാരളന്നു നിന്നെ
ത്യാഗമേ, ആരാരറിഞ്ഞു നിന്നെ?

---

256 ദൈവമേ, എന്നിൽ

ദൈവമേ, എന്നിൽ കനിയേണമേ,
പാപങ്ങൾ പൊറുക്കേണമേ:
ഘോരമാമെന്റെ അപരാധങ്ങൾ
കനിവിയന്നു മറക്കേണമേ.

അറിയുന്നു ഞാനെൻ പാപങ്ങൾ
കാണുന്നു ഞാനവയെൻ മുമ്പിൽ
നിൻതിരുകല്പന ഞാൻ ലംഘിച്ചു
തിരുമുമ്പിൽ പാപം ചെയ്തു ഞാൻ.

---

257 ദൈവകുമാരൻ മരണമടഞ്ഞു

ദൈവകുമാരൻ മരണമടഞ്ഞു
നവമൊരുജീവൻ ധരയിലുണർന്നു:
മൃതിയുടെ കൊടുതാം കോട്ടതകർന്നു
നരകതലത്തിൻ വാതിലടഞ്ഞു.

ഉത്ഥാനത്തിൻ കതിരുകൾ വീശി
മർത്യനുമോദം നല്കിയനാഥാ.
സാദരമങ്ങേ വന്ദിക്കുന്നു
പാവനനാമം കീർത്തിക്കുന്നു.

---

258 ദീപമേ, ദീപമേ, കൂരിരുൾ

ദീപമേ, ദീപമേ
കൂരിരുൾ നീക്കും പ്രകാശമേ.

അന്ധകാരം നീക്കുവാനായ്
സ്വർഗ്ഗമാർഗ്ഗം കാട്ടുവാനായ്
വാനിടത്തിൽ വന്നുദിച്ച ദിവ്യദീപം
ഭൂവിനാശ നല്കിടുന്ന നിത്യദീപം.

നിൻകരങ്ങൾ വീശിടുമ്പോൾ
നിൻവരങ്ങൾ തൂകിടുമ്പോൾ
ചക്രവാളസീമകൾ തെളിഞ്ഞിടുന്നു
താണടിഞ്ഞ കണ്ണുകൾ വിടർന്നിടുന്നു.

259 ദീപംകൊളുത്തി

ദീപം കൊളുത്തിനാഥാ, തേടിവരുന്നു ഞങ്ങൾ
നിൻദിവ്യസന്നിധാനം തേടിവരുന്നു ഞങ്ങൾ.

ഭൂവിൻ പ്രഭുക്കളെല്ലാം നിന്നെ വണങ്ങിടുന്നു
പാരിൻ പ്രതാപമെല്ലാം നിൻമുമ്പിൽ മങ്ങിടുന്നു.

മരണം തളർന്നുതാണു, നരകം തകർന്നുവീണു
വിജയംപതഞ്ഞുയർന്നു, വിയദാലയംതെളിഞ്ഞു.

ഇരുളിൽക്കഴിഞ്ഞിരുന്ന ജനതയ്ക്കു ലോകനാഥാ,
പരമപ്രകാശമായ് നീ ധരമേലിറങ്ങിവന്നു.

---

260 ലോകനാഥൻ

ലോകനാഥൻ ഉയിർത്തരാത്രി
ജീവനെങ്ങും തളിർത്തരാത്രി
മരണം തകർന്നുവീണ ദിവ്യരാത്രി
നരരിൽപ്രതീക്ഷചേർത്ത നവ്യരാത്രി.

നൈരാശ്യച്ചെങ്കടൽകടന്നു
കൈവല്യതാരകം തെളിഞ്ഞു:
സുരലോകമണ്ഡലം തുറന്നു
ധരമേലനുഗ്രഹം പൊഴിഞ്ഞു.

പാപം തുറന്നുവിട്ട ശാപം
മാറ്റാനുദിച്ചുയർന്ന ദീപം
നിഴലിൽ പ്രകാശമായ് വിരിഞ്ഞു
അഴലിൽ പ്രമോദമായ് വളർന്നു.

---

261 ഉയിർത്തെഴുന്നേറ്റു

ഉയിർത്തെഴുന്നേറ്റു- നാഥ-
നുയിർത്തെഴുന്നേറ്റു
വിജയലാളിതനായ്- നാഥ-
നുയിർത്തെഴുന്നേറ്റു.

കുരിശലേറിയവൻ - മൃതനായ്
കബറടങ്ങിയവൻ
കതിരിനുടയവനായ് - വീണ്ടു-
മുയിർത്തെഴുന്നേറ്റു.

ഈ ദിനം ദൈവം - ഏകിയ
ദിവ്യദിനമല്ലോ:
മോദമായ് മഹിതകീർത്തന-
മേറ്റുപാടാം.

---

262 ഉന്നതവാനിടമേ

ഉന്നതവാനിടമേ, വാതിൽ തുറക്കുക നീ
മംഗള ദീപവുമായ് മന്നവനണയുന്നു.

നിത്യമനോഹരനാം നിർമ്മലദൈവസുതൻ
വെള്ളിവെളിച്ചത്തിൽ മുങ്ങിവിളങ്ങുന്നു.

പൊട്ടിയബന്ധത്തിൻ കണ്ണികൾകൂടുന്നു
വിണ്ടലമവനിയുമായ് വീണ്ടുമിണങ്ങുന്നു.

---

263 കർത്താവാം

കർത്താവാം മിശിഹാതൻ കാരുണ്യവും
താതനാം ദൈവത്തിൻ സംപ്രീതിയും
പരിശുദ്ധാത്മാവിൻ സഹവാസവും
നമ്മിലുണ്ടാകേണമെന്നുമെന്നും.

---

264 ജനപദങ്ങളേ

ജനപദങ്ങളേ,
കർത്താവിനെ വാഴ്ത്തീടുവിൻ- ഹല്ലേലൊയ്യാ.

ഭൂവാസികളേ,
കർത്താവിനെ വാഴ്ത്തീടുവിൻ- ഹല്ലേലൊയ്യാ.

താതനുംസുതനും
പരിശുദ്ധാത്മാവിനും സ്തുതി - ഹല്ലേലൊയ്യാ.

ആദിമുതലെന്നും
എന്നേയ്ക്കും ആമ്മേൻ - ഹല്ലേലൊയ്യാ.

---

265 കർത്താവേ, കനിയണമേ I

(കർത്താവിന്റെ)

കർത്താവേ, കനിയണമേ
മിശിഹായേ, കനിയണമേ:
കർത്താവേ, ഞങ്ങളണയ്ക്കും
പ്രാർത്ഥന സദയം കേൾക്കണമേ.

സ്വർഗ്ഗപിതാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ:
നരരക്ഷകനാം മിശിഹായേ,
ദിവ്യാനുഗ്രഹമേകണമേ.

ദൈവാത്മാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ:
നരരക്ഷകനാം മിശിഹായേ,
ദിവ്യാനുഗ്രഹമേകണമേ.

നൃപനാം മിശിഹാകർത്താവേ,
നിത്യപിതാവിൻ പ്രിയസൂനോ,
മർത്യകുലത്തിൻ രക്ഷകനേ,
ദിവ്യാനുഗ്രഹമേകണമേ.

നരനുടെ നിലവിളി കേട്ടവനേ,
നരനെത്തേടിയണഞ്ഞവനേ,
കനിവുനിറഞ്ഞൊരു നല്ലിടയാ,
ദിവ്യാനുഗ്രഹമേകണമേ.

മർത്യശരീരമെടുത്തവനേ,
മർദ്ദനമേറ്റു മരിച്ചവനേ,
മഹിമയിൽ വീണ്ടുമുയിർത്തവനേ,
ദിവ്യാനുഗ്രഹമേകണമേ.

പാപംപൂട്ടിയ നാകത്തിൻ
പാവനവാതിൽ തുറന്നവനേ,
മാനവനാശ പകർന്നവനേ,
ദിവ്യാനുഗ്രഹമേകണമേ.

അധ്വാനിച്ചു വലഞ്ഞവനും
ഭാരമെടുത്തു കുഴഞ്ഞവനും
സാന്ത്വനമരുളിയ ഗുരുനാഥാ,
ദിവ്യാനുഗ്രഹമേകണമേ.

മർത്യനു നേർവഴി കാട്ടിടുവാൻ
അത്തലകറ്റി നയിച്ചിടുവാൻ
കൂരിരുൾ നീക്കിയുദിച്ചവനേ,
ദിവ്യാനുഗ്രഹമേകണമേ.

പുതിയൊരു കല്പന നല്കിടുവാൻ-
പുതിയൊരു ജീവനുണർത്തിടുവാൻ
ധരണിയിൽ വന്നുപിറന്നവനേ,
ദിവ്യാനുഗ്രഹമേകണമേ.

ദിവ്യശരീരം ഭോജനമായ്
മാനവനേകിയ ദൈവസുതാ,
കരുണാനിധിയാം കർത്താവേ,
ദിവ്യാനുഗ്രഹമേകണമേ.

വിനയത്തിൻ തിരുദർപ്പണമേ,
ശാന്തഗുണത്തിൻ പാർപ്പിടമേ,
ദുഃഖിതനൂഴിയിലാശ്രയമേ,
ദിവ്യാനുഗ്രഹമേകണമേ.
.....

ലോകത്തിൻ പാപങ്ങൾ താങ്ങും
ദൈവത്തിൻ മേഷമേ, നാഥാ,
പാപം പൊറുക്കേണമേ - നാഥാ,
പാപംപൊറുക്കേണമേ.

പ്രാർത്ഥനകേൾക്കേണമേ - നാഥാ ...

ഞങ്ങളിൽ കനിയേണമേ - നാഥാ...

---

266 കർത്താവേ, കനിയണമേ II

(മാതാവിന്റെ)

കർത്താവേ, കനിയണമേ
മിശിഹായേ, കനിയണമേ:
കർത്താവേ, ഞങ്ങളണയ്ക്കും
പ്രാർത്ഥന സദയം കേൾക്കണമേ.

സ്വർഗ്ഗപിതാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ:
നരരക്ഷകനാം മിശിഹായേ,
ദിവ്യാനുഗ്രഹമേകണമേ.

ദൈവാത്മാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ:
പരിപാവനമാം ത്രിത്വമേ,
ദിവ്യാനുഗ്രഹമേകണമേ.

കന്യാമേരീ, വിമലാംബേ,
ദൈവകുമാരനുമാതാവേ,
രക്ഷകനൂഴിയിലംബികയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

നിതരാം നിർമ്മലമാതാവേ,
കറയില്ലാത്തൊരു കന്യകയേ,
നേർവഴികാട്ടും ദീപശിഖേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

നിത്യമഹോന്നത കന്യകയേ
വിവേകമതിയാം കന്യകയേ
വിശ്രുതയാം സുരകന്യകയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വിശ്വാസത്തിൻ നിറകുടമേ,
കാരുണ്യത്തിൻ നിലയനമേ,
നീതിവിളങ്ങും ദർപ്പണമേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വിജ്ഞാനത്തിൻ വേദികയേ,
മാനവനുത്സവദായികയേ,
ദൈവികമാം പനിനീർസുമമേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ദാവീദിൻ തിരുഗോപുരമേ,
നിർമ്മല ദന്തഗോപുരമേ,
പൊന്നിൻ പുമണിമന്ദിരമേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വാഗ്ദാനത്തിൻ പേടകമേ,
സ്വർല്ലോകത്തിൻ ദ്വാരകമേ,
പുലർകാലത്തിൻ താരകമേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

രോഗമിയന്നവനാരോഗ്യം
പകരും കരുണാസാഗരമേ,
പാപിക്കവനിയിലാശ്രയമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

കേഴുന്നോർക്കു നിരന്തരമായ്
സാന്ത്വനമരുളും മാതാവേ,
ക്രിസ്തുജനത്തിൻ പാലികയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വാനവനിരയുടെ രാജ്ഞീ,
ബാവാന്മാരുടെ രാജ്ഞീ,
ശ്ലീഹന്മാരുടെ രാജ്ഞീ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

കന്യകമാരുടെ രാജ്ഞീ,
വന്ദകനിരയുടെ രാജ്ഞീ,
രക്താങ്കിതരുടെ രാജ്ഞീ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

സിദ്ധന്മാരുടെ രാജ്ഞീ,
ഭാരതസഭയുടെ രാജ്ഞീ,
അമലോത്ഭവയാം രാജ്ഞീ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ശാന്തിജഗത്തിനു നല്കും
നിത്യവിരാജിതരാജ്ഞീ,
സ്വർഗ്ഗാരോപിത രാജ്ഞീ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

ലോകത്തിൻ പാപങ്ങൾ .....

---

267 കർത്താവേ കനിയണമേ III

(വിശുദ്ധരുടെ)

കർത്താവേ, കനിയണമേ.....

വിശുദ്ധിവിരിയും പാതകളിൽ
ചരിച്ചു നാഥനുസമ്മോദം
നിറച്ചപാവനധീരാത്മാ.
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

ക്രൂശിതനായൊരു ദൈവത്തിൻ
പൂജിതമാം തിരുമാതൃകയാൽ
കുരിശിൻ പാതപുണർന്നവനേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ആനന്ദത്തിലുമല്ലലിലും
പ്രീതിമഹേശനു ചേർത്തൊടുവിൽ
നിത്യകിരീടമണിഞ്ഞവനേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വിനീതനായ വിശുദ്ധാത്മാ,
വിരിഞ്ഞുപൊന്തിയ വിൺമലരേ
നിറഞ്ഞ നീതി പുണർന്നിടുവാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

ലോകവുമതിനുടെയാശകളും
ധീരതയാർന്നു വെടിഞ്ഞവനേ,
വിനയത്തിൻ തിരുമാതൃകയേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ഉലകിൻ മോഹന ദീപം നീ
ധരയുടെ ശാശ്വതലവണം നീ:
മലയിലുയർന്നൊരു നഗരം നീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ഉപവാസത്തിൻ പാതകളിൽ
പ്രാർത്ഥനതീർത്തൊരു ദീപവുമായ്
പാഞ്ഞുകിരീടമണിഞ്ഞവനേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

സ്വർഗ്ഗതലത്തു മഹോന്നതമാം
നിക്ഷേപങ്ങൾ നിറച്ചവനേ,
ചിന്തകൾ വിണ്ണിലുയർത്തിടുവാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ലോകത്തിൻ പാപങ്ങൾ.....

268 മിശിഹാ കർത്താവേ

മിശിഹാ കർത്താവേ, നരകുലപാലകനേ
ഞങ്ങളണച്ചിടുമീ പ്രാർത്ഥന തിരുമുമ്പിൽ
പരിമളമിയലും ധൂപം പോൽ
കൈക്കൊണ്ടരുളേണം.

---

269 കനിവൊടുനരനെ

കനിവൊടു നരനെ സൃഷ്ടിച്ചു
കുരിശാലവനെ രക്ഷിച്ചു
സ്വർഗ്ഗവുമവനുതുറന്നരുളി:
ആരഖിലേശാ, വർണ്ണിക്കും
ചിതമായ് നിന്നുടെ കാരുണ്യം
നിസ്തുലമങ്ങേ നന്മകളും?

അന്വേഷിപ്പിൻ കണ്ടെത്തും
മുട്ടുന്നവനു തുറക്കുന്നു
ചോദിപ്പവനു ലഭിക്കുന്നു
കർത്താവേ, നിൻ വാതില്ക്കൽ
പാപികൾ മുട്ടിവിളിക്കുമ്പോൾ
സദയം വാതിൽ തുറക്കണമേ.

---

270 അമലോത്ഭവയാം

അമലോത്ഭവയാം മാതാവേ, നിൻ
പാവനപാദം ചേരുന്നു:
കനകാലയമേ; കന്യാംബേ,
പരലോകത്തിൻ വാതിൽ നീ.

കദനം തിങ്ങിയിതാ ഞങ്ങൾ നിറ-
കണ്ണുകളോടേ കേഴുന്നു:
കരുണ നിറഞ്ഞൊരു നാഥേ, നീ
വിരവൊടു തൃക്കൺ പാർക്കണമേ.

നിത്യമനോഹരസൗഭാഗ്യം നിൻ
സുതനുടെ കനിവാൽ നേടീടാൻ
സുതവത്സലയാം മാതാവേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

---

271 ലോകത്തിൻ വഴികളിൽ

ലോകത്തിൻ വഴികളിലുഴലാതെ
പാപത്തിൻ പാതകൾ പുണരാതെ
ദൈവത്തിൻ പരിമളപൂവനിയിൽ
പനിമലരായ് വന്നൊരു പുണ്യാത്മാ.

മാമലമേലുയരും നഗരം നീ
മോഹനമാം നിർമ്മലദീപം നീ
ധരയിന്മേൽ മർത്യനു മാതൃക നീ
വിനയമൊടേ വന്ദനമരുളുന്നു.

---

272 കുരിശിൻ കിരണങ്ങൾ

കുരിശിൻ കിരണങ്ങൾ നരനു വിമോചനവും
സാത്താനുൽക്കടമാം ഭയവും നല്കുന്നു.

വിനയസമന്വിതരായ് നാഥാ, ഞങ്ങളിതാ
കുരിശിനു വന്ദനവും സ്തുതിയുമണയ്ക്കുന്നു.

---

273 നിത്യാനന്ദസ്വരൂപാ

നിത്യാനന്ദസ്വരൂപാ, നിൻ
സൃഷ്ടികളൊന്നായ്ച്ചേർന്നാലും
നിസ്തുലമങ്ങേയപദാനം
വാഴ്ത്തിപ്പാടാനെളുതല്ല.

ജനനം മുതലേ മർത്യനു നീ
ചെയ്തൊരു നന്മയ്ക്കളവില്ല:
കരിമുകിൽ മൂടിയ കരളിൽ നീ
കനകവിളക്കു തെളിച്ചല്ലോ.

മാലാഖാമാരണിയണിയായ്
പാടിനമിച്ചു പുകഴ്ത്തുന്നു:
"പരിശുദ്ധൻ നീ, പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ."

---

274 സ്വസ്തി

സ്വസ്തി, ദാവീദിൻപുത്രീ, മാലാഖാ
മറിയത്തോടരുളി:
കന്യാമാതാവേ, സെഹിയോൻ പുത്രീ, നിൻ
ധന്യത നിസ്തുലമാം.

വിണ്ണിൻ താരകമേ, വിരിയും മലരേ, നീ
മുഴുവനുമഴകല്ലോ:
അഴകിൻ നാഥനു നീ ജനനം നല്കിയവൾ
കന്യാമണിമകുടം

---

275 വിശുദ്ധമായൊരു

വിശുദ്ധമായൊരു ജീവിതമുറയാലേ
ദൈവപിതാവിൻ പ്രീതിവരിച്ചൊരുപുണ്യാത്മാവേ,
നിസ്തുലമാം നിൻഗീതികൾ പാടുന്നു:
ഞങ്ങളിലീശൻ കനിഞ്ഞിടാനായ്
പ്രാർത്ഥിക്കേണമേ.

വിനകൾ നിറയും ജീവിതപാതകളിൽ
വീഴാതുന്നതവാനവരാജ്യം ചേർന്നീടാൻ
ദിവ്യാനുഗ്രഹമേകണമഖിലേശൻ
പുണ്യാത്മാവേ, നിൻ പരിപാവനയോഗ്യതയാലേ.

---

276 സ്വർഗ്ഗത്തിൽ വാഴും

സ്വർഗ്ഗത്തിൽ വാഴും പിതാവാം ദൈവമേ,
നിൻ നാമം പൂജിതമായിടേണം:
നിന്നുടെ രാജ്യമീ ഭൂവിൽ വരേണം
പരിശുദ്ധനാകുന്നു നീ.

നിൻദിവ്യകീർത്തനഗീതങ്ങളാൽ
ഭൂവിണ്ടലങ്ങൾ നിറഞ്ഞു നില്പൂ:
മാലാഖമാരും മാനവരും
'പരിശുദ്ധൻ നീ' യെന്നു കീർത്തിക്കുന്നു.

സ്വർഗ്ഗത്തിൽ വാഴും പിതാവാം ദൈവമേ,
നിൻനാമം പൂജിതമായിടേണം
നിന്നുടെ രാജ്യമീ ഭൂവിൽ വരേണം
നിൻ ചിത്തം സ്വർല്ലോകത്തെന്നപോലെ
നിറവേറണം നിത്യമൂഴിമേലും.

വേണ്ടുന്ന ഭോജ്യങ്ങളെല്ലാം
ഞങ്ങൾക്കു നീ നല്കിടേണം:
നരരോടു ഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളുടെ പാപങ്ങളെല്ലാം
കനിവോടുനിത്യം പൊറുക്കേണമേ.

പാപത്തിൽ വീഴാതെ കാത്തീടണേ
തിന്മയിൽ നിന്നു നീ രക്ഷിക്കണേ:
രാജ്യവും ശക്തിമഹത്വങ്ങളെല്ലാം
നിൻറേതാകുന്നു നിത്യം.

---

277 ദൈവമേ ഞങ്ങൾ

ദൈവമേ, ഞങ്ങൾ നിന്നെയാരാധിപ്പൂ
സാദരം ഞങ്ങൾ നിന്നെപ്പുകഴ്ത്തീടുന്നു:
ആശ്രയം നല്കി ഞങ്ങളിൽ വാണിടേണം
സന്തതം ഞങ്ങളെ നീ കാത്തിടേണം.

---

278 നിത്യനായ

നിത്യനായ ദൈവമേ, നിത്യവും നീ ഞങ്ങളിൽ
കനിവിയന്നു ചിന്തിടും ദാനങ്ങൾക്കായ്
വിനയമോടു ഞങ്ങൾ നിന്നെ വാഴ്ത്തുന്നു
മോദമോടു സാദരം പുകഴ്ത്തീടുന്നു.

---

279 അഖിലലോകനായകാ

അഖിലലോകനായകാ വാഴ്ത്തിടുന്നു ഞങ്ങൾ
ഈശോനാഥാ, പുകഴ്ത്തിടുന്നു ഞങ്ങൾ
നീയല്ലോ ശരീരങ്ങൾക്കുയിർപ്പേകുന്നു,
നീതന്നെയാത്മാവിനു രക്ഷയേകുന്നു.

---

280 സത്യമായ്

സത്യമായ് ലോകനാഥാ, നീ
ശരീരങ്ങൾക്കുയിർപ്പേകുന്നു:
ആത്മാക്കൾക്കെന്നും നീ രക്ഷയേകുന്നു
ജീവിതം നിരന്തം നീ പാലിക്കുന്നു.
നന്ദിയോടേ ഞങ്ങൾ നിന്നെയാരാധിപ്പൂ.
വിനയമോടേ ഞങ്ങൾ നിന്നെപ്പുകഴ്ത്തീടുന്നു.

---

281 സന്തതമുയരുന്നെൻ

സന്തതമുയരുന്നെൻ കണ്ണുകളഖിലേശാ,
നിൻതിരുസന്നിധിയിൽ വന്നവ പതിയുന്നു:
നീതാനല്ലോ വിലയേറും ജന്മമെനിക്കേകി.

രോഗമലട്ടുന്നു, നല്കണമാരോഗ്യം
കദനം തിങ്ങുന്നു, ചൊരിയണമാശ്വാസം
കാരുണ്യത്തിൻ വിളനിലമേ, നീതാനവലംബം.

---

282 എല്ലാമറിയുന്നു

എല്ലാമറിയുന്നു ദൈവം മനുജന്റെ
ഗൂഢവിചാരങ്ങൾ
വാക്കും ചെയ്തികളും നിഖിലം മറയെന്യേ
തെളിവായ്ക്കാണുന്നു.

നിറയും മോദമൊടേ വാനിൽ വാണരുളും
പരിശുദ്ധന്മാരേ,
കൃപയും മോചനവും ഞങ്ങൾ നേടിടുവാൻ
നിതരാം പ്രാർത്ഥിപ്പിൻ.

---

283 ശബ്ദമുയർത്തി

ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ്പ്പാടിടുവിൻ:
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

---

284 ബലവാനാം

ബലവാനാം നിത്യദൈവമേ,
പരിശുദ്ധൻ നിത്യദൈവമേ,
പ്രീതനായ് വിശുദ്ധരിൽ
വാണിടും മഹേശ്വരാ,
നിൻകടാക്ഷമേകണേ
നിൻവരങ്ങൾ തൂകണേ.

---

285 അനുതാപികളെ

അനുതാപികളെക്കൈക്കൊൾവാൻ
അവനിയിൽ വന്നു പിറന്നോനേ,
പാപിക്കഭയം നല്കിയ നിൻ
കരുണയിലഭയം തേടുന്നേൻ:
അപകടമെങ്ങും പെരുകുമ്പോൾ
നിൻകരമെന്നുടെയവലംബം.

നിർമ്മലമാനസനാബേലിൻ
പാവനബലി നീ കൈക്കൊണ്ടു
അബറാഹത്തിൻ കാഴ്ചകളും
തിരുസ്സന്നിധിയിൽ പ്രിയമേകി:
ഞങ്ങളണയ്ക്കും പ്രാർത്ഥനകൾ
കൈക്കൊള്ളണമേ കർത്താവേ.

---

286 ദൈവികദൂതൻ

ദൈവികദൂതൻ നസറസ്സിൽ
കന്യാംബികയുടെ ഭവനത്തിൽ
മംഗളമരുളാനാഗതനായ്:
"പുരുനന്മകളാൽ പൂരിതയാം
മേരീ, വന്ദനമഖിലേശൻ
നിയതം നിന്നിൽ വാഴുന്നു.

"സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ
നിൻതിരുസുതനാമീശോയും
വാഴ്ത്തപ്പെട്ടവനാകുന്നു"
മനുജകുലത്തിൻ മാതൃക നീ
വാനവനിരയുടെയഭിമാനം
പാരിനുശാശ്വതമാശ്രയവും.

---

287 നീതിമാനാം

നീതിമാനാം യൗസേപ്പേ, ക്രിസ്തുവിൻ പിതാവേ,
വണങ്ങുന്നു സാദരം നിൻ പദം ഞങ്ങൾ.

ലോകപാലകനാം ദൈവസുതനെ
കാത്തുപോന്നവനേ,
ദൈവസന്നിധിയിൽ പ്രീതിയേകിയ
പുണ്യതാരകമേ.

---

288 പാവനമോഹന

പാവനമോഹന വിശ്വാസത്തിന്നായ്
ചോരചൊരിഞ്ഞുകിരീടമണിഞ്ഞവനേ,
മൃതിയാലുന്നത ശാന്തിവഴിഞ്ഞൊഴുകും
പുതിയൊരു ഗാനമുണർത്തിയ ധീരാത്മാ.

ഞങ്ങളിലെന്നുമചഞ്ചലവിശ്വാസം
തിങ്ങിവളർന്നു ഫലങ്ങൾ നിറഞ്ഞിടുവാൻ
നിന്നുടെ നിർമ്മല ജീവിതയോഗ്യതയാൽ
നിത്യമനുഗ്രഹമേകണമഖിലേശൻ.

---

289 ദിവ്യനാഥനുൾപ്രമോദം

ദിവ്യനാഥനുൾപ്രമോദമേറ്റുവാൻ
സർവ്വവും പരിത്യജിച്ച കന്യകേ,
നാകലോകജീവിതം നയിക്കുവാൻ
ത്യാഗവേദികൈവരിച്ചകന്യകേ.

സന്തതം സ്വതന്ത്രമായ്പ്പറന്നിടാൻ
ഉന്നതത്തിലീശനെപ്പുണർന്നിടാൻ
മിന്നിടുന്നതൊക്കെയും ത്യജിച്ചിദം
മണ്ണിൽനിന്നു വിണ്ണിലേയ്ക്കുയർന്നു നീ.

---

290 ദൈവകുമാരൻ

ദൈവകുമാരൻ കാൽവരിക്കുന്നിൽ
ബലിയണച്ചു, സ്വയം ബലിയണച്ചു
പറുദീസാ നരനു തുറന്നിടാനായ്
ബലിയണച്ചു, സ്വയം ബലിയണച്ചു.

സൗഭാഗ്യദായകമാ ധർമ്മയാഗം
വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു:
പാപങ്ങൾ കഴുകിടുമാദിവ്യയാഗം
വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു.

സർവ്വേശാ, പാവനമിപ്പൂജയാലേ
ഞങ്ങൾക്കു ജീവൻ പകർന്നിടേണം:
മൃതരിൽ പ്രകാശം പരത്തിടേണം
നവശാന്തിഭൂവിൽ വിതച്ചിടേണം.

---

291 കാൽവരികണ്ടൊരു

കാൽവരികണ്ടൊരു നിർമ്മലപൂജയിതാ
പറുദീസായുടെ പരമകവാടമിതാ
വാനവരായിരമായിരമാദരവായ്
പാരിലിറങ്ങിവണങ്ങിനമിക്കുന്നു.

വേദനതിങ്ങിയ ജീവിതഭാരവുമായ്
ഞങ്ങളിതാ നിൻസന്നിധിയണയുന്നു:
സകലേശാ, നിൻ ദിവ്യകുമാർകനെ
കൈക്കൊണ്ടലിവൊടനുഗ്രഹമേകണമേ.

---

292 സ്വർഗ്ഗത്തിൽ വാഴും പിതാവാം

സ്വർഗ്ഗത്തിൽ വാഴും പിതാവാം ദൈവമേ,
നിൻനാമം പൂജിതമായിടേണം:
നിന്നുടെ രാജ്യമീഭൂവിൽവരേണം:
നിൻചിത്തം സ്വർല്ലോകത്തെന്നപോലെ
നിറവേറണം നിത്യമൂഴിമേലും.

അന്നന്നുവേണ്ടുന്ന ഭോജ്യം
ഞങ്ങൾക്കു നീ നല്കിടേണം:
നരരോടു ഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളുടെ പാപങ്ങളെല്ലാം
കനിവോടു നിത്യം പൊറുക്കേണമേ.

പാപത്തിൽ വീഴാതെ കാത്തീടണേ:
തിന്മയിൽ നിന്നു നീ രക്ഷിക്കണേ:
രാജ്യവും ശക്തിമഹത്വങ്ങളും
നിന്റേതാകുന്നു നിത്യം:
നിന്റേതാകുന്നു നിത്യം.

---

293 സ്വർഗ്ഗത്തിൽ വാഴുംപിതാവേ

സ്വർഗ്ഗത്തിൽ വാഴും പിതാവേ,
നിൻ നാമം വാഴ്ത്തപ്പെടേണം:
നിൻപരിപാവനരാജ്യം
മഹിമയോടൂഴിയിൽ വരണം:
നിന്നിഷ്ടം സ്വർഗ്ഗത്തിലെന്നപോലെ
നിറവേറണം നിത്യമൂഴിമേലും.

ആവശ്യമായുള്ള ഭോജ്യം
ഞങ്ങൾക്കു നീയിന്നുതരണേ:
നരരോടു ഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളോടും നീ പൊറുക്കേണമേ:
പാപത്തിൽ വീഴാതെ രക്ഷിക്കണേ
തിന്മയിൽനിന്നു നീ കാത്തീടണേ.

---

294 ദൈവമേ, തിങ്ങും

ദൈവമേ, തിങ്ങും പ്രതീക്ഷയോടേ
നിൻദിവ്യനാമം പുകഴ്ത്തിടും ഞാൻ:
ജീവനുള്ളകാലമെല്ലാം മോദമോടേ
നിൻദിവ്യകീർത്തനങ്ങൾ പാടിടുംഞാൻ.

ആകാശഭൂതലങ്ങൾ തീർത്തവൻ നീ
സൂര്യചന്ദ്രതാരങ്ങൾ വാർത്തവൻ നീ:
പൈദാഹമെല്ലാമകറ്റിടുന്നവൻ
പാവങ്ങൾക്കാഹാരമേകിടുന്നവൻ.

അന്ധന്റെ കണ്ണുകൾ തുറന്നിടുന്നു
രോഗികൾക്കാശ്വാസമേകിടുന്നു:
മോചനം പകർന്നിടുന്ന രക്ഷകൻ നീ
വാത്സല്യമേറിടുന്ന രാജരാജൻ.

---

295 കർത്താവിൻ തിരുഭവനത്തിൽ

കർത്താവിൻ തിരുഭവനത്തിൽ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ:
ദ്യോവിൻ കനകപ്പൂങ്കാവിൽ
നാഥനു ഗാനമുതിർത്തിടുവിൻ.

ദൈവികശക്തിക്കനുഗുണമായ്
പരിചൊടു നാഥനെ വാഴ്ത്തിടുവിൻ:
മാഹാത്മ്യത്തിനിണങ്ങിയപോൽ
പാടിപ്പാടി നമിച്ചിടുവിൻ.

കാഹളനാദമുയർത്തിടുവിൻ
മധുമയവീണകൾ മീട്ടിടുവിൻ:
കിന്നരമോഹനഗീതികളാൽ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ.

---

296 ദൈവമെന്റെ രക്ഷകൻ

ദൈവമെന്റെ രക്ഷകൻ
ദൈവമെന്റെ നായകൻ
ദൈവമെന്റെ ആശ്രയം
ദൈവമെന്റെ സർവ്വവും.

സൈന്യമെന്നെ വളഞ്ഞാലും
വൈരികൾ പിന്തുടർന്നാലും
ഭീതിയില്ലെനിക്കുതെല്ലും
ദൈവമാണെൻ പാലകൻ

നിയതമങ്ങേ വസതിയിൽ
കഴിയുവാനെൻ മോഹം:
മധുരമങ്ങേ മഹിമയിൽ
മറയുവാനെൻ ദാഹം.

കണ്ണിനങ്ങേക്കതിരുകൾ
കണ്ടുകണ്ടു മയങ്ങണം:
കാതിനങ്ങേക്കനിവെഴും
കഥകൾ കേട്ടുലയിക്കണം.

---

297 യോഗ്യനാരൂഴിയിൽ

യോഗ്യനാരൂഴിയിൽ നാഥാ, നിൻെറ
ഗേഹത്തിനുള്ളിൽ വസിക്കാൻ?
യോഗ്യനാരൂഴിയിൽ നാഥാ, നിൻെറ
മുറ്റത്തുകാലുകൾ കുത്താൻ?

മാലിന്യമേശാത്ത മർത്യൻ-നീതി
മാത്രം പ്രവർത്തിച്ചിടുന്നോൻ:
ആത്മാർത്ഥമായുള്ള സത്യം - കൊണ്ടു
ചിത്തം നിറയ്ക്കുന്ന മർത്യൻ.

വാക്കാലൊരുത്തർക്കുമേതും - ദ്രോഹ-
മേല്പിച്ചിടാത്തോരു മർത്യൻ:
അന്യനെവഞ്ചിച്ചിടാത്തോൻ-ദൈവ-
ഭക്തനെമാനിച്ചിടുന്നോൻ.

---

298 അഖിലലോകനായകാ

അഖിലലോകനായകാ
വാഴ്ത്തിടുന്നു ഞങ്ങൾ:
ഈശോനാഥാ പുകഴ്ത്തിടുന്നു ഞങ്ങൾ
നീയല്ലോ ശരീരങ്ങൾക്കുയിർപ്പേകുന്നു:
നീതന്നെയാത്മാവിനു രക്ഷയേകുന്നു.

---

299 ശബ്ദമുയർത്തി

ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ്പ്പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ:
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപഞങ്ങൾക്കേകണമേ.

---

300 ലോകനാഥാ

ലോകനാഥാ, നമിച്ചിടുന്നു ഞങ്ങൾ
ദൈവസൂനോ, നിന്നെ വാഴ്ത്തിടുന്നു:
മൃത്യുവിൽ ജീവൻ പകർന്നിടുന്നു
ആത്മാവിനാനന്ദമേകിടുന്നു നീ.

പാടുകപാടുക നാം
തിരുഗീതികൾ പാടുകനാം:
നിത്യം ജീവിക്കും
സകലേശനെ വാഴ്ത്തുകനാം.
സർവ്വേശാ, നീ.....

---

301 ജീവനേകും

ജീവനേകും ദിവ്യവചനം
സ്വീകരിച്ചിടുവാൻ
ദൈവമേ, ഹൃദയവയലുക-
ളൊരുക്കേണമേ.
സാദരം ഞങ്ങളിന്നതുകേട്ടു നാഥാ,
ജീവിതത്തിൽ പകർത്താൻ നീ
വരം നല്കണേ.

---

302 സുവിശേഷവെളിച്ചത്താൽ

സുവിശേഷവെളിച്ചത്താൽ
ഇരുളെല്ലാം നീക്കിടുവാൻ
അവതാരം ചെയ്തവനെ
കൈകൂപ്പിവണങ്ങിടുവിൻ.

കർത്താവേ, ധരണിയിൽനിൻ
സാക്ഷികളായ്ത്തീർന്നിടുവാൻ
ഞങ്ങളിൽ നിൻ സുവിശേഷം
പൂങ്കിരണം ചൊരിയട്ടെ.

---

303 തിങ്ങും പ്രതീക്ഷ

തിങ്ങും പ്രതീക്ഷയോടാനന്ദചിത്തരായ്
സർവ്വേശ്വരാ, ഞങ്ങൾ പ്രാർത്ഥിച്ചീടാം

ദൈവമേ, പ്രാർത്ഥന കേട്ടുകനിയണേ
സ്വർഗ്ഗീയദാനങ്ങൾ നല്കീടണേ.

ഐക്യവും ശാന്തിയും നല്കി സഭകളിൽ
ക്രിസ്തീയ ചൈതന്യം തൂകീടണേ.
ദൈവമേ.....

ദാരിദ്ര്യ ദുഃഖമകറ്റിയവനിയെ
സമ്പൽസമൃദ്ധമായ് പാലിക്കണേ.
ദൈവമേ.....

നീറും നിരാശയിൽ പ്രത്യാശയേകണേ
പാപികൾക്കാശ്രയം നല്കീടണേ.
ദൈവമേ.....

നീടുറ്റ നീതിയും നിർമ്മായസ്നേഹവും
മാനവരാശിയിൽ പൂവിടട്ടെ.
ദൈവമേ.....

---

304 പ്രത്യാശതിങ്ങുന്ന

പ്രത്യാശ തിങ്ങുന്ന ഹൃദയമോടേ
സർവ്വേശ്വരാ, ഞങ്ങൾ പ്രാർത്ഥിക്കുന്നു:
പ്രാർത്ഥനകേട്ടു കനിഞ്ഞിടേണം
പരലോകദാനങ്ങൾ ചിന്തിടേണം.

അവനിയിൽ ശാന്തിവിതച്ചിടേണം
തിരുസ്സഭയെക്കാത്തു ഭരിച്ചിടേണം.
പ്രാർത്ഥനകേട്ടു....

ദാരിദ്ര്യമെല്ലാം തുടച്ചുനീക്കി
ഐശ്വര്യമെങ്ങും നിറച്ചിടേണം:
പ്രാർത്ഥനകേട്ടു.....

സഭയുടെയധിപനായ് വാണിടുന്ന
മാർപ്പാപ്പായ്ക്കായ് ഞങ്ങൾ പ്രാർത്ഥിക്കുന്നു:
പ്രാർത്ഥനകേട്ടു.....

---

305 വിശ്വസിക്കുന്നു

വിശ്വസിക്കുന്നു ഞങ്ങൾ
വിശ്വസിക്കുന്നു ഞങ്ങൾ
ദൃശ്യാദൃശ്യങ്ങൾ സർവ്വവും സൃഷ്ടിച്ച
താതനാം ദൈവത്തിൽ വിശ്വസിക്കുന്നു ഞങ്ങൾ.

താതനാം ദൈവത്തിനേകതനയനാം
ഈശോമിശിഹായിൽ വിശ്വസിക്കുന്നു ഞങ്ങൾ:
സൃഷ്ടിയല്ലാ, സർവ്വസൃഷ്ടികൾക്കുംമുമ്പു
താതനിൽ നിന്നവൻ ആദിയിൽ ജാതനായി.

വിശ്വസിക്കുന്നു ഞങ്ങൾ (2)
ദൈവത്തിൽ നിന്നുള്ള ദൈവമാണീസുതൻ
സത്തയിൽതാതനുമായ്
ഐക്യത്തിൽ വാണിടുന്നു.

ലോകവും ലോകത്തിലുണ്ടായ വസ്തുക്ക-
ളെല്ലാം തീർത്തതീപുത്രൻ മൂലമല്ലോ:
മർത്യകുലത്തിനു രക്ഷയേകീടുവാൻ
സ്വർഗ്ഗത്തിൽനിന്നവൻ മർത്യനായ് വന്നുഭൂവിൽ.

വിശ്വസിക്കുന്നു ഞങ്ങൾ(2)
പാവനാത്മാവിനാൽ കന്യാസൂനുവായ്
മേരിയിൽ നിന്നവൻ
ഭൂമിയിൽ ജാതനായി.

പീലാത്തോസിന്റെ കാലത്തു നിസ്തുല
പീഡകളേറ്റവൻ ക്രൂശിതനായ്മരിച്ചു:
കല്ലറയിൽനിന്നു മൂന്നാം ദിനമവൻ
ഉത്ഥാനം ചെയ്തു സ്വർഗ്ഗത്തിലേയ്ക്കുയർന്നു.

വിശ്വസിക്കുന്നു ഞങ്ങൾ (2)
നിത്യനാം താതന്റെ വലതുഭാഗത്തവൻ
വിജയപ്രതാപനായ്
സിംഹാസനസ്ഥനായി.

ജീവനുള്ളോരെയും മൃതരേയുമന്ത്യത്തിൽ
മുറപോൽവിധിക്കുവാനായണയും വിയത്തിൽ
വീണ്ടും
ജീവൻനല്കുന്ന സത്യാരൂപിയാം
പാവനാത്മാവിലും വിശ്വസിക്കുന്നു ഞങ്ങൾ.

വിശ്വസിക്കുന്നു ഞങ്ങൾ(2)
സാർവ്വജനീനമായ് പരിശുദ്ധമേകമാം
ശ്ലൈഹികസഭയിലും വിശ്വസിക്കുന്നു ഞങ്ങൾ.

പാപത്തിനെല്ലാം മോചനം നല്കുന്ന
മാമ്മോദീസായിൽ വിശ്വസിക്കുന്നു ഞങ്ങൾ
മർത്യകുലത്തിന്റെ അന്തിമോത്ഥാനവും
നിത്യമാം ജീവനും വിശ്വസിക്കുന്നു ഞങ്ങൾ.

---

306 നിത്യപിതാവേ

നിത്യപിതാവേ, കൈക്കൊള്ളണമേ,
ഞങ്ങളണയ്ക്കും ദിവ്യബലി:
നിൻതിരുസുതനാമീശോവഴിയായ്
കൈക്കൊളളണമീ ദിവ്യബലി.

ഞങ്ങളെയൊന്നായ് നിൻതിരുമുമ്പിൽ
കാഴ്ചയണയ്ക്കുന്നാദരവായ്
ദിവ്യനിണത്താൽ മർത്യഗണത്തിൻ
മലിനതയെല്ലാം കഴുകണമേ.

---

307 മോചനം മർത്യനു

മോചനം മർത്യനു നല്കുവാൻ
ജീവൻ സമർപ്പിച്ച നാഥാ,
ഞങ്ങളണയ്ക്കുന്ന കാഴ്ചകൾ
കൈക്കൊണ്ടനുഗ്രഹമേകണേ.

ഉരുകിയുറഞ്ഞനിൻ പീഡയും
മൃതിയുമുയിർപ്പിൻ പ്രസാദവും
നന്ദിയോടോർത്തു ജീവിതം
കാഴ്ചയണയ്ക്കുന്നു ഞങ്ങൾ.

---

308 ദൈവമാതാവാം

ദൈവമാതാവാം കന്യാമേരിയെ
സ്നേഹമോടോർത്തിടാമൾത്താരയിൽ
കന്യാമേരിതൻ ദിവ്യവല്ലഭനെ
വിനയമോടു വാഴ്ത്തിടാമൾത്താരയിൽ.

ഭാരതത്തിൻ ശ്ലീഹായാംമാർത്തോമ്മാ
സാദരം ഞങ്ങൾ നിന്നെ വാഴ്ത്തീടുന്നു:
ശ്ലീഹന്മാരേ, ധന്യരക്തസാക്ഷികളേ.
ശാന്തിഭൂവിനു കൈവരാൻ പ്രാർത്ഥിക്കണമേ.

മൃതിയടഞ്ഞവരാനന്ദമഹിമയോടേ
ദിവ്യസന്നിധിയാർന്നു കാന്തിയണിഞ്ഞിടേണം:
കാരുണ്യവാനായ ലോകരക്ഷകനേ,
നിത്യശാന്തിയവർക്കുനീ നല്കിടേണം.

---

309 ഉയരണമീ

ഉയരണമീ പ്രാർത്ഥനയഖിലേശാ,
ഉയരണമേ, സുരഭിലധൂപംപോൽ:
സ്വർഗ്ഗത്തിൽ നിൻതിരുസന്നിധിയിൽ
വെള്ളപ്പൂപോലതുവിടരേണം.

---

310 മിശിഹാകർത്താവേ, നരകുല

മിശിഹാകർത്താവേ, നരകുലപാലകനേ,
ഞങ്ങളണച്ചിടുമീ പ്രാർത്ഥനതിരുമുമ്പിൽ
പരിമളമിയലും ധൂപംപോൽ
കൈക്കൊണ്ടരുളേണം.

---

311 കർത്താവാം മിശിഹാതൻ

കർത്താവാം മിശിഹാതൻ കാരുണ്യവും
താതനാം ദൈവത്തിൻ സംപ്രീതിയും
പരിശുദ്ധാത്മാവിൻ സഹവാസവും
നമ്മിലുണ്ടാകേണമെന്നുമെന്നും.

---

312 ദൈവസന്നിധിയിൽ

ദൈവസന്നിധിയിൽക്കണ്ണുകളുയർത്തീടുവിൻ
സ്വർഗ്ഗചിന്തകളാൽ മനസ്സുകൾ നിറച്ചീടുവിൻ

അബ്രഹാമിൻ ദൈവമേ, ഇസഹാക്കിൻ
ദൈവമേ,
യാക്കോബിൻ ശക്തനായ ദൈവമേ,
ഹൃദയവേദികൾ തുറന്നങ്ങേ വിളിക്കുന്നു
ഞങ്ങൾ
ദിവ്യസന്നിധിയിൽച്ചിന്തകളുയർത്തുന്നു.

ലോകനായകനാമീശനു ബലിയണയ്ക്കുന്നു
ജീവിതം പരമനാഥനു കാഴ്ചവയ്ക്കുന്നു.

സത്യമായതു മനുഷ്യനു കടമയല്ലോ
ഭക്തിയോടുചിതമായതുചെയ്തിടേണം

---

313 മുദമൊടുവാനവരും

മുദമൊടുവാനവരും സ്വർഗ്ഗനിവാസികളും
കീർത്തനഗീതമിദം പാടിനമിക്കുന്നു.
ദൈവികമഹിമാവാലംബരമുണരുന്നു:
മോഹനഗീതികളാൽ ഭൂമുഖമുണരുന്നു.

ഓശാന, ഓശാന
ദാവീദിൻസുതനോശാന.

പരിശുദ്ധൻ, പരിശുദ്ധൻ
ബലവനാം നീ പരിശുദ്ധൻ
ദൈവത്തിൻ തിരുനാമത്തിൽ
വന്നവനെ വാഴ്ത്തീടാം.

---

314 വാനവരും

വാനവരും സ്വർഗ്ഗനിവാസികളും
നാഥാ, നിൻ നാമം വാഴ്ത്തുന്നു:
ആനന്ദം തിങ്ങിയ മിഴികളുമായ്
ആദരവോടേവം പാടുന്നു.

പരിശുദ്ധൻ നിത്യംപരിശുദ്ധൻ
ബലവാനാം ദൈവം പരിശുദ്ധൻ:
നാഥാ, നിൻ കീർത്തനഗീതികളാൽ
നിറയുന്നു വിണ്ണും ഭൂതലവും.

ഉന്നതവീഥിയിലോശാന
ദാവീദിൻ സുതനോശാന:
കർത്താവിൻ തിരുനാമത്തിൽ
വന്നവനെ വാഴ്ത്തിപ്പാടീടാം.

---

315 മർത്യനെത്തേടി

മർത്യനെത്തേടിയണഞ്ഞവനേ,
മർത്യനുമുക്തിപകർന്നവനേ,
അൾത്താരയിൽ ഞങ്ങളോർക്കുന്നു
കുരിശും നിൻ മരണവുമുത്ഥാനവും.

താതാ, നിൻ പുത്രനെ വീക്ഷിക്കണേ
കുരിശിലേ യാഗം നീ കൈക്കൊള്ളണേ:
പാപങ്ങളെല്ലാം പൊറുക്കേണമേ
സ്വർഗ്ഗീയവാതിൽ തുറക്കേണമേ.

ദൈവമേ, നിൻപ്രിയസൂനുവിൻെറ
ശോണിതം ഞങ്ങൾക്കായ് കേണിടുന്നു:
ആ ദിവ്യരക്തത്തിൻ യോഗ്യതയാൽ
മോചനം ഞങ്ങൾക്കു നല്കീടണേ.

---

316 മാലാഖമാരുടെയപ്പം

മാലാഖമാരുടെയപ്പം
സ്വർഗ്ഗീയജീവൻെറയപ്പം
കാരുണ്യവാനായ ദൈവം
മാനവലോകത്തിനേകി.

സർവ്വേശനാദം. മുഴങ്ങി
മേഘങ്ങളെല്ലാമിറങ്ങി:
ആകാശവാതിൽ തുറന്നു
സ്വർഗ്ഗീയമന്നാ പൊഴിഞ്ഞു.

പാറകൾ പൊട്ടിപ്പിളർന്നു
നീർച്ചാലതിൽനിന്നുണർന്നു:
മരുവിൽത്തടാകം വിരിഞ്ഞു
പുതുപൂക്കളെങ്ങും നിറഞ്ഞു.

---

317 വിണ്ണിൽ നിന്നു I

വിണ്ണിൽനിന്നു സമാഗതമായൊരു
ജീവദായകമപ്പമിതാ
സ്നേഹമോടിതു സ്വീകരിപ്പവ-
രെന്നുമെന്നും ജീവിക്കും.

ഞങ്ങൾ കാണ്മൂ ദിവ്യശരീരം
വൈദികന്റെ കരങ്ങളിൽ:
അന്തികത്തിൽ മാലാഖമാർ
കൈകൾ കൂപ്പിവണങ്ങുന്നു.

പാരിലങ്ങേ കൃപയുടെ വാതിൽ
പാപികൾക്കു തുറന്നവനേ,
ജാതമോദം ഞങ്ങളുമങ്ങേ
വാതിൽമുട്ടിവിളിക്കുന്നു.

ലോകനാഥാ, ഞങ്ങളെനിൻതിരു-
സന്നിധാനം ചേർക്കണമേ:
രാപകൽ നിൻകീർത്തനമെന്നും
പാടുവാൻ വരമേകണമേ.

---

318 വിണ്ണിൽനിന്നു II

വിണ്ണിൽനിന്നു സമാഗതനായൊരു
ദൈവകുമാരനിതാ
നിത്യമനോഹരദൈവികജീവൻ
നല്കുമൊരപ്പമിതാ.

വാനവരൊന്നായാനന്ദത്തൊടു
സന്നിധിചേരുന്നു:
പരമോന്നതനാമീശ്വരസുതനെ
ആരാധിക്കുന്നു.

നവ്യസനാതന നിർമ്മലജീവൻ
നല്കിയ ഭോജ്യമിതാ:
പറുദീസായുടെ മഹിമയുറഞ്ഞൊരു
ദൈവികമന്നയിതാ.

സ്നേഹമിയന്നിതുകൈക്കൊള്ളുന്നവ-
രെന്നും ജീവിക്കും.
രക്ഷയുമുന്നതവരവും നേടും
നിത്യകിരീടവും.

---

319 തിരുശ്ശരീരവും

തിരുശ്ശരീരവും ദിവ്യരക്തവും
സ്നേഹമോടേ വന്നു കൈക്കൊള്ളുവിൻ.
പാപിയാമെന്നിൽക്കനിഞ്ഞു നാഥാ
കറയകറ്റിയുൾപ്രകാശമേകണേ.

വൈരമെല്ലാം മറന്നുകൊൾവിൻ
പാപമോർത്തു കണ്ണുനീരൊഴുക്കുവിൻ
പാപിയാമെന്നിൽ.....

ദൈവദാനം നുകർന്നിടാനായ്
പാപചിന്തയൊക്കെയും ത്യജിക്കുവിൻ.
പാപിയാമെന്നിൽ.....

ശാന്തിയേകാൻ വരുന്നു ദൈവം
ജാതമോദമുൾത്തടം തുറക്കുവിൻ.
പാപിയാമെന്നിൽ....

---

320 നാഥന്റെ ദിവ്യ

നാഥന്റെ ദിവ്യശരീരവും രക്തവും
സ്നേഹമോടേ വന്നു സ്വീകരിപ്പിൻ:
കറയെല്ലാം നീക്കിയെൻ ആത്മാവിൽദൈവമേ,
കൈവല്യദീപം കൊളുത്തീടണേ.

പാപങ്ങളോർത്തോർത്തു കണ്ണീരൊഴുക്കുവിൻ
ശത്രുതയെല്ലാം മറന്നീടുവിൻ:
കറയെല്ലാം....

ദിവ്യകൃദാശയാൽ പാവനാത്മാവിന്റെ
തികവുറ്റ ദാനങ്ങൾ കൈക്കൊള്ളുവിൻ.
കറയെല്ലാം.....

ദൈവത്തിലൊന്നായി നിർമ്മായചിത്തരായ്
സർവ്വേശസൂനുവെസ്വീകരിപ്പിൻ:
കറയെല്ലാം.....

---

321 ലോകത്തിൻ നാഥനാമീശോ

ലോകത്തിൻ നാഥനാമീശോ
എന്നുള്ളിൽ വാഴാൻ വരുന്നു:
മാനവരക്ഷകനീശോ
പാപിയെത്തേടിവരുന്നു.

യോഗ്യമല്ലേതുമെൻ നാഥാ, നിന്നെ
സ്വീകരിക്കാനെൻ ഹൃദന്തം:
കർത്താവേ, നിൻ തൃക്കടാക്ഷം-പരി-
ശുദ്ധി വിതയ്ക്കേണമെന്നിൽ.

---

322 നിൻദിവ്യരക്തശരീരങ്ങൾ

നിൻദിവ്യരക്തശരീരങ്ങൾ
കൈക്കൊണ്ടുധന്യരായിതാ
ആനന്ദഗാനങ്ങൾ പാടുന്നു ഞങ്ങൾ
ആരാധ്യനാമം വാഴ്ത്തിടുന്നു.

ദിവ്യകർമ്മങ്ങൾ കണ്ട കണ്ണുകൾ
ധന്യമായ് മോദം പുണർന്നു നില്പൂ:
സ്വർല്ലോകതന്ത്രികൾ മീട്ടിയനാവുകൾ
സന്തോഷഗാനം പൊഴിച്ചിടുന്നു.

നിൻദിവ്യരാജ്യത്തിലെത്തിടുമ്പോൾ
ഞങ്ങളേയും നീയോർത്തിടേണം:
മാലാഖമാരൊത്തു സന്തതമങ്ങേ
ഗീതങ്ങൾ പാടാൻ വരം തരേണം.

---

323 മോദംകലർന്നു

മോദംകലർന്നു നിന്നെ-
യുൾക്കൊണ്ട നിന്റെ ദാസരിൽ
സ്നേഹം തുളുമ്പിടുന്ന നാഥാ കനിഞ്ഞു നവ്യ-
ജീവൻ ചൊരിഞ്ഞിടേണമേ.

ദേവാലയത്തിൽ ദിവ്യ-
കർമ്മങ്ങൾ കണ്ട കണ്ണുകൾ
ലോകാവസാനനാളിലാകാശമാറിൽ നിന്റെ
ആരമ്യകാന്തികാണണം.

നിൻ ദിവ്യകീർത്തനങ്ങൾ
പാടിത്തെളിഞ്ഞനാവുകൾ
എന്നെന്നുമുന്നതത്തിൽ മാലാഖമാരുമൊത്തു
നിൻഗാനമാലപിക്കണം.

നിൻദിവ്യകീർത്തനങ്ങ-
ളേറ്റേറ്റുണർന്ന കാതുകൾ
ജീവന്റെ നാട്ടിലേയ്ക്കു നാഥൻ വിളിച്ചിടുന്ന
നാദം തെളിഞ്ഞുകേൾക്കണം.

ദേവാലയത്തിനുള്ളി-
ലൂന്നിപ്പതിഞ്ഞ കാലുകൾ
വിണ്ണിൽക്കുതിച്ചുയർന്നു കണ്ണഞ്ചിടുന്ന സ്വർഗ്ഗ-
രാജ്യത്തു സഞ്ചരിക്കണം.

---

324 വന്ദനം ബലിപീഠമേ

വന്ദനം ബലിപീഠമേ, പൂജ്യമാം ബലിപീഠമേ,
പുതുവരം നുകർന്നിതാ, പോകുന്നു ഞങ്ങൾ.

എവിടെ ഞങ്ങൾപോയാലും, എന്തു ഞങ്ങൾ ചെയ്താലും
ദൈവത്തിൻകരം ഞങ്ങൾക്കഭയമരുളേണം
സന്തതമഭയമരുളേണം.

---

325. വിരിതുറക്കുന്നു.

വിരിതുറക്കുന്നു, വിണ്ണിൻ വിരിതുറക്കുന്നു
ദൈവദൂതന്മാർ സാദരമണിനിരക്കുന്നു:
പാപമോചനവും ശാന്തിയുമുലകിനേകിടുവാൻ പുത്രൻ
ബലിയണയ്ക്കുന്നു, താതനു ബലിയണയ്ക്കുന്നു.

തിരികൾ തെളിയുന്നു, പൂജാമണിമുഴങ്ങുന്നു
മഹിതഗാഗുൽത്താമലയുടെ വിരികൾ നീങ്ങുന്നു:
നരനുദൈവവുമായനുരഞ്ജനം നല്കും ബലിയാൽ
പരമസായൂജ്യം നേടാൻ കനിയണം നാഥാ.

സഹനവും മഹിമേൽ നിൻെറ മരണമുത്ഥാനം
സകലവും ഞങ്ങൾ ചിരമീബലിയിലോർക്കുന്നു:
വിനയിൽ നിന്നെല്ലാം മോചനമരുളണംനാഥാ,
മൃതിയടഞ്ഞവരിൽക്കാന്തിചൊരിയണം നാഥാ.

---

325 (b) കാൽവരിമലമേൽ

കാൽവരിമലമേൽ ദൈവകുമാരന-
ണച്ചോരാത്മബലി:
പീഠത്തിന്മേലാദരവോടേ
അർപ്പിച്ചീടാം.

ഓർമ്മയ്ക്കിതുനാം ചെയ്യണമീശര-
കല്പനയല്ലോ:
സമുചിതമായതു പൂരിതമാക്കാൻ
പ്രാർത്ഥിച്ചീടാം.

---

326 നിങ്ങളെൻ നാമത്തിൽ

"നിങ്ങളെൻ നാമത്തിൽക്കൂടുമ്പോളെന്നുടെ
ഓർമ്മയ്ക്കായിതുനിങ്ങൾ ചെയ്തീടുവിൻ"
കർത്താവുതന്നൊരിക്കല്പന പാലിച്ചു
ഭക്തിയോടീബലിയർപ്പിച്ചീടാം.

മർത്യകുലത്തിനു മോചനമേകുവാൻ
ആത്മാർപ്പണംചെയ്തു ലോകനാഥൻ
ത്യാഗം നിറഞ്ഞൊരാസ്നേഹത്തിലൊന്നായി
ഭക്തിയോടീബലിയർപ്പിച്ചീടാം

---

327 സ്വർഗ്ഗത്തിൽ വാഴും പിതാവേ

സ്വർഗ്ഗത്തിൽ വാഴും പിതാവേ,
നിൻനാമം പൂജിതമായിടേണം:
നിന്നുടെ രാജ്യമീഭൂവിൽവരേണം
നിന്നിഷ്ടം സ്വർല്ലോകത്തെന്നപോലെ
നിറവേറണം നിത്യമൂഴിമേലും.

ആവശ്യമായുള്ള ഭോജ്യം
ഞങ്ങൾക്കുനീയിന്നു നല്കേണമേ:
നരരോടുഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളോടും നീ പൊറുക്കേണമേ.

പാപത്തിൽ വീഴാതെ രക്ഷിക്കണേ
തിന്മയിൽനിന്നു നീ കാത്തീടണേ:
രാജ്യവും ശക്തിമഹത്വങ്ങളും
നിന്നേറതാകുന്നു നിത്യം.

നിൻദിവ്യകീർത്തനഗീതങ്ങളാൽ
മുങ്ങുന്നു ഭൂമിയുമാകാശവും
മാലാഖമാരും മാനവരും
'പരിശുദ്ധൻ നീ' യെന്നു കീർത്തിക്കുന്നു.

---

328 സ്വർഗ്ഗത്തിൽ വാഴുംപിതാവേ

സ്വർഗ്ഗത്തിൽ വാഴും പിതാവേ,
നിൻനാമം വാഴ്ത്തപ്പെടേണം:
നിൻപരിപാവനരാജ്യം
മഹിമയോടൂഴിയിൽ വരണം
നിന്നിഷ്ടം സ്വർഗ്ഗത്തിലെന്നപോലെ
നിറവേറണം നിത്യമൂഴിമേലും.

ആവശ്യമായുള്ളഭോജ്യം
ഞങ്ങൾക്കു നീയിന്നുതരണേ
നരരോടു ഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളോടും നീ പൊറുക്കേണമേ!
പാപത്തിൽ വീഴാതെ രക്ഷിക്കണേ
തിന്മയിൽനിന്നു നീ കാത്തീടണേ.

---

329 സർവ്വലോകനായകാ

സർവ്വലോകനായകാ വണങ്ങിടുന്നു
ഈശോനാഥാ, പുകഴ്ത്തിടുന്നു:
അങ്ങു മർത്യശരീരങ്ങൾക്കുയിർപ്പേകുന്നു
ആത്മാവിനു നിത്യരക്ഷപകർന്നിടുന്നു.

---

330 പരിചൊടുനാദം

പരിചൊടുനാദമുയർത്തിടുവിൻ
സർവ്വരുമൊന്നായ്പ്പാടിടുവിൻ:
ജീവിക്കും സകലേശ്വരനെ
മോദമൊടേ നിങ്ങൾ വാഴ്ത്തിടുവിൻ.

പരിശുദ്ധൻ നീ സകലേശാ,
പരിശുദ്ധൻ നീ ബലവാനേ,
പരിശുദ്ധൻ മൃതിയില്ലാത്തവനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.

---

331 മിശിഹാനാഥന്റെ

മിശിഹാനാഥന്റെ തിരുമെയ്യും
നിണവുമിതാ, പാവനബലിപീഠേ
അണയുക നാമൊന്നായ് സന്നിധിയിൽ
സ്നേഹത്താൽ നിറയും ഭക്തിയൊടേ.

പാടുകനാം, അണിയായ് പാടുകനാം
വാനവരോടൊപ്പം പാടുക നാം:
പരിശുദ്ധൻ നിത്യം പരിശുദ്ധൻ
ബലവാനാം ദൈവം പരിശുദ്ധൻ.

---

332 ദൈവമേ, ഞങ്ങളേകിടും

ദൈവമേ, ഞങ്ങളേകിടും കാഴ്ചകൾ സ്വീകരിക്കണേ
നിൻ പ്രസാദവീചികൾ ഞങ്ങളിൽ നീ ചിന്തണേ.

ലോകവും ജീവജാലവും തീർത്തവൻ നീ അമേയനാം
നിൻമഹാദാനമൊക്കെയും കാഴ്ചയായ് നല്കിടുന്നിതാ.

സ്വന്തമായുള്ള സർവ്വവും കർമ്മവും ജീവസത്തയും
അർപ്പണം ചെയ്യുമല്പരാം ഞങ്ങളിൽ പ്രീതനാകണേ.

---

333 വാനവരും സ്വർഗ്ഗീയ

വാനവരും സ്വർഗ്ഗീയസൈന്യങ്ങളും
ചേർന്നൊരുമയൊടുച്ചത്തിൽ പാടുന്നു.

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
ബലവാനാം സകലേശൻ പരിശുദ്ധൻ:
ഭൂലോകവുമഴകേറിയൊരാകാശവും
ദൈവത്തിൻ മഹിമാവാൽ നിറയുന്നു.

പരമോന്നതവീഥിയിലോശാന
ദാവീദിൻ സൂനുവിനോശാന
കർത്താവിൻ നാമത്തിൽ വന്നവൻ
വീണ്ടും വരും - നാഥനോശാന.

---

334 ഉന്നതത്തിൽനിന്നു

"ഉന്നതത്തിൽനിന്നു വന്നൊരപ്പമാണു ഞാൻ
വിണ്ണിൽ നിന്നിറങ്ങിവന്ന ഭോജ്യമാണു ഞാൻ:
സ്നേഹമോടൊരുങ്ങിയെന്നെ സ്വീകരിക്കുവോർ
നിത്യമായ ജീവിതത്തിനർഹരാകും.

രക്ഷകന്റെ പൂജ്യമായ തിരുശ്ശരീരം
വൈദികൻ കരങ്ങളിൽ വഹിച്ചിടുന്നു:
ഭക്തിയോടു ദൈവദൂതർ കുമ്പിടുന്നു
നാഥനെയദൃശ്യരായ് വണങ്ങിടുന്നു.

പാപികൾക്കുമിത്രമായ ലോകനാഥാ,
നീതിവാതിലാർദ്രമായ്ത്തുറന്നിടേണമേ:
ഉള്ളിൽവന്നു പാപികൾ വണങ്ങിടേണം
ദിവ്യനാമകീർത്തനങ്ങൾ പാടിടേണം.

---

335 ഹൃദയവാതിൽ

ഹൃദയവാതിൽ തുറക്കുന്നു പരമനാഥാ, നിന്നെ
സ്വീകരിക്കാനുൾത്തടം ഞാനൊരുക്കുന്നു:
മധുരഗാനം പാടിയെന്റെ മണിയറയ്ക്കുള്ളിൽ- പൂക്കൾ
വിതറിയങ്ങേയാഗമം ഞാൻ കാത്തിരിക്കുന്നു.

നിയതമെൻ നയനമങ്ങേ സവിധമെത്തുന്നു നാഥാ,
സദയമെന്റെ ഹൃദയവനിയിൽ വന്നു വാഴണമേ
മിഴിയടയ്ക്കാതെപ്പൊഴും ഞാൻ കാത്തിരിക്കുന്നു-എന്നെ
അവഗണിച്ചൊരു കനവുപോൽ നീ മാഞ്ഞുമറയല്ലേ.

ഇരവിലും നിറപകലുമങ്ങേയഴകെഴും രൂപം മാത്രം
നിരതമെന്റെ ചേതസിൽ തെളിഞ്ഞു നില്ക്കുന്നു:
നിന്നിലൂന്നിവളർന്നിടും സ്നേഹമെന്യേ നാഥാ
മന്നിലൊന്നും കാര്യമായ് ഞാൻ മതിക്കുന്നില്ല.

നിനക്കായിമാത്രം ഞാൻ ജീവിക്കട്ടെ - നിന്നെ-
ക്കാണുവാൻ മാത്രമെന്റെ മിഴിതുറക്കട്ടെ:
നിൻകരങ്ങൾക്കുള്ളിലെന്നെ ബന്ദിയാക്കണമേ, നാഥാ,
പങ്കിലമാം ബന്ധമെല്ലാം തകർക്കേണമേ.

---

336 മരണത്താലേ

മരണത്താലേ മാനവനുലകിൽ
മംഗള ജീവൻ പകർന്നവനേ,
മരണമടഞ്ഞോർക്കാനന്ദത്തിൻ
പരമകവാടം തുറക്കണമേ.

ചെന്നിണബലിയാ, ലുന്നതവെളിവാൽ
ശാന്തിജഗത്തിൽ വിതച്ചവനേ,
മരണമടഞ്ഞോർക്കാനന്ദത്തിൻ
പരമകവാടം തുറക്കണമേ.

ബലിയിതുകൈക്കൊണ്ടലിവൊടുനാഥാ,
മൃതരുടെ പാപം പൊറുക്കണമേ:
നിത്യവിരുന്നിൻ കതിരുകൾ വീശും
നിറതിരിയവരിൽക്കൊളുത്തണമേ.

അവനിയിലങ്ങേ പാവനനാമം
കീർത്തിച്ചവരെ മറക്കരുതേ:
അവനിയലങ്ങേദിവ്യശരീരം
കൈക്കൊണ്ടവരെ ത്യജിക്കരുതേ.

---

337 സ്വർഗ്ഗസ്ഥിതനാം നിത്യപിതാവേ

സ്വർഗ്ഗസ്ഥിതനാം നിത്യപിതാവേ,
നിൻതിരുനാമം വാഴ്ത്തപ്പെടണം:
പരിപാവനമാം നിന്നുടെ രാജ്യം
മഹിമയൊടുലകിൽ വന്നീടേണം.

സ്വർഗ്ഗതലത്തെന്നതുപോലങ്ങേ
ഇഷ്ടം ധരയിൽ നിറവേറേണം:
ആവശ്യകമാമനുദിനഭോജ്യം
ഞങ്ങൾക്കലിവായ് നല്കീടണമേ.

ഞങ്ങൾ പൊറുക്കുന്നതുപോൽനാഥാ,
ഞങ്ങൾക്കും നീ പൊറുതിതരേണം:
വിനകളിൽ വീഴാൻ കൈവെടിയരുതേ
തിന്മയിൽ നിന്നും രക്ഷിക്കണമേ.

---

338 ആഴത്തിൽനിന്നു ഞാൻ

ആഴത്തിൽനിന്നുഞാൻ ആർദ്രമായ്ക്കേഴുന്നു:
ദൈവമേ, എന്നെ നീ കേൾക്കേണമേ.

പാപങ്ങളെല്ലാം നീ ഓർത്തിരുന്നാൽ നാഥാ,
ആരാരീലോകത്തിൽ രക്ഷനേടും.

പാപത്തിൻ മോചനം നിന്നിൽ ഞാൻ തേടുന്നു:
നീയാണെൻ മോക്ഷവും പ്രത്യാശയും.

പുലരുവാൻ കാക്കുന്ന കാവൽക്കാരെന്നപോൽ
സകലേശാ, നിന്നെ ഞാൻ കാത്തിരിപ്പൂ.

പാപങ്ങൾമോചിക്കും കാരുണ്യവാരിധേ,
ആത്മാക്കൾക്കാശ്വാസം നല്കേണമേ.

---

339 സ്വർഗ്ഗീയജീവന്റെറയപ്പം

സ്വർഗ്ഗീയ ജീവന്റെറയപ്പം
വിണ്ണിൽ നിന്നൂഴിയിൽ വന്നു:
ദൈവത്തിൻ നിത്യകുമാരൻ
മർത്യർക്കു ഭോജ്യമായ്ത്തീർന്നു.

സ്നേഹമാർന്നീ ദിവ്യഭോജ്യം
സ്വീകരിക്കുന്നവരെല്ലാം
സത്യമായ് ജീവിക്കുമെന്നും
നിത്യമാം രാജ്യവും നേടും.

---

340 സഹനംവഴിയായ്

സഹനംവഴിയായ് മരണത്തിന്മേൽ
ശാശ്വതവിജയം നേടിയനാഥാ,
രാജമഹേശാ, ദൈവകുമാരാ,
വിനയമൊടങ്ങേ വന്ദിക്കുന്നു.

പരമോന്നതമാമുത്ഥാനത്താൽ
വിജയകിരീടം ചൂടിയനാഥാ,
മർത്യകുലത്തിൻ രക്ഷകനീശോ
സാദരമങ്ങേ വാഴ്ത്തീടുന്നു.

തിന്മകളെല്ലാം നീക്കി ജഗത്തിൽ
നിർമ്മലകിരണം വീശിയനാഥാ.
അന്തിമദിവസം മഹിമയൊടങ്ങേ
സന്നിധിയണയാൻ വരമരുളേണം.

---

341 കരുണാനിധിയാം കർത്താവേ

കരുണാനിധിയാം കർത്താവേ,
ഞങ്ങളണയ്ക്കും പ്രാർത്ഥനകൾ
കൈക്കൊണ്ടലിവൊടുനിൻസുതരിൽ
ദിവ്യവരങ്ങൾ ചിന്തണമേ.

നിർമ്മലമാനസനാബേലിൻ
പരിപാവനമാം ബലിപോലെ
ബലിയിതുകൈക്കൊണ്ടഖിലേശാ,
മൃതരാം സുതരിൽക്കനിയണമേ.

മൃതരുടെ കറകൾ നീക്കണമേ
പാപകടങ്ങൾ പൊറുക്കണമേ:
നിത്യവിരുന്നിനു കർത്താവേ,
വിരവോടവരെച്ചേർക്കണമേ.

പ്രാർത്ഥിപ്പതിനായ് സന്നിധിയിൽ
വന്നവരാം നിൻതനയർക്കും
ദിവ്യാനുഗ്രഹമേകണമേ
ഇപ്പൊഴുമെപ്പൊഴുമെന്നേയ്ക്കും.

---

342 മർത്യനുനിത്യജീവൻ

മർത്യനു നിത്യജീവൻ ചാർത്തിയ
കുരിശേവണങ്ങിടുന്നു:
സ്വാതന്ത്ര്യത്തിൻ പുലരിവിടർത്തിയ
കുരിശേ, വണങ്ങിടുന്നു.

നിഴലും പ്രകാശവുമായ് നീങ്ങുമീ
ജീവിതവീഥികളിൽ
തളരാതെ മുന്നേറുവാൻ നിരന്തരം
താങ്ങുന്ന കൈയാണു നീ.

കണ്ണീരിലാനന്ദമേ, ഭയം തിങ്ങു-
മിരുളിൽ പ്രഭാപൂരമേ,
അവസാനനാളിൽത്തെളിഞ്ഞുമിന്നുന്ന
കനകപ്പതാകനീ.

---

343 കതിരോനെവെല്ലും

കതിരോനെവെല്ലും പ്രഭയോടേ
താരത്തിൻ പൂമുടി ചൂടിവരും
കന്യകയാം മേരീ, നീയല്ലോ
രക്ഷകനെ നരനുപകർന്നരുളി.

ആനന്ദം തിങ്ങും തിരുനാളിൽ
വിരിയുന്നു മാനവ നയനങ്ങൾ:
മിഴിനീരിൻ താഴ്വരയഴകേറും
പനിനീർപ്പൂവനിയായ് മാറുന്നു.

---

344 കരയും കടലും

കരയും കടലും കടന്നു വന്നീ ഭാരതഭൂവിൽ
സുവിശേഷത്തിൻ ദീപമുയർത്തിയ മാർത്തോമ്മാ,
വണങ്ങിടുന്നു വത്സലരങ്ങേത്തൃപ്പാദങ്ങൾ
കനിഞ്ഞനുഗ്രഹദാനവരങ്ങൾ ചൊരിഞ്ഞിടേണം.

നിറയുംമുദമൊടു ജീവൻ നാഥനു നല്കിയനാളിൽ
സാദരമങ്ങേയപദാനങ്ങൾ കീർത്തിക്കുന്നു:
വിജയകിരീടം ചൂടിയുണർന്നൊരു മംഗളനാളിൽ
സ്വിനയമങ്ങേ ധീരത ഞങ്ങൾ വാഴ്ത്തീടുന്നു.

---

345 മാനവരക്ഷകനേശുവിൻ

മാനവരക്ഷകനേശുവിൻ ജീവചരിത്രമിതാ,
ശ്ലീഹന്മാരെഴുതിയ ദൈവനിവേശിത ചിത്രമിതാ:
വിശ്വാസത്തൊടണഞ്ഞിടുവിൻ
വന്ദനമേകിടുവിൻ.

സ്വർഗ്ഗപിതാവിൻ നിർമ്മലമോഹനദാനം
നിത്യവിരുന്നിലുയർന്നു മുഴങ്ങിയ ഗാനം
ജീവനുണർത്തിയ പറുദീസായുടെ വാതിൽ
കൂരിരുൾ ദൂരെയകറ്റിയുദിച്ചൊരുദീപം.

---

346 ജീവനുമുയിരും

ജീവനുമുയിരും നല്കും
തിരുവചനങ്ങൾ കേൾപ്പിൻ:
സർവ്വാധിപനാം ദൈവത്തിൻ
തിരുമൊഴികേൾപ്പിൻ.

ഈശ്വരവചനം കേൾക്കെ
വിറകൊള്ളുന്നു സാത്താൻ:
നല്ലവരെല്ലാമാനന്ദത്തിൻ
പുളകം കൊൾവൂ.

വചനം പാകാൻ ദൈവം
വയലുകൾ തേടിവരുന്നു:
വിനയം നിറയും മാനവഹൃദയം
തേടിവരുന്നു.

ജീവൻപകരും നാദം
പാപം കഴുകും നാദം
കേൾക്കുന്നവരെ നിർമ്മലരാക്കും
ചിന്മയനാദം.

ലോകമഹേശൻ വന്നു
കന്യാസുതനായ് വന്നു:
തിരുവചനത്താൽ മനുജനുധരമേൽ
ആശപകർന്നു.

സുവിശേഷത്തിൻ ദീപം
നാട്ടുന്നതിനായ് നാഥൻ
ശ്ലീഹന്മാരെ ദൈവികവെളിവാൽ
പൂരിതരാക്കി.

---

346 (b) സർവ്വാധിപനാം

സർവ്വാധിപനാം കർത്താവേ,
നിന്നെവണങ്ങിനമിക്കുന്നു:
ഈശോനാഥാ, വിനയമൊടേ
നിന്നെ നമിച്ചുപുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ-
മുത്ഥാനം നീയരുളുന്നു:
അക്ഷയമവനുടെയത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

---

347 കുരിശിലെ ബലിയാൽ

കുരിശിലെബലിയാൽ മനുജനു ജീവൻ
നല്കിയ നാഥാ,
വിനയമൊടങ്ങേത്തൃപ്പാദങ്ങൾ
വന്ദിക്കുന്നു.

മരണത്താൽ നീ മരണത്തിന്മേൽ
വിജയം നേടി:
നരകപിശാചിൻ വഞ്ചനയുതിരും
കെണികൾ തകർത്തു.

നിൻതിരുമെയ്യും നിർമ്മലനിണവും
പൂജയണയ്ക്കും:
ഭവനമിതെന്നും പരിപാവനമായ്
പാലിക്കണമേ.

നിത്യമഹത്വം പുല്കിയ കുരിശേ,
മോഹനകുരിശേ,
നീതാനല്ലോ പരമയുഗത്തിൻ
വിരികളുയർത്തി.

---

348 കരുണാനിധിയാം ദൈവം

കരുണാനിധിയാം ദൈവം
തിരുവചനങ്ങൾ മനുജനുസദയം നല്കി:
പരിപാവനമാം ചിന്തകളോടെ
വന്നവകേൾപ്പിൻ.

അനുതാപത്തിൻ മാർഗ്ഗം
പിഞ്ചെന്നവരെ മോചിപ്പതിനായ് ദൈവം
പരലോകത്തിൻ പരമോന്നതമാം
നിധികൾ തുറന്നു.

കൂരിരുളെല്ലാം നീങ്ങി
ചിന്മയ ജീവൻ മന്നിടമെങ്ങും തിങ്ങി
സ്വർല്ലോകത്തിൻ വീഥികളെല്ലാം
മിന്നിവിളങ്ങി.

നാഥനുഹൃദയാനന്ദം
ചേലിൽച്ചിതമായ് നല്കിയപൗലോസ്ശ്ലീഹാ
നേർവഴികാട്ടും തിരുവാണികളാൽ
ആശപകർന്നു.

വിനയാന്വിതരായ്ക്കേൾപ്പിൻ
പൗലോസരുളും പൂജിതവചനം കേൾപ്പിൻ:
കാന്തിപരത്തും തിരുസന്ദേശം
മുദമൊടുകേൾപ്പിൻ.

---

349 അഖിലേശാ, മൃതരിൽ

അഖിലേശാ, മൃതരിൽക്കനിയണമേ,
അവരുടെ പാപങ്ങൾ മായ്ക്കണമേ:
വാനവഗാനങ്ങൾ പാടിടുവാൻ
വിരവൊടു നീയവരെ വിളിക്കണമേ.

നാഥാ, നിൻമെയ്യും തിരുനിണവും
കൈക്കൊണ്ടോരവരെന്നോർക്കണമേ:
പരിശുദ്ധന്മാരുടെ ഭവനത്തിൽ
സദയം നീയവരെച്ചേർക്കണമേ.

---

350 നൃപനാം മിശിഹാകർത്താവിൻ

നൃപനാം മിശിഹാകർത്താവിൻ
ജീവിതമൊന്നായ് നിഴലിക്കും
സുവിശേഷത്തിൻ ഗ്രന്ഥമിതാ

അരിയൊരുദൈവനിവേശത്താൽ
വെളിവുനിറഞ്ഞൊരു ശിഷ്യന്മാർ
എഴുതിയചരിതമിതുന്നതമാം
ജീവൻ നരനു പകർന്നരുളി.

വിശ്വാസത്തൊടണഞ്ഞിടുവിൻ
വന്ദനമേകി നമിച്ചിടുവിൻ
മർത്യകുലത്തിൻ രക്ഷകനാം
നാഥനെ വാഴ്ത്തിപ്പാടിടുവിൻ.

---

351 സംഘടിക്കുവിൻ

സംഘടിക്കുവിൻ, സംഘടിക്കുവിൻ മത-
ഭ്രാന്തരെത്തുരത്തുവാൻ സംഘടിക്കുവിൻ:
സൗഹൃദം കെടുത്തിടുന്ന മതവിരുദ്ധരെ
ധരയിൽനിന്നു നിർദ്ദയം തുടച്ചുകുറ്റുവിൻ.

സ്നേഹമാണേതുമതസ്ഥാപകനും തന്റെ
ശിഷ്യരിൽക്കൊളുത്തിവച്ച ദിവ്യദൗത്യം:
ഇന്നതിൽക്കളങ്കരേഖചാർത്തുവോരെ
നിർദ്ദയം തകർത്തെറിഞ്ഞുമുന്നേറുവിൻ.

സ്നേഹമാണീശ്വരന്റെ ദിവ്യരൂപം
സൗഹൃദംമഹേശ്വരന്റെ പരമജീവൻ:
സ്നേഹമാണു നിയതമീദുരിതലോകം
നിറമെഴും സ്വർഗ്ഗമായിമാറ്റിടുന്നു.

---

352 ഹിന്ദുവല്ലീശ്വരൻ

ഹിന്ദുവല്ലീശ്വരൻ, മുസ്ലീമല്ലീശ്വരൻ
ക്രിസ്ത്യാനിയല്ലീശ്വരൻ
എല്ലാമതങ്ങളും കോർത്തിണക്കീടുന്ന
സ്നേഹമാണീശ്വരൻ.

മതജാതിവർണ്ണങ്ങളെന്താകിലും മർത്യ-
നീശ്വരസൃഷ്ടിയല്ലോ:
മൃതിയോളമൈക്യത്തിലൊരുമിച്ചു കഴിയേണ്ട
ചെറുസോദരങ്ങളല്ലോ:
വൈരാഗ്യവും ദുഷ്ടപകയും തകർന്നന്ത-
രംഗം തെളിഞ്ഞെങ്കിലേ
മരണത്തിനപ്പുറം സകലേശദർശനം
നുകരുവാൻ സാധ്യമാകൂ.

പ്രാർത്ഥിക്കുവാൻ, ശാന്തിയാർജ്ജിക്കുവാൻ ക്ഷേത്ര-
മണയുന്ന ഹിന്ദുക്കളേ,
ദൈവാനുഭൂതിക്കു പള്ളിയിൽക്കുമ്പിട്ടു
നില്ക്കുന്ന മുസ്ലിങ്ങളെ,
കുരിശിൽക്കിടക്കുന്ന സർവ്വേശപുത്രനെ
പുണരുന്ന ക്രിസ്തീയരേ,
ദൈവത്തിലെല്ലാരുമൊന്നായിനീങ്ങുവാൻ
സ്വയമീശനർപ്പിക്കുവിൻ.

---

353 ഈശ്വരനു വസിക്കുവാൻ

ഈശ്വരന്നു വസിക്കുവാനെത്ര
ഗേഹമിങ്ങു നാം തീർക്കിലും
സ്നേഹം - സോദരസ്നേഹ - മില്ലെങ്കിൽ
വ്യർത്ഥമാണതുസർവ്വവും.

ഈശനുൾപ്രിയമേകുവാൻ സ്വന്ത-
ജീവനാഹുതിചെയ്കിലും
സ്നേഹം - സോദരസ്നേഹ-മില്ലെങ്കിൽ
വ്യർത്ഥമാണതു സർവ്വവും.

കോപിക്കുന്നില്ല സ്നേഹ, മന്യനു
തിന്മയാശിപ്പീലേതുമേ:
ശാന്തമായി സഹിച്ചിടുന്നേറ്റ-
ദ്രോഹമെല്ലാം മറക്കുന്നു.

സൃഷ്ടിയെല്ലാം നശിച്ചുപോകിലും
ഭാഷയെല്ലാം നിലയ്ക്കിലും
സ്നേഹമെന്നും ജ്വലിച്ചുനിന്നിടും
മന്നിലീശ്വരസാക്ഷിയായ്

---

354 ബലിയല്ല

ബലിയല്ല സ്നേഹമാണു ഭദ്രദീപം
മതങ്ങളെ നിയിച്ചിടേണ്ട പരമദീപം:
പടയല്ല കലഹമ, ല്ലവയുടെ പരിരക്ഷ
നരനെ നരനാക്കും പരമസ്നേഹം.

മനശ്ശാന്തിക്കുറവിടമാം മതമിന്നു മാനവൻ
വിഷപ്പാമ്പിൻ ഗുഹയാക്കിമാറ്റിടുന്നു:
അതിൽനിന്നു വമിക്കുന്ന വിഷമേറ്റനേകം
ജീവിതങ്ങൾ ചേതസ്സറ്റു നിപതിക്കുന്നു.

മതമെല്ലാം ഹൃദയത്തിൻ വിളക്കാണു, കെടുത്തിയാ-
ലന്തരംഗമിരുൾമൂടിയടഞ്ഞുപോകും:
ഈശ്വരന്റെ സന്നിധാനമണയ്ക്കുമാവീഥികൾ
പിഴച്ചെന്നാൽ ജീവിതം വിഫലമാകും.

ഒരുമതം മറ്റവയ്ക്കു കാവലായ് ഭവിക്കണം
പരസ്പരപൂരകമായ് മിന്നിനില്ക്കണം.
താനിരിക്കുംകൊമ്പുവെട്ടി ശത്രുനാശം തേടിയാൽ
സ്വന്തജീവനതിൽപ്പെട്ടുഞെരിഞ്ഞുപോകും.

---

355 കരയുന്നു ഭാരതാംബ

കരയുന്നു ഭാരതാംബ കരയുന്നു
ഗംഗയാറു ചുടുകണ്ണീരൊഴുക്കുന്നു:
മതവൈരികളുയർത്തുന്ന കൊടുങ്കാറ്റിൽ
ഭാരതത്തിൻ ദീപനാളം പൊലിയുന്നു.

രാഷ്ട്രപിതാവു സമുന്നതനാം മഹാത്മഗാന്ധിജി
കോർത്തെടുത്തൊരു സൗഹാർദ്ദക്കണ്ണിയൊന്നൊന്നായ്
വലിയുന്നു, വീണുപൊട്ടിത്തകരുന്നു
ഭാരതത്തിൻ ആത്മാവു പിടയുന്നു.

സോദരരേ, കൈകൾ കോർത്തുമുന്നേറുവിൻ
മതവിരുദ്ധചിന്തയെല്ലാം വെടിഞ്ഞീടുവിൻ:
ഹിന്ദു മുസ്ലിം ക്രിസ്ത്യാനിമതങ്ങളെല്ലാം
മോഹനമാമൊരുമാലയിലെപ്പൂക്കളല്ലേ?

ഭഗവൽഗീതാ, ബൈബിൾ ഖുറാൻ
അവ നല്കും സന്ദേശമൊന്നുതന്നെ-
"സ്നേഹിപ്പിൻ, സോദരരെസ്നേഹിക്കുവിൻ
സോദരരിൽ ദൈവത്തെ ദർശിക്കുവിൻ."

എവിടന്നീ വിദ്വേഷപ്പൊടിപടലങ്ങൾ
എവിടന്നീ രോഷത്തിൻ കരിമേഘങ്ങൾ?
പകതിങ്ങും നരകത്തിൻ കേളീരംഗം
ഭയമേറ്റും പൈശാചികമൂർത്തീഭാവം.

നരനുലകിൽ ദൈവത്തിൻ പ്രതിരൂപമാം - ആ
ഹൃദയത്തിൽ സകലേശൻ കുടികൊള്ളുന്നു:
നരസൗഹൃദമുലയുമ്പോൾ സർവ്വേശനിൽ
പതിയുന്നു ദുഃഖത്തിൻ പ്രതികരണങ്ങൾ.

---

357 ചെറുത്തുനിൻ കരങ്ങൾ

ചെറുത്തുനിൻ കരങ്ങളെന്നറിഞ്ഞിടാതെ ദൈവമേ,
വെറുത്തു നീ കനിഞ്ഞെനിക്കയച്ച ദുഖവീചികൾ:
പൊറുത്തിടേണമൊക്കെയെൻഗുണത്തിനെന്നു
പിന്നെ ഞാ-
നറിഞ്ഞു ദിവ്യപാലനത്തെ വാഴ്ത്തിടുന്നു സന്തതം.

കറുത്തിരുണ്ട രാവുകൾ, പ്രസാദമറ്റ നാളുകൾ
നിരാശയിൽക്കൊഴിഞ്ഞുപോയ നീണ്ട വത്സരങ്ങളും
എനിക്കതൊക്കെ നന്മയായ്ഭവിച്ചതോർത്തു ദൈവമേ,
കൃപാസമുദ്രമാം നിനക്കു നന്ദി ചൊല്ലിടുന്നു ഞാൻ.

മുറിഞ്ഞിടാത്ത കണ്ണുനീരിൽ മുക്കിടുന്നു മർത്യനെ
ഉരുക്കിടുന്നു നീമനോജ്ഞ രത്നമാക്കി മാറ്റുവാൻ
അഴൽ നിറഞ്ഞ വീഥിയിൽ നയിച്ചിടുന്നനന്തമാം
സുഖാനുഭൂതിയേറ്റിടുന്ന സ്വർഗ്ഗലോകമേറ്റുവാൻ.

---

358 എന്തിനീ വേദനകൾ

എന്തിനീ വേദനകൾ തന്നു ദൈവം - ലോക-
മെന്തിനൊരു കണ്ണീരിൻ താഴ്വരയാക്കി?
ദുരിതവും തീരാത്ത വ്യഥയുമല്ലേ ചേർന്നു
നിയതിതൻ ചക്രം തിരിച്ചിടുന്നു!

മോചനം നേടുവാൻ കൊതിച്ചിടുന്നു- പോയി
വീഴുന്നതോ മുൾപ്പടർപ്പിനുള്ളിൽ
തീരങ്ങൾ തേടിത്തുഴഞ്ഞിടുന്നു - ചെന്നു
ചേരുന്നതോ നീർക്കയത്തിനുള്ളിൽ.

ഇവിടെയെൻ സൂര്യൻ മറഞ്ഞു പോകയോ
ഇവിടെയെൻ ജീവൻ തളർന്നു വീഴ്കയോ
എങ്ങുപോയ് ദൈവം? വിയത്തിൽ നിന്നും - എന്റെ
കണ്ണീർ തുടയ്ക്കുവാൻ വരാത്തതെന്തേ?

---

359 കുരിശേ,കുരിശേ

കുരിശേ, കുരിശേ, വിനീതനായ് ഞാൻ
സ്വാഗതമരുളുന്നു.
ശരണം പകരുമൊരൗഷധമേ, കൈ
കൂപ്പിവണങ്ങുന്നു.
നരനുടെ ജീവിതവീഥിയിലേ
കുന്നും കുഴിയും നീ
നിരത്തിടുന്നു,കരളിനു ശാന്തിയു-
മാശയുമരുളുന്നു.

ദൈവകുമാരൻ ബേസലഹേമിൽ
പിറന്ന നാൾമുതലേ
മരിക്കുവോളംവഹിച്ചതാണീ-
ക്കുരിശുമഹോന്നതം:
മർത്യനു മുമ്പിൽക്കതിരു ചൊരിഞ്ഞതു
നേർവഴികാട്ടുന്നു
നിത്യമനോഹര സ്വർഗ്ഗകവാടം
തുറന്നു നല്കുന്നു.

കുടിലുതുടങ്ങിക്കൊട്ടാരം വരെ-
യഖിലരുമൊരുപോലെ
കുരിശിൻ പാവന പാതയിലല്ലോ
പതഞ്ഞു നീങ്ങുന്നു:
അലോക സുന്ദരമിത്തിരുവീഥിവെ-
ടിഞ്ഞവരാരും
അടർക്കളത്തിൽ വിജയകിരീടമ-
ണിഞ്ഞിട്ടില്ല.

---

360 നിനക്കായെൻ ജീവിതം

നിനക്കായെൻ ജീവിതം എരിഞ്ഞു തീർന്നതിൽ നാഥാ,
മരണനേരമതുല്യമോദമിയന്നിടും ഞാൻ:
ചാരിതാർത്ഥ്യം നേടുമന്നെൻ ദീനമാനസം
മരണമേ, നിൻ വരവെനിക്കൊരുമോഹനോത്സവം.

കദനമെന്റെ വഴികൾതോറും പതിയിരുന്നു
കണ്ണുനീരിൽനനഞ്ഞു പാതയിരുണ്ടിരുന്നു:
അതിലെനിക്കുപരാതിയില്ലാ, നന്ദിമാത്രം
മരണമാധുരിയവയിലാണു മറഞ്ഞിരിക്കുന്നു.

ഹൃദയവേദനയേറെ ഞാൻ സഹിച്ചു നാഥാ, നിൻ
ദിവ്യമാതൃകയാണെനിക്കു ബലം പകർന്നു:
അന്ത്യവേളയിൽ നിൻ പ്രസാദം നേടുവാനായാൽ
സഫലമായെൻ ജീവിതം, കൃതകൃത്യനായി ഞാൻ.

---

361 മരണമേ, വരൂ

മരണമേ, വരൂ, മരണമേ,നിന്നെ
നിരതം കാത്തു ഞാൻ കഴിയുന്നു:
അരികിൽ വന്നെന്റെ മുരളിയിൽപ്പുത്തൻ
തിരകൾ ചാർത്താൻ നീ വൈകല്ലേ.

പുലരീ, സ്വർല്ലോകപ്പുലരീ, നിന്നെ ഞാൻ
പുണരുവാനാഞ്ഞു കുതികൊൾവൂ:
അതിനല്ലോ ദുഃഖദുരിതങ്ങൾ താങ്ങി
ബഹുദൂരംയാത്ര ചെയ്തു ഞാൻ.

വിരയുന്നു നിന്നെ നുകരുവാനെന്റെ
കരളും ജീവനുമൊരുപോലെ
മരണമേ, നിൻ പ്രസാദമാണെന്റെ
പരമമാം ഭാഗ്യമവനിയിൽ:

വരണമാല്യവും കരുതി ഞാൻ കാത്തു
കഴിയുകയാണെൻ പ്രേമമേ,
വിരിയും പുഞ്ചിരിപ്രഭയോടെന്നു നീ
വരുമെൻ സ്വർല്ലോക ദേവതേ.

---

362 എവിടെയോ

എവിടെയോ പുതിയൊരു ദേശമുണ്ട്
വാഗ്ദാനഭൂമിയെന്നതിനു പേര്:
ദൈവമേ, നീയെന്നിൽ പ്രീതനായാൽ
ഒരുദിനം ഞാനങ്ങു ചെന്നു ചേരും.

മരതകഭംഗി വിരിഞ്ഞ ദേശം
മലരുകൾ തിങ്ങി നിറഞ്ഞ ദേശം:
ഇരുളേറി നീണ്ടതാണെന്റെ മാർഗ്ഗം
നാഥാ, നീയെന്നെ നയിച്ചിടേണം.

മന്നിന്റെ മായകൾ മങ്ങി മായും
മിന്നുന്നതെല്ലാമിരുണ്ടു പോകും:
ദൈവമേ, നിൻ പ്രീതിയൊന്നു മാത്രം
നിത്യപ്രകാശം ചൊരിഞ്ഞു നില്ക്കും.

---

363 തേടീ ദൈവമേ

തേടീ ദൈവമേ, തേടീ നിൻ ദിവ്യ-
പാദങ്ങൾ തേടുന്നു ഞങ്ങളിന്നും:
വഴിയേതുമറിയാതെ, പൊരുളേതുമറിയാതെ
അലയുന്നു കാലത്തിൻ തീരങ്ങളിൽ.

ദുഃഖങ്ങൾ തിങ്ങുന്നു, ഹൃദയം നുറുങ്ങുന്നു
രോഗങ്ങളാലാകെ വലയുന്നിതാ:
വിളി കേൾക്കണേ, വാടി വീഴുന്ന പുത്രനെ
വിരവോടുയർത്തുവാൻ കനിയേണമേ.

സമ്പന്നരെങ്കിലും സ്വസ്ഥരല്ലാ ഞങ്ങൾ
വിജ്ഞരെന്നാകിലും തൃപ്തരല്ല:
മനശ്ശാന്തിയും പരം പ്രഭയും പകർന്നിടും
ബന്ധങ്ങൾ നേടാൻ തുഴഞ്ഞിടുന്നു.

നൊമ്പരം ഞങ്ങൾക്കു തന്നോരദൃശ്യനെ
കാണുവാൻ ഞങ്ങൾ കൊതിച്ചിടുന്നു:
ആ നൊമ്പരങ്ങളാണുത്തുംഗശൃംഗത്തി-
ലെത്താൻ വരങ്ങൾ ചൊരിഞ്ഞിടുന്നു.

---

364 മോഹമെല്ലാം

മോഹമെല്ലാം പൂർത്തിയാക്കാൻ കൊതിക്കുന്നു ഞാൻ
ദാഹമെല്ലാം തീർക്കുവാനായ്ക്കുതിക്കുന്നു ഞാൻ:
ഒക്കെയും നീ മുടക്കുന്നു നിർവിശങ്കം നാഥാ,
കർക്കശം നിൻ കരുണയെന്നിൽപ്പുലർത്തുന്നു.

ജീവനോ തനുഭാവമോ ഞാൻ ചോദിച്ചില്ല
ദാനമായവ സർവ്വവും നീ നല്കിയല്ലോ:
ആ മഹാ ദാനത്തിനു യോഗ്യനാക്കുവാൻ-ദുർ-
മോഹങ്ങളിൽ നിന്നെന്നെയകറ്റിടുന്നു നീ.

നേരായൊരു മാർഗ്ഗമാണെൻ ലക്ഷ്യമെങ്കിലും ഞാൻ
പാപത്തിൻ ഗർത്തങ്ങളിൽ വീണുപോകുന്നു:
അവിടെയെല്ലാം കരുണയറ്റു മറഞ്ഞു മാറി-ദിവ്യ-
സംഗമത്തിനു നീയെന്നെയൊരുക്കിടുന്നു.

---

365 എല്ലാമൊന്നാക്കും

എല്ലാമൊന്നാക്കും ചൈതന്യമേ-സൗര-
യൂഥം നയിക്കുന്ന ചൈതന്യമേ
ആകാശവും ഭൂമി, യാഴങ്ങളും - തിങ്ങി-
വിങ്ങും സനാതന ചൈതന്യമേ.

ഗോളത്തിലും ചക്രവാളം കടന്നാളു-
മാഴത്തിലും ശൂന്യതീരത്തിലും
നിത്യപ്രകാശം പരത്തി പ്രഫുല്ലമായ്
മിന്നിത്തിളങ്ങുന്ന ചൈതന്യമേ.

തൊഴുകൈകളോടെ വരുന്നു വിനീതരായ്
തിരുമുമ്പിലണിചേർന്നു നിന്നീടുവാൻ
വിജ്ഞാനമാണു നീ, വിണ്ണിൻ വിളക്കാണു
നിത്യം ജ്വലിക്കുന്ന ചൈതന്യമേ.

അറിയുവാ, നുൾക്കൊണ്ടതറിയിക്കുവാൻ-അന്ത-
രംഗത്തു ഭദ്രമായ് സൂക്ഷിക്കുവാൻ
തോളോടു തോൾ ചേർന്നു മുന്നേറുവാൻ-നിത്യ-
ചൈതന്യമേ, വരം നല്കേണമേ.

---

366 ഭാഗ്യവാൻ

ഭാഗ്യവാൻ ധരമേലധർമ്മികൾ നല്കുന്നൊ-
രുപദേശം കേൾക്കാത്തവൻ:
ഭാഗ്യവാനറിവോടധർമ്മ മാർഗ്ഗങ്ങളിൽ
പാദങ്ങളൂന്നാത്തവൻ.

ആറ്റിൻ തീരത്തു നനവേറ്റു നില്ക്കുന്ന
ഭൂരുഹം പോലാണവൻ:
വാടുന്നില്ലാ, ഇലകൾ കൊഴിയുന്നില്ലാ-കാല-
മാകുമ്പോൾ കനി ചൂടുന്നു.

ദുഷ്ടൻ കാറ്റിൽ പറക്കുന്ന പതിരുപോ-
ലടി വിട്ടലഞ്ഞിടുന്നു.
നീതിമാന്മാരോടു ചേരുവാനവനാത്മ-
ധൈര്യം ലഭിക്കുകില്ല. (സങ്കീ. !)

---

367 ദൈവമേ, ചിരമെൻ

ദൈവമേ, ചിരമെൻ ശരീരം വേദനിക്കുന്നു
സമാധാനം തേടിയാത്മാവുഴന്നീടുന്നു:
കോപമെല്ലാം മറന്നെന്നിൽക്കനിവു തോന്നണമേ
രോഗിയാമെനിക്കു നാഥാ, സുഖം നല്കണമേ.

എന്തു നീ ദൈവമേ, അകന്നു നില്ക്കുന്നു
എന്തു നീ അരികിലെത്താൻ വൈകിടുന്നു?
നിൻ കടാക്ഷസുഖം കാത്തു നിന്നിടുന്നു ഞാൻ
ആത്മാവിനു രക്ഷയേകാൻ വന്നിടേണമേ.

വൈരികൾ വളഞ്ഞു ഭീതിയുണർത്തിടുന്നു
നീണ്ടു നീണ്ട വിലാപത്താൽ മെയ് തളർന്നു.
രാത്രിയിൽ കിടക്കയെല്ലാമീറനായി
കണ്ണുനീർ ചൊരിഞ്ഞടഞ്ഞെൻ മിഴി കലങ്ങി. (സങ്കീ. 6)

---

368 മരണത്തിൻ തിരമാലകൾ

മരണത്തിൻ തിരമാലകൾ - എന്നെ
വലയം ചെയ്തുയരുന്നു:
മരണത്തിൻ തീക്കയമെന്നിൽ - തീരാ-
ഭയമേറ്റിപ്പുകയുന്നു.

ദൈവത്തിൻ നിർമ്മലകോപം - തട്ടി
നിമിഷത്തിൽ ഭൂമി കുലുങ്ങി:
പാദത്തിനു കീഴിൽ ചുരുളായ് - ചെമ്മേ
മേഘങ്ങളകമ്പടി നിന്നു.

മാലാഖാമാരുടെ മേലേ - തിങ്ങും
മഹിമയൊടേ നാഥനിരുന്നു:
കാറ്റാകും പൂഞ്ചിറകിന്മേൽ - വിണ്ണിൻ
വിരിമാറിലുയർന്നു പറന്നു.

നാഥാ, നിൻ സരണിയിൽ മാത്രം - നിയതം
ഞാനെന്റെ കാലുകളൂന്നും:
ഗർവ്വിതരെത്താഴ്ത്തുന്നു നീ-കനിവോ-
ടെളിയവരെക്കരയേറ്റുന്നു.

(സങ്കീ. 18)

---

369 എന്റെ ദൈവമേ

എന്റെ ദൈവമേ, എന്റെ ദൈവമേ,
എന്തുകൊണ്ടെന്നെ നീ പരിത്യജിച്ചിദം?
രാപകൽ നിരന്തരം വിളിച്ചുകേണുഞാൻ
ആശ്വാസമേതും ലഭിച്ചതില്ല.

മർത്യനല്ല ഞാൻ, വെറും കീടമൂഴിയിൽ
ലോകദൃഷ്ടികൾക്കു പരമനിന്ദനീയൻ:
കാണികൾ പരിഹസിച്ചകന്നിടുന്നു
വികൃതമാമാംഗ്യങ്ങൾ കാട്ടിടുന്നു.

ഖിന്നനായി മുന്നിൽ നിന്നു കേണിടുന്നു ഞാൻ
ദൈവമേ, നീയകന്നു പോയിടല്ലേ:
വൈരികൾ വിഴുങ്ങുവാനൊരുങ്ങിടുന്നു
ആരുമില്ലെനിക്കു തെല്ലൊരഭയമേകാൻ.

കാലുകളും കൈകളും തുളച്ചു വൈരികൾ
മർദ്ദനങ്ങളാലെന്നെയവശനാക്കി:
വസ്ത്രമൊക്കെയും പകുത്തെടുത്തു നിർദ്ദയം
മേലങ്കി നേടുവാനായ്ക്കുറിയെടുത്തു.

(സങ്കീ. 22)

---

370 ഉയർത്തുന്നു

ഉയർത്തുന്നു ദൈവമേ, എൻ ഹൃദയമങ്ങേ
സന്നിധാനം പുല്കുവാൻ ഞാനുയർത്തുന്നു:
ആശ്രയം നീയെനിക്കു തുറന്നിടുമ്പോൾ
നൈരാശ്യമെന്നിൽനിന്നകന്നു പോകും.

നാഥാ, നിൻവഴിയിലെന്നെ നടത്തിടേണമേ
സ്വർഗ്ഗവീഥിയിൽ നിയതമെന്നെ നയിച്ചിടേണമേ:
ജീവിതത്തിൽ ചെയ്തു പോയൊരു പാപമെല്ലാം
മറന്നെന്നിൽ തൃക്കടാക്ഷമയച്ചിടേണമേ.

ഏകാകിയാണു ഞാനിഹ നിസ്സഹായൻ
കാത്തിരിക്കും നിന്നെ ഞാനെൻ പരമനാഥാ,
നിന്നിലാശ്രയമടിയുറച്ച നിമേഷം മുതൽ
നീതിമാന്മാരെൻ മിത്രഗണത്തിലായി.

(സങ്കീ. 25)

---

371 നിത്യം നിൻ ഭവനത്തിൽ

നിത്യം നിൻ ഭവനത്തിൽ വാണിടേണം
നാഥാ, നിൻ മാധുരിയിൽ മുങ്ങിടേണം:
ഇതുമാത്രമാണെന്റെയേകമോഹം
ഇതിനായ് ഞാനെന്നെന്നും പ്രാർത്ഥിക്കുന്നു.

പീഡകളിൽ കർത്താവു താങ്ങിടുമെന്നെ
ഉയരങ്ങളിലെന്നുമെനിക്കഭയം നൽകും:
അർപ്പിക്കും പരിഹാരബലിഞാനവിടെ
കീർത്തിക്കും കർത്താവിൻകൃപ ഞാനവിടെ.

സൈന്യനിരയെന്നെ വളഞ്ഞീടിലും
സമരമെനിക്കെതിരായ് മുഴങ്ങീടിലും
ഭയമില്ലാ, ഭയമില്ലെനിക്കു തെല്ലും
സകലേശനാണെന്റെ പരിപാലകൻ.
(സങ്കീ. 27)

---

372 എളിയവരേ വാ

എളിയവരേ വാ, നിത്യ ദുഃഖിതരേ വാ, നമു-
ക്കൊരുമിച്ചു ദൈവത്തെ വാഴ്ത്തിടാം:
അധരവും നാവും മഹേശ്വരാ, നിൻ
തിരുനാമകീർത്തനം നിറഞ്ഞു നില്പൂ.

കർത്താവിൻ പക്കലേയ്ക്കു പിന്തിരിഞ്ഞിടാം
ആശ്രയം കർത്താവിലർപ്പിച്ചിടാം:
പാവങ്ങൾക്കാശ്വാസമേകുമീശ്വരൻ
പ്രാർത്ഥനകളെല്ലാം കനിഞ്ഞു കേൾക്കും.

ധനികൻ ദരിദ്രനായ്ത്തകർന്നു വീണിടാം
പശിയാൽ നിരാശനായ്പ്പൊരിഞ്ഞു നീറിടാം
ഈശ്വരനെത്തേടുവോർക്കു ഭീതി വേണ്ടാ
സന്തതം സമൃദ്ധിയാണവർക്കു ഭൂവിൽ.

ഭക്തരെ നയിക്കുവാ, നവർക്കു ഭദ്രമാം
തുഷ്ടിയും പ്രകാശവും കനിഞ്ഞു നല്കുവാൻ
ദൈവദൂതർ ചുറ്റിലും പറന്നിടുന്നു
ഭാവുകങ്ങളുള്ളഴിഞ്ഞു നേർന്നിടുന്നു.
(സങ്കീ. 34)

---

373 വാക്കിനാലൊരു

വാക്കിനാലൊരുപിഴവെനിക്കു ഭവിച്ചിടായ്വാൻ
നാവിനെ ഞാൻ വിനയമൊടേ നിയന്ത്രിക്കുന്നു:
വൈരിയെന്നിൽക്കറകൾ കാണാൻ കാത്തിരിക്കുമ്പോൾ
അലസമായൊരു വാക്കുമിനിഞാനുരുവിടില്ല.

ജീവിതം ഒരു നിഴലുപോലെ കടന്നു പോകുന്നു
ദൈവമേ, നിൻ മുമ്പിൽ ഞാനിന്നെത്രനിസ്സാരൻ:
നിധികൾ കൂട്ടാൻ വെമ്പിടുന്ന മനുഷ്യരവയെല്ലാം
ആർക്കുവേണ്ടി, ആർക്കുവേണ്ടി ശേഖരിക്കുന്നു.

ഭൂവിൽ ഞാനൊരു പഥികനാണു പിതാക്കളെപ്പോൽ
ഭീതിപൂണ്ടു നിരന്തമെങ്ങുമലഞ്ഞിടുന്നു:
ശിക്ഷയേറ്റു തളർന്നൊരെന്നിൽക്കനിവു തോന്നണമേ
തൃക്കടാക്ഷമയച്ചു കരളിനു ശാന്തി നല്കണമേ.

(സങ്കീ. 39)

---

374 രക്ഷണവത്സരജൂബിലി

രക്ഷണവത്സരജൂബിലി മിന്നിത്തെളിഞ്ഞു നില്ക്കുന്നു
പുത്തൻ ജീവിതശൈലികളാലേ സ്വാഗതമരുളുക നാം:
സ്നേഹമിയന്നൊരു സമൂഹമായിനി നമുക്കു മുന്നോ,
വിശ്വാസത്തിൻ പൂഞ്ചിറകിന്മേൽ പറന്നുയർന്നീടാം.

ഒരേയൊരുന്നതഭോജ്യം നുകരും വിശുദ്ധജനനിര നാം
ദൈവാത്മജനുടെ നിർമ്മല നിണവും ദിവ്യശരീരവും:
മോദമിയന്നാ ദൈവകുമാരകനുൾപ്രിയമേകിടുവിൻ
തിരുവചനത്തിൻ മംഗളദീപം തെളിച്ചു നീങ്ങിടുവിൻ.

പ്രാർത്ഥനയാലേ വിണ്ണിലുയർന്നുലയിച്ചൊരു മാനസവും
സുവിശേഷത്തിൻ പ്രഭയിലുണർന്നു വിടർന്നൊരു
മിഴികളുമായ്
വഴിയും സത്യവുമായുസ്സുമാം തിരുനാഥനു പിന്നാലേ
സ്വർഗ്ഗമനോഹര സമൂഹമായ് സുരവീഥിയിൽ
നീങ്ങുക നാം.

---

375 നസ്രസ്സിലന്നൊരു

നസ്രസ്സിലന്നൊരു സമ്പൂത സായാഹ-
വേളയിൽ സ്വർഗ്ഗം കുനിഞ്ഞിറങ്ങി:
പ്രാർത്ഥനാലീനയായ് നിന്നൊരു കന്യകാ-
മേരിക്കു മംഗളദൗത്യമേകി.

"മന്നിൻ വിധായകാ, നിൻ ദാസി ഞാനിതാ,
നിന്നിഷ്ടമെന്നിൽ നടന്നിടട്ടെ"
പെട്ടെന്നു വചനം മനുഷ്യനായ് കന്യയിൽ
സുവിശേഷ ദീപം തെളിഞ്ഞു മിന്നി.

ദൂരെയന്നൊങ്കരിം മലനാട്ടിലെത്തിയാ
ക്കന്യയാൾ ദീപം പകർന്നു നൽകി:
കുന്നിൻ പുറത്തു നിന്നാദീപമിസ്രയേൽ
നാട്ടിൽപ്പരക്കെ പ്രകാശമേറ്റി.

രണ്ടായിരം വർഷമെത്തുമ്പൊളൂഴിമേ-
ലാവിളക്കെങ്ങും ജ്വലിച്ചിടേണം:
സകലേശപുത്രനാമേശുവിൻ നാമത്തി-
ലധരങ്ങളെല്ലാം ചലിച്ചിടേണം.

---

376 ഭുവനമെങ്ങും

"ഭുവനമെങ്ങും നിങ്ങളെൻ സുവിശേഷമറിയിപ്പിൻ
ദൈവരാജ്യമുണർത്തിടും പുതുവാർത്തയറിയിപ്പിൻ
സർവ്വജനവും നിത്യരക്ഷ വരിച്ചിടേണം
ദൈവചിത്തമതാണു സത്യമറിഞ്ഞുകൊൾവിൻ.

"ചെന്നായ്ക്കൾക്കിടയിൽക്കുഞ്ഞാടിനെപ്പോലെ
ധൈര്യമോടു നിങ്ങളെ ഞാനയയ്ക്കുന്നു:
ജീവിതത്തിലെനിക്കു നിങ്ങൾ സാക്ഷിയാകണം
ഭാവിജീവിതമേവനും സുഭദ്രമാകണം.

ഞാൻ മൊഴിഞ്ഞ വചസ്സുകൾ ചിരമേറ്റുപാടുവിൻ - പുര-
മുകളിലേറി ജഗത്തിനുന്നത സാക്ഷ്യമേകുവിൻ:
ശങ്കവേണ്ട ജഗത്തിലെന്നെ സമാദരിപ്പവരെ
സ്വർഗ്ഗതാതനു മുമ്പിൽ ഞാനുമാദരിച്ചീടും"

രക്ഷ നൽകാൻ പോരുമരിയ മനോജ്ഞ നാമമിതാ
നരനുശാശ്വതശാന്തിയേകിടുമേകനാമമിതാ:
പൂജ്യമിത്തിരുനാമമേവരുമുരുവിടേണം
ചക്രവാളതലത്തതിൻ പ്രതിശബ്ദമുയരേണം.

---

377 കീഴടക്കുന്നു

കീഴടക്കുന്നു ധരയെക്കീഴടക്കുന്നു
ക്രിസ്തു ദൈവകുമാരനെന്നതു വിശ്വസിച്ചിടുവോൻ:
പരമനാഥാ, ഇസ്രയേലിൻ രാജരാജൻ നീ
സർവ്വവും ഭരിച്ചിടുന്ന ലോകനാഥൻ നീ.

രാത്രിയാകുന്നു, കൂരിരുളോടിയെത്തുന്നു
ജോലിചെയ്വതിനുതകിടുന്നൊരു സമയമില്ലിനി:
പ്രകാശത്തിൽപ്പങ്കുചേർന്നു ശക്തരാകുവിൻ
നിറമെഴുന്നോർ കതിരു ഭൂവിൽപ്പരത്തീടുവിൻ.

ഏശുവിൽ പരിപൂർണ്ണമായ് നീ വിശ്വസിച്ചിടുകിൽ
രക്ഷനേടും നീയുമൊപ്പം നിൻകുടുംബവും:
വിശ്വാസം മർത്യനുന്നത ബലം നല്കീടും
മൃത്യുവിന്മേലതുലമായൊരു വിജയമേകിടും.

---

378 ഞാനൊരു മുന്തിരിവല്ലി

"ഞാനൊരു മുന്തിരി വല്ലി-നിങ്ങ-
ളായതിൽ ചേലൊത്ത ചില്ലി
എന്നോടു യോജിച്ചു നിന്നാൽ-നിങ്ങൾ
നല്കീടുമേറെ ഫലങ്ങൾ.

"എന്നെപ്പിതാവെന്നപോലെ-ഭൂവിൽ
നിങ്ങളെ ഞാനയയ്ക്കുന്നു:
സ്വർഗ്ഗീയ ശാന്തി വിതയ്ക്കാൻ-നിത്യ-
നൂതനനേട്ടങ്ങൾ കൊയ്യാൻ.

"ദുഃഖങ്ങളൊട്ടേറെയുണ്ടാം - ക്രൂര
മർദ്ദനമേറ്റേറ്റുവീഴാം:
ഭീതി വേണ്ടാ, നിങ്ങളോർപ്പിൻ-ലോക-
മൊക്കെയും ഞാൻ കീഴിലാക്കി.

ദേശങ്ങൾ തോറും ചരിപ്പിൻ-സ്വർഗ്ഗ-
രാജ്യം പരത്താൽ ശ്രമിപ്പിൻ:
ആരാധ്യമാം ദൈവനാമം-സർവ്വ-
നാവും പ്രകീർത്തിച്ചിടട്ടെ.

---

379 വയലുകൾ പൂത്തു വിളഞ്ഞു

വയലുകൾ പൂത്തു വിളഞ്ഞു
കൊയ്യാനാളുകളില്ല:
വേലക്കാരെ നല്കാൻ വിളവിൻ
നാഥനൊടർത്ഥിപ്പിൻ.

ആട്ടിൻകൂട്ടമനാഥം
കാട്ടിലലഞ്ഞു നടപ്പൂ
ഇടയനെയെങ്ങും കാണാതങ്ങനെ
തേടി വിളിക്കുന്നു.

മേഷഗണങ്ങളെ മേയ്ക്കാൻ-
നേർവഴിചേർത്തു നയിക്കാൻ
ഇടയന്മാരെ നല്കണമലിവായ്
നാഥാ, ലോകമഹേശാ.

സമനില തെറ്റിയ ലോകം
വിനകളിൽ മുങ്ങിയ ലോകം
ഈശ്വരനാമം മറന്നു മഹിമേ-
ലലയും ജീവിതരംഗം.

---

380 ലോകമുഇജ്ജ്വലതീയിൽ

ലോകമുഇജ്ജ്വലതീയിലാകെയെരിഞ്ഞുതീരും
ദൈവപുത്രൻ ദ്യോവിൽ നരരെ വിധിക്കുവാൻവരും:
ദൂതവൃന്ദം നീലവാനിലുയർന്നുപാടും
കാഹളത്തിൻ നാദമെങ്ങും തിരകൾ തീർക്കും.

മരണവസതിയിൽനിന്നുയിർത്തു മനുഷ്യരൊന്നൊന്നായ്
നരസുതന്റെ സമീപമെത്തിനിരന്നു നില്ക്കും:
കുരിശുകൈയിലുയർത്തിമഹിമയണിഞ്ഞു നാഥൻ
ഇരുവശങ്ങളിൽനില്ക്കുമവരൊടു വിധികൾ ചൊല്ലും.

ഗുണികളോടിദമോതു "മേറ്റമനുഗൃഹീതരേ
സ്വർഗ്ഗരാജ്യം മോദമാർന്നുകരസ്ഥമാക്കുവിൻ:
മന്നിൽ മനുജനു നിങ്ങൾ ചെയ്തൊരുസേവനങ്ങൾ
ശങ്കവേണ്ട, കനിഞ്ഞുചെയ്തതെനിക്കുതന്നെ."

ദുഷ്ടരോടുമഹേശനരുളും "ശാപമേറ്റവരേ
നരകതീയിൽവീണു നിത്യമെരിഞ്ഞുകൊൾവിൻ:
ചെറുസഹോദരനൊരു സഹായം നിഷേധിച്ചപ്പോൾ
ഹൃദയവേദന നിങ്ങൾചേർത്തതെനിക്കുതന്നെ."

---

381 കേരളസഭയിലുയർന്നു

കേരളസഭയിലുയർന്നുവിളങ്ങിയ നിസ്തുലനേതാവേ,
കർമ്മലസഭയുടെ താതൻ ചാവറ വന്ദ്യമഹാത്മാവേ
ദൈവാത്മാവിൻ കതിരു നുകർന്നു വിരിഞ്ഞ വിശുദ്ധഗുരോ
മാന്നാനത്തിനു പുളകം ചാർത്തിയ മംഗലതാരകമേ.

ഹൃദയവിശുദ്ധിയണിഞ്ഞുകളങ്കമകറ്റിയ ജീവിതമേ,
ദൈവികദർശനമേറ്റുതുറന്ന വിരാജിതഹൃത്തടമേ,
കേരളനാടിനു സേവനമഞ്ജരികാഴ്ചയണച്ചവനേ
ഭാരമെടുത്തുകുഴഞ്ഞുതളർന്നോർക്കാശ്രയമേകണമേ.

അവശരുമാർത്തരുമനുദിനമങ്ങേസന്നിധിയണയുന്നു:
പരമപിതാവിൻ തിരുവരമവരിൽച്ചിന്തണ മലിവോടേ
പ്രാർത്ഥനപാകിയ പാവനജീവിതമാഞ്ഞു പുണർന്നവനേ,
പ്രാർത്ഥിക്കണമേ ഞങ്ങളുമീശ്വരസന്നിധിചേർന്നിടുവാൻ.

---

382 വിളികേട്ടു

വിളികേട്ടു ദൈവത്തിൻ വിളികേട്ടു
അല്ഫോൻസാവിണ്ണിന്റെ വിളികേട്ടു:
നാടും കുടുംബവും വെടിഞ്ഞുവേഗം
നാഥനെ പിഞ്ചെന്നുജാതമോദം.

പുഷ്പതല്പതലമല്ല കണ്ടതങ്ങു നീ
തുഷ്ടിയേകും ഗാനമല്ല കേട്ടതങ്ങു നീ:
മുള്ളുതിങ്ങിപ്പടരുന്നവഴിത്താരകൾ
ചെന്നുപറ്റാൻ കഴിയാത്ത കരിമ്പാറകൾ.

കുരിശേന്തിവഴിയിൽ നീ തളർന്നെങ്കിലും
മരണത്തിൻ കരംനിന്നെ വളഞ്ഞെങ്കിലും
ഇരുളിൽ പൂത്തിരിയായ് നീ തെളിഞ്ഞു നിന്നു
അഴലിൽപ്പുഞ്ചിരിയായ് നീ വിടർന്നു നിന്നു.

---

383 കണ്ണീർക്കുളത്തിലെ

കണ്ണീർക്കുളത്തിലെ താമരപ്പൂവേ
മൂവന്തിവിണ്ണിലെ പൊൽത്താരമേ,
ധന്യയാമൽഫോൻസാ, ധീരകന്യകേ.
സമ്പൂജ്യപാദം നമിച്ചിടുന്നു.

ഉള്ളുതളർന്നു കലങ്ങിടുമ്പോൾ
വെള്ളിക്കതിരിന്റെ മന്ദഹാസം:
പൊള്ളുന്ന ജീവൻ പുകഞ്ഞിടുമ്പോൾ
വെള്ളാരം കുന്നിന്റെ തൂവെളിച്ചം.

സംഗീതസാന്ദ്രമാം ജീവിതംനിൻ
കണ്ണീർക്കണങ്ങൾ തുടച്ചുമാറ്റി:
ആത്മീയ നാഥന്റെ സന്നിധാനം
തീർക്കുന്നു ചുറ്റും പ്രകാശഗോളം.

---

384 ഭാരതഭൂവിന്റെ

ഭാരതഭൂവിന്റെ പുണ്യാഭിമാനമേ,
ധന്യയാമൽഫോൻസാ, വെൽക, വെൽക:
അല്ലലിൽ മുങ്ങിവലയുന്ന മർത്യനു
തെല്ലൊരു ശാന്തിപകർന്നീടണേ.

ഈശ്വരസന്നിധി ചേരുംവരെയോരോ
ശ്വാസവും ദൈവത്തിലർപ്പിച്ചു നീ:
ശൈശവകാലത്തിൻ നിഷ്കല്മഷത്വം നീ
ലേശവും മങ്ങാതെ കാത്തുപോന്നു.

ഫ്രാൻസിസ്കൻ ചൈതന്യശൃംഗത്തിലെത്തിനീ
ലോകത്തെ പാദത്തിൻ കീഴിലാക്കി:
അവകാശമായ് ദിവ്യദാരിദ്ര്യദുഃഖവും
അവഹേളനങ്ങളും സ്വീകരിച്ചു.

കാപട്യം തിങ്ങുന്ന ലോകത്തിലാത്മാർത്ഥ-
സ്നേഹത്തിൻ പൂങ്കാറ്റുവീശിവീശി
പൂനിലാവെങ്ങും പരത്തുമനഘമാം
പുഞ്ചിരിതൂകിക്കടന്നുപോയ് നീ.

---

385 കൈനകരിക്കരയിലേ

കൈനകരിക്കരയിലേ ചാവറയാം ഭവനത്തിൽ
ജാതനായ പൂജ്യപാദാ, വണങ്ങിടുന്നു:
നിർമ്മലമാം ജീവിതത്താൽ ധന്യനായവന്ദ്യതാതാ,
ഞങ്ങളങ്ങേവരം തേടിയണഞ്ഞിടുന്നു.

കേരളത്തിൽ കർമ്മലയ്ക്കു വിത്തുപാകി വളർത്തിയ
ധീരനേതാവതുല്യനാംശമിപ്രവീരാ,
മർത്യനിൽനീയദൃശ്യനാമീശ്വരന്റെ മുഖംകണ്ടു
മോദമോടേ സേവനത്തിൻ വീഥിവരിച്ചു.

തകരുന്ന ജീവിതങ്ങൾ, പതറുന്ന മാനസങ്ങൾ
പിതാവേ, നിൻസന്നിധാനം ചേർന്നുനില്ക്കുന്നു:
കനിവാർന്നു സഹായത്തിൻ കരം നീട്ടി ക്രിസ്തുവിൻെറ
സമാധാനമിവർക്കു നീ പകർന്നീടണേ.

---

386 കുരിയാക്കോസ്

കുരിയാക്കോസ് വന്ദ്യപിതാവേ,
ചാവറയിൽ പ്രഭയാർന്നവനേ,
വിനയമൊടേ നിൻ ചരണങ്ങൾ
വണങ്ങിടുന്നു.

പ്രാർത്ഥനയിൽ കർമ്മമിണക്കി
കർമ്മത്തിൽ ത്യാഗമിണക്കി
മഹിതാത്മാ, വിനയമൊടേനീ
സ്വർഗ്ഗമൊരുക്കി,

ധ്യാനത്താൽ നിർവൃതിനേടി
കർമ്മത്താൽ സേവനമേകി-
ഭൂമിയിലൊരുപറുദീസാനീ
പടുത്തുയർത്തി.

ഈശ്വരനിൽ ച്ചിന്തപതിഞ്ഞു
ക്ലേശിതരിൽ ക്കനിവുനിറഞ്ഞു:
സ്നേഹത്താൽ സായൂജ്യത്തിൻ
സുഖംനുകർന്നു.

അഖിലംനീ നാഥനുനല്കി
അഖിലേശൻ പ്രതിഫലമരുളി
ധരയിന്മേൽ നൂറുമടങ്ങും
നിത്യായുസ്സും.

---

387 ഹൃദയംനിറയെ

ഹൃദയംനിറയെ സ്നേഹവുമായ്
സ്നേഹം നിറയെ ദൈവവുമായ്
മാനവസേവനരംഗമൊരുക്കിയ
വന്ദ്യപിതാവേ, ചാവറവന്ദ്യപിതാവേ.

ജോലികൾ മുറയായ്മാറി
സേവനരംഗം മാറി
എങ്കിലുമീശനിൽ നിന്നൊരുനിമിഷം
മാറിയില്ലാ, നിമിഷംമാറിയില്ല.

ദൈവം നല്കിയ ജീവൻ
വിലയേറുന്നൊരു ജീവൻ
മൃതിവരെയതിനൊരുമലിനതയെന്യേ
കാത്തുപോന്നു, നിയതം കാത്തുപോന്നു.

മത്സരവീഥിയിലോടി
ജീവിതവിജയംനേടി:
വിശ്വാസത്തിൻ നിറവാലുന്നത-
മകുടംചൂടി, നിർമ്മലമകുടംചൂടി.

---

388 കൈനകരിക്കരയിൽ

കൈനകരിക്കരയിൽപ്പിറന്നപിതാവേ,
കേരളത്തിൻനേതാവായ്ത്തീർന്നപിതാവേ,
തൂലികയാലും ദിവ്യചേതനയാലും
സഭയിൽ പ്രകാശം ചൊരിഞ്ഞപിതാവേ.

നേരായ വിശ്വാസദീപനാളം - കൊടും-
കാറ്റിൽക്കുടുങ്ങിത്തളർന്നു നില്ക്കെ
ആവേശമോടന്നു വൈരികൾക്കെതിരെ
പോരാടിവിജയം വരിച്ച പിതാവേ.

കിരണംകൊതിച്ചുവരുന്നു ഞങ്ങൾ - തിങ്ങു-
മിരുളിൽക്കുഴങ്ങുന്ന ജീവിതങ്ങൾ:
കരളിന്നു നിത്യപ്രശാന്തിയേകും-കൊച്ചു
തിരിയൊന്നുമുമ്പിൽത്തെളിച്ചിടേണം.

---

389 ദൈവപിതാവിനു

ദൈവപിതാവിനുതാത്മാ, നീചിരമുൾപ്രിയമേകി
നിത്യകുമാരനുപാർപ്പിടമായ് നിൻ ഹൃദയം നല്കി:
ദൈവാത്മാവിൻ വരങ്ങളാൽ നിൻ വദനംമിന്നി
ചാവറവന്ദ്യപിതാവെ, ഞങ്ങൾക്കാശ്രയമേകണമേ.

ശീശ്മയുണർത്തിയതിരകൾക്കെതിരേ ജാഗ്രതയോടേ
വിശ്വാസത്തിൻ കോട്ടകളെങ്ങും തീർത്ത മഹാത്മാ,
ജനതതിയങ്ങേയധ്വാനത്തിൻ കതിരുകൾകൊയ്തു
ശാന്തിപരത്തും സൗഭാഗ്യത്തിൻ മാറ്റുനുകർന്നു.

അപകടമേറിയ വീഥികളല്ലോ മുന്നിൽക്കാണ്മൂ
ചപലവിനാശകവാണികളല്ലോനിയതംകേൾപ്പൂ:
ഉലകിൻമായാവശ്യതകണ്ടുമനംപതറായ്വാൻ
പരലോകത്തിൻ കതിരുകളെന്നിൽപ്പതിച്ചിടേണം.

---

390 ശ്രീയാർന്നകുടുംബത്തിൻ

ശ്രീയാർന്നകുടുംബത്തിൻ പരമോഇല്ലദീപം
ചാവറയന്നൊരു ദിവസം പ്രാർത്ഥനയിൽ മുഴുകി:
സുരലോകക്കുറിയാർന്നൊരു മാലാഖവന്നു
കതിർവീശിപ്പുഞ്ചിരിയോടരികത്തുനിന്നു.

"ദൈവാത്മജനതുലപ്രിയമരുളുന്നൊരു മകനേ,
ഒരു മംഗളസന്ദേശം പകരുന്നിതാ ഞാൻ:
ധരമേലൊരുസംഘത്തിനു ജന്മം നീ നല്കും
'കർമ്മല' യെന്നതിനെ നീ മുദമാർന്നുവിളിക്കും"

പൊരുളറിയാതവനങ്ങനെയൊരുനിമിഷംനിന്നു
മനമുടനെ സ്വയമീശ്വരസന്നിധിയിലുയർന്നു:
വിളിയാണതു ദൈവത്തിൻ വിളിയെന്നുതോന്നി
കർമ്മലയുടെ പരുദീസാ തേടാനിറങ്ങി.

മാന്നാനം മലമുകളിൽ പറുദീസകണ്ടു
പ്രാർത്ഥനയാലാത്മാവിലാത്മാവുകണ്ടു:
കാലത്തിൻ തറമേലക്കാല്പാടുപതിഞ്ഞു
പുകമൂടിയ ഭുവനത്തിനു വദനംതെളിഞ്ഞു.

---

391 താതനാമബ്രാഹമേ

(ലാസറും ധനികനും - ലൂക്കാ 15...)

ധനി: താതനാമബ്രാഹമേ, ഞാനെത്രയോ
കാലങ്ങളായുഗ്രമാം
അഗ്നിയിൽ വെന്തിടുന്നു, പിപാസയാ-
ലാകെത്തളർന്നിടുന്നു.

അബ്രാ: ആരാണു നീ ശാപമണ്ഡലത്തിൽനി-
ന്നെന്നെവിളിച്ചിടുന്നു?
അന്ധകാരത്തിനു സൂര്യസുന്ദര-
കാന്തിയോടെന്തുബന്ധം?

ധനി: സ്വർഗ്ഗീയഭാഗ്യം നുകർന്നു വാഴുമാ-
ലാസറെക്കാണുന്നു ഞാൻ:
ലാസറിൻ കൈവിരൽത്തുമ്പിനാലെന്റെ
നാവുനനയ്ക്കേണമേ.

അബ്രാ: കുഷ്ഠം നിറഞ്ഞു നിരാശനായ് നിൻപ-
ടിക്കൽക്കിടന്നതല്ലേ?
അല്പമൊരപ്പത്തിനാശയോടവൻ
കൈനീട്ടി നിന്നതല്ലേ?

ധനി: താതനാമബ്രാഹമേ, ആ രോഗിയെ
വിഗണിച്ചതോർക്കുന്നു ഞാൻ:
സർവ്വം പൊറുത്തെന്റെയാഗ്രഹത്തിനു
സാഫല്യമേകേണമേ.

അബ്രാ: മകനേ, ധനത്തിൻ സുഖങ്ങളിൽ നിന്റെ
ദിവസങ്ങൾ മുങ്ങി നില്ക്കെ
ഒരുതുള്ളിവെള്ളത്തിനാനിരാശ്രയൻ
ദാഹിച്ചതോർപ്പീലയോ?

ധനി: സമ്പൽസമൃദ്ധി, സുഖങ്ങളൊക്കെയും
പെട്ടെന്നു പോയ്മറഞ്ഞു:
ഇന്നിതാപൊള്ളുന്നു തീയിൽ വീണുഞാൻ
നീറിപ്പുകഞ്ഞിടുന്നു.

അബ്രാ: സ്വാർത്ഥനായ് ജീവിച്ച നീയനന്തര-
ലോകത്തിൽ ദുഃഖിക്കണം:
ലാസറോ സന്തുഷ്ടിപുല്കണം ദൈവ-
തിരുവുള്ളമാണിതെല്ലാം.

ധനി: എങ്കിലെൻ സോദരന്മാർക്കു നീയൊരു
മുന്നറിവേകീടുമോ?
അവരും ചരിപ്പതീശാപകൂപത്തിൻ
സരണിയിൽത്തന്നെയല്ലോ.

അബ്രാ: മുന്നറിവേകുവാനീശ്വരപ്രതി-
പുരുഷരുണ്ടവിടെ-
ധർമ്മങ്ങളോതും പ്രവാചന്മാരു-
മാചാര്യതാരങ്ങളും.

ധനി: അല്ലാ, മരിച്ചവൻചെന്നു കാര്യങ്ങ-
ളെല്ലാമുരച്ചീടുകിൽ
ശങ്കയില്ലാതവർ വിശ്വസിച്ചിടും
സത്യമാർഗ്ഗം വരിക്കും.

അബ്രാ: സത്യപ്രവാചകന്മാരിൽ വിശ്വാസ-
മില്ലാത്തഗർവ്വിതന്മാർ
മൃത്യുവടഞ്ഞവർ ചെന്നുചൊല്കിലും
വിശ്വസിക്കില്ല നൂനം.

---

392 ഒരുയുവാവൊരു

ഒരുയുവാവൊരുദിവസമീശോ ത-
ന്നരികണഞ്ഞുരച്ചിതുവിധം:
"ഗുണവാനേ, മോക്ഷപദവിയാർന്നിടാൻ
കണിശമായ്ച്ചെയ്യേണ്ടവയെന്ത്?"
മിശിഹാചൊന്നു "നീ ഗുണവാനെന്നെനി-
ക്കഭിസംബോധനമരുൾകയോ?
പരമദൈവമേഗുണവാനായുള്ളു
പരമസത്യമാണിവയെല്ലാം:
പറയാം മോക്ഷമാർന്നിടുവാൻ മാർഗ്ഗങ്ങൾ:
അറിയുന്നില്ലയോ മകനേ, നീ
കൊലചെയ്തീടൊലാ, വ്യഭിചരിക്കൊലാ
പലതുമീവക നിയമങ്ങൾ?
അനുസരിക്ക നീയവയെല്ലാം, മോക്ഷ-
മനുഭവിക്കുവാനതുമതി"
അവനുരച്ചു. "ഞാനനുസരിക്കുന്നു-
ണ്ടവയെല്ലാം ബാല്യം മുതൽതന്നെ"
പെരുകിവാത്സല്യമവനിലാഗുരു-
വരനുപാരമായതുനേരം:

"പരിപൂർണ്ണനാകാനതിയായാഗ്രഹം
കരളിലുണ്ടെങ്കിലുടനേപോയ്
ധനമെല്ലാം വിറ്റുപരമദാരിദ്ര്യ-
മനുഭവിപ്പവർക്കരുളുക
വരിക നീ പിന്നെയനുഗമിക്കെന്നെ
പരമഭാഗ്യം കൈവരുമപ്പോൾ"
അതുകേട്ടാധനിയധികമാനസ-
വ്യഥപൂണ്ടങ്ങനെ നിലകൊണ്ടു.
പരിധിവിട്ടാശിപ്പവകളെവിട്ടു
പിരിയുവാൻ പാരംപണിയുണ്ടാം.
അജപുത്രൻ കാര്യം മനസ്സിലാക്കീട്ടു
നിജശിഷ്യന്മാരോടരുളിനാൻ
"ധനികൻ സ്വർഗ്ഗീയസുഖസന്തോഷങ്ങ-
ളനുഭവിപ്പതുശ്രമസാധ്യം
അതിനെക്കാളേറ്റം സുഗമമായ് സൂചി-
ക്കുഴയൂടെ പോരും മയഃമൃഗം. (മർ.10:17)

(1938-ലേ കർമ്മലകുസുമത്തിൽനിന്ന്)

---

393 മധുരമായ്

മധുരമായ് തൂമന്ദഹാസമെങ്ങും
വിതറിസക്രാരിക്കുമോടികൂട്ടും
അഴകോലും പൂവേ, നിൻ കാഴ്ചയെന്നിൽ
പലഭാവംമേന്മേലണച്ചിടുന്നു.
ചെറുമൊട്ടായാദ്യം ഞാൻ കണ്ടുനിന്നെ
നിറമേറിപ്പിന്നെ സൗരഭ്യമേറി
പുലരിയിൽപ്പൂവാടിത്തെന്നലിൽപൂം-
തിലകമായ്ച്ചേലിൽ വിടർന്നുയർന്നു.

യുവകാലംവന്നു തലോടിവേഗം
നവകാന്തിയാർന്നു മുഖംമിനുങ്ങി.
എവിടന്നോ പെട്ടെന്നണഞ്ഞുമുമ്പിൽ
യുവസംഘം നിൻ പ്രേമയാചകൻമാർ:
ചിലർ നിന്റെ ലാവണ്യമാലപിച്ചു
വലയമിട്ടന്യർ തടിച്ചുകൂടി:
മലരേ, നീ ശങ്കവെടിഞ്ഞു നിശ്ച-
ഞ്ചലയായ്ച്ചുളിച്ചൊരുനോക്കിനാലേ
വിടരെ വിദൂരെയകറ്റിയപ്പോൾ
സ്ഫുടമായ് നിൻ ചാരിത്ര്യമാളിമിന്നി.
പലരേയും പാട്ടിൽക്കുരുക്കിടുന്നാ-
വലപൊട്ടിച്ചേവം നീ വിണ്ണിലേറി
ബലിപീഠംതന്നിൽ നാഥന്റെ പാദേ
ദലമെല്ലാം ചിന്തിമരിച്ചുകൊൾവാൻ.

ഉലകത്തിൻ മായാസന്തോഷമേതും
കലരാതെചാരിത്ര്യചാരുമാല്യം
മണിമാറിൽച്ചാർത്തി സക്രാരിയിൽ പൂ-
മണിയായ് വിളങ്ങും മനോഹരാംഗീ
വിഷമേറും ലോകം നിൻ നിഷ്കളങ്ക-
സുഷമയിൽച്ചെഞ്ചേർ തളിച്ചതില്ല.
അണുനേരംപോലും നിൻ മെയ്മനങ്ങൾ
ബലിപീഠം വിട്ടെങ്ങും മാറിയില്ല.
പരിശുദ്ധി കാത്തുനിൻ ദിവ്യനാഥ-
ന്നരികിൽ നീ മങ്ങും ക്രമേണമായും.
ഇതുതന്നെ സാഫല്യമാർന്നജന്മം
ഇതുതന്നെ സ്വർഗ്ഗീയ ജീവനാളം.
പുകൾപെറ്റോരാരാധ്യപൂരുഷന്മാർ
തലതാഴ്ത്തും നിൻത്യാഗവേദിയിങ്കൽ
ധരയെല്ലാം വിട്ടങ്ങുയർന്നയോഗി-
പ്രവരർക്കും തെല്ലല്ലസൂയനിന്നിൽ.

കറയോതാം കർമ്മപ്രസക്തരെന്നും
ചെറുതും നീ നൈരാശ്യമാർന്നിടേണ്ട.
"അലസ" യാം നീതാൻ പുലർത്തിടുന്നീ-
യുലകത്തെയജ്ഞാതസേവനത്താൽ.
സ്വരമെന്യേ തത്ത്വം നിറഞ്ഞപാഠം
ചൊരിയും നിനക്കെന്റെ കൂപ്പുകൈകൾ.
വെടിയുന്നു ഞാനീ വിശുദ്ധഗേഹം
മടിയോടായാലും; മനുഷ്യനല്ലേ?
നെടുനീളെനീയിങ്ങുരാപകൽ മ-
ണ്ണടിവോളം സക്രാരികാത്തുവാഴും.
നിറവും നിൻ സൗരഭ്യപൂരവും പൂ-
മ്പൊടിയും മനോജ്ഞദലങ്ങളെല്ലാം
മുദമിയന്നോരോന്നു ചിന്തിലോകം
കുതികൊൾകെൻപൂവേ, വെടിഞ്ഞു വേഗം
വിടരും നീ വീണ്ടും തികഞ്ഞതങ്ക-
ക്കുടമൊന്നായ് വിണ്ണിൻ പളുങ്കുമാറിൽ.

(1945)

---

394 പ്രവചനമെല്ലാം

പ്രവചനമെല്ലാം നിറവേറി
ദൈവകുമാരൻ നരനായി:
മർത്യനുപാപവിമോചനവും
നിർമ്മലശാന്തിയുമുളവായി.

പൂർവ്വന്മാരുടെ യാശകളും
നിവ്യന്മാരുടെ വാണികളും
രൂപമെടുത്തൊരു നക്ഷത്രം
കാലിക്കൂട്ടിലുദിക്കുന്നു.

ഇരുളിൽക്കതിരുപരക്കുന്നു
മരുവിൽത്തളിരുനിരക്കുന്നു:
വാനവരംബരവീഥികളിൽ
മോഹനഗീതികൾ പാടുന്നു.

താരാനിരയിൽ നിന്നൊരുനാൾ
വീണുതകർന്നൊരു നക്ഷത്രം
വീണ്ടുമുയർത്താൻ ദൈവസുതൻ
ചെറിയൊരുതരിയായ് മാറുന്നു.

---

395 ഉപവാസത്താൽ

സാത്താൻ: ഉപവാസത്താൽ വിശന്നുപൊരിയും
ദൈവകുമാരാ,
കല്ലുകളോടു കല്പിച്ചെന്നാലപൂപമാകും.

മിശിഹാ: മർത്യനു ഭൂമിയിൽ ഭോജനമപ്പംമാത്രമല്ല - അവ-
നീശ്വരനരുളും വചനത്താലും ജീവിക്കുന്നു.

സാ: ലോകവുമതിനുടെ മഹിമയുമെല്ലാം കാണുന്നില്ലേ
നല്കാമവയെൻ സന്നിധിയിൽ നീ കുമ്പിടു
മെങ്കിൽ

മി: ആരാധനയും താണുവണക്കവുമീശനുമാത്രം
തിരുലിഖിതങ്ങൾ ശാസിപ്പതുനീയറിയുന്നില്ലേ?

സാ: ഗോപുരശൃംഗമിതാ - ധൈര്യമൊടെടുത്തുചാടൂ
മാലാഖമാർ കൈകളിൽ നിന്നെത്താങ്ങി
ക്കൊള്ളും.

മി. സാത്താനേ,നീയകന്നുപോവുക, ലോകനിയന്താവാം
ദൈവത്തെ പരീക്ഷിക്കുന്നതു പാപമല്ലോ.

(സംഗീതസുവിശേഷം)

---

396 ചൊല്ലാർന്നോരു

ചൊല്ലാർന്നോരു മഹേശപുത്രവചനം
കേൾക്കാൻ ജനം തിങ്ങവേ
പുല്ലിൻ പിച്ചവിതാനമാർന്നമലമേൽ
ചെന്നങ്ങിരുന്നൂപരൻ
സത്യം തേടിവരുന്ന ഭക്തനിരയിൽ
സംതൃപ്തി ചേർത്തീടുവാൻ
നിത്യാനന്ദസുഭിക്ഷമാം മൊഴിയിദം
ചൊല്ലീ വിശാലാശയൻ:-

"സമ്പൽതൃഷ്ണ വെടിഞ്ഞവർക്കുനിതരാം
ഭാഗ്യം; ഫലം സ്വർഗ്ഗമാം
ഉള്ളിൽ ശാന്തിയുറഞ്ഞവർക്കു ഭൂവനം
സമ്മാനമായ് വന്നിടും
കണ്ണീർക്കായലിൽ നീന്തുവോർക്കുചിരമാ-
മാശ്വാസമുണ്ടായിടും
നീതിക്കായി വിശന്നിടുന്ന ഹൃദയം
സംതൃപ്തിനേടും ദൃഢം.

കാരുണ്യം കലരുന്ന - മർത്യനതിനാ
ലാശ്ലിഷ്ടനായ്ത്തീർന്നിടും
മാലിന്യങ്ങളകന്ന ശുദ്ധഹൃദയം
കാണും മഹേശാനനം
പാരിൽ ശാന്തിവിതച്ചിടും മനുജരേ,
നിങ്ങൾക്കു ഭാഗ്യം പരം
ദൈവത്തിൻ പ്രിയമക്കളെന്നു ധരമേൽ
നിങ്ങൾ വിളിക്കപ്പെടും.

സ്നേഹിപ്പിൻ പരമാർത്ഥമാമെളിമയിൽ
ശത്രുക്കളെസ്സന്തതം
നീറ്റും നിന്ദനമേറ്റിടുമ്പൊളകമേ
സന്തോഷമാർന്നീടുവിൻ
വിണ്ണിൽ പണ്യകിരീടമീശനരുളും
നിങ്ങൾക്കു സമ്മാനമായ്
പൂർവ്വന്മാർ നരനിന്ദനങ്ങളിതുപോൽ
പിന്നിട്ടതോർത്തീടുവിൻ

(സംഗീതസുവിശേഷം)

---

397 ആരെന്നെത്തൊട്ടു

"ആരെന്നെത്തൊട്ടു, ആരെന്നെത്തൊട്ടു?"
ചോദിച്ചുശിഷ്യരോടേശുനാഥൻ

"ഇക്കണ്ട ജനമെല്ലാം തിക്കുമ്പോൾ നീയെന്തേ
തൊട്ടതാരെന്നു തിരക്കിടുന്നു?"

"അല്ലല്ല, തൊട്ടു, വരമെന്നെവിട്ടു
ആരെന്നു ചുറ്റും നോക്കു നിങ്ങൾ"
പെട്ടെന്നൊരുനാരിയാൾവെട്ടത്തുവന്നു
ഞെട്ടിവിറച്ചു കഥ പറഞ്ഞു:

"പന്ത്രണ്ടുകൊല്ലമായ് രോഗിണി, ഞാൻ നിന്നെ
ത്തൊട്ടു, രോഗവും വിട്ടുമാറി
സർവ്വേശപുത്രാ, സ്വർല്ലോകനാഥാ,
സദയം മാപ്പേകി രക്ഷിക്കണേ."

സർവ്വത്രമൗനം സമ്പൂർണ്ണമൗനം:
നാരിയോടേവം നാഥനോതി:-
"പുത്രീ, നിൻ വിശ്വാസം രക്ഷിച്ചുനിന്നെ
പൊയ്ക്കൊൾക, പൊയ്ക്കൊൾക ശാന്തമായ് നീ:"

(സംഗീതസുവിശേഷം)

---

398 പൊക്കം കുറഞ്ഞ

പൊക്കം കുറഞ്ഞ സക്കൈ ഒരു നാൾ
ക്രിസ്തുവിനെക്കാണാൻ പോയ്
അത്തിമരത്തിൻ മുകളിൽക്കയറി-
ക്കാത്തിരുന്നു.

നീണ്ടപാതകൾ നിറഞ്ഞുമാനവർ
നിരന്നടുക്കുന്നു:
കനിഞ്ഞുപുഞ്ചിരിപൊഴിഞ്ഞു നടുവിൽ
വരുന്നു ഭഗവാനും.

കുനിഞ്ഞു സക്കൈ കൗതുകമോടേ
തിരിഞ്ഞുനോക്കി:
പതിഞ്ഞുനോട്ടം കനിവിൻകതിരുകൾ
വിരിയും തൃക്കണ്ണിൽ.

മൊഴിഞ്ഞു നാഥൻ: "വേഗമിറങ്ങൂ
നമുക്കു പോകാം:
വരുന്നു വീട്ടിൽ നിനക്കു ഞാനൊരു
വിരുന്നുകാരൻ."

മനംതെളിഞ്ഞൊരുസക്കൈ നാഥനു
സൽക്കാരം നല്കി
ഇരുന്നു തന്നുടെ ജീവിതകഥകൾ
തുറന്നുചൊല്ലി.

"പാവങ്ങൾക്കായ്പ്പാതിയുമെൻ ധന-
മേകുന്നൂ ഞാൻ
കടങ്ങളെല്ലാം വീട്ടുന്നിനിയെൻ
മാതൃക നീതാൻ."

ആനന്ദത്തിൻ പരിമളമെങ്ങും
പരന്നുപൊങ്ങുമ്പോൾ
അരുളീഭഗവാ: "നിന്നീഭവനം
രക്ഷനേടി."

(സംഗീതസുവിശേഷം)



CMI Authors
00081555
K100 AB34



"ഗാനസാഹിത്യരഹസ്യങ്ങളേ
കലാരഹസ്യങ്ങളും അറി
ത്തിന്റെ സാന്നിധ്യം ഈ ഗ
കങ്ങളായ കമ്മതിൽക്കെട്ടുക
സ്വർഗ്ഗത്തിന്റെ അന്തരീക്
റവ. ഫാദർ ആബേൽ ഗാ
ഭവൻ പ്രവർത്തനത്തിന്റെയും തപസ്യ ഏറ്റെടുത്തിരി
ക്കുന്നത്. അന്യഥാ വരണ്ടു പോയ ഈ ഗതികെട്ട
കാലത്ത്, സംഗീതത്തിന്റെ തെളിനീരുറവയൊഴുക്കി
ക്കൊണ്ടു മരുഭൂമിയെ വസന്താരാമമാക്കിത്തീർക്കാ
നാണു കവിയുടെ വിശുദ്ധയത്നം... വിവിധ ദുഃഖവാർദ്ധിയായ മനസ്സുകൾക്കു
ദുഃഖകടൽ കടക്കാൻ പ്ലവങ്ങളായി ഈ ഗാനങ്ങൾ ഭവിക്കുന്നുണ്ടെന്നു
ഹൃദയസമ്പന്നർക്കു സാക്ഷ്യപ്പെടുത്താൻ കഴിയും.... ക്ലേശകരമായ ചില
അനുഭവങ്ങളിൽക്കൂടി കടന്നുപോകേണ്ടിവന്നിരിക്കുന്ന എനിക്ക് ഈ
ഗാനങ്ങൾ നല്കിയ ആശ്വാസത്തെ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു..."

ഡോ. എം. ലീലാവതി



"കാലഘട്ടത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ച കത്തോ
ലിക്കാവൈദികകലാപ്രവർത്തകരുടെ ഗണത്തിൽ
പ്രഥമഗണനീയനാണു ഫാ. ആബേൽ. വിണ്ടുണങ്ങി
വരണ്ട മാനസങ്ങളിലേയ്ക്കു കരകവിഞ്ഞൊഴുകിയി
റങ്ങിയ വിപ്ലവിൻതടാകമത്രേ തട്ടും തടയുമില്ലാത്ത,
പദദോഷരഹിതമായ, വികാര നിർഭരമായ ആ ഗാന
നിർഝരി. ഗാഗുൽത്താമലയിൽ നിന്നുയർന്ന വിലാപ
ത്തിന്റെ മാറ്റൊലിപോലെ വിമലമാനസരുടെ
യുള്ളിൽ അതു വിങ്ങലും തേങ്ങലുമുയർത്തുന്നു.
വേർപാടിന്റെ നിമിഷങ്ങളിൽ ചെന്നീർ വർഷിച്ചു
കൊണ്ടു പറന്നെത്തുന്ന മാലാഖയെക്കണ്ടു വിഹ്വലമനസ്കരാകുന്ന പാവപ്പെട്ട
മനുഷ്യർക്കു ദർശനസുഭഗമായ പറുദീസാ തുറന്നുകാട്ടി ആശയുമാശ്വാസവും
നല്കുന്നു.

പ്രൊഫ. മാത്യു ഉലകംതറ



"വിശുദ്ധമായ ബിംബകല്പനയും, അർത്ഥപൂർണ്ണമായ
ധ്വനിപ്രകരണവും, അമോഘമായ താളസ്പർശവും
കൊണ്ട് അതിവസുന്ദരമാണു ഫാ. ആബേലിന്റെ
ഗാനങ്ങളെല്ലാംതന്നെയെന്ന് ഉറക്കെപ്പറയുവാൻ
ആർക്കും വിഷമിക്കേണ്ടതില്ല. ആന്തരികഭാവങ്ങളുടെ
ഉന്മീലനംകൊണ്ട് അമൃതധ്വനിയുണർത്തുവാൻ
കഴിയുന്ന ഗാനോപാസകകവിയാണു ഫാ. ആബേൽ
എന്ന് ഈ സമാഹാരം വെളിപ്പെടുത്തുന്നു. ദീർഘ
കാലമായി ആധ്യാത്മികരംഗത്തുനിന്നും, നിരന്ത
രമായ വായനയിൽനിന്നും കോരിയെടുത്തു പുനരാവി
ഷ്കരിച്ചിരിക്കുന്ന ഈ ഗാനങ്ങൾ വ്യക്തിത്വത്തിന്റെ ആവിഷ്കാരം
എന്നതിനേക്കാൾ അതിൽനിന്നുള്ള രക്ഷപ്പെടലാണ്..."

ഡോ. കുനിയന്തോടത്ത്

DHARM